Uncorrcted/Not for Publication

## നിയമനിർമ്മാണം

## 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

മി. സ്പീക്കർ: ഇന്ന് രണ്ട് നിയമനിർമ്മാണമുണ്ട്. അതിന്റെയൊപ്പം ധനവിനിയോഗ ബില്ലുമുണ്ട്. ഇപ്പോൾ തുടങ്ങുന്ന ബില്ലിന്റെ ചർച്ച കൃത്യം 12.30 ആകുമ്പോൾ തീർന്നില്ലെങ്കിൽ അത് നിർത്തിവച്ച് ധനവിനിയോഗ ബില്ലിന്റെ ചർച്ചയിലേക്ക് മാറുന്നതാണ്.

മി. സ്പീക്കർ: റവന്യൂവും കയറും വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ് ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ഈ ബിൽ യാഥാർത്ഥ്യമായാൽ പിന്നീട് ഒരു റവന്യൂ മന്ത്രിക്ക് കേരളത്തിൽ ഭൂപരിഷ്ക്കരണ ബിൽ അവതരിപ്പിക്കേണ്ടിവരില്ല, പാതാള പരിഷ്ക്കരണബില്ലേ അവതരിപ്പിക്കേണ്ടിവരൂ. കാരണം നമ്മുടെ കൈയിലുള്ള ഭൂമിയെല്ലാം അന്യാധീനപ്പെടുന്ന, നിലവിലുണ്ടായിരുന്ന ഭൂപരിഷ്ക്കരണ നിയമത്തിന്റെ ഗുണഗണങ്ങളെല്ലാം ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിലാണിപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടുന്ന സമയത്ത് ബ്രീട്ടീഷുകാരും വിദേശികളും പോയി. സ്വദേശി ഇന്ത്യ ഭരിച്ചാൽ രാജ്യത്ത് ഭൂമിയോ വീടോ ഇല്ലാതെ തെരുവോരങ്ങളിൽ പട്ടിണികിടക്കുന്ന ആളുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുമെന്ന പ്രതീക്ഷയിലാണ് സ്വാതന്ത്ര്യസമരത്തിൽ ജനങ്ങൾ ആവേശപൂർവ്വം പങ്കെടുത്തത്. സ്വാതന്ത്ര്യസമരം വിജയിച്ചു. 1947-ൽ ഇന്ത്യക്ക് സ്വാതന്ത്ര്യവും കിട്ടി. സ്വാതന്ത്ര്യം കിട്ടിയിട്ടും ഭൂമിയും വീടുമില്ലാതെ തെരുവോരങ്ങളിലുറങ്ങുന്ന ആളുകളുടെ കാര്യത്തിലൊന്നും ഒരു ശുഷ്ക്കാന്തിയും കേന്ദ്രത്തിലോ സംസ്ഥാനത്തിലോ അധികാരത്തിൽവന്ന ഗവൺമെന്റ് സ്വീകരിച്ചില്ല. മൂന്നു ലക്ഷത്തോളം ഏക്കർ ഭൂമി നിരവധി ആളുകളുടെ കൈയിലുള്ള അവസ്ഥ, സ്വാതന്ത്ര്യത്തിനുമുമ്പ് ഉണ്ടായിരുന്നതുപോലെ ഇപ്പോഴും തുടരുന്ന അവസ്ഥയാണുള്ളത്. നമുക്കെല്ലാവർക്കും അറിയാവുന്ന പോലെ, പല കാര്യങ്ങളിലും

ഇന്ത്യയിലെ രാഷ്ട്രീയ നേതാക്കന്മാരും ലോകത്തിലെ രാഷ്ട്രീയ നേതാക്കന്മാരും വലിയ പ്രതീക്ഷയോടുകൂടി അല്ലെങ്കിൽ ആരാധനയോടുകൂടി കേരള രാഷ്ട്രീയത്തെ ഉറ്റുനോക്കുകയാണ്. പലപ്പോഴും ഇന്ത്യൻ രാഷ്ട്രീയത്തിന് മാതൃക സൃഷ്ടിച്ചതാണ് കേരള രാഷ്ട്രീയം. ആ കേരളത്തിൽ തന്നെയാണ് സ്വാതന്ത്ര്യം കിട്ടി വീണ്ടും 10 കൊല്ലം കഴിഞ്ഞ് ആദ്യം നടന്ന തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വന്ന സഖാവ് ഇ.എം.എസ്. ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ആദ്യമായി ഭൂപരിഷ്ക്കരണം എന്ന ആശയം ഇന്ത്യയിൽ കൊണ്ടു വന്നത്. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ആ നിയമം കൊണ്ടുവന്ന സഖാവ് ഇ.എം.എസ്-ന് തന്നെയാണ് ഏറ്റവും കൂടുതൽ ഭൂമി നഷ്ടപ്പെട്ടതെന്ന് നമുക്കെല്ലാവർക്കും അറിയാം. അതിന്റെയൊക്കെ ഭാഗമായാണ് കേരളത്തിലെ ജനങ്ങളുടെ മനസ്സിൽ ഇ.എം.എസ്. ദൈവതുല്യനായി പ്രതിഷ്ഠിക്കപ്പെട്ടത്. 1957-ലാണ് ബിൽ കൊണ്ടുവന്നതെങ്കിലും 1963-ലാണ് നിയമമാക്കാൻ സാധിച്ചത്. കേരളത്തിൽ ഭൂമിയില്ലാത്തവരാരുമുണ്ടാകില്ലെന്നായിരുന്നു അന്ന് ആ ബിൽ കൊണ്ടുവന്നപ്പോൾ ഇതിനുവേണ്ടി പരിശ്രമിച്ച ആളുകളുടെയെല്ലാം മനസ്സിലുണ്ടായിരുന്ന ആശയം. ഭൂമിയും, പാർപ്പിടവും, കൃഷി സ്ഥലവും എല്ലാവർക്കുമുണ്ടാകും. ആ രീതിയിൽ കേരളം വികസിച്ചു വരുമെന്നാണ് എല്ലാവരും

പ്രതീക്ഷിച്ചിരുന്നത്. പൂർണ്ണമായും നിയമമായി വന്നപ്പോൾ തോട്ടങ്ങളെ അതിൽ നിന്നും ഒഴിവാക്കണമെന്ന ആശയം വന്നു. അതിന്റെ ഭാഗമായി തോട്ടങ്ങളെ ഒഴിവാക്കിയപ്പോൾ 87 ശതമാനം മിച്ച ഭൂമി ഇല്ലാതായി. ബാക്കിയുള്ള 13 ശതമാനം ഭൂമി ഈ കാലവിളമ്പത്തിനിടയിൽ വിവിധ ജന്മിമാർ കൈമാറ്റം ചെയ്ത് മിച്ച ഭൂമിയില്ലാത്ത ഒരു സ്ഥിതിലേയ്ക്ക് പൊതുവിൽ വന്നു. 2005-ലെ ഭൂപരിഷ്ക്കരണ ഭേദഗതി ആക്ട് മിച്ച ഭൂമിയിൽ 4 ഹെക്ടറിന് ഒഴിവ് കൊടുക്കുന്നൊരു ഭേദഗതി കൊണ്ടുവന്നു. ഇത് മിച്ച ഭൂമി പൂർണ്ണമായും ഇല്ലാതാകുന്ന ഒരു സ്ഥിതിവിശേഷമാണുണ്ടാക്കിയത്. നിരവധി ഘട്ടങ്ങളിൽ ചൂണ്ടികാണിക്കപ്പെട്ട മിച്ച ഭൂമി ഇപ്പോൾ എവിടെയുമില്ല. അതുകൊണ്ടാണ് ആലപ്പുഴയിലും കൊല്ലത്തും ഭൂമിയില്ലാത്തവന് ഒരു സെന്റ് ഭൂമി കൊടുക്കാൻ ഭൂ-രഹിത കേരളം ഉണ്ടാക്കുന്നതിന് പരിശ്രമിച്ച ആളുകൾക്ക് സാധിക്കാത്തത്. കാസർകോഡ് ഭൂമി കൊടുക്കേണ്ടി വന്നു. മിച്ച ഭൂമി കാലാകാലങ്ങളിൽ കണ്ടെത്താനോ പിടിച്ചെടുക്കാനോ കഴിയാത്തതുകൊണ്ടാണ് ഇതുവരെ ഭൂരഹിതർക്ക് ഭൂമി കൊടുക്കാൻ സാധിക്കാത്തത്. ഇടതുപക്ഷം പലപ്രാവശ്യം ഇത് ചൂണ്ടികാണിച്ചിട്ടും സർക്കാർ അത് അവഗണിക്കുകയാണ് ചെയ്തത്. ഈ നിയമസഭാ കാലത്തുകൊണ്ടുവന്ന പുതിയ ഭേദഗതി, തോട്ടഭൂമി ഇല്ലാതാകാൻ പോകുകയാണ്. എസ്റ്റേറ്റുകളുടെ അഞ്ച് ശതമാനം

ഭൂമി ക്രയവിക്രയം ചെയ്ത് മറ്റ് ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താം എന്ന് പറയുന്ന പുതിയ ഭേദഗതി തോട്ട ഭൂമികളെ, എസ്റ്റേറ്റുകളെ പോലും ഇല്ലാതാക്കും. ഇവിടെ പലപ്രാവശ്യം പലരും സൂചിപ്പിച്ചതാണ്. അതിന് എത്ര സമയം വേണ്ടി വരുമെന്ന ചോദ്യം മാത്രമേയുള്ളൂ. എന്റെ കൈവശമുള്ള അഞ്ച് ശതമാനം ഭൂമി എന്റെ മകന് കൊടുത്താൽ എനിക്ക് ക്രയവിക്രയം നടത്താം, എന്റെ മകന് ക്രയവിക്രയം നടത്താം അടുത്തയാൾക്ക് അഞ്ച് ശതമാനം കൊടുത്താൽ അയാൾക്കും അത് ക്രയവിക്രയം ചെയ്യാം. അങ്ങനെ വരുമ്പോൾ തോട്ട ഭൂമി ഇല്ലാതാകും എന്ന കാര്യം നമുക്കെല്ലാവർക്കുമറിയാം. ഈ ആശങ്കയൊക്കെ നമുക്കെല്ലാവർക്കും ഉണ്ട്. ഭൂമാഫിയാകളുടെ കൈവശം മിച്ച ഭൂമി എത്തിക്കുകയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ഉദ്ദേശം. എസ്റ്റേറ്റുകൾ ഇല്ലാതായാലും വേണ്ടില്ല ഭൂമാഫിയകളെ സഹായിക്കണമെന്ന ഉദ്ദേശത്തിലാണ് ഗവൺമെന്റ് ഈ നിയമം കൊണ്ടുവരാൻ ശക്തമായി നിലകൊള്ളുന്നത്. അൻപതിനായിരം ഏക്കർ ഭൂമി ഹാരിസൺ കയ്യേറിയെന്ന് കുറേ വർഷങ്ങളായി പറയുന്നുണ്ട്, പത്രങ്ങളിലും വാർത്തകൾ വന്നിട്ടുണ്ട്. ഈ ഭൂമി പിടിച്ചെടുക്കാൻ എന്തെങ്കിലും ശ്രമം നടത്തുന്നുണ്ടോ? ഒന്നും ഇല്ലല്ലോ. ഹാരിസൺ-ന്റെ കൈയിലുള്ള അൻപതിനായിരം ഏക്കർ ഭൂമിയിൽ എണ്ണായിരത്തി അഞ്ഞൂറ്റി മുപ്പത്തഞ്ച് ഏക്കർ ഭൂമി മറിച്ച് വിറ്റു കഴിഞ്ഞു. അങ്ങനെ

മറിച്ചുവിറ്റ ഭൂമി തിരിച്ചു പിടിക്കാൻ എന്തെങ്കിലും ശ്രമം നടത്തുന്നുണ്ടോ? ഉദ്യോഗസ്ഥന്മാരുടെ പേരിൽ ചെറിയ കേസുകൾ എടുക്കുന്നുണ്ടെന്നല്ലാതെ അതിനുവേണ്ട ഒരു ശ്രമവും നമ്മുടെ നാട്ടിൽ നടക്കുന്നില്ല. ആ ഭൂമിയെല്ലാം ഏതാണ്ട് നഷ്ടപ്പെട്ട സ്ഥിതിയിലാണ്. അതുമാത്രമല്ല, ട്രവൻകൂർ ടീ എസ്റ്റേറ്റ് കമ്പനി പതിനായിരക്കണക്കിന് ഭൂമി കൈവശം വച്ചിരിക്കുകയാണ്. പാട്ടവാടക പിരിക്കുന്നുണ്ടോ? ലീസിന് കൊടുത്തിരുന്ന സ്ഥലങ്ങളിൽ നിന്നും പാട്ടവാടക പിരിച്ചെടുക്കുന്നില്ല. ഹാരിസൺ കമ്പനി തന്നെ 1077 കോടി രൂപ പാട്ടയിനത്തിൽ ഗവൺമെന്റിന് അടയ്ക്കാനുണ്ട്. ശമ്പളം കൊടുക്കാൻ പൈസയില്ലാതെ ബുദ്ധിമുട്ടുന്ന ഈ ഗവൺമെന്റ്, പാട്ടവാടക കുടിശ്ശികയെങ്കിലും പിരിച്ചെടുക്കാൻ കഴിഞ്ഞാൽ വലിയൊരളവിൽ പണം ശേഖരിക്കാൻ കഴിയും. അതിന് ഈ ഗവൺമെന്റ് പരിശ്രമിക്കുന്നില്ല. കുടിശ്ശികയെല്ലാം കൂടികൊണ്ടിരിക്കുകയാണ്. അതിൽ നിന്നും ഒരു കാര്യം വ്യക്തമാണ് ഗവൺമെന്റിന് ഈ പറയുന്ന ഭൂമാഫിയകളെ ഒന്നു തൊടാൻ പോലും ധൈര്യമില്ല. അവരുടെ കുടിശ്ശിക ഇത്രയുണ്ട് അത് നിങ്ങൾ അടയ്ക്കണം എന്ന് പറഞ്ഞ് ഒരു കത്തയക്കാൻ പോലും ഈ ഗവൺമെന്റിന് ധൈര്യമില്ലെന്നാണ് ഇത് സൂചിപ്പിക്കുന്നത്. അതുകൊണ്ടാണ് ഈ ബിൽ പാസ്സായാൽ ഒരു കാരണവശാലും അടുത്ത റവന്യൂ വകുപ്പുമന്ത്രിക്ക് ഭൂപരിഷ്കരണ ബിൽ ഭേദഗതി

കൊണ്ടു വരാൻ സാധിക്കില്ല പാതാള പരിഷ്കരണ ബിൽ മാത്രമേ കൊണ്ടു വരാൻ സാധിക്കുകയുള്ളൂവെന്ന് ഞാൻ പറഞ്ഞത്. നമ്മുടെ നാട്ടിൽ എത്രയെത്ര ഭൂമിയാണ് നിരവധി ആളുകളുടെയും കൈവശമിരിക്കുന്നത്. ഓരോ നിയമസഭ കൂടുമ്പോഴും ഇതിന്റെ കഥകൾ ധാരാളം കേട്ടുകൊണ്ടിരിക്കുകയാണ്. നിരവധി ആളുകളുടെ കൈവശം പതിനായിരക്കണക്കിന് ഏക്കർ ഭൂമിയുണ്ട്. ഗവൺമെന്റിൽ നിക്ഷിപ്തമായിരുന്ന ആയിരക്കണക്കിന് എക്കർ ഭൂമിയാണ് കൃത്രിമ രേഖയുണ്ടാക്കി ചില പ്രമാണിമാരുടെ കൈവശമായത്. അതിന് ഏറ്റവും നല്ലൊരു തെളിവാണ് കരുണ പ്ലാന്റേഷന്റെ കൈവശമുള്ള ഭൂമി. കൊല്ലങ്കോട് രാജാവിന്റെ കൈവശമുണ്ടായിരുന്ന 5800 ഏക്കർ ഭൂമിയാണ് ഇതെന്ന് എല്ലാവർക്കും അറിയാം. അത് 1949-ലെ മദ്രാസ് പ്രിസർവ്വേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്റ്റ് (എം.പി.പി.എഫ്) ആക്ട് പ്രകാരം മദ്രാസ് ഗവൺമെന്റിൽ നിക്ഷിപ്തമായ ഭൂമിയാണ്. ആ ഭൂമിയല്ലെ ഇതാക്കെ; അതിൽപ്പെടുന്ന ഭൂമിയല്ലേ ഇത്? കേരള വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് ആക്ട് പ്രകാരം 10-01-1975-ൽ കേരളാ ഗവൺമെന്റിൽ നിക്ഷിപ്തമായ ഭൂമിയാണിത്. ആ ഭൂമി എങ്ങനെയാണ് കരുണ പ്ലാന്റേഷന്റെ കൈയിൽ ചെന്ന് ചേർന്നത്; ഇത് സംബന്ധിച്ച് ഒരു അന്വേഷണം നടത്തണ്ടേ? കൊല്ലങ്കോട് രാജാവിന്റെ കൈവശമുണ്ടായിരുന്ന കേരള

ഗവൺമെന്റിൽ നിക്ഷിപ്തമായിരുന്ന ഭൂമി എങ്ങനെയാണ് അവരുടെ കൈവശം എത്തപ്പെട്ടത് എന്നത് സംബന്ധിച്ച് ഒരന്വേഷണം നടത്താൻ ഈ ഗവൺമെന്റ് തയ്യാറുണ്ടോ? 5800 ഏക്കർ ഭൂമി ഇതിന്റെയൊരു ഭാഗം മാത്രമാണ്. ബാക്കിയുള്ള ഭൂമിയുമുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ മനസ്സിലാക്കേണ്ട ഒരു കാര്യം, കേരളത്തിലെ പാവപ്പെട്ടവർക്ക് കിട്ടേണ്ട ഭൂമിയാണിത്. എങ്ങനെയാണ് ഗവൺമെന്റ് ഭൂമി മാനുപ്പുലേറ്റ് ചെയ്യുന്നതെന്നതിന്റെ ഏറ്റവും നല്ല തെളിവാണ് കരുണ എസ്റ്റേറ്റ് ഭൂമി. ഇവിടെ ബഹുമാനപ്പെട്ട മിനിസ്റ്റർ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ ഭാഗമായി ഒരു കാര്യം സൂചിപ്പിച്ചു. ഇതിൽ ഏറ്റവും നല്ല കുറ്റവാളി റവന്യൂവകുപ്പാണ്. റവന്യൂവിന് അവകാശപ്പെട്ട ഈ ഭൂമിയാണ് കരുണയുടെ കൈയ്യിൽ എത്തപ്പെട്ടത്. 1964-ൽ ലീസ് പിരീഡ് കഴിഞ്ഞ ഈ ഭൂമി യഥാർത്ഥത്തിൽ അന്ന് തന്നെ റവന്യൂ വകുപ്പിന്റെ കൈയിൽ വരേണ്ട ഭൂമിയാണ്. ആ റവന്യൂ ഭൂമിയാണ് കരുണ പ്ലാന്റേഷന്റെ കൈകളിലേയ്ക്ക് പോയത്. റവന്യൂ വകുപ്പും ഫോറസ്റ്റ് വകുപ്പും ഒത്തുകളിച്ചതിന്റെ ഭാഗമായിട്ടാണ് സംസ്ഥാനത്തിന് ലഭിക്കേണ്ട, ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ റവന്യൂ ബാങ്കിലേയ്ക്ക് ലഭിക്കേണ്ട പതിനായിരക്കണക്കിന് ഭൂമിയാണ് ലഭിക്കാതെ പോയത്. ഇത്

ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബാബു. എം. പാലിശ്ശേരി: തീർച്ചയായും ഉണ്ട്, അങ്ങ് അവതരിപ്പിച്ച ഒരു അടിയന്തര പ്രമേയത്തിന് അങ്ങുതന്നെ പറഞ്ഞ ഒരു വാചകം വളരെ പ്രസക്തമാണ്. കരുണ എസ്റ്റേറ്റിന്റെ ഭൂമി കൃത്രിമരേഖ ചമച്ചാണ് ഈ പറയുന്ന ആൾക്കാരുടെ കൈകളിലെത്തിയത്, ഇതിനുപുറകിൽ പ്രവർത്തിച്ച ആളുകൾക്ക് കൃത്രിമരേഖ ചമയ്ക്കുന്നതിൽ പി.എച്ച്.ഡി. കൊടുക്കാൻ കഴിയുമെന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. അത് വളരെ ശരിയാണ്. ഈ ഭൂമി നമ്മുടെ മുമ്പിലുള്ള സംസാരിക്കുന്ന, ജീവിച്ചിരിക്കുന്ന ഒരു തെളിവാണ്. ഇതിനെക്കുറിച്ച് അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറല്ല. ഇന്നലെയും ഇന്ന് രാവിലേയും ഇക്കാര്യം സംസാരിച്ചു. അത് പറയുമ്പോൾ അപ്പുറത്തുനിന്ന് ചോദിക്കും നിങ്ങളുടെ കാലത്ത് എന്ത് ചെയ്തുവെന്ന്. എൽ.ഡി.എഫ്-ന്റെയും യു.ഡി.എഫ്-ന്റെയും കാലത്ത് നടന്ന എല്ലാകാര്യങ്ങളും അന്വേഷിക്കട്ടെ. അത് അന്വേഷിക്കണമെന്നാണല്ലോ പ്രതിപക്ഷം ആവശ്യപ്പെടുന്നത്. പക്ഷേ അവർ അതിന് തയ്യാറല്ല. കേരളത്തിലെ ആയിരക്കണക്കിന് ഏക്കർ ഭൂമി സ്വകാര്യ വ്യക്തികളുടെ കൈകളിലേയ്ക്ക് പോയിട്ടുണ്ട്. എല്ലാത്തവണയും യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽവരുമ്പോൾ അവരെയെല്ലാം സംരക്ഷിക്കുന്ന

നിലപാടാണെടുക്കുന്നത്. നെല്ലിയാംപതിയിലെ പതിനായിരക്കണക്കിന് വനഭൂമി വ്യാജരേഖകൾ ചമച്ച് അനധികൃതമായി പലരുടേയും കൈവശമാണ്. ഇത് തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങൾ, നിയമസഭ കൂടുമ്പോഴും പൊതുയോഗത്തിലും നന്നായി സംസാരിക്കും. പക്ഷേ എല്ലാ ശ്രമങ്ങളും പരാജയപ്പെടുന്നത് കോടതിയിലാണ്. കോടതിയിലേയ്ക്ക് നമ്മൾ പോകുന്നതുതന്നെ തോല്ക്കാനാണ്. തോൽക്കാൻ പറ്റിയ വക്കീലന്മാരെയാണ് വയ്ക്കുന്നത്. അവിടെ ചെന്ന് വാദിച്ചുതോല്പിക്കുക എന്നതാണ് അവരുടെ പ്രധാനപ്പെട്ട ചുമതല. ഒരു കേസെങ്കിലും ജയിച്ചിട്ടുണ്ടോ? കരുണ എസ്റ്റേറ്റിനെ സംബന്ധിച്ചകേസ് ജയിച്ചപ്പോൾ ഇവിടെയുണ്ടായ ബഹളം നമുക്കെല്ലാപേർക്കും അറിയാമല്ലോ? കേരളത്തിൽ സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പോ ശേഷമോ ലീസിനുകൊടുത്ത ഒരിഞ്ചു ഭൂമിയെങ്കിലും തിരിച്ചുകിട്ടിയതിന്റെ ഒരു ഉദാഹരണം റവന്യൂ വകുപ്പുമന്ത്രിക്കോ വനം വകുപ്പ്മന്ത്രിക്കോ പറയാമോ? ഇന്ന ഭൂമി ലീസിനുകൊടുത്തു, കാലാവധി കഴിഞ്ഞപ്പോൾ തിരിച്ചുകിട്ടി എന്നുപറയാവുന്ന ഒരു ഉദാഹരണം കേരളത്തിലുണ്ടോ? കിട്ടില്ലായെന്നറിഞ്ഞിട്ടും പിന്നെയും ഭൂമി ലീസിനുകൊടുക്കാനും ലീസ് പുതുക്കിക്കൊടുക്കാനും അവസരമുണ്ടാക്കി കൊടുക്കുകയാണ്. ഉദ്യോഗസ്ഥന്മാരാണ് ചെയ്തത്, ഞാൻ അറിഞ്ഞില്ലെന്ന് മന്ത്രിമാർക്ക് പറയാം. ഇതൊക്കാം അറിഞ്ഞിട്ടും

പിന്നെയും ഇങ്ങനെ ചെയ്യുന്നത് ആരുടെ പക്ഷത്താണ് ഗവൺമെന്റ്, ആർക്കുവേണ്ടിയാണ് മന്ത്രിമാർ നിലകൊള്ളുന്നത് എന്നതിന്റെ ഏറ്റവും വലിയ തെളിവാണ്. അവിടെ ഒരു എട്ടംഗകമ്മിറ്റിയെ വച്ചു. ഈ കമ്മിറ്റി ആർക്കുവേണ്ടിയാണ് പ്രവർത്തിച്ചത്. ഗവൺമെന്റിനുവേണ്ടിയാണോ? ഈ നാട്ടിലെ ഭൂമിയില്ലാത്ത ആളുകൾക്ക് ഭൂമികിട്ടട്ടെ എന്നുകരുതി അത് തിരിച്ചുപിടിക്കുന്നതിനുവേണ്ടിയാണോ? തോട്ടമുടമകളെയാണ് സഹായിച്ചിട്ടുള്ളത്. ഈ നിയമസഭയിൽ വീണ്ടും പ്രശ്നം വന്നപ്പോൾ ഒരു മൂന്നംഗ കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് എന്താണ്. അത്ഭുതപ്പെടുത്തുന്ന, ഞെട്ടിപ്പിക്കുന്ന കാര്യങ്ങളല്ലേ ആ റിപ്പോർട്ടിലുള്ളത്. ഈ ഭൂമി പോബ്സ് ആന്റ് എസ്റ്റേറ്റിന്റെ കയ്യിൽ എങ്ങനെ എത്തി. അതിന് നടപടിയെടുക്കുന്നതിനുപകരം ഇന്ന നടപടിയിലേയ്ക്ക് പോകുകയാണെന്ന് ഈ നാട്ടിലെ ജനങ്ങളെ വിശ്വസിപ്പിക്കുന്നതിനുപകരം ഗവൺമെന്റ് ഇപ്പോൾ എന്താണ് ചെയ്തത്. ഗവൺമെന്റിനെക്കൊണ്ട് എന്താ ചെയ്യിച്ചത്. ഇതിന്റെ പുറകിൽ പ്രവർത്തിച്ചതാരാണെന്നും പോബ്സ് ആന്റ് എസ്റ്റേറ്റിന്റെ കൈകളിലേയ്ക്ക് ഭൂമി എത്തിച്ചുകൊടുക്കുന്നതിന് നേതൃത്വം കൊടുക്കുന്നതാരാണന്നും നമുക്ക് നന്നായി അറിയാം. ഇത് റവന്യൂ വകുപ്പ് അന്വേഷിക്കുമെന്നാണ് പറയുന്നു. ഏത് ഉദ്യോഗസ്ഥൻ

അന്വേഷിച്ചാലും ഇത് പോബ്സ് ആന്റ് എസ്റ്റേറ്റിന്റെ കൈകളിലേയ്ക്ക് എത്തുന്നവിധത്തിലുള്ള റിപ്പോർട്ടേ റവന്യൂവകുപ്പിൽനിന്നും വരൂ. ഒരു സംശയവും ഇല്ല. ഈ നിയമസഭയെ മറികടക്കണം. ഇന്ന് അവസാനത്തെ ദിവസമാണ്. അതുകൊണ്ട് വീണ്ടും റവന്യൂ വകുപ്പിനെ കൊണ്ട് അന്വേഷിപ്പിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഞങ്ങൾക്കറിയാം ഇതിൽ മുഖ്യമന്ത്രിയുടെ താൽപ്പര്യമെന്താണെന്നും ഇതിനുപുറകിൽ മുഖ്യമന്ത്രി ആരെയാണ് സഹായിക്കാൻ മനസുവയ്ക്കുന്നതെന്നും, ഈ നാടകം എന്തിനുവേണ്ടിയാണെന്നും നമുക്കറിയാം ഈ കാര്യം ഞങ്ങൾ വിടാൻ പോകുന്നില്ല. ഇന്ന് നിയമസഭ അവസാനിപ്പിക്കുമെന്നുള്ളതുകൊണ്ട് നമ്മൾ ഈ പ്രശ്നം അവസാനിപ്പിക്കുമെന്ന് നിങ്ങൾ കരുതേണ്ട. ഞങ്ങൾ നിങ്ങളുടെ പുറകിലുണ്ട്. നിങ്ങളുടെ നാടകം തുടർന്നുകൊണ്ടുപോകാൻ ഞങ്ങൾ സമ്മതിക്കില്ല. കേരളത്തിലെ ജനങ്ങളുടെ സ്വപ്നങ്ങളെ ചിതയിലേക്കെറിയുന്ന ബില്ലാണ് ഇത്. കേരളത്തിലെ ജനങ്ങൾക്ക്, പാവപ്പെട്ടവനടക്കം, തന്റെ സ്ഥലത്ത് രണ്ടുമൂന്ന് സെന്റ് ഭൂമി വാങ്ങി അവിടെ ഒരു കൂര പണിത് വീടുവച്ചുതാമസിക്കാമെന്ന ഒരു സ്വപ്നം കേരളത്തിലെ സാധാരണക്കാരന് ഉണ്ടാകാൻ കാരണം മറ്റ് സംസ്ഥാനങ്ങളിൽ ഇല്ലാത്ത, കേരളത്തിലെ ആളുകളുടെ മനസിൽ മുളച്ചുപൊന്തിയ ഭൂപരിഷ്കരണം കൊണ്ടാണ്. ആ ഭൂപരിഷ്കരണത്തിന്റെ ആ വശം മാത്രമാണ് ഞാൻ പറയുന്നത്. കേരളത്തെ

പത്തുപ്രാവശ്യമോ ഇരുപതുപ്രാവശ്യമോ വിലയ്ക്കെടുക്കാൻ കഴിയുന്ന വൻ ധനാഢ്യൻമാരും കള്ളപ്പണക്കാരും, കള്ളനോട്ടുകാരും ഇവിടെയുണ്ട്. അവർക്കൊന്നും കേരളത്തെ വിലയ്ക്കെടുക്കാൻ സാധിക്കാതിരുന്നത് ഭൂപരിഷ്കരണം നിയമമുള്ളതുകൊണ്ടാണ്. എത്രപണമുണ്ടെങ്കിലും 15 ഏക്കറിൽ കൂടുതൽ സ്വന്തം പേരിൽ വാങ്ങാൻ പറ്റില്ലെന്ന നിയമമുള്ളതുകൊണ്ടാണ് കേരളത്തെ മുഴുവൻ അവർ വാങ്ങിക്കൂട്ടാതിരുന്നത്. ആ നിയമത്തിന്റെ കടയ്ക്കലാണ് നിങ്ങൾ കത്തിവച്ചിരിക്കുന്നത്. ഈ തോട്ടങ്ങളെല്ലാം മാഫിയയുടെ കൈകളിൽ എത്തിക്കുന്ന തരത്തിൽ, 150 പറങ്കിമാവിൻ തൈയുണ്ടെങ്കിൽ എത്ര ഏക്കറുള്ള പ്രദേശമാണെങ്കിലും അതിനെ പറങ്കിമാവിന്റെ എസ്റ്റേറ്റായി കണക്കുകൂട്ടുമെന്നു പറഞ്ഞ് ഭൂപരിഷ്കരണത്തിൽ നിന്നും ഒഴിവാക്കാൻ നടത്തുന്ന ശ്രമങ്ങൾ, അതിനുവേണ്ടികൊണ്ടുവന്ന നിർദ്ദേശങ്ങൾ, ഇതെല്ലാം കേരളത്തിലെ മനുഷ്യന്റെ സ്വപ്നങ്ങളുടെ കടയ്ക്കൽ കത്തിവയ്ക്കുന്നതാണ്. 15 ഏക്കറിൽ കൂടുതൽ ഭൂമി മുതലാളിമാർക്കുപൊലും വാങ്ങാൻ പറ്റില്ല എന്ന ഉറപ്പാണ്, എന്റെ മനസ്സിൽ അഞ്ച് സെന്റ് ഭൂമിവാങ്ങി ഒരു വീട് വയ്ക്കാമെന്ന് എന്റെ മനസ്സിലുണ്ടാകുന്നത്. അത് ഇല്ലാതാവുകയാണ്. ഭൂമിയെല്ലാം ആളുകളുടെ കൈകളിലേയ്ക്ക് പോകുന്നു. തൃശ്ശൂരിലെ പൂങ്കുന്നം ഭാഗങ്ങളിൽ ധാരാളം നെൽപാടങ്ങൾ ആളുകൾ വാങ്ങിക്കൂട്ടിയിട്ടുണ്ട്.

ആരാണ് വാങ്ങിയതെന്ന് ആർക്കും അറിയില്ല. ഇതിന്റെ ഉടമസ്ഥൻ ഒരിക്കലും ഇങ്ങോട്ട് വരാറില്ല. ആറോ ഏഴോ വർഷങ്ങളായി അവിടെ കൃഷി നടക്കുന്നില്ല. അവരെല്ലാം കാത്തിരിക്കുന്നത് ഈ ഗവൺമെന്റിന്റെ തീരുമാനമാണ്. ശ്രീ. മൊണ്ടേഗ്സിംഗ് അലുവാലിയ കേരളത്തിൽ വന്ന് പറഞ്ഞല്ലോ നിങ്ങൾ കൃഷിയൊന്നും ചെയ്യണ്ടെന്ന്. കേന്ദ്ര പ്ലാനിംഗ് ബോർഡിന്റെ ഉപാദ്ധ്യക്ഷൻ കേരളത്തിൽ വന്ന് പറഞ്ഞെങ്കിൽ എന്താണ് ഈ കേരളം ഭരിക്കുന്നവരുടെ മനസിൽ എന്ന കാര്യം വ്യക്തമായല്ലോ ശ്രീ. മൊണ്ടേഗ്സിംഗ് അലുവാലിയ പറഞ്ഞിടത്തേയ്ക്ക് ഞങ്ങൾ പോവുകയാണ്. നമ്മൾ കൃഷിയും ചെയ്യില്ല, യാതൊന്നും ചെയ്യില്ല. വരാൻ പോകുന്നവർഷങ്ങളിൽ നമ്മുടെ നാട് വരണ്ടുണങ്ങും നാട്ടിൽപ്രദേശങ്ങളിൽ മയിലുകൾ കൂട്ടമായി എത്തുന്നു. ഇതിനെക്കുറിച്ച് ഒരു ശാസ്ത്രമുണ്ട്. അത് മരുഭൂമിയുടെ വരവിനെയാണ് അറിയിക്കുന്നത്. കേരളം ഒട്ടും വൈകാതെ ഒരു മരുഭൂമിയായി മാറി, കൃഷിയില്ലാത്ത, ഒന്നുമില്ലാത്ത നാടായി മാറുന്ന നിലയിലേയ്ക്കാണ് പോകുന്നത്. അതിന് നേതൃത്വം കൊടുക്കാൻ അങ്ങ് തുനിയരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ഭൂപരിഷ്കരണ ബില്ലിന്റെ ഭേദഗതി കേരളത്തെ അവിടേയ്ക്കാണ് കൊണ്ടുപോകുന്നത്. അതുകൊണ്ട് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ് അങ്ങോട്ടേയ്ക്ക് കേരളത്തെ കൊണ്ടുപോകരുത്. കേരളത്തെ

രക്ഷിക്കണം. ഞാൻ ഈ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയാണ്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ സംബന്ധിച്ചുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ ഞാൻ ശക്തമായി വിയോജിക്കുകയാണ്. ബഹുമാന്യനായ അംഗം ബാബു. എം പാലിശ്ശേരി പറഞ്ഞ കാരണങ്ങൾ തന്നെയാണ് എന്റെ വിയോജനക്കുറുപ്പിനും അടിസ്ഥാനം. യഥാർത്ഥത്തിൽ നമ്മുടെ കേരളം ഇന്ന് അഭിമാനിക്കുന്ന സർവ്വ സാമൂഹിക പുരോഗതിയുടെയും അസ്ഥിവാരമിട്ടത്ത് 1957 -ൽ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമാണ്. പിന്നീട് അത് പ്രാവർത്തികമാകുന്നതിന് പല ഘട്ടങ്ങളിലായി സമയമെടുത്തുവെന്നത് ശരിയാണ്. ആ ഭൂപരിഷ്കരണ നിയമത്തിൻെറ ഉള്ളടക്കത്തേയും ഉദ്ദേശത്തേയും അട്ടിമറിക്കാൻ ഉതകുന്ന ഭേദഗതിയാണ് ഇപ്പോൾ വരുന്നതെന്നതുകൊണ്ടു തന്നെയാണ് ഇതിനെ ശക്തമായി എതിർക്കാൻ ഞങ്ങൾ നിർബന്ധിക്കപ്പെടുന്നത്. ഇതിനെ എതിർക്കാനുള്ള കാരണങ്ങൾ ശ്രീ. ബാബു എം. പാലിശ്ശേരി ഓരോന്നും അക്കമിട്ട് പറഞ്ഞതുകൊണ്ട് ഞാൻ അത് ആവർത്തിക്കുന്നില്ല. തുടക്കംമുതൽ ഇപ്പോൾ ആരംഭിച്ചതല്ല, ഇപ്പോൾ ഈ ഗവൺമെന്റ് ഈ ഭേദഗതി ഇവിടെ പൈലറ്റ് ചെയ്യുന്നു. അതിന്റെ ഭാഗമായി പെട്ടന്നുണ്ടായതല്ല ഈ അട്ടിമറി ശ്രമം. 1957 കാലംമുതൽ

കോൺഗ്രസ്സ് ഗവൺമെന്റിന് കിട്ടിയ അവസരങ്ങളിലെല്ലാം, എപ്പോഴൊക്കെ അധികാരത്തിൽവന്നിട്ടുണ്ടോ അപ്പോഴെല്ലാം, ആദ്യകാലത്ത് ജന്മികൾക്ക് അനുകൂലമായി പിന്നീട് ഭൂമി വലിയതോതിൽ കൈവശപ്പെടുത്തിയ മുതലാളികൾക്കനുകൂലമായി യഥാർത്ഥത്തിൽ ഭൂമി അർഹതയുള്ള സാധാരണമനുഷ്യന്റെ താൽപ്പര്യങ്ങൾക്കെതിരായി ഈ നിയമത്തെ ദുർബലപ്പെടുത്താനുള്ള ശ്രമങ്ങൾ വളരെ സമർത്ഥമായി ഓരോ ഘട്ടത്തിലും നടന്നിട്ടുണ്ട്. 1957-ലെ നിയമം അന്നുതന്നെ കേന്ദ്രഗവൺമെന്റിന്റെ സ്വാധീനമുപയോഗിച്ച് രാഷ്ട്രപതിയുടെ അംഗീകാരമുൾപ്പടെ വൈകിപ്പിച്ച്, അത് പ്രാവർത്തികമാക്കുന്നതിന് പ്രതിബന്ധമുണ്ടാക്കി. യഥാർത്ഥത്തിൽ അന്ന് നടന്ന കുപ്രസിദ്ധ വിമോചനസമരത്തിന്റെ പ്രചോദനമെന്തായിരുന്നു; ഭൂപരിഷ്കരണ നിയമം അട്ടിമറിക്കുക എന്നതായിരുന്നു. ആ വിമോചനസമരത്തിൽ ഭാഗഭാഗക്കായത് കുറ്റബോധമുള്ള കുറച്ചുപേരെങ്കിലും ഇപ്പോൾ കോൺഗ്രസിനോടൊപ്പമുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. പുതിയ തലമുറയിലെ ചിലർക്കൊക്കെ വിമോചന സമരത്തിന്റെ സ്വഭാവും ഉള്ളടക്കവും അറിയണമെന്നില്ല. യഥാർത്ഥത്തിൽ കോൺഗ്രസ് മാത്രം നയിച്ച സമരമെന്നുള്ള നിലയിലല്ല

കേരളചരിത്രം പിന്നീട് വിലയിരുത്തിയത്. അമേരിക്കൻ സി.ഐ.എ. സ്പോൺസർ ചെയ്ത സമരമാണ്. സി.ഐ.എ.യുടെ ഒറ്റകാശ് വാങ്ങിയ പാപപങ്കിലമായ ചരിത്രമുള്ള വ്യക്തികളാണ് യഥാർത്ഥത്തിൽ അന്നത്തെ കോൺഗ്രസ് രാഷ്ട്രീയത്തിന് നേതൃത്വം കൊടുത്തത്, അന്നത്തെ കോൺഗ്രസിന്റെ യുവജന വിദ്യാർത്ഥി സംഘടനകൾക്ക് നേതൃത്വം കൊടുത്തത്. യഥാർത്ഥത്തിൽ അന്നുണ്ടാക്കിയ ആ വിമോചന സമരസഖ്യത്തിന്റെ സയുക്തികമായ തുടർച്ചയും വികാസവുമാണ് ഇന്നത്തെ യു.ഡി.എഫ്. പ്രതിലോമ രാഷ്ട്രീയക്കാരും സാമുദായിക സംഘടനകളുമെല്ലാം ചേർന്നുള്ള ചേരുവയുടെ ഡെവലപ്പ്മെന്റാണ് യു.ഡി.എഫ്. ആയി വന്നത്. സി.ഐ.എ. എന്നുപറഞ്ഞാൽ ഒരു സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കാൻ ഉതകുന്ന ഭൂപരിഷ്കരണങ്ങൾ, അതുപോലെ വിപ്ലവകരമായ പരിഷ്കാരങ്ങൾ എവിടെയുണ്ടോ.....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡർ..

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ചരിത്രം വളച്ചൊടിക്കാൻ പാടില്ല. വിമോചന

സമരവുമായി ബന്ധപ്പെട്ട് അന്നത്തെ കോൺഗ്രസ് നേതൃത്വവും ആ വിമോചന സമര കാലഘട്ടത്തിൽ പൊട്ടിപ്പുറപ്പെട്ടുവന്ന കെ.എസ്.യു. നേതാക്കന്മാരും സി.ഐ.എ.യുടെ പണം വാങ്ങി എന്ന് താങ്കൾ പറയുന്നത്...(ബഹളം).....ആര് പറഞ്ഞു; വെറുതെ പറയുകയാണ്. അന്ന് കെ.പി.മാധവൻ നായർ സാറിനെയും ബാബാ സാഹിബിനെപ്പോലെയും പനമ്പിള്ളി ഗോവിന്ദൻ മേനോനെപ്പോലെയുള്ള പ്രശസ്തരായ കോൺഗ്രസ് നേതാക്കന്മാർ, സത്യസന്ധതയുള്ള, കേരളം കണ്ട ഏറ്റവും ആദർശധീരരായ കോൺഗ്രസ് നേതാക്കന്മാർ അതിലൂടെയാണ് യൂത്ത് കോൺഗ്രസ്സും കെ.എസ്.യു.വും വന്നത്. കെ.എസ്.യു.-വിന്റെ നേതാവ് ശ്രീ. എ.കെ. ആന്റണിയെയും വയലാർ രവിയെയും ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയേയും പോലെയുള്ള ആളുകൾ ****** എന്ന് പറയുന്നത് ചരിത്ര അസത്യമാണ്. ഇതെന്താണ് സർ? ഇത് രേഖയിലുണ്ടാകാൻ പാടില്ല. വിമോചനസമരമല്ല, ശ്രീ. എ. പ്രദീപ് കുമാർ പറഞ്ഞത് ആ കാലഘട്ടത്തിലെ കോൺഗ്രസ് നേതാക്കന്മാർ ****** ഏജന്റുമാരെന്നാണ് പറഞ്ഞത്. കേരളം കണ്ട

ഏറ്റവും ആദർശസമ്പന്നരായ, കേരളത്തിലെ ചെറുപ്പക്കാർക്ക് ശക്തമായ നേതൃത്വം കൊടുത്ത നേതാക്കന്മാർ ************[1] എന്ന് ഈ നിയമസഭയ്ക്കകത്ത് പറയുന്നത് രേഖയിലുണ്ടാകാൻ പാടില്ല. ... (ബഹളം)....

ശ്രീ. എ. പ്രദീപ് കുമാർ: സർ, ചെയറിന് എന്തുവേണമെങ്കിലും തീരുമാനിക്കാം. പക്ഷേ ഞാൻ ആ പരാമർശം ഇപ്പോൾ പിൻവലിക്കാൻ തയ്യാറല്ല. .... (ബഹളം)..... ഞാൻ പറയട്ടെ...ഞാൻ പറഞ്ഞിട്ട് നിങ്ങൾ ചോദിക്കൂ. കേരളത്തിൽ നടന്ന ആ വിമോചന സമരത്തിന്റെ പുറകിൽ സി.ഐ.എ.യുടെ പങ്ക് സംബന്ധിച്ച്, അമേരിക്കയുടെ പങ്ക് സംബന്ധിച്ച് അന്നത്തെ ഇന്ത്യയിലെ അമേരിക്കൻ അംബാസഡർ ആയിരുന്ന ഡാനിയൽ പാട്രിക് മൊയ്നിഹാന്റെ ആത്മകഥാ സ്വാഭാവത്തിലുള്ള പുസ്തകമുണ്ട്. ..........(ബഹളം)..... ഞാൻ പറയട്ടെ...വായിക്കണം. ഞാൻ പറയാം. ഞാൻ അത് മാത്രമേ പറയുന്നുള്ളൂ. മൊയ്നിഹാൻ പറഞ്ഞതേ ഞാൻ പറയൂ. ..............(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ ....ഇരിക്കൂ....പ്ലീസ്... ചെയർ

1 ****സഭാദ്ധ്യക്ഷൻറെ നിർദ്ദേശ പ്രകാരം നീക്കം ചെയ്തു.

പറയാം. ശ്രീ. എ. പ്രദീപ് കുമാർ ഇവിടെ സംസാരിക്കുന്നത് സബ്ജക്ട് കമ്മിറ്റിയുടെ ഡിസെന്റ് നോട്ട് എഴുതിത്തന്നിട്ട് അതിനെ സംബന്ധിച്ച് സംസാരിക്കാനാണ് അങ്ങയെ വിളിച്ചത്. ഡിസെന്റ് നോട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളല്ല അങ്ങ് ഇവിടെ പറയുന്നത്. അതുമാത്രമല്ല വളരെ പ്രധാനപ്പെട്ട ആളുകളെപ്പറ്റി മോശമായ പരാമർശമാണ് നടത്തിയത്. അത് രേഖയിൽ നിന്ന് നീക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ പറയാം. ഞാൻ ഇവിടെ സബ്ജക്ട് കമ്മിറ്റിയിൽ രേഖപ്പെടുത്തിയ വിയോജനക്കുറിപ്പ് പരാമർശിച്ചുകൊണ്ടുതന്നെയാണ് തുടങ്ങിയത്. കേരളത്തിലെ ആദ്യ സർക്കാർ 1957-ൽ രൂപം നൽകിയ ഭൂപരിഷ്കരണ ബിൽ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ പിരിച്ചുവിട്ടതുകൊണ്ടും കോടതികളുടെ ഇടപെടൽ കൊണ്ടും രാഷ്ട്രപതിയുടെ അംഗീകാരം കേന്ദ്രസർക്കാർ വൈകിപ്പിച്ചതിനാലും നടപ്പാക്കാൻ 12 വർഷമെടുത്തു തുടങ്ങിയ കാര്യങ്ങൾ. അതിനകത്ത് അന്നത്തെ സർക്കാരിനെ പിരിച്ചുവിടാനിടയായ വിമോചന സമരത്തെക്കുറിച്ച് പറയുമ്പോഴാണ് ഞാൻ ആ പരാമർശം പറഞ്ഞത്. എനിക്ക് ഇവിടെ ഡാനിയൽ പാട്രിക് മൊയ്നിഹാന്റെ പുസ്തകം ഉദ്ധരിക്കാൻ പാടില്ല

എന്നില്ലല്ലോ ; "എ ഡെയ്ഞ്ചറസ് പ്ലെയ്സ്" എന്നാണ് ആ പുസ്തകത്തിന്റെ പേര്. അന്നത്തെ ഇന്ത്യയിലെ അമേരിക്കൻ അംബാസഡർ എഴുതിയ ആ പുസ്തകത്തിൽ 41 -ാമത്തെ പേജ് രണ്ടാമത്തെ പാരഗ്രാഫ് തുടങ്ങുന്നത് We had twice, but only twice interfered in Indian Politics by giving money and other means…... എന്നുപറഞ്ഞിട്ട് പറഞ്ഞ് അവസാനം കോൺഗ്രസിന്റെ ഒഫീഷ്യലായി ആരുടെ കയ്യിൽ പണം കൊടുക്കുന്ന എന്നുവരെ പറയുന്നുണ്ട്. ആ ഭാഗത്ത് പറയുന്നുണ്ട്. യഥാർത്ഥത്തിൽ ഇത് ഇവിടെ മാത്രം നിൽക്കുന്നതാണ്. ......ഞാൻ അങ്ങേയ്ക്ക് വഴങ്ങും. .............(ബഹളം).........

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, എന്ത് യാഥാർത്ഥ്യം? തെളിയിക്കപ്പെട്ട യാഥാർത്ഥ്യമാണോ ? യാഥാർത്ഥ്യം ചരിത്രം തെളിയിക്കണം. അമേരിക്കക്കാരന്റെ പുസ്തകത്തിൽ.................(ബഹളം).........

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. ബെന്നി ബെഹനാൻ....പ്ലീസ്.....പ്ലീസ്സ്...

<u>ശ്രീ. എ. പ്രദീപ് കുമാർ:</u> സർ, കോൺഗ്രസ്സിന്റെ കരുത്തയായ നേതാവും

പ്രധാനമന്ത്രിയുമൊക്കയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി.......

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ പറയുന്നത് ശ്രദ്ധിച്ചേ. ഇന്ന് സഭ പിരിയുന്ന ദിവസമാണ്. നമ്മൾ ഇങ്ങനെ അനാവശ്യമായ കാര്യങ്ങൾ പറഞ്ഞ്....ആവശ്യമില്ലാത്ത കാര്യങ്ങൾ പറഞ്ഞ് വെറുതെ പ്രസംഗം നീട്ടരുത്. ആവശ്യമില്ലാത്ത കാര്യങ്ങൾ പറഞ്ഞ് വെറുതെ പ്രസംഗം നീട്ടരുത്. ........ (ബഹളം).........ശ്രീ. ബെന്നി ബെഹനാൻ .....പ്ലീസ്...

ശ്രീ. സാജു പോൾ: സർ, ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞത് അമേരിക്കക്കാരൻ എഴുതിയ പുസ്തകമായതുകൊണ്ട് അതംഗീകരിക്കുന്നില്ല എന്നാണ്. ഇവിടെ ശ്രീ. പ്രദീപ് കുമാർ പറഞ്ഞ അതേ കാര്യങ്ങൾ മാതൃഭൂമിയിലെ സീനിയർ പത്രപ്രവർത്തകനും കോൺഗ്രസ് സഹയാത്രികനുമായിരുന്ന ശ്രീ. എൻ. എൻ. സത്യവ്രതൻ എഴുതിയ 'വാർത്ത വന്ന വഴി' എന്ന വയലാർ രവി പ്രകാശനം ചെയ്ത പുസ്തകത്തിൽ ഇതേ കാര്യങ്ങൾ തന്നെ പറഞ്ഞിട്ടുണ്ട്. അക്കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, ശ്രീ. സാജുപോളിന്റെ ********ചോദി[2]ച്ചാൽ അറിയാം. ........(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ:........(ബഹളം)..... ചെയർ പറയാം. യെസ്...യെസ്..പ്ലീസ്.... ചെയർ പറയാം. പറയുന്നത് ശ്രദ്ധിക്കൂ. റൂളിംഗ് വേണ്ടേ; സീറ്റിലിരുന്നേ....ചെയർ പറയട്ടെ. ബഹുമാനപ്പെട്ട ശ്രീ. ബെന്നി, പൗലോസ് ചേട്ടനെ എല്ലാവരും ബഹുമാനിക്കുന്ന ആളാണ്. നമ്മളെല്ലാവരും ബഹുമാനത്തോടുകൂടി മാത്രമേ അത് പറയാറുള്ളൂ. അവർക്ക് എന്തെങ്കിലും വിഷമമുണ്ടായിട്ടുണ്ടെങ്കിൽ ശ്രീ. ബെന്നി ബെഹനാൻ അത് പിൻവലിക്കുന്നോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ ശ്രീ. സാജു പോളിന്റെ ***** എന്നുപറഞ്ഞതിൽ ശ്രീ. സാജു പോളിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ഞാൻ പിൻവലിക്കുന്നു. ........(ബഹളം).....ഞാൻ പിൻവലിച്ചു. ശ്രീ. സാജു പോളിന്റെ *** എന്നുപറഞ്ഞ വാക്ക് ഞാൻ പിൻവലിക്കുന്നു. ശ്രീ. സാജു പോളിന്റെ പിതാവ് ശ്രീ.

---

2 പിൻവലിച്ചു.

പി. ഐ പൗലോസ് അദ്ദേഹം കോൺഗ്രസുകാര[3]നായിരുന്നു. അദ്ദേഹം എന്റെ കൂടി നേതാവായിരുന്നു. അദ്ദേഹം എം.എൽ.എ. ആയിരുന്നു. കോൺഗ്രസ്സിന്റെ ആ കാലഘട്ടത്തിലെ നേതാക്കന്മാർ എന്നുപറഞ്ഞപ്പോൾ ഞങ്ങളുടെ നാടൻ ഭാഷയായ പിതാവിനു പകരം [4]******* എന്ന് വിളിക്കാറുണ്ട്. ഞാൻ ആ പദം ഉപേയാഗിച്ചു. അത് തെറ്റാണെങ്കിൽ പിൻവലിക്കുന്നു.........(ബഹളം).....അത് തെറ്റാണെങ്കിൽ പിൻവലിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ........(ബഹളം).....അത് പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ: സർ, അത് തെറ്റാണെങ്കിൽ പിൻവലിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ........(ബഹളം).....അത് പിൻവലിച്ചു കഴിഞ്ഞു. ശ്രീ. എ. പ്രദീപ് കുമാർ...പ്ലീസ്..പ്ലീസ്.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എപ്പോൾ സംസാരിക്കുമ്പോഴും അപ്പുറത്തുനിന്ന് ഈ പദപ്രയോഗങ്ങളൊക്കെ വരുന്നുണ്ട്. ഞങ്ങൾ അന്നൊക്കെ

3 പിൻവലിച്ചു.

4 പിൻവലിച്ചു.

അവഗണിച്ചതാണ്. എപ്പോഴും ശ്രീ. ബെന്നി ബെഹനാൻ തന്നെയാണ് അതിന് നേതൃത്വം കൊടുക്കാറുള്ളത്. ശ്രീ. സാജു പോൾ പ്രസംഗിക്കുമ്പോൾ പലപ്പോഴും ഈ പദപ്രയോഗം അവിടെ നിന്നും വരുന്നുണ്ട്. തെറ്റുണ്ടെങ്കിൽ പിൻവലിക്കാമെന്നു പറഞ്ഞാൽ പോരാ. പിൻവലിക്കുക തന്നെ വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പിൻവലിച്ചു എന്നാണ് പറഞ്ഞത്.

ശ്രീ. ബെന്നി ബെഹനാൻ: ഞാൻ അത് പിൻവലിച്ചിരിക്കുന്നു. ഞങ്ങളുടെ നാട്ടിൽ പറയുന്ന വാക്കാണ് അത്. ഞാൻ അത് പിൻവലിച്ചിരിക്കുന്നു. ഞാൻ പിൻവലിച്ചു എന്ന് പറഞ്ഞല്ലോ.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ...യെസ്.....

ശ്രീ. സാജു പോൾ: സർ, എന്റെ പിതാവ് നല്ലൊരു കോൺഗ്രസ്സുകാരനായിരുന്നു. അത് അദ്ദേഹം പറഞ്ഞതിൽ വസ്തുതാപരമായ പിശകൊമാന്നുമില്ല. എന്റെ പിതാവും അതുപോലെ ശ്രീ. ബെന്നി ബെഹനാന്റെ പിതാവുമൊക്കെ പ്രവർത്തിച്ച കോൺഗ്രസ് ഇന്നില്ല. അതുകൊണ്ടാണ് ഞാൻ

ഇപ്പുറത്തിരിക്കുന്നത്. അധികാരത്തെ ഒരിക്കലും ചോദ്യം ചെയ്യുകയില്ല. ചെയർ രേഖയിൽ നിന്ന് നീക്കം ചെയ്യുന്നുവെന്ന് ആദ്യഭാഗത്ത് പറഞ്ഞല്ലോ? പക്ഷെ അപ്പുറത്തിരിക്കുന്ന സുഹൃത്തുകൾക്കുപോലും ഈ വസ്തുതകൾ നിഷേധിക്കാനാവാത്തതാണ്. ഞാൻ വെറുതേ പറഞ്ഞതല്ല. എപ്പോഴായിരുന്നു ഈ ഡാനിയേൽ പാട്രിക് മൊയ്നിഹാൻ അദ്ദേഹത്തിന്റെ ആത്മകഥാ സ്വഭാവമുള്ള 'എ ഡെയ്ഞ്ചറസ് പ്ലേസ്' എന്ന പുസ്തകം ഇവിടെ പ്രസിദ്ധീകരിച്ചത്? കേന്ദ്രവും കേരളവും കോൺഗ്രസ്സ് ഭരിക്കുമ്പോഴാണ്. സർവ്വശക്തയായിട്ടുള്ള ശ്രീമതി ഇന്ദിരാ ഗാന്ധി അധികാരത്തിലും പാർട്ടിയിലും ശക്തയായി നിൽക്കുന്ന കാലത്ത് ഇംഗ്ലീഷ് പതിപ്പും അതിന്റെ മലയാള പരിഭാഷയും വന്നു. ഞാൻ ഈ പറഞ്ഞ ഭാഗത്തെ വസ്തുതകൾ ആരും നിഷേധിച്ചിട്ടില്ല. ആ പുസ്തകത്തിന്റെ 41-ാം പേജിലെ രണ്ടാമത്തെ പാരഗ്രാഫിൽ "We had twice only twice interfered in Indian politics by giving money and other means” എന്നാണ് പറഞ്ഞിരിക്കുന്നത്. പണം കൊടുത്തത് കോൺഗ്രസ്സിന്റെ ഒഫീഷ്യൽ എന്ന് പറയുന്നുണ്ട്. നമ്മൾ തർക്കിക്കാനല്ല. ഒരു പ്രശ്നമേയുള്ളൂ; അങ്ങനെ ഒരു സമരത്തിൽ പങ്കെടുത്തതിന് ഇപ്പോഴെങ്കിലും ഒരു കുറ്റബോധമുണ്ടെങ്കിൽ, നമ്മുടെ നാടിന്റെ വികസനത്തിന്

ഭൂപരിഷ്കരണം പോലുള്ള വിപ്ലവകരമായ പ്രക്രിയയെ പുറകോട്ട് നയിക്കാൻ ഇടയായ അല്ലെങ്കിൽ അതിനെ അട്ടിമറിച്ച ഒരു സമരമെന്ന നിലയിൽ അതിനെ ഉൾക്കൊള്ളാൻ എന്താണ് തെറ്റ്? ഞാൻ പറഞ്ഞുവന്നതെന്താണെന്നുവച്ചാൽ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞില്ലെ ഇതിനകത്ത് ഞാൻ വിയോജനക്കുറിപ്പിൽ പറഞ്ഞ കാര്യങ്ങളല്ലാതെ രാഷ്ട്രീയ കാര്യങ്ങൾ പറഞ്ഞുയെന്ന്. ഭൂപരിഷ്കരണത്തിന് ഒരു രാഷ്ട്രീയമുണ്ട്. ഭൂപരിഷ്കരണത്തെ അടിമറിച്ചവർക്കൊരു രാഷ്ട്രീയമുണ്ട്. ആ രാഷ്ട്രീയം ഈ സഭയിലല്ലാതെ എവിടെയാണ് പറയേണ്ടത് ? ഇവിടെ മാത്രമാണോ പ്രശ്നം. ഭൂപരിഷ്കരണം പോലെ വിപ്ലവകരമായ പരിഷ്കാരങ്ങൾ എവിടെയുണ്ടോ, ലൈഫ്ബോയ് എവിടെയുണ്ടോ അവിടെയാണ് ആരോഗ്യം, എന്ന് പറയുന്നതുപോലെ എവിടെ ഇത്തരം പരിഷ്കരാങ്ങൾ കൊണ്ടുവരുന്നോ അവിടെ സി.ഐ.എ. ഉണ്ട്. അതിൽ കേരളത്തിലെ സി.ഐ.എ. ഇന്റർവെൻഷനാണ് ഞാനിവിടെ പറഞ്ഞത്. ബംഗാളിൽ വർഷങ്ങൾക്ക് മുമ്പ് പുരുലിയ ആയുധവർഷം വർഷങ്ങൾക്ക് മുമ്പുണ്ടായതാണ്. ശത്രുരാജ്യത്തിന്റെ വിമാനങ്ങൾ 2500 എ.കെ.-47 തോക്കുകൾ, റോക്കറ്റ് ലോഞ്ചറുകൾ, ഗ്രെനേഡുകളുമെല്ലാം നമ്മുടെ വ്യോമാതിർത്തികടന്നുവന്ന് ഇവിടെ വർഷിച്ചുപോയില്ലെ; വലിയ വിവാദമായി. അന്ന് ആ ആയുധവർഷത്തിന് നേതൃത്വം കൊടുത്തവരെ പിന്നീട് പിടികൂടി.

അവരിൽ രണ്ടുപേർ ജീവപര്യന്തം ശിക്ഷിക്കപ്പെട്ടു. അതിലൊരാൾ പീറ്റർ ബ്ലിറ്റ്സ് എന്ന ബ്രിട്ടീഷ് പൗരനാണ്. ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട ആ പീറ്റർ ബ്ലിറ്റ്സ്, കുറച്ചുവർഷങ്ങൾക്ക് മുമ്പ് അദ്ദേഹത്തിന്റെ റഷ്യൻ അഭിഭഷകന് നൽകിയ അഭിമുഖം മലയാള മനോരമയുടെ അനുബന്ധ പ്രസിദ്ധീകരണമായ 'ദി വീക്ക്' എന്ന ഇംഗ്ലീഷ് വാരികയിൽ അപ്പോൾതന്നെ വരികയും ഇപ്പോൾ അതിൽ ചില വെളിപ്പെടുത്തലുകൾ വന്നിട്ടുമുണ്ട്. ഈ പുരുലിയ ആയുധവർഷം ഞങ്ങൾ ചെയ്തതാണെന്നാണ് പീറ്റർ ബ്ലിറ്റ്സ് പറഞ്ഞിരിക്കുന്നത്. ഇതിന്റെ പുറകിൽ അമേരിക്കയും അമേരിക്കയുടെ സി.ഐ.എ.യുമാണെന്ന്. ബംഗാളിലെ ജ്യോതി ബാസു ഗൺമെന്റിനെ അട്ടിമറിക്കുന്നതിനെതിരെയുള്ള കലാപങ്ങളെ സഹായിക്കുകയുന്നള്ളതാണ് അതിന്റെ ഉദ്ദേശ്യമെന്ന് പുരുലിയ ആയുധവർഷത്തിന് നേതൃത്വം നൽകിയ പീറ്റർ ബ്ലിറ്റ്സ് അദ്ദേഹത്തിന്റെ അഭിമുഖത്തിൽ പറഞ്ഞിരിക്കുന്നത്. അക്കാര്യം മലയാള മനോരമയുടെ അനുബന്ധ പ്രസീദ്ധീകരണമായ ദി വീക്കിൽ അത് അച്ചടിച്ചുവന്നിട്ടുണ്ട്. പിന്നീട് മറ്റ് പത്രങ്ങളിലും വന്നു. ഞാൻ കുറെ വർഷങ്ങൾക്ക് മുമ്പ് അതിലാണ് വായിച്ചത്. ഈ വസ്തുത ആരും നിഷേധിച്ചിട്ടില്ല. കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ ഉന്മൂലനം ചെയ്യാൻ സി.ഐ.എ., ബംഗാളിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ

ഉന്മൂലനം ചെയ്യാൻ സി.ഐ.എ., സി.ഐ.എ.യുടെ എല്ലാ ഇത്തരം പ്ലോട്ടുകൾക്കും കോടാലിക്കൈ ആയി അതാത് സ്ഥലത്തെ കോൺഗ്രസ്സുകാർ പ്രവർത്തിച്ചുവെന്നത് വസ്തുതയാണ്, യാഥാർത്ഥ്യമാണ്. ആ വസ്തുതയാണ് ഞാനിവിടെ പറഞ്ഞത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കോൺഗ്രസ്സ് പോലൊരു പാർട്ടിയെ ആധികാരികമായൊരു വേദിയിലിരുന്നുകൊണ്ട് ******* വാങ്ങിയെന്ന് ഒരു ആത്മകഥയിൽ പറഞ്ഞെന്ന്..... ബെർലിൻ കുഞ്ഞനന്തൻ നായരുടെ ആത്മകഥ ഞാനിവിടെക്കൊണ്ടുവന്ന് വായിച്ചുകഴിഞ്ഞാൽ അപ്പുറത്തിരിക്കുന്ന ഓരോ നേതാക്കന്മാരെക്കുറിച്ച് ഓരോ പാരഗ്രാഫുണ്ട്. സത്യമാണെന്ന് പറഞ്ഞാൽ ആരെങ്കിലും അംഗീകരിക്കുമോ? ഇവിടെ രണ്ടാം ലോക മഹായുദ്ധകാലത്ത് മക്വലി എന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥന് അന്നത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറി സ്വാതന്ത്ര്യസമരത്തെ ഒറ്റിക്കൊടുക്കുന്നതിനുവേണ്ടിയുള്ള സഹായം ചോദിച്ചുകൊണ്ട് കത്തയച്ചതിന്റെ രേഖ നാഷണൽ ആർക്കൈവ്സിലുണ്ട്. ആ പണം ഉപയോഗിച്ചുകൊണ്ടാണ് നിങ്ങൾ പ്രസിദ്ധീകരണങ്ങൾ ആവശ്യപ്പെട്ടത്. അതിന് തെളിവുണ്ട്, നിങ്ങൾ അംഗീകരിക്കുമോ? ...... (ബഹളം)............

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ പറഞ്ഞില്ല. ശ്രീ. എ. പ്രദീപ്കുമാർ സ്വയം വഴങ്ങിയതാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ വഴങ്ങുന്നില്ല. ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് വെറുതെ പറഞ്ഞതുകൊണ്ടായില്ല. പുസ്തകങ്ങളും വസ്തുതകളും ഉണ്ടെങ്കിലും കൊണ്ടുവരുക. ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിൽ കമ്മ്യൂണിസ്റ്റുകാരുടെ ആത്മാർപ്പണത്തെക്കുറിച്ചും അതിന്റെ പങ്കിനെക്കുറിച്ചും കോൺഗ്രസ്സിന്റെ നേതാക്കന്മാർ......

ശ്രീ. എ. കെ. ബാലൻ: സർ, സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് ഇവിടെയുള്ള കോൺഗ്രസ്സുകാർ ****** വാങ്ങിയ ചരിത്രത്തെക്കുറിച്ച് മൊയ്ലിഹാന്റെ പുസ്തകത്തിലുണ്ട്. അത് ഇവിടുത്തെ ലൈബ്രറിയിലുണ്ട്. ഇവിടെ ശ്രീ. പി. ജയരാജൻ ആ പേജ് കഴിഞ്ഞ നിയമസഭയിൽ വായിച്ചതാണ്. പറഞ്ഞത് മനസ്സിലായില്ലേ? ഇപ്പോൾ നിങ്ങൾ മനസ്സിലാക്കിക്കോ ഡൽഹിയിൽ കോൺഗ്രസ്സിന്റെ ആൾക്കാരെ ബി.ജെ.പി. പർച്ചേസ് ചെയ്തുകഴിഞ്ഞു. ഡൽഹിയിൽ ഇപ്പോൾ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഭരണമില്ല. ഇവരെയെല്ലാം പിടിച്ച് ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള സർക്കാർ വരാൻ പോകുകയാണ്. അതാദ്യം മനസ്സിലാക്കുക. ഒരൊറ്റയൊരെണ്ണമില്ലാതെ എല്ലാം ബി.ജെ.പി.യിലേയ്ക്ക് പോകും.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ആ മൊയ്ലിഹാന്റെ പുസ്തകത്തിന്റെ ഉള്ളടക്കം തന്നെയാണ് ഞാനിവിടെ നേരത്തെ

പറഞ്ഞത്. അതിന്റെ വിശദാംശം, പാരഗ്രാഫും ഇവിടെ പറഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇവിടെ കോൺഗ്രസ്സ് അംഗങ്ങളെല്ലാം ഇവിടെ പൊട്ടിത്തെറിക്കുന്നുണ്ടല്ലോ, 1980-ൽ ശ്രീ. വയലാർ രവി ചിറയിൻകീഴ് പാർലമെന്റ് മണ്ഡലത്തിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി മത്സരിച്ച സന്ദർഭത്തിൽ വിമോചന സമരത്തിന് പത്ത് ലക്ഷം രൂപ തന്നിരുന്നുവെന്നകാര്യം അദ്ദേഹം പരസ്യമായി പറഞ്ഞിട്ടുണ്ട്. ഈ മൊയ്നിഹാന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് ശരിയാണെന്ന് ശ്രീ. വയലാർ രവി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അന്ന് വിമോചന സമരത്തിൽ പങ്കെടുത്തത് തെറ്റാണെന്ന് ശ്രീ. വയലാർ രവി പരസ്യമായി കുറ്റസമ്മതം നടത്തിയിട്ടുണ്ട്. മൊയ്നിഹാൻ മാത്രമല്ല പറഞ്ഞത്. ശ്രീ. വയലാർ രവിയും പറഞ്ഞിട്ടുണ്ട്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ വഴങ്ങുന്നില്ല. Point of order ചെയർ അനുവദിച്ചാൽ വഴങ്ങാം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, Point of order.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, 10 ലക്ഷം രൂപ വാങ്ങിയെന്ന് വയലാർ രവിയെപ്പോലെ ഇൻഡ്യ ബഹുമാനിക്കുകയും ആദരിക്കുകയും ആരാധിക്കുകയും

ചെയ്യുന്ന ഒരു നേതാവിനെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഒരു രേഖയുടെയും കടലാസിന്റെയും പിൻബലമില്ലാതെ, വസ്തുതാപരമായി യാതൊരു പിൻബലവുമില്ലാതെ പറഞ്ഞത് ചെയർ പരിശോധിക്കണം. പരിശോധിച്ച് നടപടി സ്വീകരിക്കണം. രേഖയിൽനിന്ന് അത് നീക്കം ചെയ്യണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. വയലാർ രവി അങ്ങനെ പറഞ്ഞതിന്റെ രേഖകൾ ഞാനിവിടെ ഹാജരാക്കാം.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, അത് ഹാജരാക്കിയിട്ട് ഉൾക്കൊള്ളിച്ചാൽ മതി. ഹാജരാകുന്നതുവരെ രേഖയിൽ ഉണ്ടാകാൻ പാടില്ല.

ശ്രീ.കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. വയലാർ രവിപോലും അത് ഇതുവരെ നിഷേധിച്ചിട്ടില്ല. നായനാരെ സാക്ഷിനിർത്തിക്കൊണ്ടാണ് അദ്ദേഹം അങ്ങനെ പ്രസംഗിച്ചത്.

(...ബഹളം..)

ശ്രീ. ബെന്നി ബെഹനാൻ: സർ, ബഹുമാനപ്പെട്ട നായനാരോട് നമുക്കിന്ന്

അത് ചോദിക്കാൻ പറ്റില്ലല്ലോ.

(...ബഹളം..)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ, പ്ലീസ്.....

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ പറഞ്ഞു വന്നത്, ശ്രീ. പി. സി. വിഷ്ണുനാഥ് നേരത്തെ പറഞ്ഞ കാര്യങ്ങൾ, അത് ഒരു രേഖയുടെയും പുസ്തകത്തിന്റെയും വസ്തുതയുടെയും പിൻബലമില്ലാതെ ഇവിടെ പറഞ്ഞിട്ടുണ്ട്. അതിനെ സംബന്ധിച്ച് എന്തെങ്കിലും ഉണ്ടെങ്കിൽ കൊണ്ടു വരട്ടെ. അതിനകത്ത് കമ്മ്യൂണിസ്റ്റുകാരെക്കുറിച്ച്, സ്വാതന്ത്ര്യസമരത്തെ ഒറ്റുകൊടുത്തു എന്ന് പറഞ്ഞു. ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റുകാർക്ക്, സ്വാതന്ത്ര്യസമരത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വഹിച്ച പങ്കിനെ സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥിന്റെ സർട്ടിഫിക്കറ്റ് ആവശ്യമില്ല. ജവഹർലാൽ നെഹ്റുവിന്റെ സർട്ടിഫിക്കറ്റുണ്ട്, ശങ്കർദയാൽ ശർമ്മയുടെ സർട്ടിഫിക്കറ്റുണ്ട്, കോൺഗ്രസ്സിന്റെ പഴയകാല നേതാക്കൻമാരുടെ സർട്ടിഫിക്കറ്റുണ്ട്.

(ബഹളം..)

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, കോൺഗ്രസ്സിന് ശ്രീ. എ. പ്രദീപ്കുമാറിന്റെ സർട്ടിഫിക്കറ്റും വേണ്ട.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ നിങ്ങൾക്ക് സർട്ടിഫിക്കറ്റ് തരുന്നില്ല. പക്ഷേ ജവഹർലാൽ നെഹ്രു തന്നിട്ടുണ്ട്. ആ കാലത്തെ കോൺഗ്രസിന്റെ സമുന്നതരായ നേതാക്കൻമാർ തന്നിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ, ചെയർ പറയുന്നത് ഒന്നു ശ്രദ്ധിക്കു. അങ്ങ് തുടങ്ങിയിട്ട് ഇപ്പോൾ 19 മിനുട്ട് കഴിഞ്ഞു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, മറ്റുള്ളവരാണ് സംസാരിച്ചത്. ഇവിടെയുണ്ടായ ബഹളത്തിന് ഞാൻ ഉത്തരവാദിയല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ, അങ്ങയുടെ പ്രസംഗം തുടങ്ങിയിട്ട് 19 മിനുട്ടായി. അങ്ങേയ്ക്കറിയാമല്ലോ, ധനവിനിയോഗ ബില്ലുണ്ട്, ഇനി മറ്റൊരു ബില്ലുണ്ട്. ഈ ബില്ലിൽ തന്നെ ഇനി 6 പേർ സംസാരിക്കാനുണ്ട്.

അങ്ങതുകൊണ്ട് സ്വയം നിയന്ത്രിച്ച് കൺക്ലൂഡ് ചെയ്യുക.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, ഞാനല്ല ഈ സമയം പോയതിന് ഉത്തരവാദി. ഞാൻ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് പറഞ്ഞത്. വസ്തുതാവിരുദ്ധമായി ഒന്നും പറഞ്ഞില്ല. അതിന്റെ മുകളിൽ പ്രകോപനമുണ്ടാക്കിയിട്ടുള്ള ആളുകൾ സമയം നഷ്ടപ്പെടുത്തി. സ്വാഭാവികമായിട്ടും അതിന് പ്രതികരണമുണ്ടായിട്ടുണ്ടാകും. ഞാൻ പറഞ്ഞു വന്നത്, ഈ ഭൂപരിഷ്കരണ നിയമത്തെ അട്ടിമറിക്കാൻ ഇപ്പോൾ കൊണ്ടുവരുന്ന ഭേദഗതി മാത്രമല്ല, 2005-ൽ കൊണ്ടുവന്ന ഭേദഗതി മാത്രമല്ല, ഇപ്പോൾ നേരത്തെ ബഡ്ജറ്റ് പ്രൊപ്പോസലിന്റെ ഭാഗമായി കൊണ്ടുവന്ന നിർദ്ദേശങ്ങൾ മാത്രമല്ല, ഇതിന്റെ ആവിർഭാവകാലം മുതൽ സംഘടിതമായ, രാഷ്ട്രീയമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ശ്രമങ്ങൾ കോൺഗ്രസ് നേതൃത്വത്തിന്റെ ഭാഗത്തുനിന്നും യു.ഡി.എഫ്. നേതൃത്വത്തിന്റെ ഭാഗത്തുനിന്നുമൊക്കെ ഉണ്ടായി എന്നത് പറയാൻ വേണ്ടിയാണ്. അത് ഈ സന്ദർഭത്തിലല്ലാതെ എപ്പോഴാണ് പറയുക; 1957-59 കാലത്ത്, നേരത്തെ ശ്രീ.

ബാബു എം. പാലിശ്ശേരി സൂചിപ്പിച്ച, 7,20,000 ഏക്കർ ഭൂമി അന്ന് നമുക്ക് മിച്ചഭൂമിയായിട്ട് ഉണ്ടായിരുന്നതിന്റെ 87 ശതമാനവും ഈ നിയമത്തിന്റെ പരിധിക്ക് പുറത്തു പോയി. അതുകൊണ്ടാണ് ബഹുമാനപ്പെട്ട റവന്യൂവും കയറും വകുപ്പു മന്ത്രി ശ്രീ. അടൂർ പ്രകാശിന്, അദ്ദേഹത്തിന്റെ സ്വപ്ന പദ്ധതിയാണല്ലോ Zero landless, 'ഭൂരഹിതരില്ലാത്ത കേരളം' എന്ന് പറയുന്നത് ഈ ഗവൺമെന്റ് മുമ്പോട്ട് വച്ചത്. അതിന് ഭൂമി കണ്ടെത്താനാവാത്തത് എന്തുകൊണ്ടാണ്; ഇതെല്ലാം വളരെ സമർത്ഥമായ ശ്രമങ്ങളിലൂടെ പണ്ടു തന്നെ പാവങ്ങൾക്ക് വിതരണം ചെയ്യേണ്ടിയിരുന്ന ഭൂമി ഇല്ലാതാക്കിക്കളഞ്ഞു. നമ്മുടെ കേരളം രൂപം കൊള്ളുന്നതിന് മുമ്പ്, പണ്ട് കുട്ടികൃഷ്ണമേനോൻ കമ്മീഷന് അന്ന് സഖാവ് ഇ.എം.എസ്. കൊടുത്തിട്ടുള്ള വിയോജനക്കുറിപ്പിനകത്ത് ആദിവാസികൾക്കും പട്ടികജാതി വിഭാഗങ്ങൾക്കുമെല്ലാം ഭൂമി കൊടുക്കേണ്ടതിന്റെ പ്രാധാന്യം വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. ഭൂപരിഷ്ക്കരണത്തിന്റെ പ്രധാനപ്പെട്ട ഉദ്ദേശവും അതായിരുന്നു. പക്ഷേ അത് സഫലമാക്കുന്നതിനാവശ്യമായിട്ടുള്ള ഭൂമി

ഭൂപരിഷ്കരണത്തിന്റെ ഭാഗമായി നമുക്ക് ലഭ്യമാകാതെ പോയത് ഈ വിമോചന സമരത്തിന്റെ മാത്രമല്ല തുടർന്ന് ആ സർക്കാരിനെ അട്ടിമറിച്ചു. കേന്ദ്ര ഗവൺമെന്റ് അതിന്റെ അധികാരമുപയോഗിച്ച് പിരിച്ചു വിടിച്ചു. അത് കഴിഞ്ഞിട്ട് കോൺഗ്രസ് നയിക്കുന്ന ഗവൺമെന്റ് 1960-ൽ ഇവിടെ വന്നപ്പോൾ അതിനെ അട്ടിമറിക്കാനല്ലേ നിങ്ങളുന്ന് ഇഷ്ടദാനബില്ല് കൊണ്ടുവന്നത്; അന്നുണ്ടായിരുന്ന ആളുകൾ ഇവിടെ ഇരിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ഇവിടെയുള്ള വലിയ ജന്മിമാർക്ക് അവരുടെ ഭൂമി അവർക്ക് ഇഷ്ടമുള്ളവർക്ക് കൊടുത്ത് സംരക്ഷിക്കുന്നതിന് സഹായകരമായിട്ടുള്ളതായിരുന്നു. ആ രണ്ട് വർഷങ്ങൾ കൊണ്ട്, അതായത് 1957-നും 1960-നും ഇടയിലുള്ള രണ്ടുമൂന്നു വർഷത്തിനിടയിൽ ഏതാണ്ട് 10 ലക്ഷം ഏക്കറിലധികം ഭൂമി ഇങ്ങനെ കൈമാറ്റം ചെയ്യപ്പെട്ടു. പിന്നെ അവശേഷിക്കുന്ന വളരെ കുറച്ചു ഭൂമിയേ ഉണ്ടായിട്ടുള്ളൂ. പിന്നെ അതുവച്ചാണ് നമ്മൾ ഈ കുടികിടപ്പ് അവകാശവും അതുപോലെ മിച്ചഭൂമിയ്ക്ക് കൊടുക്കുന്ന നടപടികളൊക്കെ പിന്നീട് കുറച്ചെങ്കിലും കൈക്കൊള്ളാൻ കഴിഞ്ഞത്. പിന്നീട് ഇപ്പോൾ തോട്ടഭൂമി എന്നുള്ള

പരിഗണനയിൽ കുറെ ആളുകളുടെ താൽപര്യങ്ങൾ സംരക്ഷിച്ചത്. ഏറ്റവും ഒടുവിൽ ഇവിടെ പറഞ്ഞത്, കശുമാവിൻ തൈ വച്ച് പിടിപ്പിച്ചാൽ അത് തോട്ടത്തിന്റെ പരിഗണനയിൽപ്പെടുത്തി ഈ വലിയ land owners-ന്റെ താൽപര്യങ്ങൾ, മിച്ചഭൂമി രക്ഷപ്പെടുത്തിയെടുക്കുന്നതിന് സഹായകരമായി എടുക്കുന്നതിനുള്ള നിർദ്ദേശം നിർലജ്ജം വച്ചൊരു ഗവൺമെന്റാണിത്. വലിയ പ്രതിഷേധം വന്നതുകൊണ്ട് നിങ്ങൾക്കത് പൂർണ്ണതയിലേക്കെത്തിക്കാനായില്ല. അതുകൊണ്ട് ഈ ഗവൺമെന്റ് യഥാർത്ഥത്തിൽ ആത്മാർത്ഥമായിട്ട് ശ്രമിക്കേണ്ടത് നമ്മുടെ ഭൂപരിഷ്കരണ നിയമത്തെ കൂടുതൽ പുരോഗമനപരമായിട്ടും വിപ്ലവകരമായിട്ടും പരിഷ്കരിക്കരിക്കുന്നതിനുതകുന്ന നിർദ്ദേശം വയ്ക്കുന്നതിന് പകരം വീണ്ടും ഈ മിച്ചഭൂമി തെറ്റായ മാർഗ്ഗത്തിൽ കൈക്കലാക്കിയ ആളുകളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനുതകുന്ന ഭേദഗതി കൊണ്ടുവരുന്നു എന്നുള്ളതുകൊണ്ടുകൂടിയാണ് ഞങ്ങളിതിനെ ശക്തമായിട്ട് എതിർക്കുന്നത്. ഇന്നത്തെ കേരളത്തിന്റെ സാഹചര്യമെന്താണ്? കേരളം ഭൂമാഫിയയുടേയും ഭൂമി കയ്യേറ്റക്കാരുടെയുമൊക്കെ ഒരു വിളനിലമായി, അതിന്റെ പ്രധാന താവളമായിട്ട് ഇപ്പോൾ മാറി. യു.ഡി.എഫ്.

ഗവൺമെന്റ് വന്നതിനുശേഷം ആ ഒരു പ്രക്രിയ വളരെയധികം ശക്തിപ്പെട്ടു. ഈ സഭാസമ്മേളനത്തിൽ തന്നെ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ടത് സർക്കാരിന്റെ ഭൂമി പല മാഫിയാ സംഘങ്ങളും നിക്ഷിപ്ത താൽപര്യക്കാരും കൈക്കലാക്കിയതും കയ്യേറിയതുമായ പ്രശ്നങ്ങൾ. ഞാനത് വിശദീകരിക്കുന്നില്ല. അടിയന്തരപ്രമേയമായിട്ടൊക്കെ ഇവിടെ പലനിലയിൽ ചർച്ച ചെയ്തിട്ടുണ്ട്. പാറ്റൂരിലെ ഫ്ലാറ്റുകാരുടെ കയ്യേറ്റം, ചെലവന്നൂർ കായൽ കയ്യേറ്റം....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. എ. പ്രദീപ്കുമാർ, ഇനി ധനവിനിയോഗ ബില്ല് പരിഗണിക്കേണ്ടതായിട്ടുണ്ട്.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, ഞാൻ വിശദീകരിക്കുന്നില്ല. അതുപോലെ കടകംപിള്ളി ഭൂമി തട്ടിപ്പ്, കരുണാ എസ്റ്റേറ്റിന്റെ പ്രശ്നം, ആറൻമുള പോക്കുവരവ് നടത്തിക്കൊടുത്തതിന്റെ പിന്നിലെ നിഗൂഢത, ഹാരിസൺ പ്ലാന്റേഷന്റെയൊക്കെ പ്രശ്നങ്ങളെല്ലാം പറഞ്ഞു. എനിക്കിവിടെ ഉന്നയിക്കാനുള്ള പ്രശ്നം, കേരളത്തിലെ ഗവൺമെന്റിന്റെ കൈവശമുള്ള ഭൂമി അനർഹമായി പലരുടെയും കൈവശമാണ്. ഇത്

സംരക്ഷിക്കുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാണോ എന്നുള്ളതാണ്. അതിൽ ഒരു പ്രധാനപ്പെട്ട കാര്യം, നമ്മുടെ റീ-സർവ്വേയുമായി ബന്ധപ്പെട്ട പ്രശ്നം ഇപ്പോൾ ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. 45 വർഷത്തോളമായി, ഈ ഗവൺമെന്റ് മാത്രമാണ് അതിന്റെ ഉത്തരവാദിയെന്ന് ഞങ്ങളാരും പറയില്ല. 45 വർഷത്തോളമായിട്ട് റവന്യൂ ഡിപ്പാർട്ടുമെന്റിലെ കുറെയാളുകൾ റീ-സർവ്വേയെന്നും പറഞ്ഞിട്ട് തിന്നും കുടിച്ചും നടക്കുകയാണ്. ആകെയുള്ള റീ-സർവ്വേ നടത്തേണ്ട ഭൂമിയുടെ 10 ശതമാനം പോലും ഇത്രയും കാലത്തോളമായി നാടാകെ നിരങ്ങിയിട്ടും സർവ്വെ ചെയ്തെടുക്കാൻ പറ്റിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ തന്നെ ആ റീ-സർവ്വെ പൂർത്തിയാക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഉതകുന്ന വിധത്തിലുള്ള ശ്രമങ്ങളാരംഭിച്ചത് നല്ല കാര്യമാണ്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഇപ്പോൾ റീ-സർവ്വെ പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. അത് കംപ്ലീറ്റ് തകരാറിലാണ്. റീ-സർവ്വേ നടത്തി പ്രഖ്യാപിച്ച ഒരു സ്ഥലത്തും

ആളുകൾക്ക് ടാക്സ് അടയ്ക്കാൻ പറ്റുന്നില്ല, ഭൂമിയുമായി ബന്ധപ്പെട്ടിട്ടുള്ള ഒരു രേഖയും വാങ്ങാൻ വേണ്ടി പറ്റുന്നില്ല. കേരളത്തിൽ റീ-സർവ്വേ നടത്തിയ എല്ലാ സ്ഥലത്തും അതിനെ സംബന്ധിച്ചിടത്തോളം ഒരു അദാലത്ത് നടത്തി എത്രയും പെട്ടെന്ന് പൂർത്തീകരിച്ചാൽ മാത്രമേ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കൂ. അതിനെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ്?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... കൺക്ലൂഡ്

ശ്രീ. എ. പ്രദീപ്കുമാർ: സർ, ആളുകൾക്ക് ആവശ്യമുള്ള കാര്യങ്ങൾ, ആളുകൾക്ക് വിഷമമുണ്ടാക്കുന്ന കാര്യങ്ങൾക്ക് പരിഹാരമുണ്ടാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പ്രദീപ്കുമാർ, അടുത്ത ധനവിനിയോഗ ബില്ല് എടുക്കാൻ പോകുകയാണ്. കൺക്ലൂഡ് ചെയ്യണം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, അതിലേക്ക് പോകുന്നതിന് മുമ്പ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് ഒന്നു രണ്ടു കാര്യങ്ങൾ പറയാനുണ്ട്. ഞാൻ വേഗം അവസാനിപ്പിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം 12.30 ആകുന്നു കൺക്ലൂഡ് ചെയ്യുകയാണ്.

ശ്രീ. പ്രദീപ്കുമാർ: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. ഒരു മിനുട്ട് മതി. ഇവിടെ ഞാനൊരു ഗൗരവമുള്ള പ്രശ്നം കൂടി ഉന്നയിക്കുകയാണ്. നമ്മൾ മൂന്നാറിലെ കയ്യേറ്റം പോലെയുള്ള ചർച്ചകൾ ഒരുപാട് ചെയ്തതാണ്. അതിനേക്കാൾ എറ്റവും ഭീകരമായ കയ്യേറ്റം കേരളത്തിന്റെ കടൽത്തീരങ്ങളിലാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. കുറെനാളായിട്ട് അത് നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഞാൻ ഈ സഭയിൽ ഒരു വിഷയം ഉന്നയിച്ചിരുന്നു. കടൽത്തീരത്തെ കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട അതുപോലെ അനിശ്ചിത കാലത്തേക്ക് ചെറിയ പൈസയ്ക്ക് ഭൂമി ലീസിനെടുത്ത് കൈക്കലാക്കുന്ന പ്രക്രിയയെ സംബന്ധിച്ച്. അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. വിജയകുമാർ അതിനെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി അന്നത്തെ തുറമുഖ സെക്രട്ടറിയായിരുന്ന ശ്രീ. എൽ. രാധാകൃഷ്ണൻ ഐ.എ.എസ്-നെ ചുമതലപ്പെടുത്തി. അദ്ദേഹത്തിന്റെ പഠന റിപ്പോർട്ട് സഭയിൽ വച്ചതാണ്. അതിന്റെ അടിസ്ഥാനത്തിൽ ആ കയ്യേറ്റങ്ങൾ

ഒഴിപ്പിക്കുന്നതിനുവേണ്ടി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. അതിന്റെ കുറച്ച് കാര്യങ്ങളൊക്കെ നടന്നു. പക്ഷേ ഇപ്പോൾ വീണ്ടും കയ്യേറ്റം ശക്തമായിക്കൊണ്ടിരിക്കുന്നു. മൂന്നാറിനേക്കാൾ പ്രാധാന്യം കൊടുത്തുകൊണ്ട്, ടൂറിസവുമൊക്കെയായി ബന്ധപ്പെട്ട് അതിവിശാല സാധ്യതകളുള്ള കേരളത്തിന്റെ കടൽത്തീരങ്ങൾ സംരക്ഷിക്കുവാൻ, ആ കടൽത്തീരത്തിന്റെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനാവശ്യമായിട്ടുള്ള എൽ. രാധാകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ട് പഠിച്ചുകൊണ്ട് അതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെന്റ് സന്നദ്ധമാകണമെന്നതാണ് ഉള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ, ധനവിനിയോഗ ബില്ലെടുക്കാനുണ്ടെന്ന് അങ്ങേയ്ക്ക് അറിയാവുന്നതല്ലേ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഇത് പിന്നെ എന്തിനാണ്? ഈ ബിൽ വേണ്ടേ? ധനവിനിയോഗ ബില്ലെടുത്ത് കഴിഞ്ഞിട്ട് ഈ ബില്ലെടുത്താൽ മതിയായിരുന്നല്ലോ.

മി. ഡെപ്യൂട്ടി സ്പീക്കർ: താങ്കൾ 27 മിനിട്ട് സംസാരിച്ചു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാനല്ല സംസാരിച്ചത്. മറ്റുള്ളവർ അതിനിടയിൽ ഇടപെട്ടതായിരുന്നു. ബഹുമാനപ്പെട്ട ചെയർ അത് നിയന്ത്രിക്കണമായിരുന്നു. ഞാൻ ഇത് കഴിഞ്ഞിട്ട് തുടർന്നോളാം. (തുടരും.)

## 2014-ലെ കേരളാ ധനവിനിയോഗ (15-ാം ) നമ്പർ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരളാ ധനവിനിയോഗ (15-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരളാ ധനവിനിയോഗ (15-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. കെ. എം. മാണി</u>: സർ, ഇത് 4854 കോടി രൂപയുടെ ഡിമാന്റ് നിയമസഭ പാസ്സാക്കുകയുണ്ടായി, അത് ചെലവഴിക്കുന്നതിന് വേണ്ട അനുവാദം മാത്രമേ ഉള്ളൂ. നാച്ചുറലായി, പാസ്സാക്കിയ സ്ഥിതിക്ക് അത് ചെലവഴിക്കുന്നതിന് അനുവാദം തരണമെന്ന് നിയമസഭയോട് അഭ്യർത്ഥിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ബഹുമാനപ്പെട്ട അംഗങ്ങളോട് പറയട്ടേ, ഈ പ്രമേയത്തിന്റെ ചർച്ച ഒരു മണിക്കൂർ മാത്രമേ ഉള്ളൂ. കൃത്യം ഒന്നര മണിക്ക് തന്നെ ഇത് വോട്ടിനിടണം. ഇവിടെ പറഞ്ഞിരിക്കുന്ന ടൈമിനകത്ത് നിന്നു തന്നെ അംഗങ്ങൾ സംസാരിക്കണം.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, 2014-15 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. ഇവിടെ ചെലവഴിക്കാനുള്ള അംഗീകാരമാണ് മാണിസാർ ചോദിച്ചത്. മുൻപും ചെലവഴിക്കാനുള്ള അംഗീകാരം നമ്മൾ കൊടുത്തിട്ടുണ്ട്, അംഗീകാരം കൊടുത്ത തുക പോലും ചെലവഴിക്കാൻ കഴിയാത്ത ഒരു സർക്കാരായി ഈ സർക്കാർ മാറിയിരിക്കുകയാണ്. അതുകൊണ്ട് വളരെ ശക്തമായി ഈ ബില്ലിനെ എതിർക്കുകയാണ്. രാവിലെ ആരോഗ്യ വകുപ്പുമന്ത്രി ചട്ടം 300 പ്രകാരം ഒരു സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വച്ചു. കഴിഞ്ഞ ദിവസളിൽ രണ്ടു തവണ

നിയമസഭയിൽ പ്രതിപക്ഷം അടിയന്തര പ്രമേയമായി കൊണ്ടുവന്ന വിഷയമാണ്. കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളേജിൽ പ്രവേശനം തേടുന്ന 600-ഓളം മെരിറ്റ് സീറ്റിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ട് സ്വാശ്രയ കോളേജുകളുമായി അടിയന്തരമായി കരാർ ഒപ്പിടണമെന്നതായിരുന്നു പ്രതിപക്ഷത്തിന്റെ ഡിമാന്റ്. ഒരു സിനിമയ്ക്കകത്ത് സുരാജ് വെഞ്ഞാറമൂട് പറയുന്നുണ്ട്, "നിങ്ങളെപ്പോലെയൊന്നുമല്ല ഞാൻ, ഞാൻ എന്റെ ഭാര്യയെ വരച്ച വരയിൽ നിർത്തും". പക്ഷെ ആ വര എവിടെ വരയ്ക്കണമെന്ന് ഭാര്യ തീരുമാനിക്കും. അതുതന്നെയാണ് ആരോഗ്യ വകുപ്പുമന്ത്രി ചെയ്തിരിക്കുന്നത്. സ്വാശ്രയ കോളേജുകളുമായി കരാർ ഒപ്പിട്ടോ എന്ന ചോദ്യത്തിന് കരാർ ഒപ്പിട്ടു എന്നു പറഞ്ഞു. പക്ഷെ നിങ്ങൾ മെരിറ്റിൽ എത്രയാണ് ഫീസു കൂട്ടിയത്? മാനേജ്മെന്റ് തീരുമാനിക്കുന്ന ഫീസ് കൊടുക്കാമെന്ന് സമ്മതിച്ചിട്ട് നിയമസഭയിൽ വന്ന് ഞങ്ങൾ കരാർ ഒപ്പിട്ടു എന്നു പറഞ്ഞാൽ അത് അംഗീകരിക്കാൻ കേരളത്തിലെ പ്രതിപക്ഷം തയ്യാറാകില്ല. മെരിറ്റ് സീറ്റിൽ മുൻപ് ഉള്ളതുപോലെ തന്നെ 600 കുട്ടികൾക്ക് പ്രവേശനം നൽകുന്ന സാഹചര്യം കേരളത്തിൽ ഉണ്ടാകണം. ഒരു മേഖലയെ സംബന്ധിച്ച് പ്രധാനപ്പെട്ട കാര്യം ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുകയാണ്. ചലചിത്ര അക്കാഡമി അങ്ങേയറ്റം കുത്തഴിഞ്ഞ രീതിയിലാണ്

മുന്നോട്ടു പോകുന്നത്. അഴിമതിയിൽ മുങ്ങിയ ഒരു സ്ഥാപനമായി അത് മാറി. പത്രത്തിൽ വന്ന ഒരു വാർത്തയുണ്ട്, അഴിമതിയിൽ മുങ്ങിയ ചലചിത്ര അക്കാഡമിയിൽ മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉന്നതൻ ഇടപെട്ട് വഴിവിട്ട നിയമനങ്ങൾ നടക്കുകയാണ്. ഒരു പണിയുമില്ലാത്ത ആൾക്കാരെ ചലചിത്ര അക്കാഡമിയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയാണ്. ഒരാളെപ്പോലും ചലചിത്ര അക്കാഡമിയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാൻ പാടില്ല എന്ന് ടൂറിസം വകുപ്പ് സെക്രട്ടറി മെയ് മാസം 4-ാം തീയതി പുറപ്പെടുവിച്ച ഒരു ഉത്തരവുണ്ട്. ആ ഉത്തരവ് മറികടന്നുകൊണ്ടാണ് മുഖ്യമന്ത്രിയുടെ ഓഫീസിലെ ഏറ്റവും വിശ്വസ്തനായ ഒരു പി.എസ്.-ഉം അദ്ദേഹം നിയമിച്ച ചലചിത്ര അക്കാഡമിയുടെ സെക്രട്ടറിയും ചേർന്ന് അവിടെ കരാർ അടിസ്ഥാനത്തിൽ ഒരു ജോലിയുമില്ലാത്ത ആളുകളെ വലിയ തുക ശമ്പളം നൽകിക്കൊണ്ട് നിയമിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി ചലചിത്ര അക്കാഡമിയിൽ ഡൈനാമിക് ഡയറക്ടർ എന്നു പറയുന്ന ബീനാ പോൾ രാജിവച്ച് പോകാൻ തയ്യാറായി നിൽക്കുകയല്ലേ? ബീനാപോൾ രാജിക്കത്ത് കൊടുത്തില്ലേ? 22-ാം തീയതി, ഈ നിയമസഭ അവസാനിച്ച് 5 ദിവസം പിന്നിടുമ്പോൾ അവർ രാജിവച്ച് ഒഴിയും. എന്താണ് അവർ രാജി വയ്ക്കാനുള്ള കാരണം? ചലചിത്ര അക്കാഡമിയിൽ വഴിവിട്ട

നിയമനങ്ങളാണ്, ക്രമക്കേടാണ്, നടക്കുന്നത്. അവിടെ സുതാര്യതയില്ല. മൂന്ന് ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നിയമിച്ചു. ആ നിയമനങ്ങൾ നടക്കുമ്പോൾ ടൂറിസം വകുപ്പിന്റെ സെക്രട്ടറി ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. അതുപ്രകാരം പറഞ്ഞിരിക്കുന്നത് ഈ ജീവനക്കാർക്ക് ശമ്പളം കൊടുക്കുമ്പോൾ അക്കാഡമിക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല, ഇവരുടെ ശമ്പളാനുകൂല്യങ്ങൾ അക്കാഡമിയുടെ നിലവിലുള്ള ഗ്രാന്റ്-ഇൻ-എയ്ഡിൽ നിന്നും കണ്ടെത്തേണ്ടതാണ്, സർക്കാർ ഇതിലേയ്ക്ക് അധിക ധനസഹായം നൽകുന്നതല്ല എന്നുമാണ്. മറ്റൊരു ഉത്തരവുകൂടിയുണ്ട്, ഭാവിയിൽ ഇത്തരം താൽക്കാലിക നിയമനങ്ങൾ നടത്താൻ പാടില്ല. ഇനി ഒരാളെപ്പോലും നിയമിക്കാൻ പാടില്ല എന്നു പറഞ്ഞ സ്ഥാനത്താണ് മൂന്ന് ആളുകളെ നിയമിച്ചിരിക്കുന്നത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഒരു പ്രശ്നം വസ്തുതാവിരുദ്ധമായതു കൊണ്ടാണ് പറയുന്നത്. ബീനാപോൾ രാജിവച്ചു എന്നാണ് അദ്ദേഹം പറഞ്ഞത്. ബീനാപോളിന് രാജിവയ്ക്കാൻ കഴിയില്ല. ബീനാപോൾ സി-ഡിറ്റിൽ നിന്നും ഡെപ്യൂട്ടേഷനിൽ വന്ന ആളാണ്. രാജിവയ്ക്കാൻ കഴിയാത്ത ഒരാളെ രാജിവച്ചു എന്ന് സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല. അദ്ദേഹം അറിയാതെ പറഞ്ഞതാണെങ്കിൽ ക്ലാരിഫിക്കേഷനുവേണ്ടിയാണ് പോയിന്റ് ഓഫ്

ഓർഡർ ഉന്നയിച്ചത്.

ശ്രീ. ആർ. രാജേഷ്: സർ, അതിന്റെ ക്ലാരിഫിക്കേഷൻ മന്ത്രി പറഞ്ഞോട്ടെ. ബീനാപോൾ രാജിക്കത്ത് കൊടുത്തിട്ടുണ്ട്, 22-ാം തീയതിയോടുകൂടി ബീനാപോൾ രാജിവയ്ക്കുമെന്നാണ് ഞാൻ അറിഞ്ഞത്. മന്ത്രി മറുപടിയിൽ ബാക്കി കാര്യങ്ങൾ പറയട്ടെ. കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാൻ പാടില്ല എന്ന ഉത്തരവ് നിലനിൽക്കുമ്പോൾ എന്തിനാണ് മൂന്ന് ആളുകളെ നിയമിച്ചത്? ഒരു ഫിനാൻസ് മാനേജർ, ആരാണ്? 35,000 രൂപ ശമ്പളത്തിൽ ഫിനാൻസ് മാനേജരായി രാധാകൃഷ്ണനെ കരാർ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് ചലചിത്ര അക്കാഡമിയിൽ നിയമിക്കുന്നു. കാഷ്യറായി ഒരു പണിയുമില്ലാത്ത പത്മകുമാറിനെ 20,000 രൂപ ശമ്പളത്തിലും മുഖ്യമന്ത്രിയുടെ പി.എസ്.-ൻെറ ആശ്രിതനായിട്ടുള്ള മുഹമ്മദ് ഹാഷിമിനെ 25,000 രൂപ ശമ്പളത്തില്ലുമാണ് ചലചിത്ര അക്കാഡമിയിൽ നിയമിച്ചിരിക്കുന്നത്. ആരാണ് ടൂറിസം വകുപ്പിൻെറ സെക്രട്ടറി കൊടുത്ത നിയമന ഉത്തരവിനെ മറികടന്ന് അവിടെ നിയമിക്കുവാനുള്ള ഇടപാട് നടത്തിയത്? ഇതിൻെറ പിന്നിൽ ക്രമക്കേടുണ്ട്, ലക്ഷങ്ങൾ കൈപ്പറ്റിയിട്ടുണ്ട്. മന്ത്രി വാങ്ങിച്ചു എന്ന അഭിപ്രായം ഞങ്ങൾക്ക് ഇല്ല. ഇതിനെക്കുറിച്ച് ആവശ്യമായ അന്വേഷണം നടത്തി നടപടിയെടുക്കാൻ മന്ത്രി

തയ്യാറായില്ലെങ്കിൽ അത് അങ്ങയുടെ അറിവോടുകൂടിയാണെന്ന് ഞങ്ങൾക്ക് പറയേണ്ടിവരും. നിയമിക്കുവാൻ പാടില്ല എന്ന ഉത്തരവുണ്ട്, ആ ഉത്തരവ് മറികടക്കുവാൻ സാംസ്കാരിക വകുപ്പ് ഇവരുടെ നിയമന ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ? അതിന് മറുപടി പറയണം. ആരാണ് ചലചിത്ര അക്കാഡമിയുടെ സെക്രട്ടറി? ഒരു ചലചിത്ര അക്കാഡമിയുടെ സെക്രട്ടറി സ്ഥാനത്ത് കൊണ്ടവരേണ്ടത് കറപ്ഷൻ ഇല്ലാത്ത ഉദ്യോഗസ്ഥനയല്ലേ? മുഖ്യമന്ത്രിയുടെ ഓഫിസിലെ പി.എസ്. അദ്ദേഹത്തിൻെറ സ്വാധീനമുപയോഗിച്ച് രാജേന്ദ്രൻ നായർ എന്ന സെക്രട്ടറിയെ കൊണ്ടുവരുമ്പോൾ അയാളുടെ ചരിത്രം എന്താണ് പരിശോധിക്കാത്തത്? അദ്ദേഹം മുമ്പ് ഡൽഹിയിലെ കേരളാ ഹൗസ് ഉദ്യോഗസ്ഥനായിരുന്നു. അവിടെ ഉദ്യോഗസ്ഥനായിരിക്കുമ്പോൾ, ഓഫീസ് ബോർഡ് പിടിപ്പിക്കുന്നതിലും ഒളി ക്യാമറ വിവാദത്തിലുംപ്പെട്ട ആളാണ് രാജേന്ദ്രൻ നായർ. അതിനുശേഷം അദ്ദേഹം ഇലക്ഷൻ ഡിപ്പാർട്ടുമെന്റിലായിരുന്നു. അവിടെ മൂന്നു വർഷക്കാലം ജോലിചെയ്തപ്പോൾ കംപ്യൂട്ടർ ബൾക്കായി വാങ്ങിയതിൽ ക്രമക്കേട് കണ്ടെത്തിയ ഉദ്യോഗസ്ഥനാണ്. അതിനുശേഷം അദ്ദേഹം നോർക്കയിൽ പോകുന്നു. അവിടെ ഓഫീസ് ബോർഡ് പിടിപ്പിക്കുന്നതിൽ, താൽക്കാലിക നിയമനത്തിൽ ക്രമക്കേട് കണ്ടെത്തുന്ന ഉദ്യോഗസ്ഥനാണ്. ജോലിചെയ്യുന്ന

സ്ഥലത്തെല്ലാം ക്രമക്കേട് കണ്ടെത്തുന്ന ഉദ്യോഗസ്ഥനെയാണ് ചലചിത്ര അക്കാഡമിയുടെ സെക്രട്ടറി സ്ഥാനത്ത് കൊണ്ടുവന്നിരിക്കുന്നത്. അദ്ദേഹമാണ് സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന പ്രധാനപ്പെട്ട പോസ്റ്റിലേയ്ക്ക് മൂന്ന് പേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നത്. പതിനെട്ടാമത് അന്താരാഷ്ട്ര ചലചിത്രോത്സവത്തിൽ എത്ര അപമാനമാണ് നമുക്ക് അപമാനം സഹിക്കേണ്ടി വന്നത്?

ശ്രീ. റ്റി. വി. രാജേഷ്: സർ, ചലചിത്ര ആവാർഡുദാനവുമായി ബന്ധപ്പെട്ട് വളരെ ഗുരുതരമായ ആരോപണമാണ് ഉയർന്നത്. ഇത് ബഹുമാനപ്പെട്ട സിനിമാ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. ഇതുസംബന്ധിച്ച് സംവിധായകനായ സജിൻ ഷാബു വിവരാവകാശ നിയമപ്രകാരം ഒരു വിവരം തേടി. അതിൽ പറയുന്നത് ജ്യൂറി ചെയർമാൻ ആകെ നാലു ദിവസം മാത്രമാണ് ഇവിടെ ഉണ്ടായിരുന്നത്. 85 സിനിമകളാണ് അവാർഡ് കമ്മറ്റി മുൻപാകെ വന്നത്, അദ്ദേഹം വെറും 35 സിനിമ മാത്രമാണ് കണ്ടത്. യഥാർത്ഥത്തിൽ പകുതിയിലേറെ സിനിമകൾ കാണാതെ ഇതിനെ വെറും പ്രഹസനമാക്കി മാറ്റുകയാണ് ചെയ്തത്. അവാർഡിൻെറ ആധികാരികത നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ഇത് ആവർത്തിക്കാതിരിക്കണം. ഈ കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ആർ. രാജേഷ്: സർ, പതിനെട്ടാമത് അന്താരാഷ്ട്ര ചലചിത്രോത്സവം അപമാനകരമായി. അതിന്റെ ടീ-ഷർട്ട് വിതരണം ഡെലിഗേറ്റ് കമ്മറ്റിയാണ് നടത്തിയത്. 15 ലക്ഷം ടീ-ഷർട്ടുകൾ വിതരണം ചെയ്യാനാണ് തീരുമാനിച്ചിരുന്നത്. എത്ര ടീ-ഷർട്ടാണ് വിതരണം ചെയ്തത്. 1000 ടീ-ഷർട്ട് പോലും അടിച്ചില്ല. അവിടെ പങ്കെടുത്ത ഡെലിഗേറ്റ്സിന് ആവശ്യമായ ടീ-ഷർട്ട് കിട്ടിയില്ല. 10000 ടീ-ഷർട്ടുകൾക്ക് 15 ലക്ഷം രൂപയാണ് തീരുമാനിച്ചത്. ആ തുക ഏത് കമ്പനിക്കാണ് കൊടുത്തത്? ചലചിത്ര അക്കാഡമിയുടെ വെബ്സൈറ്റിൽ അതിൻെറ പരസ്യം കൊടുത്തോ? 15 ലക്ഷം രൂപയുടെ ടീ-ഷർട്ടിന്റെ വിതരണാവകാശം ഒരു സ്വകാര്യ കമ്പനിക്ക് കൊടുക്കുന്നു. എസ്.ബി.റ്റി. ഈ ചലചിത്രോത്സവത്തിന് ടീ-ഷർട്ട് സ്പോൺസർ ചെയ്യുന്നതിനായി 15 ലക്ഷം രൂപ കൊടുത്തു. ആ സ്പോൺസർഷിപ്പ് തുകയെവിടെ? എസ്.ബി.റ്റി. ടീ-ഷർട്ടിന് 15 ലക്ഷം രൂപ സ്പോൺസർഷിപ്പ് കൊടുക്കുമ്പോൾ ഒരു സ്വകാര്യകമ്പനിക്ക് അക്കാഡമിയുടെ.........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. ആർ. രാജേഷ്: സർ, രണ്ടു മിനിറ്റ് കൂടി.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇല്ല. അങ്ങ് ടൈം കൂടുതലെടുത്താൽ മറ്റാരുടേയെങ്കിലും ടൈം കുറയ്ക്കേണ്ടി വരും. ഈ ചർച്ചയ്ക്ക് ആകെ ഒരു മണിക്കൂർ മാത്രമേയുള്ളൂ. Please

resume your seat.

ശ്രീ. ആർ. രാജേഷ്: സർ, ഒറ്റ വാചകം കൂടി. ഡെലിഗേറ്റ് കമ്മറ്റിയാണ് ഈ ടീ-ഷർട്ട് വിതരണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ക്രമക്കേട് നടത്തിയിരിക്കുന്നത്. ഈ ഡെലിഗേറ്റ് കമ്മറ്റിയുടെ ചെയർമാൻ ആരാണ്? .....(മൈക്ക് ഓഫ്).........

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. കെ. ബഷീർ..... ശ്രീ. രാജേഷ്, അങ്ങേയ്ക്ക് ആവശ്യം പോലെ ടൈം തന്നു. Please resume your seat. ശ്രീ. രാജേഷ്, അങ്ങ് ഇങ്ങനെ ചെയ്യുന്നത് ശരിയല്ല. മറ്റൊരു അംഗത്തിന്റെ സമയം പോകുകയാണ്. സംസാരിക്കാനുള്ളത് മുഴുവൻ സംസാരിക്കുന്നതിന് സമയം കൊടുത്തില്ലേ?

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. 4,854-ഓളം കോടി രൂപയുടെ ധനവിനിയോഗ ബില്ലാണ് ഇവിടെ അവതരിപ്പിക്കുന്നത്. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോട് ഒന്ന രണ്ട് നിർദ്ദേശങ്ങളാണ് വയ്ക്കാനുള്ളത്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ സെന്ററിനെ ഒരു സെന്റർ ഓഫ് എക്സലൻസാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് 18 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഇൻസ്റ്റിറ്റ്യൂട്ടിന് അതിന്റെ സാന്നിധ്യം അറയിക്കാൻ സാധിച്ചിട്ടുണ്ടോ എന്നുള്ളതു ബഹുമാനപ്പെട്ട ധനകാര്യ

മന്ത്രി പരിശോധിക്കണമെന്നാണ് പറയാനുള്ളത്. ഇത് വെറുമൊരു സർക്കാർ ഓഫീസായി പ്രവർത്തിക്കാനുള്ള സ്ഥാപനമല്ല. റിട്ടയർ ചെയ്ത ആളുകളെ കൊണ്ടുപോയി അവർക്കിരിക്കാനുള്ള ഒരു വിശ്രമ കേന്ദ്രമായി ഇത് മാറരുതെന്നാണ് ബഹുമാനപ്പെട്ട ധനകാരയ വകപ്പുമന്ത്രയോട് പറയാനുള്ളത്. അവിടെ വിദഗ്ധരായിട്ടുള്ളവരെ കൊണ്ട് വന്ന് ജനോപകാരമായ സ്ഥാപനമാക്കി മാറ്റാനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. ഇല്ലെങ്കിൽ ഇപ്പോൾ പുതിയ ടാക്സേഷൻ സമ്പ്രദായത്തിന് വാളയാറിൽ നമ്മൾ സംവിധാനമേർപ്പെടുത്തി..... ഉദ്യോഗസ്ഥർ മാത്രമേയുള്ളൂ, നാട്ടുകാരറിഞ്ഞില്ല, ബഹുമാനപ്പെട്ട മന്ത്രിക്കും ഗവൺമെന്റിനും ക്ഷീണമായതല്ലാതെ നല്ല വിദഗ്ധന്മാരെ വച്ച് ക്ലാസുകളും കാര്യങ്ങളും കൊടുക്കുമ്പോൾ, ഏതെങ്കിലും സംവിധാനം വരുംമ്പോൾ എന്തിനുവേണ്ടിയാണ് ഇതുപോലുള്ള സ്ഥാപനങ്ങൾ ഉണ്ടാക്കുന്നത്, അതിനുവേണ്ടിയുള്ള നടപടികൾ ഉണ്ടാകണമെന്നാണ് പറയുന്നത്. അതുപോലെ തന്നെ കോടതികൾ. ഇവിടെ ഒരുപാട് വക്കീലന്മാരുണ്ട്, നമ്മൾ കേസിനൊക്കെ പോകുന്ന ആളുകളാണ്. കോടതികൾ ആധുനികവൽക്കരിക്കുന്നതിനായി ഇ-കോർട്ട് എന്ന കേന്ദ്ര പദ്ധതിക്ക് 2,21,75,000 രൂപ അനുവദിച്ചിട്ടുണ്ട്, അതിനെ സ്വാഗതം ചെയ്യുന്നു.

കോടതികളിലെ കാലതാമസമാണ് മറ്റൊരു കാര്യം. ഒരാൾ മറ്റൊരാളുടെ പേരിൽ കേസ് കൊടുത്താൽ, അതിന് എതിർ കക്ഷിയുണ്ടാകും. കേസ് അതിന്റെ മെരിറ്റിൽ വന്നോട്ടെ. കേസിനൊക്കെ എത്ര രൂപയാണ് ചെലവ് വരുന്നതെന്ന് എനിക്ക് നന്നായിട്ടറിയാം. ഞാൻ ഇപ്പോൾ സുപ്രീം കോടതിയിൽ ഒരു ഇലക്ഷൻ കേസിനെ നേരിട്ടു കൊണ്ടിരിക്കുകയാണ്. അപ്പീൽ കൊടുത്തിട്ട് മൂന്ന് കൊല്ലമായി. വക്കീൽ കേസ് വാദിക്കും, ജഡ്ജി പിന്നെ അത് മാറ്റി വയ്ക്കും, പിന്നീട് മൂന്ന് മാസം കഴിഞ്ഞിട്ട് അത് ആദ്യം മുതൽ തുടങ്ങാൻ പറയും, പിന്നെയും അതു മാറ്റിവയ്ക്കും. സുപ്രീം കോടതിയിലെ ഫീസൊക്കെ എല്ലാപേർക്കും അറിയാമല്ലോ. ശ്രീ. മാത്യു.റ്റി. തോമസിന് ഇതിനെക്കാൾ നല്ലവണ്ണം അറിയാം. ആറും ഏഴും, എട്ടും ലക്ഷം രൂപ കൊടുത്താണ് കേസ് വാദിക്കുന്നത്. അതിന്റെ കണക്ക് ഞാൻ പറയാതിരിക്കുന്നതാണ് നല്ലത്. കോടതി നടപടികൾ വേഗത്തിലാക്കാനും നീതി വേഗത്തിൽ ലഭ്യമാക്കാനുമുള്ള നടപടി ഉണ്ടാകണം. നടപടിക്രമങ്ങളിലെ നൂലാമാലകൾ ഒഴിവാക്കാൻ പ്രഗത്ഭ അഭിഭാഷകനായ അങ്ങ് ഈ കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുക്കണം. അതിനു വേണ്ടുന്ന കാര്യങ്ങൾ ആലോചിക്കണമെന്നാണ് എനിക്ക് ബഹുമനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. ന്യൂ സർവ്വീസ് പ്രൊസീഡ്യുവർ പ്രകാരം വാഹനങ്ങൾ വാങ്ങുന്നതിന് നിരവധി

ഡിപ്പാർട്ടുമെന്റുകൾക്ക് ടോക്കൻ പ്രൊവിഷൻ സപ്ലിമെന്ററി ഡിമാന്റിൽ കാണുന്നുണ്ട്. വാഹനം വാങ്ങുന്നത് എല്ലാപേർക്കും ഒരു ക്രെയിസാണ്. എല്ലാ ഉദ്യോഗസ്ഥൻമാർക്കും വിനോദ വാഹനങ്ങൾ വാങ്ങുന്നതിനാണ് താൽപര്യം. ഒരു ഉദ്യോഗസ്ഥന് പോകണമെങ്കിൽ ഒരു സ്വിഫ്റ്റ് മതി. ഡൽഹിയിൽ മന്ത്രിമാരൊക്കെ സഞ്ചരിക്കുന്നത് അംബാസിഡർ കാറുകളിലാണ്. വലിയ രീതിയിലുള്ള പാഴ്ചെലവുകൾ ഒഴിവാക്കുന്നതിന് അതുപോലുള്ള സംവിധാനം സംസ്ഥാനത്തും കൊണ്ടുവരണം. അത്യാവശ്യമില്ലാത്ത ഡിപ്പാർട്ടുമെന്റുകളൊക്കെ വലിയ വാഹനങ്ങൾ വാങ്ങുന്ന കാര്യത്തിൽ നിയന്ത്രണമേർപ്പെടുത്തണം. ധനകാര്യ വകുപ്പ് ഇത്തരം കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ സർക്കാർ 103 കോടി രൂപ പരസ്യത്തിനു വേണ്ടി നീക്കിവച്ചുവെന്ന് ഇന്നലെ ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. ഞാൻ കണക്കെടുത്തപ്പോൾ 2011-12 കാലയളവ് മുതൽ ഇന്നലെ വരെ 83 കോടി രൂപയാണ് ഈ സർക്കാർ പരസ്യത്തിനായി ചെലവഴിച്ചത്. അതിൽ 30 കോടി രൂപ കഴിഞ്ഞ സർക്കാരിന്റെ കാലത്തുള്ള കുടിശ്ശികയാണ്. ഈ ഗവൺമെന്റിന്റേതല്ല. നങ്ങളുടെ കാലത്ത് കൊടുത്ത പരസ്യത്തിന്റെ കുടിശ്ശികയാണ് ഇപ്പോൾ ഞങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നത്. അല്ലാതെ ഞങ്ങളായിട്ട് 100 കോടി രൂപയുടെ

പരസ്യങ്ങളൊന്നും കൊടുത്തിട്ടില്ല. നാട്ടുകാർ അറിയുന്നതിന് പരസ്യം കൊടുക്കേണ്ടി വരില്ലേ? അത് ഉറപ്പുതന്നെയല്ലേ. എനിക്ക് ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയോട് പറയാനുള്ളത് തെരുവ് നായകളുടെ കാര്യത്തെക്കുറിച്ചാണ്. തെരുവ് നായകളുടെ കാര്യം ബഹുമാന്യനായ ശിവൻകുട്ടിയും, ഞാനും ഈ സഭയിൽ പലതവണ ഉന്നയിച്ചതാണ്. ഇവിടെ ഒരു ലക്ഷത്തോളം തെരുവുനായ്ക്കളുണ്ട്. ബഹുമാനപ്പെട്ട മാണി സർ ഈ കാര്യത്തിൽ ശ്രദ്ധിക്കണം. സംസ്ഥാനത്ത് എവിടെയൊക്കെ പോയാലും ഒരു ദിവസം വന്ധ്യംകരണം നടത്തുകയാണെങ്കിൽ പത്തോ ഇരുപതോ നായ്ക്കളെ മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ. ഇങ്ങനെ നടത്തിയാൽ ഒരു കൊല്ലം കഴിഞ്ഞ് വീണ്ടും വന്ധ്യംകരണം നടത്തണം. ഒരു നായയുടെ ആയുസ്സിന്റെ കാലാവധി പത്തോ പന്ത്രണ്ടോ കൊല്ലമാണ്. ഈ കാലാവധിക്കുള്ളിൽ എത്ര പ്രാവശ്യം വന്ധ്യംകരണം നടത്തും? നായകൾക്ക് ഒരു പ്രാവശ്യമൊന്നും വന്ധ്യംകരണം നടത്തിയാൽ പോരാ, അത് മറ്റുള്ളവർക്കേ പറ്റുള്ളൂ. സ്ത്രീകൾക്കൊക്കെ ഒരു പ്രാവശ്യം നടത്തിയാൽ മതിയാകും. നായക്കൾക്ക് അത് പറ്റുകയില്ല. നിങ്ങൾ വിചാരിക്കുന്നതു പോലെയല്ല. ഒരു പട്ടി കടിച്ചാൽ ആ പട്ടിയോട് വന്ധ്യംകരണം നടത്തിയിട്ടുണ്ടോയെന്ന് ചോദിക്കാൻ പറ്റുമോ? ഈ നിയമം ഉണ്ടാക്കുന്നതിൽ നമുക്കൊക്കൊക്കെ പങ്കുണ്ട്. ഒരു നിയമം ഉണ്ടാക്കുമ്പോൾ

നമ്മൾ സഭ ബഹിഷ്ക്കരിച്ച് പോകരുത്. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥൻ തയ്യാറാക്കിക്കൊണ്ടുവരുന്ന ഒരു നിയമം നമ്മളാണ് പാസ്സാക്കുന്നത്. പിന്നീട് അതിന്റെ ദുരിതം നമ്മൾ തന്നെ അനുഭവിക്കുകയാണ്. പാർലമെന്റിൽ കുറെ ജന്തു സ്നേഹികളുണ്ട്. നിങ്ങൾ ആലോചിച്ച് നോക്കണം, എവിടെയാണ് ഈ നായക്കളെയെല്ലാം കടത്തുക? എന്റെ മകളുടെ കുട്ടികൾ ഗൽഫിൽ നിന്നും വന്നിട്ടുണ്ട്. ഞാൻ ഭാര്യയോട് പറഞ്ഞിരിക്കുന്നത്, കുട്ടികളെ റോഡിലേയ്ക്കോ മുറ്റത്തേയ്ക്കോ വിടേണ്ട, കാരണം നായ്ക്കൾ കടിച്ചാൽ അത് ബുദ്ധിമുട്ടാകും, അതുകൊണ്ട് കരുതിക്കോളണം എന്നാണ്. നമ്മുടെ നാട്ടിൽ ആ അവസ്ഥയാണുള്ളത്. ഇതിന് ഒരു പരിഹാരം കാണണം. നമ്മൾ ആലോചിക്കണം. കുറെ ജന്തു സ്നേഹികളും കുറെ പ്രകൃതി സ്നേഹികളും ഉണ്ടായിട്ട് ഒരു പ്രായോഗിക വശം കണ്ടെത്തിയിട്ടുണ്ടോ? നമ്മൾ ഇത് ഗൗരവമായി ആലോചിക്കണം. നമ്മൾ മനുഷ്യരുടെ പ്രായോഗിക വിഷമങ്ങൾ മനസ്സിലാക്കണം. നാട്ടിൽ കുട്ടികൾക്ക് സ്കൂളിൽ പോകാൻ കഴിയുന്നുണ്ടോ? ഇവിടെ മന്ത്രിപറയുന്നത് അതിനെ വന്ധ്യംകരണം നടത്താം, ഫോറസ്റ്റിൽനിന്ന് പത്ത് ഏക്കർ കണ്ടെത്താം എന്നാണ്. എവിടെ നിന്നാണ് ഈ പത്തേക്കർ കണ്ടെത്തുന്നത്? ഒരു പ്രായോഗിക സമീപനത്തെപ്പറ്റി ഗവൺമെന്റും മന്ത്രിമാരുമൊക്കെ ചിന്തിക്കണം. നമ്മളൊക്കെ ജനപ്രതിനിധികളല്ലേ? ഫോറസ്റ്റ്

പത്തേക്കർ സ്ഥലം നൽകുമോ? പത്ത് ഏക്കർ സ്ഥലം ഫോറസ്റ്റിൽനിന്നും കിട്ടണമെങ്കിൽ പത്തേക്കർ സ്ഥലം നാട്ടിൽനിന്ന് വേറെ കൊടുക്കണ്ടേ? അപ്പോൾ അതൊക്കെ നമ്മൾ ആലോചിക്കണം. അതിനും ഒരു പ്രായോഗിക സമീപനം ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.........

ശ്രീ. പി. കെ. ബഷീർ: സർ, എനിക്ക് പ്രതിപക്ഷത്തിനോട് പറയയാനുള്ളത് നിങ്ങൾ ഒന്ന് തോറ്റപ്പോൾ എല്ലപേരും അസംബ്ലിയും കാര്യങ്ങളിലുമൊക്കെ ഉഷാറായി പങ്കെടുക്കുന്നു. അതുപോലെ എല്ലാപേരും ബില്ലിൽ ഒതുങ്ങി നിന്നുകൊണ്ട് സംസാരിക്കാൻ ശ്രമിക്കണം. എന്നാൽ മാത്രമേ ബില്ലിന്റെ കാര്യം അറിയാൻ കഴിയുകയുള്ളൂ. ഇവിടെ തൊള്ളായിരത്തി അൻപത്തിയേഴിലെ കാര്യങ്ങളെ ക്കുറിച്ച് പറഞ്ഞാൽ ജനങ്ങൾ കേൾക്കാൻ പോകുന്നില്ല. ഇപ്പോഴുള്ളത് ന്യൂ ജനറേഷനാണ്, അതുകൊണ്ട് അവയെക്കുറിച്ച് നമ്മൾ സംസാരിച്ചിട്ടും കാര്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്..... യെസ്...... ബഹുമാനപ്പെട്ട പി. കെ. ബഷീർ, അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. പി. കെ. ബഷീർ: സർ, ശ്രീ. രാജേഷ് എന്തിനാണ് ആവശ്യമില്ലാത്ത കാര്യങ്ങൾ പറയുന്നത്, ഇത് പുതിയ ടെക്നോളജിയാണ്. അല്ലെങ്കിലും പഴയ

സമരങ്ങളൊന്നും പറ്റില്ലെന്ന് ശ്രീ. ഇ.പി. ജയരാജൻ പറഞ്ഞിട്ടില്ലേ. ശ്രീ. രാജേഷ്, ഇതൊക്കെ പഠിക്കണം, വളർന്ന് വന്ന് നാളെ കേരളത്തിലെ മുഖ്യമന്ത്രിയാകേണ്ട അവസ്ഥ വന്നാൽ ഇതൊക്കെ പഠിച്ചിരിക്കണം. ഇതെല്ലാം പുതിയ പുതിയ സമീപനങ്ങളിലേയ്ക്ക് പോകുകയാണ്. അതുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. തിലോത്തമൻ സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഈ സമ്മേളനം ആരംഭിച്ചത് ജൂൺ ആദ്യ വാരത്തിലാണ്. ജൂലൈ പകുതി കഴിയുമ്പോഴാണ് സഭാസമ്മേളനം കഴിഞ്ഞ് നമ്മൾ നാട്ടിലേയ്ക്ക് പോകുന്നത്. ഈ കാലയളവിൽ മാത്രം അരിയുടെ വില നാലഞ്ച് രൂപ ഒരു കിലോയ്ക്ക് വർദ്ധിച്ചു. അരിയുടെ വില കൂടിയാൽ സംസ്ഥാനത്ത് എല്ലാ നിത്യോപയോഗ സാധനങ്ങളുടേയും വില വർദ്ധിക്കുമെന്ന് എല്ലാപേർക്കുമറിയാം. ഒരു കിലോ തക്കാളിക്ക് അമ്പതു രൂപയും, ക്യാരറ്റിനും ബീൻസിനും അറുപതു രൂപയും വീതം കൊടുക്കണം. വിലക്കയറ്റം ഇതുപോലെ വർദ്ധിച്ച ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. വിലക്കയറ്റം തടയാൻ മാർക്കറ്റ് ഇന്റർവെൻഷന്റെ പ്രത്യേകമായ പദ്ധതികളൊന്നും ഗവൺമന്റ് പ്രഖ്യാപിച്ചിട്ടില്ല. അതെല്ലാം വിസ്മരിച്ച മട്ടാണ്, സാധാരണ ഗതിയിലുള്ള പ്രവർത്തനം മാത്രമാണ് തങ്ങൾ നടത്തുന്നതെന്നാണ് ഇത്തവണയും

പ്രഖ്യാപിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഗവൺമെന്റ് അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നത്. കാലവർഷം കടന്ന് വന്നതോടുകൂടി കേരളത്തിലെ റോഡുകളെല്ലാം താറുമാറായി. റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഇവിടെ ആളില്ല. എന്നാൽ ബാറുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആളുണ്ട്. താറുമാറായ റോഡുകൾ പുനർനിർമ്മിക്കുന്നതിന് ആവശ്യമായ ഒരു പദ്ധതിയും സർക്കാരിന്റെ പക്കലില്ല, ഇതുവരേയും അതു സംബന്ധിച്ച് ഒന്നും പറഞ്ഞില്ല. നമ്മുടെ ആശുപത്രികളിലും, ആരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫുകളും അനുബന്ധ ജീവനക്കാരുമില്ല. 1965-ലെ സ്റ്റാഫ് പാറ്റേണാണ് ഇപ്പോൾ താലൂക്കാശുപത്രകളിൽ നിലനിൽക്കുന്നത്. താലൂക്കാശുപത്രകളിൽപോലും മരുന്നില്ലാത്ത അവസ്ഥയാണ്, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ കമ്പനിതന്നെ തർക്കങ്ങൾ ഉന്നയിച്ച് എല്ലാ താലൂക്കാശുപത്രകളിലെയും പ്രവർത്തനങ്ങൾ വിഷമത്തിലാക്കുകയാണ്. ആ പ്രശ്നങ്ങളും സഭയിൽ വരികയുണ്ടായി. അവയ്ക്കും പരിഹാരമുണ്ടാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു നടപടിയും ഉണ്ടായതായി കാണുന്നില്ല. അതിരൂക്ഷമായ കടലാക്രമണവും തീരത്തിന്റെ ദു:ഖവും കണ്ടുകൊണ്ടാണ് ഞങ്ങൾ ഇങ്ങോട്ട് വന്നത്. ആ പ്രശ്നങ്ങളെല്ലാം ഇവിടെ സഭയിൽ ഉന്നയിച്ചു. ആ കടലാക്രമണത്തിന്

വിധേയരാകുന്ന ആയിരക്കണക്കിന് പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ അടക്കമുള്ള ജനവിഭാഗങ്ങളുടെ ദുരിതത്തിന് ശാശ്വതമായ പരിഹാരത്തിന് യാതൊരു പദ്ധതിയും മുന്നോട്ടു വച്ചിട്ടില്ല. വല്ലാത്ത ദുരിതക്കയത്തിലേയ്ക്ക് ആണ്ടുകിടക്കുന്ന ഈ വിഭാഗം ജനങ്ങളെ സഹായിക്കാൻ യാതൊരു പദ്ധതിയും മുന്നോട്ടു വയ്ക്കുകയുണ്ടായില്ല. അതുകൊണ്ടുകൂടിയാണ് ഞാൻ ഈ ബില്ലിനെ എതിർക്കുന്നത്. പ്ലസ് വൺ അഡ്മിഷനുവേണ്ടി വിദ്യാർത്ഥികളും രക്ഷിതാക്കളുമടക്കം നെട്ടോട്ടമോടുന്ന സ്ഥിതിയാണ് സംസ്ഥാനത്ത് കഴിഞ്ഞ ഒന്നൊന്നര മാസമായി കണ്ടുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഗവൺമെന്റ് ഹയർ സെക്കന്ററിയുടെ അഡീഷണൽ ബാച്ചുകൾക്ക് തീരുമാനമെടുത്തിരിക്കുന്നത് എത്രയോ വൈകിയാണ്. ഇവിടത്തെ രക്ഷിതാക്കൾ വിദ്യാർത്ഥികളെ കൊണ്ടാക്കാൻ സ്ഥലം കിട്ടാതെ അതിനുള്ള സാഹചര്യമൊരുക്കാതെ സ്വാശ്രയസ്ഥാപനങ്ങളിൽ അഭയം പ്രാപിച്ച സ്ഥിതിയാണ് നമ്മൾ കണ്ടത്. ഇന്നലെ ഇവിടെയെടുത്ത തീരുമാനം നടപ്പിലാക്കാൻ എത്രയോസമയം ഇനിയും വേണ്ടിവരും. അതിനൊക്കെ വല്ലാത്ത ഒരു വീഴ്ചയാണ് ഈ ഗവൺമെന്റ് വരുത്തിയത്. ഇപ്പോൾ ആലപ്പുഴയിൽതന്നെ 15 ആർട്സ് കോളേജുകൾ ഉണ്ട്. ഒരു ബി.എ. ഡിഗ്രിക്ക് അല്ലെങ്കിൽ ബി.എസ്.സി. ഡിഗ്രിക്ക് അഡ്മിഷനുവേണ്ടി എയ്ഡഡ് സ്ഥാപനങ്ങളിൽ മാനേജ്മെന്റുകൾ വച്ചുനീട്ടുന്ന

സീറ്റുകൾക്ക് ആയിരങ്ങളും പതിനായിരങ്ങളും കോഴ കൊടുക്കേണ്ടിവരുന്ന സ്ഥിതിയാണ്. സ്വാശ്രയ മാനേജ്മെന്റുകൾ നടത്തുന്ന സ്ഥാപനങ്ങളിൽ മാത്രമല്ല, എയ്ഡഡ് സ്ഥാപനങ്ങളിലെയും മാനേജ്മെന്റ് സീറ്റുകൾക്ക് പതിനായിരങ്ങൾ കോഴ കൊടുക്കേണ്ട സ്ഥിതയുണ്ട്. വിദ്യാഭ്യാസ രംഗത്തെ കച്ചവടം പൊടിപൊടിച്ച് നടക്കുകയാണ്. നമ്മുടെ എയ്ഡഡ് സ്ഥാപനങ്ങളിൽ ഉൾപ്പെടയെന്നുള്ളതാണ് പ്രത്യേകത. പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച ഈ കാലത്ത് ഏറ്റവും പ്രധാനപ്പെട്ട കാര്യമല്ലേ. കേരരളത്തിൽ അമ്പത് ലക്ഷത്തോളം ആളുകൾ ജീവിക്കുന്നത് പരമ്പരാഗത വ്യവസായ മേഖലയിലാണ്. ആ വ്യവസായങ്ങളുടെ തകർച്ചയ്ക്ക് പരിഹാരമുണ്ടാക്കാനും ആ വ്യവസായങ്ങളെ പുന:സംവിധാനം ചെയ്തുകൊണ്ട് പദ്ധതികൾ ആവിഷ്കരിക്കാനും ഗവൺമെന്റ് ഇനിയും മുതിർന്നിട്ടില്ല. ആ പ്രശ്നങ്ങളും ഈ സഭയുടെ മുന്നിൽ വന്നതാണ്. അതിന്റെ മുന്നിലും മൗനം ദീക്ഷിക്കുന്ന സ്ഥിതിയാണ് ഗവൺമെന്റ് സ്വീകരിച്ചത്. നമ്മുടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിരവധിയായ പ്രശ്നങ്ങൾ, 1947-ൽ ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചതിനുശേഷം കടന്നുപോയ 67 വർഷങ്ങളിൽ അവരുടെ ജീവിത ദുരിതങ്ങൾക്ക് ശാശ്വതമായപരിഹാരവും അവരുടെ ജീവിതപുരോഗതിയും ലക്ഷ്യം വച്ച് ഒരുപാട് പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും ഒച്ചിന്റെ വേഗതയിലാണ് ഇപ്പോഴും

നീങ്ങുന്നത്. നിരാശരായ ഇത്തരം ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ ഇന്നും ഉയർന്നു നിൽക്കുകയാണ്. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഇപ്പോഴും പദ്ധതികളൊന്നും മുന്നോട്ടുവയ്ക്കാൻ കഴിയുന്നില്ലെന്നുള്ളതും എടുത്തുപറയേണ്ട കാര്യമാണ്. ഈ സർക്കാരിന്റെ ഏത് പദ്ധതിയാണെങ്കിലും അവയെല്ലാം നടപ്പിലാക്കാൻ എത്രയോ പ്രയാസമാണ് എം.എൽ.എ.-മാരുൾപ്പടെ അനുഭവിക്കുന്നത്. ആസ്തി വികസന ഫണ്ടൊണങ്കിലും എം.എൽ.എ. ഫണ്ടാണെങ്കിലും ഒരു പദ്ധതിയെക്കുറിച്ചോ വികസന പ്രവർത്തനങ്ങളെയോ കുറിച്ച് നിർദ്ദേശം കൊടുത്താൽ അവ പ്രാവർത്തികമാക്കുന്നതിന് എത്രയോ കടമ്പകൾ കടക്കേണ്ടിവരുന്നു. സെക്രട്ടേറിയറ്റിലാണെങ്കിലും കളക്ടറേറ്റിലാണെങ്കിലും എല്ലാത്തിനും ചുവപ്പുനാടയുടെ തടസ്സങ്ങൾ ഇന്ന് വികസന പ്രവർത്തനങ്ങളെ താറുമാറാക്കുകയാണ്. പുതിയ റോഡുകൾ കൂടുതലായി വേണ്ടിവരുന്ന ഒരു കാലഘട്ടമാണ്. ധാരാളം റോഡുകളുടെ പ്രൊപ്പോസലുകൾ വരികയാണ്. അതിനൊക്കെ വിനിയോഗിക്കാൻ ഞങ്ങളുടെ മുമ്പിൽ ഒരു ഒറ്റമൂലിയുള്ളത് എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടാണ്. രൂപയുടെ മൂല്യശോഷണം അതിഭയങ്കരമായി നേരിടുന്ന ഈ സന്ദർഭത്തിലും വർഷങ്ങൾക്ക് മുമ്പും ഞങ്ങൾ എല്ലാവരും ധനകാര്യവകുപ്പുമന്ത്രിയോട് എം.എൽ.എ. ഫണ്ട്

വർദ്ധിപ്പിച്ചുതരണമെന്ന് പറഞ്ഞതാണ്. പക്ഷെ അതിനോടും തികഞ്ഞ അവഗണനയാണ് അദ്ദേഹം കാട്ടുന്നത്. ഇതിനെല്ലാം ശക്തിയായ പ്രതിഷേധമുണ്ട്. ഈ ജനകീയ പ്രശ്നങ്ങളെല്ലാം ഈ സഭയിൽ ഭരണപക്ഷത്തും പ്രതിപക്ഷത്തും ഉള്ളവർ ഉന്നയിച്ചിട്ട് അതിനോട് നീതിപൂർവ്വകമായ നടപടി സ്വീകരിക്കാത്ത വളരെ ഗൗരവതരമായ നടപടി സ്വീകരിക്കേണ്ട സന്ദർഭത്തിൽ അതിനോടെല്ലാം നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്ന ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ തോമസ് ഉണ്ണിയാടൻ: സർ, ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. വളരെ കാര്യക്ഷമമായും ഫലപ്രദമായും ധനകാര്യ മാനേജ്മെന്റിനെ നയിച്ചുകൊണ്ടുപൊകുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. കഴിവിൻെറ പരാമവധി വിഭവ സമാഹരണം നടത്താൻ നന്നായി പരിശ്രമിച്ചിട്ടുള്ള ഒരു ഗവൺമെന്റിനെയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ ഗവൺമെന്റിന്റെ നിരവധിയായിട്ടുള്ള വികസന പ്രവർത്തനങ്ങളാണ് കാണാൻ സാധിക്കുന്നത്. ഫലപ്രദമായ കാര്യങ്ങൾക്കുവേണ്ടി പണം നൽകുന്ന കാര്യത്തിൽ യാതൊരു തരത്തിലുമുള്ള വീഴ്ച വരുത്താത്ത ഒരു ഗവൺമെന്റിനെയാണ് കാണാൻ

കഴിയുന്നത്. കുടുംബശ്രീ പോലുള്ള ഏജൻസികൾക്കുവേണ്ടി പണം ബാങ്കിൽ നിക്ഷേപിക്കുന്നതിന് കഴിഞ്ഞ കാലഘട്ടങ്ങളിൽ ഈ ഗവൺമെന്റ് വളരെയധികം ശ്രദ്ധചെലുത്തുകയുണ്ടായി. ഈ ഗവൺമെന്റ് വന്നതിനുശേഷം തൊഴിൽ രഹിതരായിട്ടുള്ള 99481 പേർക്കാണ് തൊഴിൽ നൽകിയിട്ടുള്ളത്. പി.എസ്.സി. റിപ്പോർട്ട് ചെയ്ത 1,20,000 പേരിൽ 99,000 പേർക്ക് അതായത് ഒരു ലക്ഷത്തോളം ആളുകൾക്ക് തൊഴിൽ നൽകിയ ഒരു ഗവൺമെന്റാണിത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇതേ കാലയളവിൽ തൊഴിൽ നൽകിയത് കേവലം 69124 പേർക്ക് മാത്രമാണ്. വലിയൊരു നേട്ടമാണ് ഇത് സംബന്ധിച്ച് ഉണ്ടായിട്ടുള്ളത്. യാതൊരു വിധത്തിലുമുള്ള പ്രശ്നങ്ങളും പ്രക്ഷോഭണങ്ങളുമില്ലാതെ ശമ്പളകമ്മീഷനെ നിയമിക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ്. ഇതുവരെ കേന്ദ്രം അനുവദിച്ച മുഴുവൻ ക്ഷാമബത്തയും കൊടുത്തുതീർത്തത് ഈ ഗവൺമെന്റാണ്. അതുപോലെ ബോണസും ഫെസ്റ്റിവൽ അലവൻസും ഓരോ കൊല്ലവും വർദ്ധിപ്പിച്ച് നൽകിയത് ഈ ഗവൺമെന്റാണ്. സ്വാശ്രയ നിയമനത്തിലെ കാലതാമസം പരിപൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് മുന്നോട്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുകയാണ്. ചരിത്രത്തിലാദ്യമായി സർക്കാർ ജീവനക്കാർക്ക് എൽ.റ്റി.സി. അനുവദിച്ചത് ഈ

ഗവൺമെന്റാണ്. അതിനേക്കാൾ ഉപരി 28000-ലധികം പുതിയ തസ്തിക സൃഷ്ടിച്ചത് ഈ ഗവൺമെന്റ് മാത്രമാണ്. ഇതിനോടകം തന്നെ വിവിധ സാമൂഹ്യക്ഷേമപദ്ധതികൾക്ക് കൃത്യമായ തുക കൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. അതുപോലെ നമ്മുടെ സംസ്ഥാനം അതിവേഗതയിൽ വികസനത്തിന്റെ പാതയിൽ മുന്നേറികൊണ്ടിരിക്കുകയാണ്. ആ സന്ദർഭത്തിലൊക്ക തന്നെ വികസന പദ്ധതികൾക്ക് ആവശ്യമായ പണം കൊടുക്കുക എന്നുള്ളത് ഉത്തരവാദിത്വമുള്ള വികസനം ആഗ്രഹിക്കുന്ന ഒരു ഗവൺമെന്റിൻെറ ചുമതലയാണ്, അത് കാര്യക്ഷമമായി നിർവ്വഹിക്കാൻ ഏത് തരത്തിലുള്ള പ്രതിസന്ധിയുണ്ടായാൽ പോലും അവിടെയൊക്ക അതിനുശക്തമായ നിലപാട് സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അതിന് ഞാൻ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. ഇവിടെ എനിക്ക് അങ്ങയോട് ഒരു കാര്യം സൂചിപ്പിക്കാനുള്ളത് റബ്ബർ മേഖലയിൽ വലിയൊരു ദു:ഖം നിലനിൽക്കുകയാണ്. റബ്ബർ കർഷകർ വലിയ നിരാശയിലാണ്. വലിയ നിലയിൽ അവർ വിഷമം അനുഭവിക്കുന്ന കാലഘട്ടമാണിത്. റബ്ബറിന്റെ വിലയിടിവ് ഓരോ ദിവസം കഴിയുന്തോറും താഴേയ്ക്ക് പോയികൊണ്ടിരിക്കുകയാണ്. ഇതിനൊരു പരിഹാരമുണ്ടാക്കേണ്ടത് ആവശ്യമാണ്. അങ്ങ് കഴിഞ്ഞദിവസം നിയമസഭയിൽ

പ്രഖ്യാപിക്കുകയുണ്ടായി. അങ്ങ് അതിനായി തുക മാറ്റിവയ്ക്കുമെന്ന് പറയുകയുണ്ടായി. അതിലേറെ സന്തോഷമുണ്ട്. അതുകൊണ്ട് എനിക്ക് അങ്ങയോട് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത് റബ്ബർ കർഷകരുടെ പ്രത്യേകിച്ച് കാർഷിക മേഖലയുടെ താൽപ്പര്യങ്ങൾ കർഷകരുടെ നൊമ്പരങ്ങൾ എന്നും മനസ്സിൽ ആവാഹിച്ചെടുത്ത് മുന്നോട്ടുപോകുന്ന മാണി സാർ ഇതിനാവശ്യമായിട്ടുള്ള പരിഹാരം ചെയ്തുതരുമെന്നുതന്നെ ഉറച്ചു വിശ്വസിക്കുകയാണ്. ഇവിടെ ഫണ്ട് നല്ല രീതിയിൽ ഫലപ്രദമായി വിനിയോഗിക്കുന്ന ബഹുമാനപ്പെട്ട മാണിസാറിനെ ഒരിക്കൽ കൂടി അഭിനന്ദിക്കുന്നു. ലഭ്യമായ വിഭവങ്ങൾകൊണ്ട് സമൃദ്ധമായ സദ്യയൊരുക്കുന്ന ഒരു മികച്ച പാചക വിദഗ്ദ്ധനെപ്പോലെയാണ് മാണി സാർ ഇവിടെ പെരുമാറിക്കൊണ്ടിരിക്കുന്നത്. അദ്ദേഹത്തിന് ലഭിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിച്ചുകൊണ്ടാണ് അദ്ദേഹം മുന്നോട്ടുപോകുന്നത്. നൂറ് മക്കളുടെ വിശപ്പടക്കുന്ന കൈപുണ്യമുള്ള പെറ്റമ്മയെപ്പോലെ മാണി സാർ പ്രശ്നങ്ങളിലും പ്രതിസന്ധികളിലും ഒക്കെയുണ്ടാകുന്ന സന്ദർഭങ്ങളിൽ പോലും ഫലപ്രദമായി നാടിന്റെ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുകയാണ്. അതുകൊണ്ട് നന്നായി ധനകാര്യ മാനേജ്മെന്റ് കൈകാര്യം ചെയ്തുകൊണ്ടുപോകുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഒരിക്കൽ കൂടി അഭിനന്ദിച്ചുകൊണ്ട് ഈ ധനവിനിയോഗ

ബില്ലിനെ ഒരിക്കൽ കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. ജോസ് തെറ്റയിൽ : സർ, ഇത് രാമായണ മാസമാണ്. മര്യാദ രാമന്റെ സ്മരണകാലമാണ്. ഭരണം നീതിപൂർവ്വം നടത്തേണ്ട സമയമാണ്. ഉള്ള കാര്യം ഉള്ളതുപോലെ പറയേണ്ടതാണ്. നമ്മുടെ നാട്ടിൽ ഫിസ്കൽ ക്രൈസിസ് ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. മാണിസാർ അത് വെറുതെയാണെന്ന് പറഞ്ഞിട്ട് കാര്യമില്ല. ഇന്നത്തെ ഹിന്ദു പത്രത്തിൽ പറയുന്ന കാര്യം ഞാൻ വായിക്കാം. അതിൽ പറയുന്നത്, " Curbs on new appointments, posts. Fiscal crisis. Chief Secretary's directive to department heads. Why the crisis. No improvement in tax collection. Expenditure surpasses expected limits. July's salary may not be affected. Complaints about vacancy reporting. Bonds worth Rs.1000 crore floated. Salary for two months at one go. Means for fete allowance, advance." എന്നാണ്. ഞാൻ ഇതൊക്കെ വായിക്കുന്നത് എന്തിനാണെന്നുവച്ചാൽ ഇതിനുള്ള മറുപടി ബഹുമാനപ്പെട്ട മാണി പറയേണ്ടിയിരിക്കുന്നു. അതുപോലെ ഈ ദിവസങ്ങളിൽ പത്രങ്ങളിൽ വന്നിട്ടുള്ള വാർത്തകൾ- സംസ്ഥാനത്തിന്റെ പൊതുകടം 38922 കോടി രൂപ വർദ്ധിച്ചു. ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി, റവന്യൂ വരുമാനത്തിൽ സി.ആന്റ് എ.ജി. റിപ്പോർട്ട് പ്രകാരം 2012-13-ൽ 6126.94 കോടി

രൂപയുടെ വ്യത്യാസമാണ് വന്നിരിക്കുന്നത്. ട്രഷറി പ്രതിസന്ധി പരിഹരിക്കാനാവാത്ത സർക്കാർ, ബാങ്ക് നിക്ഷേപം തിരിച്ചെടുക്കാൻ വൈകി വന്ന ബുദ്ധി; പണി പാളും, ഇത് പറഞ്ഞിരിക്കുന്നത് ദേശാഭിമാനി പത്രമല്ല, സാമ്പത്തിക പ്രതിസന്ധി രൂക്ഷം- പെൻഷൻ രണ്ടുതവണയായി നൽകാൻ നീക്കം, നികുതി പരിഷ്കരണ ശുപാർശ ധനകാര്യ വകുപ്പിൽ പൊടിപൊടിക്കുന്നു. ട്രഷറി പൂട്ടി പഞ്ചായത്ത് പദ്ധതി നിലച്ചു. ബില്ലുകൾക്ക് പണം നൽകുന്നില്ല. ഇന്നുമുതൽ ട്രഷറി പണമിടപാട് മുടങ്ങും. ഉണർവ്വോടെ ബാങ്കുകൾ- ഊർദ്ധ്വശ്വാസം വലിച്ച് ട്രഷറി, സർക്കാർ ശമ്പളമിടപാടുകൾ ബാങ്കുകളിലേയ്ക്ക്, ഈ വർഷവും കേരളം പിച്ചച്ചട്ടിയെടുക്കും. ഖജനാവിൽ 2000 കോടി രൂപയുടെ കമ്മി - പൊതുമരാമത്ത് വകുപ്പിന് ഇക്കൊല്ലവും ഫണ്ടില്ല. മിഷൻ 676 മിനക്കടേണ്ട, പണമില്ലെന്ന് ധനകാര്യവകുപ്പ്. അതിനൊരു കാർട്ടൂണുണ്ട്. കേരള കൗമുദിയിൽ. ദോശ വേണോ ദോശ, തിന്നാൽ ആശയുണ്ടോ. ഉടനെ അപ്പുറത്തുള്ള ആൾ പറയുകയാണ്, കാശില്ലെങ്കിൽ പിന്നെ ദോശയുണ്ടോ ആശയോ വേണ്ട. ഇത്തരത്തിൽ പോകുന്ന..... ലോട്ടറിയിൽ നിന്നുള്ള വരുമാനം കുറഞ്ഞു. നിത്യചെവലിനുപോലും കടം. 3200 കോടി രൂപ വായ്പ. കുത്തുപാളയെടുത്ത സംസ്ഥാനം 1200 കോടി രൂപ കടമെടുക്കുന്നു. ധനവകുപ്പിൽ ഇ-ഫയലിംഗ് പാളി. ഫണ്ടുകൾ വീണ്ടും

ബാങ്കുകളിലേയ്ക്ക്. ശമ്പളത്തിന് നെട്ടോട്ടം, നികുതി പിരിച്ചെടുക്കുന്നില്ല. കിട്ടാനുള്ളത് കോടികൾ. ഈ ഗവൺമെന്റിൻെറ ധനാഭ്യർത്ഥനകളെ എങ്ങനെ പിന്തുണയ്ക്കും. അതുകൊണ്ട് ഈ ധന വിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുന്നു. ധനം ആർജ്ജിക്കാനും അത് വേണ്ടവിധം ചെലവഴിക്കാനുമുള്ള അസാമാന്യമായ പ്രാഗത്ഭ്യം നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി കാണിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ മൂന്ന് വർഷത്തെ പ്രവർത്തനം വിലയിരുത്തിയാൽ എല്ലാവർക്കും അത് മനസ്സിലാകുന്നതാണ്. ഈ സർക്കാരിന്റെ പ്രവർത്തനത്തെക്കുറിച്ച് ഏതെങ്കിലും മുതലാളിമാരോടോ കോർപ്പറേറ്റുകളോടോ അല്ല അന്വേഷിക്കേണ്ടത്. ഈ നാട്ടിലെ പട്ടിണിപ്പാവങ്ങളോടും അഗതി-വാർദ്ധക്യകാല പെൻഷൻ വാങ്ങുന്നവരോടും രോഗം ബാധിച്ച പാവപ്പെട്ട രോഗികളോടും സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവരോട്, പെൻഷൻ വാങ്ങുന്നവരോട്, അഗതികളോട്, കാരുണ്യ പദ്ധതി ഗുണഭോക്താക്കളോട്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയിൽനിന്ന് ആനുകൂല്യം പറ്റുന്നവരോടൊക്കെയാണ് ഈ സർക്കാരിനെക്കുറിച്ച് ചോദിക്കേണ്ടത്. നമ്മുടെ പൊതുമുതൽ വളരെയധികം ധൂർത്തടിച്ചുപോകുന്നുണ്ട്. നമ്മുടെ പദ്ധതികളിലുണ്ടാകുന്ന കാലതാമസവും അഴിമതിയുമാണ് നമ്മുടെ ധനം

തിന്നുതീർക്കുന്നത്. അതിന്റെ കൂടുതൽ ഉദാഹരണങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഈ വർഷത്തെ കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലുള്ള രണ്ട് കാര്യങ്ങൾ മാത്രം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ശ്രീ. തോമസ് ചാണ്ടി ഇത് പ്രത്യേകം ശ്രദ്ധിക്കണം. കുട്ടനാട് പാക്കേജ് പദ്ധതിയുടെ ഭാഗമായി അവിടെ കുളവാഴ നിർമ്മാർജ്ജനം ചെയ്യുന്നതിന് അനർഹമായി കരാറുകാരൻ കൈപ്പറ്റിയത് 7,40,00,000 രൂപയാണ്. ഏപ്രിൽ 2010-ൽ ഓർണമെന്റൽ ഫിഷിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് ഒരു $m^3$ -ന് 485 രൂപ നിരക്കിൽ 12 മാസത്തെ കാലാവധിക്ക് കരാർ കൊടുത്തു. അത് ഒരുവർഷം കഴിഞ്ഞിട്ടും പൂർത്തിയായില്ല, ആ കരാറുകാരനെ തുടരാൻ അനുവദിച്ചു. എന്നാൽ ഈ ഗവൺമെന്റിന്റെ ഫിഷറീസ് വകുപ്പുമന്ത്രി അധികാരമേറ്റതിനുശേഷം ഈ കരാർ റദ്ദ് ചെയ്യുകയും ഇതിനെ സംബന്ധിച്ച് ഒരു യോഗംവിളിച്ച് റീ-ടെണ്ടർ വച്ച് ബൊംബെ എർത്ത് മൂവേഴ്സ് ലിമിറ്റഡ് കമ്പനിക്ക് 220 രൂപ നിരക്കിലാണ് കുളവാഴ നിർമ്മാർജ്ജനത്തിനുള്ള കരാർ കൊടുത്തത്. നിസ്സാരമായ കുളവാഴ നിർമ്മാർജ്ജനത്തിനുപോലും 7,40,00,000 രൂപ കരാറുകാർക്ക് അധികം നൽകിയ ഒരു പാർട്ടിയാണ് ഇന്നലെയും ഇന്നും ഇവിടെ ധൂർത്തിനെക്കുറിച്ച് പ്രസംഗിച്ചത്.

മറ്റൊരു കാര്യം, മലപ്പുറം ജില്ലയിലെ ചമ്രവട്ടം റെഗുലേറ്ററിന്റെ നിർമ്മാണമാണ്. 137 കോടിരൂപ ചെലവഴിച്ച് ഒരു പ്രസ്റ്റീജായി കഴിഞ്ഞ മന്ത്രിസഭയിലെ മന്ത്രി ശ്രീ. പാലോളി മുഹമ്മദ്കുട്ടി നിർമ്മിപ്പിച്ച ഒരു പദ്ധതിയാണ് ചമ്രവട്ടം. ആ ചമ്രവട്ടം പദ്ധതിയിൽ 2,45,00,000 രൂപ കരാറുകാരൻ അധികമായി കൈപ്പറ്റിയെന്ന് കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറൽ പറയുന്നു. 137 കോടിരൂപ ചെലവഴിച്ചിട്ട് അതിൽ ഒരുതുള്ളി വെള്ളം നിൽക്കുന്നില്ല, അതിന്റെ ഡിസൈൻ അപകടത്തിലാണ്. എന്റെ സ്നേഹിതൻ ശ്രീ. പി. ശ്രീരാമകൃഷ്ണൻ കഴിഞ്ഞ ആഴ്ചയാണ് അതിനുവേണ്ടി ഇവിടെ ഒരു സബ്മിഷൻ അവതരിപ്പിച്ചത്. ഈ നിയമസഭാ സമ്മേളനത്തിൽത്തന്നെ ഏറ്റവുമധികം ശബ്ദമുയർന്നത് രാജ്യത്തെ കോൺട്രാക്ടർമാരുടെ കുടിശ്ശികയെക്കുറിച്ചാണ്. രാജ്യത്ത് നിർമ്മാണപ്രവർത്തനം നടക്കുന്നതിന് കോൺട്രാക്ടർമാരുടെ കുടിശ്ശിക കൊടുത്തുതീർക്കണമെന്ന കാര്യത്തിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല. പക്ഷേ അതിനേക്കാളേറെ മുൻഗണന കൊടുക്കേണ്ട കുറെ വിഭാഗങ്ങളുണ്ട്. വാർദ്ധക്യകാല പെൻഷൻ കുടിശ്ശികയും വിധവകൾക്കുള്ള പെൻഷനും വികലാംഗരുടെ പെൻഷനുംമറ്റുമാണ് അതിനേക്കാൾ മുൻഗണന കൊടുക്കേണ്ടത്. കഴിഞ്ഞ ഒരുമാസമായി ഈ സഭയിൽ അപ്പുറത്തും ഇപ്പുറത്തും ഏറ്റവുമധികം മുഴങ്ങിക്കേട്ടത് കോൺട്രാക്ടർമാരുടെ കുടിശ്ശിക

തീർക്കുന്നതിനെക്കുറിച്ചാണ്. കോൺട്രാക്ടർമാർ ഈ രാജ്യത്തിലെ ഏറ്റവും ശക്തിയുള്ള ഒരു വർഗ്ഗമായതുകൊണ്ട് അവരെപ്പോലെ ശബ്ദമില്ലാത്ത പാവങ്ങളുടെ കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി ആദ്യം ശ്രദ്ധിക്കണം, പിന്നീട് നിർമ്മാണപ്രവത്തനങ്ങൾ നടത്തുന്ന കോൺട്രാക്ടർമാരുടെ കുടിശ്ശിക തീർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരുണ്യപ്രവർത്തനത്തിന് ഏറ്റവും മുൻഗണന കൊടുത്ത ഒരു ഗവൺമെന്റാണ് ഇത്. ഏറ്റവുമധികം പാവങ്ങളോട് കാരുണ്യം കാണിച്ചതിനാണ് ഈ ഗവൺമെന്റ് ചരിത്രത്തിൽ അറിയപ്പെടുക. നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജി, ഒരു ഭരണാധികാരി തീരുമാനമെടുക്കുമ്പോൾ സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവന്റെ മുഖമാണ് ഓർക്കേണ്ടതെന്ന് പറഞ്ഞിട്ടുണ്ട്. മഹാനായ വിവേകാനന്ദ സ്വാമികൾ 'മാനവസേവയാണ് മാധവ സേവ' എന്നുപറഞ്ഞിട്ടുണ്ട്. ഇത് രണ്ടും അന്വർത്ഥമാക്കിയ ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ജനസമ്പർക്ക പരിപാടി ലോകത്തുതന്നെ ഒരു അത്ഭുതകരമായ കാര്യമാണ്. ആ ജനസമ്പർക്ക പരിപാടിയിലൂടെ പതിനായിരങ്ങൾക്കല്ല, ലക്ഷങ്ങൾക്കാണ് ആനുകൂല്യം കൊടുക്കാൻ സാധിച്ചത്. കഴിഞ്ഞതവണ 5 വർഷം ഇവിടെ ഒരു ഗവൺമെന്റുണ്ടായിരുന്നു. ചികിത്സാസഹായത്തിനുവേണ്ടി 100 അപേക്ഷ കൊണ്ടുപോയി കൊടുത്താൽ രണ്ടെണ്ണം കിട്ടിയെങ്കിലായി.

ഭരണകക്ഷിക്കാർക്ക് തോന്നിയതുപോലെ കൊടുക്കുകയും പ്രതിപക്ഷത്തിരിക്കുന്നവർക്ക് ഒന്നോരണ്ടോ നൽകുകയും ചെയ്യുന്ന അനുഭവമായിരുന്നു. ഇന്ന് ഞാൻ അഭിമാനപൂർവ്വം പറയുന്നു ഈ മുഖ്യമന്ത്രി ഞങ്ങൾക്ക് തന്നില്ലെങ്കിലും പ്രതിപക്ഷ എം.എൽ.എ. മാർ കൊണ്ടുവരുന്ന എല്ലാ കാര്യങ്ങളിലും ഞങ്ങളേക്കാൾ ഏറെ പരിഗണന കൊടുക്കുന്നുവെന്നുള്ളത്. ബഹുമാനപ്പെട്ട മാണി സാർ 40,000 പേർക്ക് 400 കോടി രൂപയാണ് കാരുണ്യ......

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡർ.....

<u>ശ്രീ. സാജു പോൾ</u>: സർ, ബഹുമാന്യനായ ശ്രീ. സി. പി. മുഹമ്മദിനെപ്പോലെയുള്ള ഒരു മുതിർന്ന അംഗം കഴിഞ്ഞ ഗവൺമെന്റ് ചികിത്സാസഹായം ആർക്കും കൊടുത്തില്ലെന്ന് പറയുന്നു. ഈ ഗവൺമെന്റ് ഞങ്ങൾക്കും തന്നിട്ടുണ്ട്. തന്ന പണം വിതരണം ചെയ്യുന്നതിലുള്ള കാര്യം ....സുനാമിയുടെ ഫണ്ട് പോലുമെടുത്ത് ചില പ്രത്യേക മണ്ഡലങ്ങളിൽ കൊടുത്തിട്ടാണ് ശ്രീ. സി. പി. മുഹമ്മദ് ഇങ്ങനെ ഇവിടെവന്ന് തെറ്റിദ്ധരിപ്പിക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്......ശ്രീ. സാജു പോൾ. പോയിൻറ് ഓഫ് ഓർഡർ എന്നുപറഞ്ഞുകൊണ്ട് ഇന്നിങ്ങനെ പോകാൻ സമയമില്ല.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ ശ്രീ. സാജു പോളിന് കിട്ടിയില്ലെന്ന് പറഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ദുരിതാശ്വാസത്തിനുവേണ്ടി അപേക്ഷ കൊണ്ടുപോയി കൊടുത്താൽ 'ആട്ടുകല്ലിന് കാറ്റുപിടിച്ചതുപോലെ' ഇരിക്കുക എന്നുള്ളതല്ലാതെ, ഒന്നോരണ്ടോ കിട്ടിയിട്ടില്ലെന്ന് ഞാൻ പറയുന്നില്ല. ശ്രീ. സാജു പോളിന് കിട്ടിയിട്ടുണ്ടാകും. ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല. ഞാൻ എന്റെ അനുഭവമാണ് പറഞ്ഞത്. ജനസമ്പർക്ക പരിപാടിയിലൂടെ ലക്ഷക്കണക്കിന് ജനങ്ങൾക്കാണ് ആശ്വാസം കിട്ടിയത്. നാൽപ്പതിനായിരം പേർക്കാണ് 400 കോടിരൂപ ചെലവഴിച്ച് കാരുണ്യ പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിച്ചത്. കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി, മിണ്ടാൻ ത്രാണിയില്ലാത്ത, കേൾവിയില്ലാത്ത പാവപ്പെട്ടവരായ നൂറുകണക്കിന് കുട്ടികൾക്കാണ് ഇതിനകം ശസ്ത്രക്രിയ കഴിഞ്ഞത്. വികലാംഗ കോർപ്പറേഷനുള്ള ഫണ്ട് കുറവാണ്, മാണി സാർ വികലാംഗ കോർപ്പറേഷനോട് പ്രത്യേകം കരുണ കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. വികലാംഗർക്ക് ഉപകരണം വാങ്ങാൻ 45,00,000 രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഒരു ജില്ലയ്ക്ക് 4 ലക്ഷംരൂപപോലും തികയില്ല. ആ പാവപ്പെട്ട വികലാംഗർക്ക് അവരുടെ ഉപകരണങ്ങൾ വാങ്ങാൻവേണ്ടി കൂടുതൽ തുക വകയിരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇന്നലെ ശ്രീ. കോടിയേരി

ബാലകൃഷ്ണൻ ഇവിടെ കുറെ പരാമർശങ്ങൾ നടത്തി. ഒന്നുരണ്ടുപേരുടെ വിജയമാണ് ഈ തെരഞ്ഞെടുപ്പിലെ വിജയമെന്നൊക്കെ പറഞ്ഞു. ഞാൻ അതിനെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. പോളിറ്റ് ബ്യൂറോ മെമ്പറും ആദരണീയനുമായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അത് പിന്നിലിരിക്കുന്ന വല്ല എ.സി. മെമ്പർമാരെക്കൊണ്ടും പറയിക്കേണ്ടതായിരുന്നു. അദ്ദേഹം അത്തരത്തിലുള്ള ഒരു ഭാഷ ഉപയോഗിച്ചതിൽ എനിക്ക് ദുഃഖമുണ്ട്. ഞാൻ ഈ വേദിയിൽ അതിന് മറുപടി പറയുന്നില്ല. ഏറ്റവും അധികം ആശുപത്രികളിൽ ഡോക്ടർമാരും മരുന്നുമുണ്ടായത് ഈ സർക്കാരിന്റെ കാലത്താണ്. 5 മെഡിക്കൽ കോളേജ് ഈ സർക്കാരിന്റെ കാലത്തുണ്ടായി. പല സ്ഥലത്തും താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികളായി. അനേകം സ്വകാര്യ മെഡിക്കൽ കോളേജുകളുണ്ടായി. ഒരു രൂപയ്ക്ക് 25 കിലോ അരി കൊടുത്തു. വിഴിഞ്ഞം മെട്രോ പദ്ധതി, സ്മാർട്ട് സിറ്റി, കണ്ണൂർ വിമാനത്താവളം അടക്കമുള്ള വൻകിട പദ്ധതികൾക്ക് കോടിക്കണക്കിന് രൂപയുടെ ഫണ്ട് അനുവദിച്ചു. 12 താലൂക്കുകൾ, ഞാൻ താലൂക്കിനുവേണ്ടി ഈ സഭയിൽ വന്ന അന്നുമുതൽ മുറവിളി കൂട്ടുന്ന ഒരാളാണ്. എത്ര മുറവിളി കൂട്ടിയാലും ഇത് നടക്കുമെന്ന് ഞാൻ പോലും പ്രതീക്ഷിച്ചിരുന്നില്ല. കാരണം എന്റെ മുൻഗാമി, റവന്യൂ വകുപ്പിന്റെ ഉത്തരവാദിത്വമുള്ള ചാർജ്ജ് വഹിക്കുന്ന മന്ത്രിയായിട്ട്

അദ്ദേഹത്തിനുപോലും സാധിക്കാത്ത കാര്യമായിരുന്നു. പക്ഷേ 12 താലൂക്കുകളാണ് അനുവദിച്ചത്. അദ്ധ്യാപക പാക്കേജ്, മലയാളം സർവ്വകലാശാല. മലയാളം സർവ്വകലാശാലയുടെയും മലയാള ഭാഷയുടെയും ഏത് സമരമുണ്ടായാലും പ്രതിപക്ഷ നേതാവ് പോയി അത് ഉത്ഘാടനം ചെയ്യും. അദ്ദേഹം 5 വർഷം ഭരിച്ചപ്പോൾ മലയാളത്തിനുവേണ്ടി നാലഞ്ച് സബ്മിഷനും ഒരു കാളിംഗ് അറ്റൻഷനും അവതരിപ്പിച്ച ഒരാളാണ് ഞാൻ. അന്ന് ഒരു മന്ത്രി എന്നോട് പറഞ്ഞത്, ഞാൻ ഈ മന്ത്രിസഭയിൽ മന്ത്രിയായിരിക്കുന്നിടത്തോളം കാലം മലയാളം സർവ്വകലാശാല സ്ഥാപിക്കില്ലെന്നാണ്. പക്ഷേ ഈ ഗവൺമെന്റ് നിഷ്പ്രയാസം മലയാളം സർവ്വകലാശാലയുണ്ടാക്കി. അതുപോലെ മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി ഡൽഹിയിൽ പോയി വലിയ സമ്മർദ്ദം ചെലുത്തി നേടിയെടുത്തു. ക്ഷേമ പെൻഷനുകൾ ഇരട്ടിയാക്കി. കാർഷികരംഗത്ത് വലിയ മാറ്റങ്ങൾ വരുത്തി. ഒരു പരിധിവരെ കൃഷി ഉപേക്ഷിച്ച അനേകംപേരെ കാർഷിക രംഗത്തേയ്ക്ക് കൊണ്ടുവരാൻ സാധിച്ചു. കേരളത്തിലെ റോഡുകളുടെ മുഖച്ഛായതന്നെ മാറ്റി. ടൂറിസം രംഗത്ത് ചരിത്രത്തിലില്ലാത്ത പുരോഗതി നേടി. വികസനത്തിന് വകയിരുത്തിയ എല്ലാ ഫണ്ടും വികസനത്തിനുവേണ്ടി ചെലവഴിച്ചു. ഇവിടെ ഇന്നലെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച പ്രധാനപ്പെട്ട ആക്ഷേപം, ഇവിടെ

പറച്ചിൽ അല്ലാതെ ബഡ്ജറ്റിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയില്ലെന്നാണ്. വികസനത്തിനുവേണ്ടി വകയിരുത്തിയതെല്ലാം ഞങ്ങൾ ചെലവഴിച്ചു. നിങ്ങളുടെ കാലത്ത് വകയിരുത്തിയതെല്ലാം നിങ്ങൾ വകവരുത്തി എന്നുള്ളതാണ് വ്യത്യാസം. ഫെഡറൽ സംവിധാനം നഷ്ടപ്പെട്ടുവെന്നാണ് ഒരു ആരോപണം പറഞ്ഞത്. അതുകൊണ്ട് യു.ഡി.എഫ്.-ലെ ചെറിയ കക്ഷികളെ എല്ലാം തങ്ങളുടെ മുന്നണിയിലേയ്ക്ക് ക്ഷണിക്കുകയാണ്. ഇതിന്റെ അർത്ഥം ബി.ജെ.പി. ഭരിച്ചപ്പോൾ ഫെഡറൽ സ്വഭാവം നഷ്ടപ്പെട്ടു. കോൺഗ്രസ്സ്, യു.പി.എ. ഭരിക്കുമ്പോൾ ആ ഫെഡറൽ സ്വഭാവമുണ്ടായിരുന്നുവെന്നുള്ള പരോക്ഷമായ സമ്മതിക്കലാണ്. എന്നിട്ട് ഞങ്ങളുടെ മുന്നണിയിലേയ്ക്ക് വരിൻ എന്ന് വിളിക്കുകയാണ്. പേടിയുള്ളവരെല്ലാം എന്റെ നാലുപുറം വന്നുനിൽക്കിൻ - എന്നുപറഞ്ഞതുപോലെയുള്ള ഒരു ക്ഷണമായിപ്പോയി കോടിയേരിയുടെത്. ജവഹർലാൽ നെഹ്രുവിനൊപ്പം പ്രതിപക്ഷ നേതാവായിരുന്ന സഖാവ് എ.കെ.ജി. ആ എ.കെ.ജി.ക്ക് താമസിക്കാൻവേണ്ടി അന്ന് നെഹ്രു താൽപ്പര്യമെടുത്ത് ഡൽഹിയിൽ ഒരു ബംഗ്ലാവ് അനുവദിക്കുകയുണ്ടായി. ആ ബംഗ്ലാവിൽ എ.കെ.ജി.യും സുശീലാ ഗോപാലനും വളരെ കുറച്ചുസമയമേ താമസിച്ചുള്ളൂ. അത് പിന്നീട് പാർട്ടിയുടെ ആവശ്യത്തിനുവേണ്ടിയാണ് ഉപയോഗിച്ചിരുന്നത്.

ബി.ജെ.പി.-യുടെ ഗവൺമെന്റുവന്ന് ദിവസങ്ങൾക്കുള്ളിൽ ആ ഓഫീസിൽനിന്ന് മാർക്സിസ്റ്റ് പാർട്ടിയെ കുടിയിറക്കി. ബി.ജെ.പി.-യുടെ ഭരണത്തിന് കോൺഗ്രസ്സിനേക്കാളേറെ വില കൊടുക്കേണ്ടിവരുന്നത് മാർക്സിസ്റ്റ് പാർട്ടിയടക്കമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കാകുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ആസ്ഥാനം നഷ്ടപ്പെട്ട് അഭയാർത്ഥിയായി നടക്കുന്ന ഒരു പാർട്ടി, രണ്ടുകാലുമില്ലാത്തവൻ ഞാൻ ഇവിടെനിന്ന് എഴുന്നേറ്റാലെന്ന് പറയുന്നതുപോലെയാണ് വീമ്പുപറഞ്ഞ് ഈ മുന്നണിയിലെ കക്ഷികളെ ക്ഷണിക്കുന്നത്. സി.പി.എം. ഇന്ത്യയുടെ ദേശീയ പാർട്ടിയല്ല. തോറ്റാലും ഇന്നും ഇന്ത്യയിലെ ഏറ്റവും വലിയ പാർട്ടി കോൺഗ്രസുതന്നെയാണ്. ഇപ്പോഴും ഇന്ത്യയിലെ ഏറ്റവുമധികം സംസ്ഥാനങ്ങൾ ഭരിക്കുന്നത് ഞങ്ങളാണ്. ഇന്ത്യയിലെ 69 ശതമാനം ജനങ്ങൾ ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിലും ബി.ജെ.പി.-യ്ക്ക് എതിരായിട്ടാണ് വോട്ട് രേഖപ്പെടുത്തിയത്. അതുകൊണ്ട് ബി.ജെ.പി.-യുടെ ഈ പരാക്രമത്തിലൊന്നും കോൺഗ്രസ് ഭയപ്പെടില്ല. എല്ലാ കാലത്തും മുഖ്യരാഷ്ട്രീയധാരയിൽനിന്ന് അകന്നുസഞ്ചരിച്ച പാരമ്പര്യമാണ്

സി.പി.എം-നുള്ളത്. ക്വിറ്റ് ഇന്ത്യാ സമരത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ ഒറ്റുകൊടുത്തവരാണ് നിങ്ങളെന്നുള്ള കാര്യത്തിൽ സംശയമില്ല. നേതാവല്ലവൻ ചെറ്റ, ജപ്പാൻകാരുടെ ചെരുപ്പ് നക്കിയെന്ന് ചെറുകാട് മാഷ് കവിതയെഴുതിയത് ക്വിറ്റ് ഇന്ത്യാ സമരകാലത്താണെന്നത് മറക്കേണ്ട. ആഗോളവൽക്കരണത്തി നെതിരെ പോരാടിയത് ഗാന്ധിയാണ്. ആഗോളവൽക്കരണത്തിനെതിരെ പോരാടിയ ഗാന്ധിയെക്കാളും വലിയ ഒരാളെ നമുക്ക് കാണാൻ സാധിക്കുകയില്ല. ചൈനപോലും ആ പോരാട്ടത്തിന് തയ്യാറായിട്ടില്ല, റഷ്യ തയ്യാറായിട്ടില്ല. ഒരു കമ്യൂണിസ്റ്റ് രാജ്യവുമില്ല. ബംഗാളിലും കേരളത്തിലും നിങ്ങൾ പോരാടിയിട്ടില്ല. നിങ്ങൾ ഈ ആഗോളവൽക്കരണത്തിനെതിരെയുള്ള പോരാട്ടമാണെന്ന് പറയും. പക്ഷേ ബിർളയുടെ മാവൂർ ഗ്വാളിയോർ റയോൺസ് നിങ്ങളാണ് കൊണ്ടുവന്നത്. നന്ദിഗ്രാമിൽ ബിർളയെ ക്ഷണിച്ചത് നിങ്ങളാണ്, പാലക്കാട് കൊക്കകോള ഫാക്ടറി കൊണ്ടുവന്നത് നിങ്ങളാണ്. നിങ്ങൾ ആദ്യം എതിർക്കും. ടി.വി.-യെ എതിർത്തു, പിന്നീട് അനുകൂലിച്ചു. കമ്പ്യൂട്ടറിനെ എതിർത്തു, പിന്നീട് അനുകൂലിച്ചു. എക്സ്പ്രസ്

ഹൈവേയെ എതിർത്തു, പിന്നീട് അനുകൂലിച്ചു. പ്ലസ് ടു-വിനെ എതിർത്തു, പിന്നീട് അനുകൂലിച്ചു. ആറൻമുളയെ ആദ്യം അനുകൂലിച്ചു. വേറെ ചിലത് ആദ്യം അനുകൂലിക്കുകയും പിന്നീട് എതിർക്കുകയുമാണ് ചെയ്യുന്നത്. കൊക്കകോളയെ ആദ്യം അനുകൂലിച്ചു, പിന്നീട് എതിർത്തു. ഇങ്ങനെ നാഴികയ്ക്ക് നാൽപ്പതുവട്ടം വാക്ക് മാറുന്നവർക്ക് പറ്റിയ പേര് ഞാൻ പറയുന്നില്ല. അത് സ്വരാജിനോട് ചോദിച്ചാൽ മതി. ഈ സർക്കാർ ഉടനെ തകരുമെന്ന് എല്ലാ സഭാസമ്മേളനത്തിലും പറയും. മിഥുനം എന്ന സിനിമയിൽ നെടുമുടി വേണു മന്ത്രവാദി ഇപ്പോൾ പൊട്ടും, ഇപ്പോൾ പൊട്ടുമെന്ന് പറയുന്നതുപോലെ ഈ ഗവൺമെന്റ് ഇപ്പോൾ പൊട്ടും, ഇപ്പോൾ പൊട്ടുമെന്ന് പറയാൻ തുടങ്ങിയിട്ട് കുറേ ക്കാലമായി. അത് നിങ്ങളുടെ വ്യാമോഹമാണ്. ചെട്ടിയാരുടെ പോത്ത് പൂട്ടാതെ ചാകുമെന്ന് പറയുന്നതുപോലെ നിങ്ങൾ ഇനി ഒരിക്കലും ഭരണത്തിൽ കയറാതെ ഒടുങ്ങുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. കേരളത്തിന്റെ സാമ്പത്തിക വളർച്ചയിൽ സി.പി.എം.-ന് പങ്കില്ല. ബംഗാളിൽപ്പോലും ഇന്ന് ദാരിദ്ര്യമാണ്. ഓരോ തീവണ്ടി ഓടിയെത്തുമ്പോഴും

ആയിരക്കണക്കിന് ബംഗാളികളാണ് ജോലിക്കുവേണ്ടി കേരളത്തിൽ വന്നുകൊണ്ടിരിക്കുന്നത്. കേരളം ബംഗാളാക്കുമെന്ന് പറഞ്ഞവർക്ക് ഇപ്പോൾ ബംഗാളികൾ കേരളത്തിൽവന്ന് കേരളത്തിന്റെ ജനസംഖ്യയെ കവച്ചുവയ്ക്കുന്ന വിധത്തിൽ ബാംഗാളികളായി മാറുന്നത് കാണേണ്ടിവന്നിരിക്കുകയാണ്. ഞാൻ സമയം അതിലംഘിക്കുന്നില്ല. ഒരൊറ്റ കാര്യംമാത്രം പറയുന്നു. പാലക്കാട്ടുള്ള പത്രലേഖകരുടെ കാര്യം..... സംസ്ഥാന ലാന്റ് ബോർഡിന്റെ കൈവശമുള്ള 10 ഏക്കർ ഭൂമിയിൽനിന്ന് പാലക്കാട്ടുള്ള 18 പത്രപ്രവർത്തകർക്ക് 18 വർഷംമുമ്പ് ഭൂമി പതിച്ചുനൽകി. ഹൈക്കോടതിയിൽ ഒരാൾ കേസ് കൊടുത്ത് ഈ നടപടി റദ്ദാക്കി. 17 വർഷം കഴിഞ്ഞിട്ടും ആ ഭൂമി പത്രപ്രവർത്തകർക്ക് നൽകുവാനോ, പകരം ഭൂമി നൽകുവാനോ തയ്യാറായില്ല. പിന്നീടുവന്ന ഒരു സർക്കാരും നടപടി സ്വീകരിച്ചില്ല. അവർ ഇന്ന് നിസ്സഹായരാണ്. എല്ലാവർക്കും പ്രിയങ്കരനായ, മരിച്ചുപോയ ജോയ് ശാസ്താംപടിക്കൽ അടക്കമുള്ള കേരളത്തിലെ പത്രപ്രവർത്തകരോട് ചെയ്ത ഒരു അനീതിയാണത്. കലാകൗമുദിയുടെ ഈ ലക്കത്തിൽ കേരളത്തിലെ

പത്രപ്രവർത്തകരെ സർക്കാർ വഞ്ചിച്ചുവെന്ന് പറയുന്ന ഒരു ലേഖനമുണ്ട്. ഗവൺമെന്റ് ഈ കാര്യം പരിശോധിക്കണം. ഈ നിയമസഭാ സമ്മേളനം അനുഗ്രഹീതമായ ഒരു സമ്മേളനമാണ്. റംസാൻ മാസത്തിലെ നോമ്പ് ഈ സമ്മേളന കാലത്താണ്. ഇന്ന് രാമായണമാസം ആരംഭിക്കുകയാണ്. മര്യാദാപുരുഷോത്തമനായ രാമനെ അനുസ്മരിക്കുന്ന എല്ലാ വീടുകളിലും രാമായണം പാരായണം ചെയ്യുന്ന മാസമാണ്. സെന്റ് തോമസ് ഡേ ഈ സമ്മേളന കാലയളവിലാണ് കഴിഞ്ഞുപോയത്. പതിവിന് വിപരീതമായി സാമാന്യം ഭേദപ്പെട്ട അച്ചടക്കത്തോടുകൂടി നല്ല കുട്ടികളായി പ്രതിപക്ഷവും പെരുമാറിയെന്നതിലുള്ള സന്തോഷവും രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. എം. ഹംസ: സർ, 2014-ലെ കേരള ധനവിനിയോഗ (15-ാം നമ്പർ) ബില്ലിനെ ഞാൻ എതിർക്കുകയാണ്. കാരണം, നല്ലൊരു ഫണ്ട് മാനേജ്മെന്റില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റി. നല്ല ഫൈനാൻസ് മാനേജ്മെന്റുള്ള സംസ്ഥാനമായിരുന്നു കേരളം. ആ ഫൈനാൻസ് മാനേജ്മെന്റിന്റെ തകർച്ചകൊണ്ട്

കേരളം ഇന്ന് പി.ഡബ്ല്യു.ഡി. കരാറുകാർക്ക് പൈസ കൊടുക്കുന്നില്ല, ട്രഷറി പൂട്ടി, പെൻഷൻ കൊടുക്കുന്നില്ല, ആർ.എസ്.ബി.വൈ.-യുടെ പ്രീമിയംപോലും അടയ്ക്കാൻ കഴിയാതെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി തകിടംമറിഞ്ഞു. ഈ രൂപത്തിൽ കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ തകർത്ത ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുകയാണ്. നികുതിയുണ്ടാക്കുന്നതിനുള്ള, വരവുണ്ടാക്കുന്നതിനുവേണ്ടിയുള്ള കാര്യത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. ആ പരാജയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നുരണ്ടെണ്ണം മാത്രം ഞാൻ ഇവിടെ സൂചിപ്പിക്കാം. ഇവിടെ അലോപ്പതി മരുന്നുകൾക്കും ആയുർവ്വേദ മരുന്നുകൾക്കും നികുതി നാലുശതമാനമായിരുന്നു. അത് പന്ത്രണ്ടര ശതമാനമാക്കിമാറ്റി. പിന്നീട് വീണ്ടും നാലുശതമാനമാക്കി. നാലുശതമാനമായി തീരുമാനിച്ച സന്ദർഭം മുതൽ, അതായത് 13-11-2009 മുതൽ 31-3-2012 വരെയുള്ള നികുതി മുൻകാലപ്രാബല്യത്തോടുകൂടി ഇളവ് ചെയ്തുകൊടുത്തു. അപ്പോൾ ധാത്രി ഉൾപ്പെടെയുള്ള ആയുർവ്വദ സൗന്ദര്യ മരുന്നുകമ്പനിക്കാർ പന്ത്രണ്ടര ശതമാനം നികുതി വാങ്ങി, അവർക്കെല്ലാം ഇളവ്

കൊടുക്കുമ്പോൾ ട്രഷറിയിലേയ്ക്കുവരാനുള്ള പണം വരാതിരിക്കുകയും വൻകിട മരുന്നുകമ്പനിക്കാർക്ക് പ്രത്യേകിച്ച് ആയുർവ്വേദ സൗന്ദര്യവർദ്ധക മരുന്നുകമ്പനിക്കാർക്ക് വലിയ ലാഭമുണ്ടാക്കി കൊടുക്കുകയും ചെയ്ത് കേരളത്തിന്റെ ഖജനാവ് സംരക്ഷിക്കുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്ന ഉത്തരംതന്നെയാണ് എന്റെ കയ്യിലുള്ളത്. ആ ഉത്തരംവച്ചുകൊണ്ടാണ് ഞാൻ ഈ പരാമർശം നടത്തുന്നത്. കൺസ്ട്രക്ഷൻ മേഖലയുടെ കുതിപ്പാണ് കേരളത്തിൽ ഏറ്റവും പ്രധാനമായുണ്ടായിരുന്ന കുതിപ്പ്. ആ കുതിപ്പ് ഇപ്പോൾ കിതപ്പായിയെന്ന് ധനകാര്യ വകുപ്പുമന്ത്രിതന്നെ ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. അത്തരം സന്ദർഭത്തിലാണ് 14.5 ശതമാനം നികുതി എം-സാന്റിന് ഈടാക്കിയത്. ക്രഷറുകൾക്ക് എം-സാന്റ് കമ്പനികൾ കാറ്റഗറി തിരിച്ചുകൊണ്ട് കോമ്പൗണ്ട് ചെയ്യാനുള്ള നിലപാടെടുത്തു. മൂന്നിരട്ടി കോമ്പൗണ്ടാക്കി മാറ്റിയ സന്ദർഭത്തിൽ, 28-1-14-ൽ ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറയുന്ന സമയത്ത് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ക്രഷറുകളുടെ കോമ്പൗണ്ടിംഗ് സമ്പ്രദായത്തിൽ മാറ്റം വരുത്തണമെന്ന് പറഞ്ഞപ്പോൾ അങ്ങ് അതിന്

സമ്മതിച്ചില്ല. ഇപ്പോൾ എന്തായാലും കോമ്പൗണ്ടിംഗ് എന്നത് മൂന്നിരിട്ടിയല്ല, രണ്ടിരട്ടിയായി കുറച്ചു. അതിനെ സ്വാഗതം ചെയ്യുകയാണ്. ഇപ്പോൾ എം-സാന്റിന്റെ നികുതി 14.5 ശതമാനത്തിൽനിന്ന് കുറച്ചാൽ മാത്രമേ കൺസ്ട്രക്ഷൻ മേഖലയിൽ കുതിപ്പുണ്ടാകുയുള്ളൂ. അങ്ങെന്താണ് കുതിപ്പ് ഉണ്ടാക്കാത്തത്? എം-സാന്റ് കമ്പനിക്കാർ വാങ്ങിയ നികുതി അവരുടെ കയ്യിൽ വച്ചുകൊള്ളെട്ട ട്രഷറിയിൽ വയ്ക്കേണ്ടതില്ല എന്ന തീരുമാനവും അങ്ങെടുത്തു. ഇതും കേരളത്തിന്റെ സമ്പദ്ഘടനയ്ക്ക് തകർച്ചയുണ്ടാക്കി. അതുപോലെ കേരളത്തിലെ കൺസ്ട്രക്ഷൻ മേഖലയിൽ നിർമ്മാണ വസ്തുക്കളുടെ സി.എസ്.റ്റി., രജിസ്ട്രേഷനുള്ള നിർമ്മാണവസ്തുക്കളുടെ കോമ്പൗണ്ടിംഗ് മൂന്നിൽനിന്ന് ആറു ശതമാനമായി മാറ്റിയതുമായി ബന്ധപ്പെട്ടുകൊണ്ട് ശ്രീ. ഇ.പി. ജയരാജൻ നിയമസഭയിൽ സംസാരിച്ച അവസരത്തിൽ അങ്ങ് പറഞ്ഞത്, നിങ്ങൾ മറ്റൊന്നും വിചാരിക്കണ്ട ഇവിടെ കാര്യങ്ങളെല്ലാം സുഗമമായി നടക്കുമെന്നും ഒരു കാര്യത്തിലും ഒരു തടസ്സവുമില്ലെന്നുമാണ്. കൺസ്ട്രക്ഷൻ രംഗത്തുണ്ടായിട്ടുള്ള ഈ കുതിപ്പ്, ചിലപ്പോൾ പ്രത്യാഘാതങ്ങൾ വന്നെന്നിരിക്കും, ആ സന്ദർഭത്തിൽ പരിശോധിക്കാമെന്ന് പറഞ്ഞു, അങ്ങ് പരിശോധിച്ചില്ല. കൺസ്ട്രക്ഷൻ മേഖലയിലെ ആ പ്രശ്നവും

നിലനിൽക്കുകയാണ്. നികുതിവരുമാനം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടായില്ല. മറ്റൊന്ന്, ജനുവരി മാസം 28-ാം തീയതി അങ്ങ് പ്രസംഗിക്കുമ്പോൾ.... വാഗ്ദാനങ്ങൾ കൊടുക്കാതിരിക്കാനാണ് അങ്ങ് ശ്രദ്ധിക്കുക, വാഗ്ദാനങ്ങൾ കൊടുത്താൽ അങ്ങ് പാലിക്കാറുണ്ട്. പക്ഷേ, ജനുവരി മാസം 28-ാം തീയതി എം.എൽ.എ. ഫണ്ടുമായി ബന്ധപ്പെട്ടുകൊണ്ട് ശ്രീ. രാജു എബ്രഹാം ഇടപെട്ട് എം.എൽ.എ. ഫണ്ട് ഒരുകോടി അറുപതുലക്ഷംരൂപയായി ഉയർത്തുകയും അസെറ്റ് ക്രിയേഷൻ ഫണ്ട് ഏഴരക്കോടി രൂപയായി ഉയർത്തുകയും വേണമെന്ന് പറഞ്ഞപ്പോൾ അങ്ങ് പോസിറ്റീവായി അങ്ങയുടെ പ്രസംഗത്തിൽ പറയുന്നത് ഇപ്രകാരമാണ്, ഇപ്പോൾ ഇവിടെനിന്നുകൊണ്ട് ഇത്രതുക എന്നുപറയുന്നില്ല. അത് തത്വത്തിൽ അംഗീകരിക്കുന്നു എന്നാണ്. ജനുവരി മാസം 28-ാം തീയതി അങ്ങയുടെ പ്രസംഗത്തിൽ ഇത് പറഞ്ഞിട്ടുണ്ട്. തീർച്ചയായും അതു സംബന്ധിച്ചുള്ള പ്രതികരണം അങ്ങയിൽനിന്നുമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അസെറ്റ് ഡെവലപ്മെന്റ് ഫണ്ടും എം.എൽ.എ.ഫണ്ടും സംബന്ധിച്ച് തത്വത്തിൽ അംഗീകരിക്കുന്നു എന്ന് അങ്ങ് പറഞ്ഞകാര്യം ഇന്ന് ഉറപ്പിച്ച് പറയും എന്ന് വിശ്വസിക്കുന്നു, അങ്ങയുടെ പ്രസംഗമാണ് ഇവിടെയുള്ളത്. വേണമെങ്കിൽ കോപ്പി അങ്ങേയ്ക്ക് തരാം. കൃഷിക്കാരെക്കുറിച്ചും കർഷകവർഗ്ഗത്തെക്കുറിച്ചും അങ്ങ് എപ്പോഴും പ്രസംഗിക്കാറുണ്ട്.

അങ്ങയുടെ കർഷകവർഗ്ഗ സിദ്ധാന്തവും കൃഷിക്കാരോടുള്ള താല്പര്യത്തെയും അംഗീകരിക്കുന്നവരാണ് ഞങ്ങൾ. പക്ഷേ, കേരളത്തിൽ 350 കോടി രൂപയാണ് നെൽ കൃഷിക്കാർക്ക് കുടിശ്ശികയായി കൊടുക്കാനുള്ളത്. സപ്ലൈകോ മുഖേന കൃഷിക്കാരുടെ കയ്യിൽനിന്നും നെല്ല് വാങ്ങിയ ഇനത്തിൽ കൊടുക്കേണ്ട 350 കോടിരൂപ എന്ന് കൊടുക്കുമെന്നതിനെക്കുറിച്ച് അങ്ങ് പ്രഖ്യാപിക്കണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന. കേരളത്തിൽ കൃഷിനാശം സംഭവിച്ചിട്ടുള്ള കൃഷിക്കാർക്ക്... പാലക്കാട് ജില്ലയിൽമാത്രം 18 കോടിരൂപ കൊടുക്കാനുണ്ട്. കേരളത്തിൽ എല്ലാ ജില്ലകളിലും ആ തുക കൊടുക്കാനുണ്ട്. കഴിഞ്ഞ ആഴ്ച രണ്ടരക്കോടിരൂപയാണ് കൊടുത്തത്. 18 കോടിരൂപ കൊടുക്കേണ്ട കൃഷിക്കാരുടെ കയ്യിൽ രണ്ടരക്കോടി രൂപ കൊടുത്താൽ എങ്ങനെയാണ് കേരളം മുന്നോട്ടുപോകുന്നത്? അതുകൊണ്ട് കൃഷി നശിച്ചവർക്കുള്ള നഷ്ടപരിഹാരത്തുക ഉടനെ നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. കെ. ദാസൻ</u>: സർ, കേരളത്തിലെ പതിനായിരത്തിലധികം വരുന്ന സ്കൂൾ പാചകത്തൊഴിലാളികൾ വളരെ നാമമാത്രമായിട്ടുള്ള വേതനമാണ് വാങ്ങിക്കൊണ്ടിരിക്കുന്നത്. പാർലമെന്റിൽ മെമ്പർമാരുടെ ഒരു ചോദ്യത്തിന് മറുപടിയായി കേന്ദ്രമന്ത്രി പറഞ്ഞത്, ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി

കേരളത്തിൽനിന്ന് ഒരു വിവരവും കേന്ദ്രഗവൺമെന്റിന് സമർപ്പിക്കപ്പെട്ടിട്ടില്ല, സംസ്ഥാന ഗവൺമെന്റാണെങ്കിൽ ഇവർക്കുവേണ്ടി ഒരു ഫണ്ടും നീക്കിവച്ചിട്ടുമില്ല എന്നാണ്. ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. ഹംസ : സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് മെമ്പർ പറഞ്ഞത്. പാചകത്തൊഴിലാളികളുടെ പ്രശ്നം മാത്രമല്ല, ഉച്ചഭക്ഷണത്തിനുവേണ്ടിയിട്ടുള്ള പദ്ധതിക്കും കേന്ദ്രത്തോട് കേരളം ഒന്നും ആവശ്യപ്പെട്ടില്ല എന്ന് ഇന്ന് ലോകസഭയിൽ പറഞ്ഞതുമായി ബന്ധപ്പെട്ട പത്രവാർത്ത വന്നിട്ടുണ്ട്. അതു പരിശോധിച്ച് അതിൽ ഇടപെടണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഗവൺമെന്റിനോടും ഞങ്ങൾ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇന്നലെ അങ്ങയെ സംബന്ധിച്ചിടത്തോളം വളരെ വേദനാജനകമായ ദിവസമായിരുന്നു എന്നാണ് പത്രങ്ങളിൽ കണ്ടത്. 134 ഹൈസ്കൂളുകളെ ഹയർ സെക്കന്ററി സ്കൂളുകളായി ഉയർത്തിയിട്ടുണ്ട്. തീർച്ചയായും കൂടുതൽ കുട്ടികൾക്ക് പഠിക്കുവാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നത് നല്ലതാണ്. പക്ഷേ, ഒരു കാര്യംകൂടി അങ്ങയോട് പറയാനുണ്ട്. സാമ്പത്തിക അച്ചടക്കത്തോടുകൂടി നടപ്പിലാക്കുമെന്നാണ് അങ്ങ് പറഞ്ഞത്, 12,000 അദ്ധ്യാപകർ ഇന്ന് ടീച്ചേഴ്സ് ബാങ്കിലുണ്ട്. ഗവൺമെന്റ് സ്കൂളുകളിൽ മാത്രംപോരാ എയ്ഡഡ് സ്കൂളുകളിലേക്കും

ടീച്ചേഴ്സ് ബാങ്കിൽനിന്ന് അദ്ധ്യാപകരെ എടുത്തുകൊണ്ട് ആ ഹയർ സെക്കന്ററി സ്കൂളുകൾ പ്രവർത്തിപ്പിക്കുമെന്ന് ഉറപ്പു പറയാൻ ഈ ഗവൺമെന്റിന് കഴിയണം. അതാണ് അതുമായി ബന്ധപ്പെട്ട് ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട എന്റെ പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. സി. പി. മുഹമ്മദ് സി.പി.എം. വിരുദ്ധമായ ഒരുപാട് പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. ഇടതുപക്ഷ വിരുദ്ധ നിലപാടുകൾ എടുത്തിട്ടുണ്ട്. ശ്രീ. സി.പി. മുഹമ്മദ്, ആ കാലം കടന്നിരിക്കുന്നു, കോൺഗ്രസ്സുകാരും നല്ല ലീഗുകാരും നല്ല യു.ഡി.എഫ്. കാരും ചിന്തിക്കുന്നത് കമ്മ്യൂണിസ്റ്റുവിരുദ്ധമുന്നണിയുടെ കാലം കഴിഞ്ഞു എന്നാണ്. കമ്മൂണിസ്റ്റ് വിരുദ്ധമുന്നണി പൊളിയുന്ന കാലമാണ് ഇത്. അതുകൊണ്ട് കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രസംഗങ്ങൾ ഇന്നവസാനിപ്പിക്കണം. കഴിഞ്ഞ നിയമസഭാ സമ്മേളനം നടക്കുന്ന സമയത്ത് സി.പി.എം.ന് ദേശീയപാർട്ടി പദവി കിട്ടില്ല എന്നുപറഞ്ഞുകൊണ്ടാണ് പ്രസംഗിച്ചത്. ഇൻഡ്യയിൽ മൂന്ന് ദേശീയ പാർട്ടികളാണുള്ളത്. അതിലൊന്ന് സി.പി.എം. ആണെന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കണം. ആ സി.പി.എം. ഇന്ന് മൂന്ന് ദേശീയ പാർട്ടികളിൽ ഒന്നായി നിൽക്കുകയാണ്. അങ്ങനെയുള്ള സി.പി.എം.-നെ തകർക്കാൻ ആർക്കും കഴിയില്ല. ഇടതുപക്ഷത്തെ തകർക്കാനും ആർക്കും സാധിക്കില്ല. ഇത് മനസ്സിലാക്കിക്കൊണ്ടുവേണം.......

ശ്രീ. എ. കെ. ബാലൻ : സർ, ഇതിൽ നേരത്തെ പ്ലസ് ടു കൊടുത്തതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു പരാമർശം നടത്തി. അപ്പോൾ എന്റെ കൈവശം വീക്ഷണം ഉണ്ടായിരുന്നില്ല. അതിനിശിതമായിട്ടുള്ള വിമർശനമാണ് വീക്ഷണത്തിന്റെ എഡിറ്റോറിയൽ എഴുതിയിട്ടുള്ളത്. ഈജിയൻ തൊഴുത്ത് വൃത്തിയാക്കിയേ പറ്റൂ എന്നുള്ളതാണ് വീക്ഷണത്തിന്റെ എഡിറ്റോറിയൽ. ഇത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ഹംസ : സർ, ഇത് ശ്രദ്ധയിൽ വന്നതിനുശേഷമാണ്, വീക്ഷണം പത്രത്തിലല്ല മറ്റു പത്രങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽ വന്നതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ടീച്ചേഴ്സ് ബാങ്കിൽനിന്നുള്ള അർഹതപ്പെട്ട ആളുകളെ മാത്രമേ എയ്ഡഡ് സ്കൂളുകളിലും എടുക്കുകയുള്ളൂ എന്നു പറഞ്ഞ് മാണിസാർ ഉറച്ചു നിന്നാൽ ഞങ്ങളുടെ പിന്തുണ മാണിസാറിന് ഉണ്ടാകും എന്നുംകൂടി അറിയിക്കാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. ഹയർ സെക്കന്ററി സ്കൂളും വേണം, നന്നായി കാര്യങ്ങൾ പോകുകയും വേണം. നമ്മുടെ കേന്ദ്രഗവൺമെൻറിൻെറ പദ്ധതി വിഹിതം ചെലവഴിക്കുന്ന കാര്യത്തിലും ഈ ഗവൺമെന്റ് വളരെ വലിയ പരാജയമാണ് ഉണ്ടായിട്ടുള്ളത്. ആ വലിയ പരാജയത്തിന്റെ ഉദാഹരണമാണ് 68 ശതമാനം കേന്ദ്രവിഹിതം ഈ ഗവൺമെന്റ് ചെലവാക്കിയത്. എന്തിനാണ് ധനവിനിയോഗ

ബിൽ നടത്താനുള്ള അർഹതയും കഴിവും ഈ ഗവൺമെന്റിനില്ല എന്നതിന്റെ തെളിവാണ് ഇത്. വാളയാർ ചെക്ക്പോസ്റ്റിൽ ഇപ്പോഴും 15 കൗണ്ടറുകൾ ആരംഭിച്ചിട്ടില്ല. 26 സെയിൽസ് ടാക്സ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടില്ല. വാളയാർ ചെക്ക്പോസ്റ്റ് ഉൾപ്പെടെയുള്ള നികുതി സമാഹരിക്കാനുള്ള മേഖലകളെല്ലാം സ്തംഭിച്ചുനിൽക്കുകയാണ്. തകർന്ന് തരിപ്പണമായിട്ടുള്ള കേരളത്തിലെ ഗവൺമെന്റിന്റെ ധനവിനിയോഗ ബില്ലിനെ ഞങ്ങൾ എതിർക്കുന്നു. ഈ ഗവൺമെന്റ് ഏറ്റവും വലിയ തകർച്ചയെ നേരിടുകയാണ്, രാഷ്ട്രീയമായും നേരിടാൻ പോകുകയാണ്. 28 ദിവസംകഴിഞ്ഞ് നിയമസഭ ഇന്ന് പിരിയുമ്പോൾ നാളെമുതൽ കേരളത്തിൽ ഐക്യജനാധിപത്യ മുന്നണിയുടെ തകർച്ചയുടെ കാഹളധ്വനി മുഴങ്ങാൻവേണ്ടി പോകുകയാണ്. ഇപ്പോഴുള്ളത് വെറും നിശബ്ദത മാത്രമാണ്. നാളെമുതൽ ഐക്യജനാധിപത്യ മുന്നണിയിൽ വല്ലാത്ത പൊട്ടിത്തെറി ഉണ്ടാകുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) സർ, ധനവിനിയോഗ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. ആർ. രാജേഷ് ഒന്നുരണ്ട് പരാമർശങ്ങൾ ചലചിത്ര അക്കാഡമിയെക്കുറിച്ച് പരാമർശിക്കുയുണ്ടായി. അതിലുള്ള ആക്ഷേപങ്ങളെല്ലാം

ഞാൻ നിഷേധിക്കുകയാണ്. അങ്ങ് പറഞ്ഞതുപോലെ ഒരു ബാഹ്യസമ്മർദ്ദവും കൊണ്ടുള്ള കാര്യങ്ങളല്ല അവിടെ നടന്നത്, സാധാരണ നടക്കുന്ന ചില കാര്യങ്ങളാണ്. 18 സാംഗ്ഷൻഡ് പോസ്റ്റ് അവിടെയുണ്ട്. ആക്ച്വൽ സ്ട്രെങ്ത് ഇപ്പോൾ 17 ആണ്. 2005 മുതൽ ടെമ്പററി പോസ്റ്റിംഗിൽ തുടരുന്ന ഒരാളുണ്ട്. 2010-ൽ നാലുപേരെ എടുത്തിട്ടുണ്ട്. 2011-ൽ ഒരാളും 2012-ൽ ഒരാളും 2013- ൽ ഒരാൾ അങ്ങനെ ഒമ്പതുപേരാണ് ടെമ്പററിയായി നിൽക്കുന്ന ആളുകൾ. ബാക്കിയുള്ളവർ സാംഗ്ഷൻഡ് സ്ട്രെങ്ത്തിനകത്ത് വന്നിട്ടുള്ളവരാണ്. അങ്ങ് ബീനാ പോളിന്റെ രാജിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ശ്രീമതി ബീനാപോൾ ഡെപ്യൂട്ടേഷനിൽ വന്നതാണ്. നല്ല ഓഫർ ബീനാപോളിന് കിട്ടിയപ്പോൾ എന്നെവന്ന് കണ്ട് നേരിട്ട് സംസാരിച്ചു. സാമാന്യം നല്ല ഒരു ഓഫറായാണ് എനിക്ക് മനസ്സിലായത്. അതുകൊണ്ട് ബീനാ പോൾ സ്വന്തം ഇഷ്ടപ്രകാരമാണ് പോയത്. പോകുന്നതിനുമുമ്പ് ഗവൺമെന്റിന്റെ താല്പര്യം അവരെ അറിയിച്ചു. ഇവിടെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ നടത്തണമെന്നും ബീനാ പോൾ എല്ലാ കാര്യങ്ങളും നോക്കണമെന്നുംപറഞ്ഞു. മറ്റൊരു ഓഫർ ഉള്ളതുകൊണ്ട് ബീനാ പോൾ പോകുന്നു എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. അതൊരു കോൺട്രവേഴ്സിയുടെ ഭാഗമൊന്നുമല്ല. അതുമാത്രമല്ല പതിനെട്ടാമത് അന്താരാഷ്ട്ര

ചലചിത്രോത്സവത്തിന് കോലാഹലം നടത്തുന്ന അങ്ങുതന്നെ ഇവിടെ പരാമർശിച്ചതാണ്. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഒരു കോലാഹലവുമില്ലാതെ അടുത്ത ഫിലിം ഫെസ്റ്റിവൽ നടത്തുന്നതിനുവേണ്ടി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ ചെയർമാനായും ഷാജി എൻ. കരുൺ, പന്തളം സുധാകരൻ, സുരേഷ്, കൾച്ചറൽ സെക്രട്ടറി- റാണി ജോർജ് ഇവർ അംഗങ്ങളായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റി സിനിമാരംഗത്തുള്ള ആറ് സംഘടനകളുമായി ചർച്ച നടത്തി അവരുടെ അഭിപ്രായങ്ങളെല്ലാം തേടിയിട്ടുണ്ട്. ഇവിടെ പിലിം ഫെസ്റ്റിവൽ ഭംഗിയായി നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പം കേന്ദ്രമന്ത്രി സാംസ്കാരിക വകുപ്പുമന്ത്രിയെ ഞങ്ങൾ കണ്ടു. അദ്ദേഹം ഗവൺമെന്റ് ഓഫ് ഇൻഡ്യയിൽ നിന്നുള്ള എല്ലാ സഹായസഹകരണങ്ങളും ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമാണ് ശ്രീ. അടൂർ ഗോപാലകൃഷ്ണനെപോലെ ശ്രീ. എൻ. ഷാജി എൻ. കരുണിനെപോലുള്ള ആളുകളെ ഇതുപോലുള്ള ഒരു കാര്യത്തിന് ഇൻഡ്യാ ഗവൺമെന്റുമായി സംസാരിക്കുന്നതിന് നിയോഗിച്ചത്, ഞങ്ങളെല്ലാവരുംകൂടി ഒരുമിച്ചാണ് പോയത്. വളരെ പ്ലെസന്റായ രൂപത്തിലാണ് എല്ലാകാര്യങ്ങളും നടക്കുന്നത്. ഞങ്ങളുടെ പ്രൊപ്പോസലുകളെല്ലാം കൊടുത്തിട്ടുണ്ട്. ആർക്കൈവ്സിനുവേണ്ടി 50 കോടിരൂപ നൽകാമെന്ന് അവർ

ഓഫർ ചെയ്തിട്ടുണ്ട്. അക്കാദമിയുടെ നവീകരണം നടക്കാൻ പോകുകയാണ്. അതുപോലെ ഇവിടെ ഒരു പുതിയ സംവിധാനത്തോടുകൂടി ചിത്രാഞ്ജലി ജനങ്ങളുടെ മുമ്പിൽ എത്തുന്നതിനുവേണ്ടിയുള്ള ശ്രമമാണ് അവിടെ നടക്കുന്നത്. ഇതുമാത്രമാണ് ഇതിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ : നോ....ശ്രീ. രാജേഷിന് പറയാനുള്ളത് പറഞ്ഞുകഴിഞ്ഞല്ലോ?

**സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്**

മി. സ്പീക്കർ: 2014-ലെ കേരള ധനവിനിയോഗ (15-ാം നമ്പർ) ബിൽ 01.30-ന് വോട്ടിംഗിനിടേണ്ടതായിരുന്നു. അത് താൽക്കാലികമായി വേവ് ചെയ്യുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരള ധനവിനിയോഗ (15-ാം നമ്പർ) ബില്ലിന്മേൽ നടന്ന ചർച്ചയിൽ നല്ല നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. കാര്യമായ വിമർശനങ്ങൾ ഉണ്ടായിട്ടുമില്ല. ശ്രീ. പി. കെ. ബഷീർ കേസ്സുകൾ കെട്ടിക്കിടക്കുന്നതിനെ സംബന്ധിച്ച് പറയുകയുണ്ടായി. 15 വർഷംവരെ കുടിശ്ശികയുള്ള കേസ്സുകളുണ്ട്. ഗവൺമെന്റ് ഇപ്പോൾ ഒരു വ്യവഹാര നയം കൊണ്ടുവന്നിട്ടുണ്ട്. ആ വ്യവഹാര നയത്തിൽ പറയുന്നത് 3 വർഷങ്ങൾക്കുള്ളിൽ കേസ്സുകൾ തീർപ്പാക്കണമെന്നാണ്. ഏതായാലും ഗവൺമെന്റിനെക്കൊണ്ടുമാത്രം നടക്കുന്ന കാര്യമല്ല ഇത്. കോടതികളും

അഭിഭാഷകരും ഗവൺമെന്റും എല്ലാ ഏജൻസികളുംകൂടി കോ-ഓർഡിനേറ്റ് ചെയ്ത് സഹകരിച്ച് പ്രവർത്തിച്ചാൽ മാത്രമേ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ നമുക്ക് കുറയ്ക്കാൻ കഴിയൂ. ഏതായാലും കുറയ്ക്കണം. അതിനുവേണ്ടിയുള്ള നടപടികൾ നടന്നുവരികയാണ്. ബഹുമാനപ്പെട്ട തോമസ് ഉണ്ണിയാടൻ റബ്ബർ കർഷകരുടെ വിലയിടിവിനെക്കുറിച്ച് പറയുകയുണ്ടായി. റബ്ബറിന്റെ വിലയിടിവുമൂലം 2013-2014- ൽ 200 കോടിയോളം രൂപയുടെ നികുതി നഷ്ടമുണ്ടായിട്ടുണ്ട്. നമ്മുടെ സമ്പദ് വ്യവസ്ഥയ്ക്ക് വളരെ നഷ്ടമുണ്ടായി, ജനങ്ങൾക്ക് വലിയ നഷ്ടമുണ്ടായി. ശ്രീ. തോമസ് ഉണ്ണിയാടൻ റബ്ബർ സംഭരണം വളരെ ശക്തമാക്കണമെന്ന് പറയുകയുണ്ടായി. സംഭരണം ശക്തമാക്കണം, അതിനുള്ള പണം വേണം. കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂഷനുകളുടെ കൺസോർഷ്യത്തിൽനിന്നും പണമെടുക്കാനുള്ള ശ്രമമാണ് നടത്തിയത്. പക്ഷെ കോടതിയുടെ വിലക്കുകൾകാരണം സഹകരണ സ്ഥാപനങ്ങളിൽനിന്നും പണം കിട്ടാത്ത സ്ഥിതിയാണ്. ഗവൺമെന്റിന് സാമ്പത്തിക ബുദ്ധിമുട്ടുകളുണ്ടെങ്കിലും ഒരു കാര്യം പറയട്ടെ, കേരളത്തിലെ റബ്ബർ കൃഷിക്കാരുടെ ഇന്നത്തെ നീറുന്ന പ്രശ്നങ്ങൾ ഗവൺമെന്റ് മനസ്സിലാക്കുന്നു. അതിൽ ഗവൺമെന്റിന് ദുഃഖമുണ്ട്. അൽപ്പമെങ്കിലും വില ഉയർത്താൻ കഴിയുമെങ്കിൽ..........., ശക്തമായി വിപണിയിൽ

ഇടപെടുന്നതിനുവേണ്ടി 30 കോടി രൂപ ഗവൺമെന്റ് മാറ്റിവയ്ക്കുന്നു. ആ 30 കോടി രൂപ ഉടനെതന്നെ റിലീസ് ചെയ്ത് കൊടുക്കാം. നമുക്ക് സംഭരണം ശക്തമാക്കണം. സംഭരണ ഏജൻസികൾ ജാഗ്രതയോടുകൂടി മുന്നോട്ടുവരണം. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി അവരുടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്നെയുംകൂടി ക്ഷണിക്കുകയാണെങ്കിൽ ഞാനുംകൂടി പങ്കെടുക്കാം. നമുക്കൊരുമിച്ചിരിക്കാം. സംഭരണം ശക്തമാക്കിക്കൊണ്ട് മുന്നോട്ട് നീങ്ങണം. അത് ഏറ്റവും അത്യാവശ്യമായിട്ടുള്ള കാര്യമാണ്.

ഓൾഡേജ് പെൻഷനെ സംബന്ധിച്ചിടത്തോളം, കർഷകത്തൊഴിലാളി പെൻഷനും ദേശീയ വാർദ്ധക്യ കാല പെൻഷനുകളുമൊക്കെ 2013 ഡിസംബർ വരെ കൊടുത്തിട്ടുണ്ട്. വികലാംഗ, വിധവാ പെൻഷൻ കുടിശ്ശികയില്ല. അതൊരു വലിയ കാര്യമല്ലേ; കർഷകത്തൊഴിലാളി, ദേശീയ വാർദ്ധക്യകാല പെൻഷനുകൾ കുറച്ച് കുടിശ്ശികയുണ്ട്. ഡിസംബർ വരെ കൊടുത്തു. കുടിശ്ശികയുള്ളതൊക്കെ വേഗത്തിൽ കൊടുത്തുതീർക്കാൻ നടപടികളെടുക്കുന്നതാണ്. അതുപോലെതന്നെ കരാറുകാർക്ക് നൽകാനുള്ള തുകയെ സംബന്ധിച്ചുപറഞ്ഞു. 2013 ഒക്ടോബർ വരെയുള്ളത് കൊടുത്തുതീർത്തു. ഇനി കുറച്ചുതുക കൊടുക്കാനുണ്ട്. അതൊരു പുതിയ പ്രതിഭാസമൊന്നുമല്ല. എല്ലാക്കാലത്തും കോൺട്രാക്ടർമാർക്ക് കുറച്ച് കുടിശ്ശിക

കൊടുത്തുതീർക്കാനുണ്ടാകും. ആ കുടിശ്ശിക ഘട്ടംഘട്ടമായി കൊടുത്തുതീർക്കും. അതിന് വിഷമമൊന്നും ഇല്ല എന്നുള്ളത് സഭയെ അറിയിക്കാൻ എനിക്ക് താൽപര്യമുണ്ട്. വേറെ വലിയ വിമർശനങ്ങളൊന്നും വന്നില്ല.

ഡോ. ടി. എം. തോമസ് ഐസക് : സർ, അപ്രോപ്രിയേഷൻ ബിൽ പാസ്സാക്കുന്ന വേളയിൽ എനിക്കൊരു സംശയമുള്ളത്, പുതിയ സ്കൂളുകൾക്ക് 800 കോടി രൂപ ചെലവ് വരുമെന്ന് വീക്ഷണം പത്രത്തിന്റെ എഡിറ്റോറിയലിൽ വന്നത് നേരത്തെ ഇവിടെ പരാമർശിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ഏന്തെങ്കിലുമൊരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതുതായി അനുവദിക്കുന്ന 134 സ്കൂളുകൾക്ക് എത്ര ചെലവ് വരും എന്നുള്ളത് സഭയെ അറിയിക്കാമോ?

ശ്രീ. കെ. എം. മാണി: സർ, നിയമസഭയിൽ പറയുമ്പോൾ കൃത്യമായ കണക്ക് പറയേണ്ടേ; എന്തെങ്കിലും പിശകുവന്നാലോ?

ഡോ. തോമസ് ഐസക്: അങ്ങനെ പിശകുവന്നാൽ ഞങ്ങൾ സഹിച്ചുകൊള്ളാം.

മി. സ്പീക്കർ : അങ്ങനെ പറയാൻ പാടില്ല.

ശ്രീ. കെ. എം. മാണി: സർ, കണക്ക് നോക്കിയശേഷം പറയാം.

നിയമസഭയിൽ ഉത്തരവാദിത്വത്തോടുകൂടി ഉത്തരം പറയണം. പത്ത് ദിവസത്തിനുമുമ്പ് നോട്ടീസ് കൊടുത്തശേഷമാണ് ചോദ്യങ്ങൾപോലും ചോദിക്കുന്നത്. ഒരു മുൻ ധനകാര്യ വകുപ്പുമന്ത്രി സ്കൂളുകൾക്ക് എത്ര രൂപ ചെലവ് വരുമെന്ന് എന്നോടിപ്പോൾ ചോദിച്ചാൽ ഞാൻ എങ്ങനെ മറുപടി പറയും; ലോകത്തെ ഏത് ധനകാര്യ വകുപ്പുമന്ത്രിക്ക് പറയാൻ കഴിയും?

<u>ശ്രീ. എം. ഹംസ</u> : സർ, എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് വർദ്ധിപ്പിക്കാമെന്ന് അങ്ങ് വാക്ക് തന്നതാണ്. ജനുവരി മാസം 28- ാം തീയതിയിലെ അങ്ങയുടെ മറുപടി പ്രസംഗം എന്റെ കൈവശമുണ്ട്. അതിൽ അങ്ങ് പറഞ്ഞത് വർദ്ധിപ്പിക്കുന്നത് തത്വത്തിൽ അംഗീകരിക്കുന്നു എന്നാണ്. അത് അങ്ങ് പ്രഖ്യാപിക്കണം.

<u>ശ്രീ. കെ. എം. മാണി</u>: സർ, അത് അംഗീകരിക്കുന്നു. വർദ്ധിപ്പിച്ചുതരാമെന്നുപറഞ്ഞതിൽനിന്നും പിന്മാറുന്നില്ല. കുറച്ച് വർദ്ധിപ്പിച്ചുതരാം. പക്ഷെ അത് പടിപടിയായിട്ടേ വർദ്ധിപ്പിക്കാൻ കഴിയൂ. ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതിക്കകത്ത് ഒതുങ്ങിനിന്നുകൊണ്ട് എത്രയുംവേഗം അനുസംബന്ധിച്ച് ന്യായമായ, പ്രായോഗികമായ ഒരു തീരുമാനമെടുത്ത്

ആർക്കുമാർക്കും പരാതിയില്ലാത്തവിധം പരിഹരിക്കുന്നതാണ്. വേറെ കൂടുതലായി ഒന്നും പറയാനില്ല. ബിൽ പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ : 2014 - ലെ കേരള ധനവിനിയോഗ (15-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ..........................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**വകുപ്പുതിരിച്ചുള്ള പരിഗണന**

**2 - ഉം 3 -ഉം വകുപ്പുകൾ**

(ഭേദഗതിയില്ല)

2 - ഉം 3 - ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ..........................

2 - ഉം 3 - ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2 - ഉം 3 - ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പട്ടിക**

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ..........................

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**1 -ാം വകുപ്പും പീഠികയും പേരും**

(ഭേദഗതിയില്ല)

1 -ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന

പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ..........................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ശ്രീ. കെ. എം. മാണി : സർ, 2014-ലെ കേരള ധനവിനിയോഗ (15-ാം നമ്പർ ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : സർ, 2014-ലെ കേരള ധനവിനിയോഗ (15-ാം നമ്പർ ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................................

പ്രതികൂലിക്കുന്നവർ...................................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ: 68

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

2. ശ്രീ. പി.കെ. അബ്ദു റബ്ബ്

3. ശ്രീ. പി.ബി. അബ്ദുൾ റസാക്

4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

5. ശ്രീ. കെ. അച്ചുതൻ

6. ശ്രീ. റ്റി.എ. അഹമദ് കബീർ

7. ശ്രീ. മഞ്ഞളാംകുഴി അലി

8. ശ്രീ. എ.പി. അനിൽകുമാർ

9. ശ്രീ. അനൂപ് ജേക്കബ്

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. എ. എ. അസീസ്

12. ശ്രീ. കെ. ബാബു

13. ശ്രീ. സി.എൻ. ബാലകൃഷ്ണൻ

14. ശ്രീ. വി.ടി. ബൽറാം

15. ശ്രീ. പി.കെ. ബഷീർ

16. ശ്രീ. ബെന്നി ബെഹനാൻ

17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

18. ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്

19. ശ്രീ. എ.റ്റി. ജോർജ്

20. ശ്രീ. പി.സി. ജോർജ്

21. ശ്രീ. ഹൈബി ഈഡൻ

22. കുമാരി പി.കെ. ജയലക്ഷ്മി

23. ഡോ. എൻ. ജയരാജ്

24. ശ്രീ. കെ.സി. ജോസഫ്

25. ശ്രീ. പി.ജെ. ജോസഫ്

26. ശ്രീ. ജോസഫ് വാഴക്കൻ

27. ശ്രീ. വർക്കല കഹാർ

28. ശ്രീ. കെ.എൻ.എ. ഖാദർ

29. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി

30. ശ്രീ. കോവൂർ കുഞ്ഞുമോൻ

31. ശ്രീ. ലൂഡി ലൂയിസ്

32. ശ്രീ. പി.എ. മാധവൻ

33. ശ്രീ. കെ. എം. മാണി

34. ശ്രീ. സി. പി. മുഹമ്മദ്

35. ശ്രീ. കെ.പി. മോഹനൻ

36. ശ്രീ. സി. മോയിൻകുട്ടി

37. ശ്രീ. മോൻസ് ജോസഫ്

38. ശ്രീ. ആര്യാടൻ മുഹമ്മദ്

39. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

40. ഡോ. എം.കെ. മുനീർ

41. ശ്രീ. കെ. മുരളീധരൻ

42. ശ്രീ. എൻ.എ. നെല്ലിക്കുന്ന്

43. ശ്രീ. ഉമ്മൻചാണ്ടി

44. ശ്രീ. അടൂർ പ്രകാശ്

45. ശ്രീ. റ്റി.എൻ. പ്രതാപൻ

46. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

47. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

48. ശ്രീ. രമേശ് ചെന്നിത്തല

49. ശ്രീ. പാലോട് രവി

50. ശ്രീ. റോഷി അഗസ്റ്റിൻ

51. ശ്രീ. വി.പി. സജീന്ദ്രൻ

52. ശ്രീ. എൻ. ശക്തൻ

53. ശ്രീ. വി.ഡി. സതീശൻ

54. ശ്രീ. ആർ. സെൽവരാജ്

55. ശ്രീ. ഷാഫി പറമ്പിൽ

56. ശ്രീ. കെ.എം. ഷാജി

57. ശ്രീ. എൻ. ഷംസുദ്ദീൻ

58. ശ്രീ. ഷിബു ബേബി ജോൺ

59. ശ്രീ. കെ. ശിവദാസൻ നായർ

60. ശ്രീ. വി.എസ്. ശിവകുമാർ

61. ശ്രീ. സണ്ണി ജോസഫ്

62. ശ്രീ. തോമസ് ഉണ്ണിയാടൻ

63. ശ്രീ. പി. ഉബൈദുള്ള

64. ശ്രീ. എം. ഉമ്മർ

65. ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

66. ശ്രീ. എം.എ. വാഹീദ്

67. ശ്രീ. എം.പി. വിൻസെന്റ്

68. ശ്രീ. പി.സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ : </u>53

1. ശ്രീമതി പി. അയിഷാ പോറ്റി

2. ശ്രീ. കെ. അജിത്

3. ശ്രീ. എ.എം. ആരിഫ്

4. ശ്രീ. ബാബു എം. പാലിശ്ശേരി

5. ശ്രീ. കോടിയേരി ബാലകൃഷ്ണൻ

6. ശ്രീ. എ.കെ. ബാലൻ

7. ശ്രീമതി ഇ.എസ്. ബിജിമോൾ

8. ശ്രീ. എം. ചന്ദ്രൻ

9. ശ്രീ. ഇ. ചന്ദ്രശേഖരൻ

10. ശ്രീ. വി. ചെന്താമരാക്ഷൻ

11. ശ്രീ. കെ. ദാസൻ

12. ശ്രീ. ബി.ഡി. ദേവസ്സി

13. ശ്രീമതി  ഗീതാ ഗോപി

14. ശ്രീ. ചിറ്റയം ഗോപകുമാര്‍

15. ശ്രീ. എം. ഹംസ

16. ശ്രീമതി ജമീലാ പ്രകാശം

17. ഡോ. കെ.ടി. ജലീല്‍

18. ശ്രീ. ജി.എസ്. ജയലാല്‍

19. ശ്രീ. കെ.കെ. ജയചന്ദ്രന്‍

20. ശ്രീ. ഇ.പി. ജയരാജന്‍

21. ശ്രീ. ജോസ് തെറ്റയില്‍

22. ശ്രീ. സി. കൃഷ്ണന്‍

23. ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

24. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

25. ശ്രീ. കെ കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

26. ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

27. ശ്രീമതി കെ. കെ. ലതിക

28. ശ്രീ. മാത്യു റ്റി. തോമസ്

29. ശ്രീ. സി.കെ. നാണു

30. ശ്രീ. കെ.കെ. നാരായണൻ

31. ശ്രീ. എ. പ്രദീപ്കുമാർ

32. ശ്രീ. പുരുഷൻ കടലുണ്ടി

33. ശ്രീ. പി.റ്റി.എ. റഹീം

34. ശ്രീ. എസ്. രാജേന്ദ്രൻ

35. ശ്രീ. ആർ. രാജേഷ്

36. ശ്രീ. റ്റി.വി. രാജേഷ്

37. ശ്രീ. മുല്ലക്കര രത്നാകരൻ

38. പ്രൊഫ. സി. രവീന്ദ്രനാഥ്

39. ശ്രീ. കെ. രാജു

40. ശ്രീ. രാജു എബ്രഹാം

41. ശ്രീ. സാജു പോൾ

42. ശ്രീമതി കെ.എസ്. സലീഖ

43. ശ്രീ. എസ്. ശർമ്മ

44. ശ്രീ. വി. ശശി

45. ശ്രീ. വി. ശിവൻകുട്ടി

46. ശ്രീ. ജി. സുധാകരൻ

47. ശ്രീ. വി.എസ്. സുനിൽകുമാർ

48. ശ്രീ. കെ. സുരേഷ് കുറുപ്പ്

49. ശ്രീ. പി. തിലോത്തമൻ

50. ശ്രീ. തോമസ് ചാണ്ടി

51. ഡോ. ടി. എം. തോമസ് ഐസക്

52. ശ്രീ. ഇ.കെ. വിജയൻ

53. ശ്രീ. കെ.വി. വിജയദാസ്

മി. സ്പീക്കർ: സർ, 2014-ലെ കേരള ധനവിനിയോഗ (15-ാം നമ്പർ ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................................. 68

പ്രതികൂലിക്കുന്നവർ .................................. 53

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

( ഭൂപരിഷ്കരണ ഭേദഗതി ബില്ലിലെ ചർച്ച തുടരുന്നു )

(2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ - ചർച്ച തുടർച്ച)

ശ്രീ. എ. പ്രദീപ് കുമാർ: ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ശ്രദ്ധിക്കുന്നുണ്ടാകുമെന്ന് കരുതുന്നു. കേരളത്തിൽ കയ്യേറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന, സർക്കാരിന് അവകാശപ്പെട്ട ഭൂമി സംരക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കേണ്ട ചില നിലപാടുകളെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞുവന്നത്. അതിൽ ഏറ്റവും ഭീകരമായ കയ്യേറ്റം നടക്കുന്നത് കേരളത്തിന്റെ കടൽത്തീരത്താണ്. കടൽത്തീരത്ത് നടക്കുന്ന കയ്യേറ്റങ്ങളെ സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തന്നെ സഭയിൽ ഉന്നയിച്ചതാണ്. അന്ന് അതിന് നടപടിയും സ്വീകരിച്ചു. കോഴിക്കോട് ടൗണിലെ കടൽത്തീരത്ത് ഏകദേശം രണ്ടര ഏക്കർ വരുന്ന ഭൂമിക്ക് 20,000 രൂപയുടെ ലീസ് എമൗണ്ട് നിശ്ചയിച്ച 50 രൂപ മുദ്രപ്പത്രത്തിൽ എത്രകാലത്തേക്കെന്നില്ലാതെ ലീസിന് കൊടുക്കുന്ന ഒരു പ്രക്രിയ അവിടത്തെ പോർട്ട് ഓഫീസിൽ നടക്കുകയുണ്ടായി. അത് വളരെ അസ്വാഭാവികമായ ഒരു കാര്യമായിരുന്നു. ഇക്കാര്യം അന്ന് സഭയിൽ ഉന്നയിക്കുകയും അന്നത്തെ തുറമുഖവകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. വിജയകുമാർ ഇക്കാര്യം വളരെ സീരിയസായി എടുക്കുകയും തീരപ്രദേശത്ത് നടക്കുന്ന

കയ്യേറ്റങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നതിനുവേണ്ടി അന്നത്തെ പോർട്ട് വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീ. എൽ. രാധാകൃഷ്ണനെ ചുമതലപ്പെടുത്തുകയും ചെയ്തു. കോഴിക്കോട് തീരപ്രേദശത്ത് നടന്ന കയ്യേറ്റത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പരാതി ഉന്നയിച്ചിട്ടാണ് അന്വേഷണം പ്രഖ്യാപിച്ചതെങ്കിലും കേരളത്തിലെ മുഴുവൻ തീരപ്രദേശങ്ങളിലും നടക്കുന്ന കയ്യേറ്റത്തെ സംബന്ധിച്ച് ഒരു റിപ്പോർട്ട് ഗവൺമെന്റ് അന്ന് സഭയിൽ കൊണ്ടുവരികയുണ്ടായി. അത്തരത്തിലുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും കുറേ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഞാൻ നേരത്തെ സൂചിപ്പിച്ച, 20,000 രൂപ ലീസ് എമൗണ്ട് നിശ്ചയിച്ച് 50 രൂപ മുദ്ര പത്രത്തിൽ എഴുതി രണ്ട് ഏക്കറിലുള്ള സ്ഥലം കൈവശപ്പെടുത്താൻ നടത്തിയ ശ്രമം അന്ന് തടയപ്പെട്ടു. പിന്നീട് അതേ ആൾക്കാർ ആ സ്ഥലം കൈക്കലാക്കി. അവർ അവിടെ തീരദേശ സംരക്ഷണ നിയമമൊക്കെ മറികടന്ന് ഒരു റെസ്റ്റോറന്റ് ഉണ്ടാക്കി. അത് ഇപ്പോഴും അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അത് മറ്റാർക്കെങ്കിലും ഇപ്പോൾ മാറ്റി കൊടുത്തോയെന്ന് എനിക്കറിയില്ല. നമ്മുടെ തുറമുഖവകുപ്പിൽ ഉദ്യോഗസ്ഥ തലത്തിൽ അഴിമതിയുടെ ചക്രവർത്തിമാർ വാഴുകയാണ്. ഈ കയ്യേറ്റത്തെ സംബന്ധിച്ച് അന്ന് ഞാൻ ഒരു ചോദ്യം ചോദിക്കുകയും ചെയ്തു. അതിന്

മറുപടിയായി, ടാസ്ക് ഫോഴ്സിന്റെ ഒഴിപ്പിക്കൽ പ്രക്രിയ എന്റെ നിവേദനത്തിനെത്തുടർന്നാണെന്ന് പറഞ്ഞുകൊണ്ടുള്ള ഒരു കള്ള റിപ്പോർട്ടാണ് ഈ വകുപ്പ് എനിക്ക് തന്നത്. മത്സ്യത്തൊഴിലാളികളുടെ ഷെഡ്ഡുകൾ പൊളിച്ചുമാറ്റിയപ്പോൾ അവിടത്തെ ഐ.എൻ.ടി.യു.സി.യും സി.ഐ.ടി.യു.വും എസ്.ടി.യു.വും എല്ലാം ഉൾപ്പെടുന്ന തൊഴിലാളിസംഘടനകൾ നൽകിയ നിവേദനം പരിശോധിച്ച് ഒരു ഉചിതമായ ഒരു തീരുമാനം എടുത്തതല്ലാതെ ഈ പറയുന്ന അന്യായമായ കയ്യേറ്റക്കാരെ സംരക്ഷിക്കാൻ വേണ്ടി ഞങ്ങളാരും പറഞ്ഞിട്ടില്ല. ആ നിവേദനത്തെ ഉപയോഗിച്ചുകൊണ്ടാണ് ചെയ്തത്. അതുകൊണ്ട് തീരപ്രദേശത്തെ ഭൂമി കയ്യേറ്റം വളരെ ഗൗരവമായി കാണണം. കോഴിക്കോട്, പൊന്നാനി താലൂക്കുകളിലുള്ള ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽ വരാത്ത കാരായ്മ കുടിന്മാരുടെ പ്രശ്നം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലുള്ളതാണ്. അത് പരിഹരിക്കാനാവശ്യമായ ഒരു നിയമനിർമ്മാണം പ്രായോഗികമല്ലെന്നുള്ള ഒരു നിലപാട് ഈ ഗവൺമെന്റ് സ്വീകരിക്കുകയാണ്. 1989-ലെയും 1999-ലെയും എൽ.ഡി.എഫ്. ഗവൺമെന്റുകളുടെ കാലത്ത് സഭ ഇതിനായി നിയമം കൊണ്ടുവന്നതാണ്. ആദ്യത്തെ നിയമത്തിന്റെ ന്യൂനത പരിഹരിക്കാൻ ഭരണഘടനയുടെ ഒൻപതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി സംരക്ഷിക്കാൻ ശ്രമിച്ചു.

പക്ഷേ കോടതിയുടെ ഇടപെടൽ അന്നുണ്ടായി. അന്ന് കോടതി ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള നിയമനിർമ്മാണം ആവശ്യമാണ്. ഭൂപരിഷ്കരണ പരിധിയിൽ വരാതെ വിഷമിക്കുന്ന കാരായ്മ കുടിയാന്മാർ എന്ന വിഭാഗത്തെ സംരക്ഷിക്കാനുള്ള സമീപനം ഉണ്ടാകേണ്ടതുണ്ട്. ഒരു കാര്യവും കൂടി എനിക്ക് പറയാനുണ്ട്. രാഷ്ട്രീയമായി വന്ന ഒരു പരാമർശമാണ്. ഞാൻ ഒരു കമ്മ്യൂണിസ്റ്റ്കാരനായി ഇവിടെ ഇരിക്കുമ്പോൾ എനിക്കത് പറയേണ്ടതായിട്ടുണ്ട്. കമ്മ്യൂണിസ്റ്റുകാർ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ ഒറ്റിക്കോടുത്തവരാണെന്ന് ശ്രീ. സി. പി. മുഹമ്മദ് ഇവിടെ പ്രസംഗിച്ചപ്പോൾ പറയുകയുണ്ടായി. ബഹുമാനപ്പെട്ട സ്പീക്കർക്ക് ആ അഭിപ്രായം ഉണ്ടാകില്ലെന്ന് എനിക്കറിയാം. അങ്ങ് ധാരാളം ബുക്കുകൾ വായിക്കുന്ന, ചരിത്രം പഠിച്ച ഒരാളാണെന്ന കാര്യം എനിക്കറിയാം. ശ്രീ. സി. പി. മുഹമ്മദ് ചരിത്രം പഠിക്കാൻ ശ്രമിക്കണം. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പോലും പൂർണ്ണ സ്വാതന്ത്ര്യം എന്ന ആവശ്യം ഉന്നയിച്ചത് 1929-ലെ ലാഹോർ കോൺഫറൻസിലാണ്. അതിനുമുമ്പ്, 1921-ൽ അഹമ്മദാബാദ് കോൺഗ്രസ്സ് സമ്മേളനത്തിൽ ഇന്ത്യക്ക് പൂർണ്ണ സ്വാതന്ത്ര്യം വേണമെന്ന പ്രമേയം കൊണ്ടുവന്നത് ഹസ്രത് മൊഹാനി എന്നുപറയുന്ന കമ്മ്യൂണിസ്റ്റുകാരനാണ്. അദ്ദേഹം അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മെമ്പറാണ്. കാരണം കമ്മ്യൂണിസ്റ്റ് പാർട്ടി 1920-ൽ

രൂപം കൊണ്ടിട്ടുണ്ട്. അന്നത്തെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഹസ്രത് മൊഹാനി എന്ന കമ്മ്യൂണിസ്റ്റുകാരൻ അഹമ്മദാബാദ് സമ്മേളനത്തിൽ കൊണ്ടുവന്ന ആ പ്രമേയം വോട്ടിനിട്ട് തള്ളി. അന്നത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പോലും ഡൊമയിൻ പദവിയാണ് അംഗീകരിച്ചത്. അന്നത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സുമായി നിങ്ങൾക്ക് ഒരു ബന്ധവുമില്ല. ആ സമയത്ത് കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ച് ചെറിയ നിലയിൽ പ്രവർത്തനം ആരംഭിച്ചു. "സാമ്രാജ്യത്വം തുലയട്ടെ" എന്ന മുദ്രാവാക്യം കമ്മ്യൂണിസ്റ്റ് പാർട്ടി മുന്നോട്ടുവച്ച തിനെത്തുടർന്നാണ് 1921-ലെ പെഷവാർ ഗൂഡാലോചന കേസ്, 1924-ലെ കാൺപൂർ ഗൂഡാലോചന കേസ്, 1929-ൽ മീററ്റ് ഗൂഡാലോചന കേസ് എന്നീ കേസുകൾ കമ്മ്യൂണിസ്റ്റുകാരുടെ തലയിൽ ചുമത്തി ഭീകരമായി പീഡിപ്പിക്കുകയും വർഷങ്ങളോളം ജയിലലടക്കുകയും ചെയ്തത്. അന്നത്തെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ വിട്ടുവീഴ്ചയില്ലാത്ത സമരം നടത്തിയതുകൊണ്ടാണ്. അന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പൂർണ്ണ സ്വാതന്ത്ര്യം എന്ന ആശയം അംഗീകരിച്ചതല്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സ്വാതന്ത്ര്യസമരത്തിലുള്ള പങ്ക് ഞങ്ങളാരും നിഷേധിക്കുന്നില്ല, അതൊരു വസ്തുതയാണ്. നിങ്ങൾ മനസ്സിലാക്കേണ്ടത്, ഇന്ത്യയുടെ സ്വാതന്ത്ര്യസമരമെന്ന് പറഞ്ഞാൽ അത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് മാത്രമായിരുന്നില്ല,

കമ്മ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റ് ആശയഗതിക്കാരും ഖദർ പാർട്ടിക്കാരും ഖിലാഫത്ത് പ്രസ്ഥാനക്കാരും ഭഗത്സിംഗിനെപോലെ തീവ്രനിലപാടുകൾ സ്വീകരിച്ചിരുന്ന എല്ലാവരുംചേർന്ന, വിവിധ രാഷ്ട്രീയ ധാരകൾ ചേർന്ന ഒരു മഹാപ്രവാഹമായിരുന്നു ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനം. ആ ദേശീയ സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തെ ഇകഴ്ത്തിക്കാണിക്കാനുള്ള നിങ്ങളുടെ ശ്രമത്തിന്റെ ഭാഗമായിട്ടാണ് സ്വാതന്ത്ര്യസമരത്തെക്കുറിച്ച് കള്ളക്കഥകൾ പ്രചരിപ്പിക്കുന്നത്. കാട്ടുകോഴിക്ക് എന്ത് സംക്രാന്തി എന്നുപറയുന്നതുപോലെ സി. പി. മുഹമ്മദിന് എന്ത് സ്വാതന്ത്ര്യസമരം? നേരിട്ട് അനുഭവമില്ലാത്ത ആൾക്കാർ സ്വാതന്ത്ര്യസമരത്തെക്കുറിച്ചുള്ള പുസ്തകങ്ങൾ പഠിക്കണം. അല്ലാതെ, ഈ നിലയിലുള്ള പരാമർശങ്ങൾ സഭയിൽ നടത്തുന്നത് തികച്ചും അനുചിതമാണ്, അത് സ്വാതന്ത്ര്യസമരത്തോടുള്ള അനാദരവ് കൂടിയാണ്. സ്വാതന്ത്ര്യസമരത്തിന്റെ മൂല്യങ്ങളോ അനുഭവങ്ങളോ ഒന്നും അറിയാത്ത ആളുകളുടെ ഭാഗത്തുനിന്ന് ഇങ്ങനെയുള്ള പരാമർശങ്ങൾ ഉണ്ടാകും. ഇത് അംഗീകരിക്കാനാകില്ല. ശ്രീ. സി.പി. മുഹമ്മദിന്റെ പരാമർശത്തെ ഞാൻ ശക്തമായി എതിർക്കുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ ഒറ്റിക്കൊടുത്തത് ഒരു കൂട്ടർ മാത്രമാണ്. അത് അന്നത്തെ ഹിന്ദുമഹാസഭയും അതിന്റെ തുടർച്ചയായി 1925-ൽ വന്ന ആർ.എസ്.എസ്.

പ്രസ്ഥാനവുമാണ്. അതിനെക്കുറിച്ച് ഒരു വാക്കുപോലും പറയാതെയാണ് കമ്മ്യൂണിസ്റ്റുകാർ സ്വാതന്ത്ര്യസമരത്തെ ഒറ്റിക്കൊടുത്തു എന്ന കെട്ടുകഥ ഒരു ലജ്ജയുമില്ലാതെ സി. പി. മുഹമ്മദ് ഇവിടെ നിരത്തിയത്. അദ്ദേഹം അത് പിൻവലിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിക്കൊണ്ട്, ശ്രീ. സി.പി. മുഹമ്മദിനോട് അതിശക്തമായി പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു. ഇവിടെ സഖാവ് പ്രദീപ് കുമാർ പറഞ്ഞതുപോലെ, കർഷകപ്രസ്ഥാനത്തെ സ്മരിച്ചുകൊണ്ടേ ഞങ്ങൾക്ക് ഈ ചർച്ചയിൽ പങ്കെടുക്കാൻ കഴിയുകയുള്ളു. ഭൂരപരിഷ്കരണ നിയമത്തിന് വലിയ വില കൊടുത്ത പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. കമ്മ്യൂണിസ്റ്റുകാർ രാജ്യത്തെ ഒറ്റിക്കൊടുത്തവരാണെന്ന് ശ്രീ. സി.പി. മുഹമ്മദ് പറഞ്ഞപ്പോൾ ഞങ്ങൾക്ക് അദ്ദേഹത്തോട് വേറൊന്നും തോന്നിയില്ല, പുച്ഛം തോന്നിയെന്ന് ഞാൻ പറയുന്നില്ല. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ അടിച്ചമർത്താൻ സർ സിപി-ക്ക് പോലും കഴിഞ്ഞില്ല. പിന്നെയാണോ

ശ്രീ. സി. പി. മുഹമ്മദ് ഞങ്ങളെപ്പറ്റി സംസാരിച്ചാൽ സംഭവിക്കാൻ പോകുന്നത്? അദ്ദേഹം പറയട്ടെ. നായ് മൂത്രമൊഴിക്കുന്നിടത്തെല്ലാം ചാണകവെള്ളം കൊണ്ടുനടക്കാൻ കഴിയില്ല എന്ന് പറയുന്നതുപോലെ, എല്ലാ സ്ഥലത്തും പോയി മറുപടി പറയാൻ ഉദ്ദേശിക്കുന്നില്ല. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രമെന്താണെന്നും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ വഹിച്ച പങ്ക് എന്താണെന്നും അറിയണമെങ്കിൽ അദ്ദേഹം മറ്റാരുടെ പുസ്തകവും വായിക്കണ്ട, നെഹ്റുവിന്റെ പുസ്തകമെങ്കിലും വായിച്ചാൽ ശ്രീ. സി.പി. മുഹമ്മദിന് ഇക്കാര്യങ്ങളൊക്കെ മനസ്സിലാകും. ഞാൻ അതിനെപ്പറ്റി അത്രമാത്രമേ പറയുന്നുള്ളൂ. ഈ നിയമഭേദഗതി കേരളത്തെ പുറകോട്ടു നയിക്കാൻ വേണ്ടിയുള്ള ഒരു ഭേദഗതിയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഭൂപരിഷ്ക്കരണ നിയമത്തിന് വലിയ പ്രാധാന്യമുണ്ട്. സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പുതന്നെ കമ്മ്യൂണിസ്റ്റ്പാർട്ടിയും കർഷകപ്രസ്ഥാനവും ഉയർത്തിയ പ്രധാനപ്പെട്ട ഒരു മുദ്രാവാക്യമാണ് 'കൃഷി ഭൂമി കർഷകന് ' എന്നത്. അന്ന് കർഷകരെയും കർഷകത്തൊഴിലാളികളെയും സംഘടിപ്പിച്ചുകൊണ്ട് നടത്തിയ സമരങ്ങളിലെല്ലാം കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ശക്തമായ നിലയിൽ ഈ മുദ്രാവാക്യം ഉയർത്തി. കാരണം അന്ന് കൃഷിക്കാരനും കർഷകത്തൊഴിലാളിക്കും അന്തിയുറങ്ങാനോ അവന്റെ ശവം അടക്കം

ചെയ്യാനുള്ള ആറടി ഭൂമിപോലുമോ ഉണ്ടായിരുന്നില്ല. അവന്റെ ശവം അടക്കം ചെയ്യണമെങ്കിൽ ജന്മിയുടെ ദയാവായ്പിന് കാത്തുനിൽക്കേണ്ട കാലഘട്ടം കേരളത്തിലുണ്ടായിരുന്നു. സ്വാതന്ത്ര്യത്തിനുമുമ്പ് തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയും കർഷകപ്രസ്ഥാനവും ഈ ആവശ്യം ഉന്നയിച്ചു. ഇന്ത്യയിലെ ഒരു രാഷ്ട്രീയ പാർട്ടിയും, ഞങ്ങളെക്കാളൊക്കെ എത്രയോ പാരമ്പര്യമുണ്ടെന്ന് പറയുന്ന കോൺഗ്രസുപോലും, 'കൃഷിഭൂമി കർഷകന്' എന്ന മുദ്രാവാക്യം ഉയർത്താത്ത കാലഘട്ടത്തിലാണ് ഈ മുദ്രാവാക്യം കമ്മ്യൂണിസ്റ്റ് പാർട്ടി ഉയർത്തിയത്. 1957-ൽ സഖാവ് ഇ.എം.എസ്-ന്റെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അന്ന് പാർട്ടി സെക്രട്ടറിയായിരുന്ന സഖാവ് എം.എൻ. ഗോവിന്ദൻ നായർ പറഞ്ഞത് ഈ ഗവൺമെന്റിന്റെ ആദ്യത്തെ അജണ്ട കുടിയൊഴിപ്പിക്കൽ നിരോധനമായിരിക്കും എന്നാണ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിന്റെ ആറാം ദിവസം കുടിയൊഴിപ്പിക്കൽ നിരോധന നിയമം കൊണ്ടുവന്നു. 1957-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നിയമസഭാ സാമാജികരിൽനിന്ന് 9 അംഗങ്ങളെ തെരഞ്ഞെടുക്കുകയും ഇന്ത്യയിലെതന്നെ ആദ്യത്തെ എം.എൽ.എ ആയി തെരഞ്ഞെടുക്കപ്പെട്ട, കർഷക പ്രസ്ഥാനത്തിന്റെ നേതാവായിരുന്ന സഖാവ് ഇ. ഗോപാലകൃഷ്ണ മേനോൻ കൺവീനറായി കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

സഖാവ് സി.എച്ച്. കണാരനും ശ്രീമതി ഗൗരിയമ്മയും ഉൾപ്പെടെയുള്ള ആളുകൾ ഉണ്ടായിരുന്ന ഈ കമ്മിറ്റിയാണ് ഭൂപരിഷ്കരണ നിയമത്തെപ്പറ്റിയുള്ള ആലോചന നടത്തിയത്. അതിന്റെ സമീപന രേഖ അന്ന് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി ആ കമ്മിറ്റിയിൽ അവതരിപ്പിച്ചത് സി. അച്യുത മേനോനായിരുന്നു. നിയമമുണ്ടാക്കാൻവേണ്ടി ശ്രീമതി കെ. ആർ. ഗൗരിയമ്മയെയാണ് ചുമതലപ്പെടുത്തിയത്. അങ്ങനെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പരിണിതപ്രജ്ഞരായ നേതാക്കൻമാർ കേരളത്തിന്റെ ചരിത്രവും സാമൂഹ്യ പശ്ചാത്തലവും മനസ്സിലാക്കിക്കൊണ്ടാണ് മഹത്തായ ഭൂപരിഷ്കരണ നിയമം കേരളത്തിൽ കൊണ്ടുവന്നത്. 1957-ൽ ആ നിയമം പാസാക്കിയെങ്കിലും അത് നടപ്പാക്കാൻ 13 വർഷം കാത്തിരിക്കേണ്ടിവന്നു. ഒരു കാര്യം കൂടി മനസ്സിലാക്കിയാൽ അതിന്റെ പ്രത്യേകത മനസ്സിലാക്കാൻ കഴിയും. ഇന്ന് ലോകത്തിൽ ഒരു ചതുരശ്ര കിലോ മീറ്ററിൽ ശരാശരി 55 മനുഷ്യരും ഇന്ത്യയിൽ ഒരു ചതുരശ്ര കിലോമീറ്ററിൽ 378 മനുഷ്യരുമാണ് താമസിക്കുന്നത്. എന്നാൽ കേരളത്തിൽ ഒരു ചതുരശ്ര കിലോമീറ്ററിൽ 859 ആളുകൾ താമസിക്കുന്നു. ഇത്രയുമധികം ആളുകൾ തിങ്ങിപ്പാർക്കുന്ന കേരളത്തിലാണ് ഏറ്റവും കൂടുതൽ ഭൂ ഉടമകളുള്ളത്. കേരളത്തിൽ 93 ശതമാനം കുടുംബങ്ങൾക്കും ഭൂമിയുണ്ട്. അവിടെയാണ് നിയമത്തിന്റെ

ഭേദഗതിയെപ്പറ്റി, നിങ്ങൾ ചരിത്രത്തെ തിരിച്ചുനടത്തുകയാണ് എന്ന് ഞാൻ പറയാൻ കാരണം. ഇന്ന് 93 ശതമാനം കുടുംബങ്ങൾക്കും ഭൂമിയുണ്ടാകാൻ കാരണം 1957-ലെ ഇ.എം.എസ് ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയെടുത്ത തീരുമാനമാണ്. ഇത്രയുമധികം ആളുകൾക്ക് ഭൂമിയുള്ള മറ്റൊരു സംസ്ഥാനം ഇന്ത്യയിൽ ഇല്ല. 1957-ൽ ഇ.എം.എസ് ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേരളത്തിൽ സ്വന്തമായി ഭൂമിയുള്ളവർ 9 ശതമാനം മാത്രമായിരുന്നു. 91 ശതമാനം ആളുകളും ജന്മിമാരുടെ കീഴിൽ കഴിയേണ്ടിവന്നു. അവരെക്കുറിച്ചാണ് ഞാൻ നേരത്തെ പറഞ്ഞത്. അന്ന് ആളുകൾക്ക് ജീവിക്കാൻ അവകാശമുണ്ടായിരുന്നില്ല. അവർ ജന്മിമാരുടെ പീഡനത്തിന് വിധേയരായി ഒരു സെന്റ് ഭൂമിപോലും ഇല്ലാതെ കഴിഞ്ഞവരാണ്. ആ ആളുകൾക്കാണ് ഈ നിയമത്തിന്റെ ഭാഗമായി 10 സെന്റ് വരെ ഭൂമി ലഭിച്ചത്. എന്റെ കുടുംബവും 10 സെന്റ് ഭൂമി ലഭിച്ച കൂട്ടത്തിലുള്ളതാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി കൊണ്ടുവന്ന നിയമത്തെ രോമാഞ്ചത്തോടുകൂടി ഓർക്കാൻവേണ്ടിയാണ് ഞാൻ ഇപ്പോൾ ഇക്കാര്യങ്ങൾ സൂചിപ്പിച്ചത്. അങ്ങനെയുള്ള ലക്ഷക്കണക്കിന് കുടുംബങ്ങൾ കേരളത്തിലുണ്ട്. അന്ന് എല്ലാ ഭൂമിയും സ്വന്തമായി ഭൂമിയുണ്ടായിരുന്ന 9 ശതമാനം ആളുകളുടെ കൈവശമായിരുന്നു.

ശ്രീ. എ.കെ. ബാലൻ: സർ, ഭൂപരിഷ്കരണ നിയമം കേരളത്തിന്റെ ചരിത്രത്തിലെ അവിസ്മരണീയമായ സംഭവമാണ്. പാട്ടക്കുടിയാനും കാണക്കുടിയാനുമൊക്കെ ഭൂമിയുടെ ഉടമയായിരുന്നു. പക്ഷെ, അന്ന് പാവപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്കാർ കുടികിടപ്പുകാരായിരുന്നു. യഥാർത്ഥത്തിൽ 10 സെന്റ് ഭൂമിയുടെ ഉടമകളാകാനേ അവർക്ക് കഴിഞ്ഞിരുന്നുള്ളൂ. പിന്നീട് മൂന്നുനാല് കുടുംബങ്ങളായപ്പോൾ 10 സെന്റ് രണ്ടും മൂന്നും സെന്റുകളായി. അവർ മരണപ്പെട്ടുകഴിഞ്ഞാൽ അവരെ കുഴിച്ചിടാൻ ഒരു സെന്റ് ഭൂമിപോലുമില്ല, അടുക്കള കുഴിച്ച് ശവസംസ്കാരം നടത്തുകയാണ് ചെയ്യുന്നത്. ഈ ഘട്ടത്തിലാണ് ആയിരക്കണക്കിനേക്കർ ഭൂമി, ഫോറസ്റ്റിന്റെ പേരിലായാലും പ്ലാന്റേഷന്റെ പേരിലായാലും, പ്രമാണിമാരുടെ കൈയിലുള്ളത്. പാവപ്പെട്ട ജനങ്ങൾക്ക് കിട്ടേണ്ട ആയിരക്കണക്കിന് ഏക്കർ ഭൂമിയാണ് അനധികൃതമായി പ്രമാണിമാരുടെ കൈവശമുള്ളത്. യഥാർത്ഥത്തിൽ അന്ന് ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ടുകൊണ്ട് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന വർഗ്ഗ സമരത്തിന്റെ തുടർച്ച ഇപ്പോൾ കേരളത്തിൽ അനിവാര്യമല്ലേ എന്നാണ് ഞാൻ ബഹുമാനപ്പെട്ട മെമ്പറോട് ചോദിക്കുന്നത്.

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, കമ്മ്യൂണിസ്റ്റ് പാർട്ടി അന്ന് വർഗ്ഗ സമര സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ, ഭൂരഹിതരായ ആളുകൾക്കുവേണ്ടി ആരംഭിച്ച പോരാട്ടം ഇന്നും തുടരുകയാണ്. ഇന്ന് കേരളത്തിൽ 7 ശതമാനം കുടുംബങ്ങളാണ് ഭൂരഹിതരായിട്ടുള്ളത്. 1957-ൽ ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ 9 ശതമാനം കുടുംബങ്ങൾക്ക് മാത്രമാണ് സ്വന്തമായി ഭൂമിയുണ്ടായിരുന്നത്. ഇന്ന് ഭൂമിയില്ലാത്ത ആളുകളെ 7 ശതമാനമാക്കി മാറ്റിയത് ആ ചരിത്ര ദൗത്യമാണ്. ആ ചരിത്ര ദൗത്യത്തെയാണ് നിങ്ങൾ അട്ടിമറിക്കുന്നത്. ഇവിടെ ഭൂപരിധി നിയമം അനുസരിച്ച് 15 ഏക്കറിൽ കൂടുതൽ ഭൂമി ആളുകൾക്ക് കൈവശം വയ്ക്കാൻ കഴിയില്ല. 1967-ൽ ശ്രീമതി കെ. ആർ. ഗൗരിയമ്മ തന്നെ ഭേദഗതി ബിൽ കൊണ്ടുവരികയും അതിനെ അട്ടിമറിക്കപ്പെടുകയും ചെയ്തതിനുശേഷം അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് ആ നിയമം പൂർണ്ണമായി നടപ്പിലാക്കുകയും അത് ഭരണഘടനയുടെ 9-ാം അനുച്ഛേദത്തിൽ കൊണ്ടുവരികയും ചെയ്തു. സഖാവ് പി.എസ്. ശ്രീനിവാസൻ റവന്യൂ മന്ത്രിയായിരിക്കുമ്പോഴാണ് ഒരു പൈസയും കൊടുക്കാതെ സ്വകാര്യ വനഭൂമി ഗവൺമെന്റ് ഏറ്റെടുത്തത്, അത് ചരിത്രമാണ്. ആ ചരിത്രത്തെ ആർക്കും നിഷേധിക്കാൻ കഴിയില്ല. ഇങ്ങനെ കൊണ്ടുവന്ന നിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം ലാന്റ് സീലിംഗിൽ കൂടുതൽ (15 ഏക്കർ) ഭൂമിയുണ്ടെങ്കിൽ ആ

ഭൂമി മിച്ചഭൂമിയായി പിടിച്ചെടുക്കാൻ കഴിയും. അത് ഭൂരഹിതരായ ആളുകൾക്ക് വിതരണം ചെയ്യേണ്ടതും സർക്കാരിന്റെ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തേണ്ടതുമാണ്. മിച്ചഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്ന ആളുകൾ നിയമവിരുദ്ധമായി അത് കൈമാറ്റം ചെയ്യുന്നു, അതിനുള്ള നിയമസാധുതയാണ് നൽകുന്നത്. 10 ഏക്കർ വരെ ഭൂമിയുണ്ടായിരുന്നത് കുറച്ച് 4 ഏക്കറാക്കി മാറ്റിയിരിക്കുകയാണ്. എങ്ങനെയാണ് ഇത് സാധിക്കുന്നത്? 1963-ലെ മൂലനിയമത്തിന്റെ ഇന്റൻഷന് വിരുദ്ധമായാണ് ഇപ്പോൾ ചെയ്യുന്നത്. മിച്ചഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് നിയമസാധുത നൽകുകയാണ്. അതുകൂടാതെ കൊണ്ടുവന്ന ഭേദഗതി, കശുമാവ് തോട്ടത്തെയും തോട്ടം എന്ന നിലയിൽ ഉൾപ്പെടുത്തി. അതിന് കാലപരിധി വച്ചില്ല. ഇതുകാലം വരെ കശുമാവ് തോട്ടമായിരുന്നു എന്നല്ല പറഞ്ഞത്. അനധികൃതമായി ഭൂമിയുണ്ടെങ്കിൽ അതിൽ കശുമാവ് വച്ചാൽ തോട്ടഭൂമിയാക്കി മാറ്റി എക്സംപ്ഷൻ കൊടുക്കും. 720000 ഏക്കർ തോട്ടഭൂമി അന്ന് ഗവൺമെന്റ് എക്സംപ്ഷൻ കൊടുത്തതിന്റെ കാരണം നമുക്കെല്ലാം അറിയാം. കേരളത്തിന്റെ സമ്പദ്ഘടനയിൽ, നാണ്യവിള ഉൽപ്പാദിപ്പിക്കുന്ന കാര്യത്തിൽ കാർഷിക മേഖലയിൽ മുഖ്യമായ പങ്കുവഹിക്കുന്ന തോട്ടങ്ങളെ തോട്ടങ്ങളായി നിലനിർത്തണമെന്നുള്ളതുകൊണ്ടാണ് അന്ന് എക്സംപ്ഷൻ

നൽകിയത്. തോട്ടങ്ങളായി നിലനിർത്താൻവേണ്ടിയാണ് അവർക്ക് എക്സംപ്ഷൻ കൊടുക്കാൻ തീരുമാനിച്ചത്. നിങ്ങൾ അതിൽ 5 ശതമാനം ടൂറിസം വികസനത്തിനുവേണ്ടി ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവ നിർമ്മിക്കാം, മറ്റ് കാർഷികാവശ്യങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കാം എന്ന വ്യാജേന 720000 ഹെക്ടർ വരുന്ന നമ്മുടെ സംസ്ഥാനത്തിന്റെ മുഖ്യ വരുമാനമായ കാർഷിക മേഖലയെ നശിപ്പിച്ച് തോട്ടമല്ലാതാക്കി മാറ്റി റിസോർട്ട് മാഫിയകൾക്കും കയ്യേറ്റ മാഫിയകൾക്കുംവേണ്ടി അവസരം ഒരുക്കികൊടുക്കാൻവേണ്ടി ചെയ്തതാണ്. ടാറ്റയുടെ കെ.എച്ച്.ഡി.പി. ഭൂമിയിൽ മുത്തുറ്റ് പണിത ഒരു റിസോർട്ടുമായി ബന്ധപ്പെട്ടാണ് വിവാദം ആരംഭിച്ചത്. അന്ന് തോട്ടമുടമകളുടെ ആവശ്യമാണ് നിങ്ങളുടെ ഗവൺമെന്റ് അംഗീകരിച്ചുകൊടുത്തത്.

<u>മി. ചെയർമാൻ:</u> ശ്രീ. വി.എസ്. സുനിൽ കുമാർ, ഇനിയും മൂന്നോളം ബഹുമാനപ്പെട്ട അംഗങ്ങൾ ഈ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കേണ്ടതുണ്ട്. അതിനുശേഷം അടുത്ത ഒരു ബിൽ കൂടിയുണ്ട്. ആ ബില്ലിന് 800 ഓളം ഭേദഗതികളുണ്ട്. നിങ്ങളെല്ലാവരും ആത്മാർത്ഥമായി ശ്രമിച്ചാലും 6 മണിക്കുമുമ്പ് സഭാനടപടികൾ അവസാനിപ്പിക്കാൻ കഴിയില്ല. അതുകൊണ്ട് എല്ലാവരും

സഹകരിച്ചാൽ മാത്രമേ 6 മണിക്കെങ്കിലും സഭാനടപടികൾ അവസാനിപ്പിക്കാൻ കഴിയൂ. എല്ലാവരും ദയവായി ചെയറിനോട് സഹകരിക്കുക.

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, ഞാൻ ചെയറിനോട് പൂർണ്ണമായും സഹകരിക്കും. ഞാൻ ഒരിക്കലും മറ്റുള്ളവർ എടുത്തതിനേക്കാൾ കൂടുതൽ സമയമെടുക്കില്ല. പക്ഷേ എന്റെ റൈറ്റിനെ അങ്ങ് ഒരിക്കലും ചോദ്യം ചെയ്യരുത്.

മി. ചെയർമാൻ: അങ്ങയുടെ റൈറ്റിനെ ചോദ്യം ചെയ്യുകയില്ല. ഇന്ന് ചെയറിനോട് സഹകരിച്ചാൽ മാത്രമേ കാര്യങ്ങൾ വേഗം നടക്കുകയുള്ളൂ.

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, ഞാൻ പറഞ്ഞത്, 25 ലക്ഷത്തിലധികം കുടുംബങ്ങൾക്കാണ് സർക്കാരിന്റെ അന്നത്തെ തീരുമാനം കൊണ്ട് ഗുണം കിട്ടിയത്. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഓരോ കാര്യങ്ങളും അതിന്റെ തുടർച്ചയാണ്. കുടിയൊഴിപ്പിക്കൽ നിർത്തിയും, ഭൂമി ഇല്ലാത്തവർക്ക് ഭൂമി കൊടുത്തും, വീടില്ലാത്തവർക്ക് വീട് കൊടുത്തും അധികാരം കിട്ടിയ കാലത്തെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടി അതാത് കാലങ്ങളിലെ നിയമങ്ങിൽ ഭേദഗതി വരുത്തിക്കൊണ്ട് സർക്കാരിന്റെ ഭൂമി സർക്കാരിന്റേതാക്കി മാറ്റാനും പൊതുസ്വത്താക്കേണ്ടത് പൊതുസ്വത്ത് ആക്കാനും പരിശ്രമങ്ങൾ നടത്തി. ഇടതുപക്ഷ സർക്കാരുകൾ

ധാരാളം പട്ടയവിതരണങ്ങൾ നടത്തി. സഖാവ് കെ.ടി. ജേക്കബ്, പി.എസ്. ശ്രീനിവാസൻ, ശ്രീ. ഷിബു ബേബി ജോണിന്റെ പിതാവ് ബേബി ജോൺ, ശ്രീ. കെ. എം. മാണി തുടങ്ങിയവർ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറ്റവും കൂടുതൽ പട്ടയം നൽകിയവരാണ്. എൽ.ഡി.എഫ്. ന്റെ കാലത്ത് പട്ടയം കൊടുത്തിട്ടില്ലെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി തെറ്റിദ്ധരിപ്പിച്ച് പറയുകയുണ്ടായി. ഞാൻ അതിന്റെ കണക്കെടുത്തു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഏകദേശം 1,35,412 പേർക്ക് 79 പട്ടയമേളകളിലൂടെ പട്ടയം കൊടുത്തു. അതിൽ 6120 പേർ ആദിവാസികളായിരുന്നു. 2008-ൽ സഖാവ് കെ.പി. രാജേന്ദ്രൻ ജനുവരി മാസം മൂന്നാം തീയതി നടത്തിയ പ്രഖ്യാപനമാണ് ഭൂരഹിതരില്ലാത്ത കേരളം എന്ന പദ്ധതിക്ക് തുടക്കം കുറിച്ചത്. നിങ്ങൾ അതിന്റെ പേര് മാറ്റി Landless എന്നാക്കിയത് നല്ല കാര്യമാണ്. ഒരു ഗവൺമെന്റ് തുടങ്ങിവച്ച ആശയങ്ങൾ പിന്നീട് വരുന്ന ഗവൺമെന്റുകൾ എടുക്കുകയെന്നുള്ളത് കേരളത്തിന്റെ തുടർച്ചയാണ്. ഇപ്പോൾ ബി.ജെ.പി. ചെയ്യുന്നതുപോലെ തോന്നിയ രീതിയിൽ ഇവിടെ ചെയ്യാറില്ല. ഇ.എം.എസ്. ഭവന പദ്ധതി നിങ്ങൾ നശിപ്പിച്ചുവെന്നല്ലാതെ തള്ളിക്കളഞ്ഞില്ല. വളർത്താനാണോ കൊല്ലാനാണോ എന്നറിയാൻ കഴിയാത്ത വിധം ഞെക്കിവിടും. 2008-ൽ സഖാവ് കെ.പി.

രാജേന്ദ്രൻ കൊണ്ടുവന്ന ആശയത്തിനനുസരിച്ചുള്ള നിയമം നിങ്ങൾ കൊണ്ടുവന്നുവെന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഇവിടെ സംഭവിച്ചതെന്താണ്, ഞാൻ എല്ലാ ബഹുമാനത്തോടും സ്നേഹത്തോടും പറയുകയാണ്. സത്യത്തിൽ പട്ടയമേളയെന്നുപറഞ്ഞ് ആളുകൾക്ക് ഭൂമി വിതരണം ചെയ്യുന്ന കാര്യത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്താണെന്ന് അങ്ങ് പരിശോധിക്കണം. 4 ഏക്കർ ഭൂമിയായി ചുരുക്കിക്കഴിഞ്ഞാൽ ഭൂരഹിത പദ്ധതിക്ക് ഉപയോഗപ്പെടുത്താൻ കഴിയുമെന്നാണ് അങ്ങ് പറയുന്നത്. നല്ല കാര്യമാണെന്ന് തോന്നുമെങ്കിലും ഉദ്ദേശം അതല്ലെന്ന് നമുക്കറിയാം. ഇക്കാര്യത്തിൽ സംഭവിച്ചതെന്താണ്; സർക്കാർ ഉദ്ദേശ്യ കാരണത്തിൽ പറയുന്നുണ്ട്, 2012-ൽ നിങ്ങൾ കൊണ്ടുവന്ന 8-ാം ആക്ട് പ്രകാരം കൂട്ടിച്ചേർത്ത 81-ാം ഭേദഗതി പ്രകാരം അന്നുകൊണ്ടുവന്ന നിയമം മറ്റാവശ്യങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്തുന്നതിന്റെ ഫലമായി പ്രസ്തുത ഇളവ് പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം, വനസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട ഗുരുതരമായ പ്രശ്നങ്ങൾക്ക് ഇടയാക്കിയെന്ന് നിങ്ങൾ സമ്മതിക്കുന്നുണ്ടെങ്കിൽ ആ ഭേദഗതി പിൻവലിക്കണ്ടേ? ഡയറി ഫാം നടത്താനുള്ള അനുവാദവും കൊടുത്തിരിക്കുകയാണ്. നിങ്ങൾ ഒരു കാര്യം പറയുമ്പോൾത്തന്നെ അതിനോട് ആത്മാർത്ഥത പുലർത്തുന്നുണ്ടെങ്കിൽ ഈ

നിയമത്തിൽ പുതിയതായി കൂട്ടിച്ചേർത്ത ആക്ടിൽ 81-ാം ഭേദഗതി തെറ്റാണെന്ന് ഉദ്ദേശ്യകാരണത്തിൽ പറയുന്നു. അത് തെറ്റായതുകൊണ്ട് പിൻവലിച്ച്, പകരം ഡയറിം ഫാം കൊണ്ടുവരുന്നുവെന്നല്ല പറയുന്നത്. അത് നിലനിർത്തിക്കൊണ്ട് തന്നെ റിസോർട്ട് കെട്ടാനും ഹോട്ടൽ തുടങ്ങാനും മറ്റ് ആവശ്യങ്ങൾ തുടങ്ങാനുമുള്ള എല്ലാവിധ അവകാശങ്ങളും ആ നിയമത്തിന്റെ വകുപ്പുകളിൽ നിലനിർത്തിക്കൊണ്ട് ഡയറിഫാം എന്നുകൂടി ചേർക്കുകയാണ്. ശ്രീ. ആര്യാടൻ മുഹമ്മദ്, തെറ്റായ ഭേദഗതി പിൻവലിച്ച് ഡയറിഫാം കൊണ്ടുവരുന്നുവെന്ന് പറഞ്ഞാൽ മനസ്സിലാക്കാം. തോട്ടം മേഖലയിൽ പണിയെടുക്കുന്ന ലക്ഷക്കണക്കിന് തൊഴിലാളികളുണ്ട്. അങ്ങൊരു തൊഴിലാളി നേതാവല്ലേ. ഈ നിലയിൽ നമ്മുടെ സംസ്ഥാനം പോയാൽ തോട്ടം മേഖലയിൽ പണിയെടുക്കുന്ന 14 ലക്ഷത്തോളം വരുന്ന തൊഴിലാളികളുടെ 10-15 വർഷം കഴിഞ്ഞാലുള്ള സ്ഥിതി എന്താകും? ഇതൊക്കെ ആരോട് ആലോചിച്ചാണ് ചെയ്യുന്നത്.

മി. ചെയർമാൻ : യെസ്.......

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, യെസ്, യെസ് എന്നു പറയരുത്. 35-ഉം 40-ഉം മിനിട്ട് സംസാരിച്ച ആളുകളുണ്ട്. ഞാൻ നിർത്തിക്കൊള്ളാം.

മി. ചെയർമാൻ : ഇനിയും ഒരു ബിൽ കൂടി എടുക്കാനുണ്ട്. എല്ലാവരും സഹകരിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് ഇടപെടാതിരുന്നാൽ ഞാൻ പെട്ടെന്ന് പറഞ്ഞ് അവസാനിപ്പിക്കാം. എന്റെ കോൺസൺട്രേഷൻ പോകുന്നതുകൊണ്ടാണ്.

മി. ചെയർമാൻ: യെസ്. 5 മിനിട്ടിനുള്ളിൽ അവസാനിപ്പിക്കണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പ്രധാനപ്പെട്ട ഒരു കാര്യം കൂടി പറയാനുണ്ട്. അത് തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നമാണ്. നമ്മുടെ സംസ്ഥാനത്ത് ഇനി മിച്ചഭൂമി ഒരിക്കലും കിട്ടില്ല. കൈവശമുള്ള മിച്ചഭൂമിയിൽ കശുമാവ് വച്ചാൽ പോരെ. മിച്ചഭൂമി കണ്ടെടുക്കേണ്ട ഉത്തരവാദിത്തം ലാന്റ് ബോർഡുകൾക്കല്ലേ? റവന്യൂ വകുപ്പിന്റെ സബ്ജക്ട് കമ്മിറ്റിയിൽ കഴിഞ്ഞ 3 വർഷമായിട്ടുള്ള ആളാണ് ഞാൻ. തൃശ്ശൂർ ജില്ലയിൽ അനധികൃതമായി കോൾ പാടം നികത്തി കൈപ്പാടത്ത് ഗ്രൂപ്പ് 25 ഏക്കർ ഭൂമി കൈവശം വച്ചു. 6800 ലോഡ് മണ്ണിറക്കി നിലം നികത്തി. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾ ഇടപെട്ട് 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുസരിച്ച് ആ മണ്ണ് തിരിച്ചെടുപ്പിച്ചു. ഇവരുടെ കൈവശം മിച്ചഭൂമിനിയമ വിരുദ്ധമായി അധിക

ഭൂമിയുണ്ടോയെന്ന് അന്വേഷിക്കാൻ റവന്യൂ ഡിപ്പാർട്ടുമെന്റിനോട് പറഞ്ഞു. 25 ഏക്കർ ഭൂമി അധികമായി ഉണ്ടെന്ന് ജില്ലാ കളക്ടർ കണ്ടെത്തി. രണ്ട് വില്ലേജുകളിലായി രണ്ട്സർവ്വെ നമ്പരിൽ 15 ഏക്കർ ഭൂമി അധികമാണ്. ആ ഭൂമി പിടിച്ചെടുക്കണമെന്ന് പറഞ്ഞപ്പോൾ അവർക്ക് മറ്റ് ജില്ലകളിൽ കൂടി ഭൂമിയുണ്ടോയെന്ന് പരിശോധിച്ചാൽ മാത്രമേ നടപടി എടുക്കാൻ കഴിയുകയുള്ളൂവെന്നാണ് പറഞ്ഞത്. അത് ഏത് നിയമനം അനുസരിച്ചാണ്? ബ്യൂറോക്രസിയും പൊളിറ്റിക്കൽ ലീഡർഷിപ്പും കൂടി അതിട്ട് ചവിട്ടുകയാണ്. ആ 25 ഏക്കർ അധിക ഭൂമി പിടിച്ചെടുക്കാൻ എന്തുകൊണ്ട് കഴിയുന്നില്ല. മറ്റ് 14 ജില്ലകളിൽ ഭൂമിയുണ്ടോയെന്ന് പരിശോധിക്കാൻ 3 വർഷം വേണോ? ഇപ്പോഴും അത് കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. ഇങ്ങനെ ലാന്റ് സീലിംഗ് നിയമം ലംഘിച്ചുകൊണ്ട് റിയൽ എസ്റ്റേറ്റ് മാഫിയ നൂറുകണക്കിന് ഏക്കർ ഭൂമി കൈവശം വച്ചിരിക്കുകയാണ്. അതിന് കഴിയുമോയെന്ന് പരിശോധിക്കണ്ടേ? റിയൽ എസ്റ്റേറ്റ് മാഫിയകളുടെ കയ്യിൽ അനധികൃതമായിരിക്കുന്ന ഭൂമി, ലാന്റ് സീലിംഗിന് അപ്പുറത്ത് പല പേരുകളിൽ രജിസ്റ്റർ ചെയ്ത് സൂക്ഷിക്കുകയാണ്. ഭൂപരിഷ്കരണ നിയമം കൊണ്ടുവരുമ്പോൾ കേരളത്തിലെ കാർഷിക മേഖലയ്ക്ക് മാറ്റമുണ്ടാക്കാനുള്ള ധാരാളം നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു. അതെല്ലാം തമസ്കരിക്കപ്പെട്ടുവെന്നത് സത്യമാണ്.

കാരണം ഭൂമി ഒരു നിക്ഷേപമായി മാറി. ഭൂരഹിതരായ ആളുകൾ കുറവാണെങ്കിലും ഭൂമി ഒരു ഡെപ്പോസിറ്റായി മാറി. റിയൽ എസ്റ്റേറ്റ് മാഫിയയ്ക്ക് പണമുണ്ടാക്കാൻ കഴിയുന്ന ഡെപ്പോസിറ്റാക്കി മാറ്റിയതാണ് കേരളത്തിൽ ഭൂമാഫിയ വളരാനുണ്ടായ പ്രധാനപ്പെട്ട കാര്യം. അതിന് നമ്മൾ വളം വച്ചുകൊടുക്കുകയാണ്. അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്ന ആളുകളുണ്ട്. കരുണ എസ്റ്റേറ്റിന്റെ കാര്യം പറഞ്ഞു. ടാറ്റാ പോലുള്ള വമ്പന്മാരായിട്ടുള്ള ആളുകളുടെ കയ്യിൽ ലക്ഷക്കണക്കിന് ഏക്കർ ഭൂമി ഉണ്ടെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അത് തിരിച്ചെടുക്കാൻ നമുക്കാർക്കെങ്കിലും കഴിഞ്ഞിട്ടുണ്ടോ? എന്തുകൊണ്ട് തിരിച്ചെടുക്കാൻ കഴിയില്ലെന്ന് പരിശോധിക്കേണ്ടതിന് പകരം വീണ്ടും കേരളത്തിൽ കൊണ്ടുവന്ന വളരെ പ്രധാനപ്പെട്ട ഈ നിയമത്തെ ദുർബലപ്പെടുത്തുകയാണ്. അതുകൊണ്ട് സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യത്തിന് എതിരായി....... ഹാരിസൺ ഭൂമിയുടെ കാര്യത്തിൽ എന്താണ് സ്ഥിതി അത് തിരിച്ച് പിടിക്കാൻ കഴിഞ്ഞോ? തൃശ്ശൂർ ജില്ലയിൽ ആ സ്ഥലത്തുതന്നെയാണ് ഒരു ക്ലബ്ബിന്റെ ഭൂമി, സർക്കാർ ഭൂമിയാണെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞിട്ടുപോലും പിടിച്ചെടുക്കാൻ പറ്റിയോ? പല പ്രദേശത്തും വമ്പന്മാരുടെ കയ്യിലുള്ള ഭൂമി നമുക്ക് പിടിച്ചെടുക്കാൻ സാധിക്കുമോ? വമ്പന്മാർക്കുള്ള നിയമം കൊക്ക് വലിയ മീനിനെ കാണുമ്പോൾ കണ്ണ്

അടയ്ക്കുന്നതുപോലെ കണ്ണടുക്കുകയാണ്. എതിന് ബ്യൂറോക്രസി കൂട്ടുനിൽക്കുന്നു. സർക്കാരുകൾ മാറി വന്നാലും ബ്യൂറോക്രസി മാറുന്നില്ല. നിയമങ്ങൾ അവരല്ലേ കൈകാര്യം ചെയ്യേണ്ടത്. ആ നിയമങ്ങൾ പലപ്പോഴും തമസ്കരിക്കപ്പെടുകയാണ്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിങ്ങൾ എന്ത് ചെയ്തു. ആ നിയമം ഉറങ്ങുകയല്ല, അതിനെ ഉറക്കികിടത്തി, സംസ്ഥാനത്ത് പാറമട ലോബികളെല്ലാം ചേർന്നുകൊണ്ട് തണ്ണീർത്തടങ്ങളും പാറക്കെട്ടുകളും പുഴകളും കായലോരങ്ങളും എല്ലാം നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വികസനത്തിന്റെ കുപ്പായമിട്ടുകൊണ്ടാണ് ഇതെല്ലാം നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. പുഴയോരത്തെയോ പാടശേഖരത്തെയോ നികത്തുന്നതോ പാറപൊട്ടിക്കുന്നതോ എതിർത്താൽ വികസന വിരോധിയായി മാറും. ഇക്കാര്യങ്ങൾ സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. നാം അതൊക്കെ മാറ്റേണ്ട സമയമായില്ലേ? സംസ്ഥാനത്ത്, രൂക്ഷമായ വരൾച്ചാ കാലത്ത് കുടിവെള്ളം മുട്ടുകയാണ്. അങ്ങനെയുള്ള കാലത്ത് തണ്ണീർത്തടങ്ങൾ നികത്താതിരിക്കാൻ വേണ്ടി അങ്ങയുടെ മുൻഗാമി സഖാവ് കെ.പി. രാജേന്ദ്രൻ കൊണ്ടുവന്ന നിയമമല്ലേ? ആ നിയമത്തിന്റെ ഡാറ്റാ ബാങ്ക് ഉണ്ടാക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എ. കെ. ബാലന് കൊടുത്ത മറുപടിയിൽ 70 ശതമാനം ഭൂമിയുടെ ഡാറ്റാ ബാങ്ക് ക്ലിയർ

ആയെന്നാണ് പറഞ്ഞിട്ടുള്ളത്. അതിനുശേഷം ആ ഡാറ്റാ ബാങ്ക് റദ്ദാക്കേണ്ട കാര്യമെന്തായിരുന്നു? ആരുടെ താൽപ്പര്യമാണ് നിങ്ങൾ സംരക്ഷിക്കുന്നത്? ആർക്കുവേണ്ടിയാണ് ആ നിയമം ഉണ്ടാക്കിയത്? അത് സഭയിൽ ഐകണ്ഠ്യേന പാസ്സാക്കിയ നിയമമല്ലേ? ആ നിയമം അട്ടിമറിക്കുന്നത് ആർക്ക് വേണ്ടി? ഇപ്പറയുന്ന ഭൂമാഫിയയ്ക്കും പാറമട ലോബിക്കും കയ്യേറ്റക്കാർക്കും റിസോർട്ട്കാർക്കും തോട്ടമുടമകൾക്കും വേണ്ടി നിങ്ങൾ ആ നിയമത്തെ ഉറക്കി കിടത്തിയില്ലേ; ആ നിയമത്തിന്റെ ഇപ്പൊഴത്തെ സ്ഥിത എന്താണ്? 450 ഹെക്ടർ ഭൂമി നെൽവയലുകൾ ഇതിന്റെ മറവിൽ നികത്തപ്പെട്ടുവെന്ന് ഇന്റലിജൻസ് റിപ്പോർട്ടുണ്ട്.

<u>മി. സ്പീക്കർ</u> : ശ്രീ. വി.എസ്. സുനിൽ കുമാർ, 20 മിനിട്ട് കഴിഞ്ഞു. ദയവായി സഹകരിക്കണം. യു.ഡി.എഫ്-ന്റെ ഭരണത്തിൽ ഇവിടെ നടക്കുന്നത് എന്താണെന്നറിയാമോ; ഭൂമി കൈയേറ്റ മഹാമഹം നടന്നുക്കൊണ്ടിരിക്കുകയൊണന്നാണ് എല്ലാവരും പറയുന്നത്. അങ്ങ് നിയന്ത്രിക്കുന്നതുകൊണ്ട് ഞാൻ ആ കാര്യത്തിലേയ്ക്കൊന്നും പോകുന്നില്ല. ഭൂമികൈയേറ്റക്കാരുടെ കൂടെയാണ് ഈ ഗവൺമെന്റ്. അവർക്കു വേണ്ടിയാണ് ഈ നിയമം. ഇവിടെ ഒരുകാര്യം പറഞ്ഞ് ഞാനവസാനിപ്പിക്കാം. പാറ്റൂർ ഭൂമിയിടപാടുമായി ബന്ധപ്പെട്ട് ഇവിടെ നേരത്തെ ശ്രീ. വി. ശിവൻകുട്ടി ചില

കാര്യങ്ങൾ സൂചിപ്പിച്ചപ്പോൾ നമ്മുടെ മന്ത്രി ഇതൊക്കെ ഇവിടത്തെ സെക്രട്ടറിയുടെ കുഴപ്പം കൊണ്ടാണെന്ന് പറഞ്ഞു. ഇതൊക്കെ നോക്കേണ്ടതിന്റെ ഉത്തരവാദിത്വം കോർപ്പറേഷൻ സെക്രട്ടറിക്കാണെന്നാണ് ഇവർ പറഞ്ഞത്. കോർപ്പറേഷൻ സെക്രട്ടറി ഇതെല്ലാം നോക്കിയിട്ടുണ്ട്. അതിന്റെ ഫയൽ എന്റെ കൈവശമിരിപ്പുണ്ട്. ഈ കോർപ്പറേഷൻ സെക്രട്ടറിക്ക് ടി. എസ്. അശോകൻ ആദ്യം നൽകിയ അപേക്ഷയിൽ 225 സെന്റ് ഭൂമിയെന്നാണ് കാണിച്ചിരുന്നത് അതിനെ സംബന്ധിച്ച് പരാതിയുണ്ടായപ്പോൾ ക്ലാരിഫിക്കേഷൻ ചോദിച്ചപ്പോൾ അദ്ദേഹം വേറെ ആപ്ലിക്കേഷൻ കൊടുത്തു. അതിനകത്ത് 8453 സ്ക്വയർ മീറ്റർ എന്നാക്കി മാറ്റി. സെന്റ് പോയി സ്ക്വയർ മീറ്ററായി. പ്രശ്നമുണ്ടായി, ഇവിടെ സെയിൽ ഡീഡിനകത്ത് പറഞ്ഞിരിക്കുന്ന സർവ്വെ നമ്പരുകളെല്ലാമെടുത്ത് പരിശോധിക്കണം. ആദ്യം കൊടുത്തിരിക്കുന്ന അനുവാദപത്രത്തിനകത്ത് 29646 സ്ക്വയർ മീറ്റർ എന്നാണ്. ഞാൻ വേറെ ഒരു കണക്കും ഇവിടെ സൂചിപ്പിക്കുന്നില്ല. ആ സെയിൽ ഡീഡിനകത്ത് പറഞ്ഞിരിക്കുന്ന സർവ്വെ നമ്പറുകൾ 1805 ബി, 1804 ബി, 1829, 1830, 1806 ബി, 1806 സി, 1830-2, എന്നിങ്ങനെയുള്ള സർവ്വെ നമ്പറുകളിലായിട്ടാണ് ഈ ഭൂമി സ്ഥിതിചെയ്യുന്നത്. ഈ ഭൂമിയുടെ ഡീറ്റയിൽസ് കൊടുത്തിരിക്കുന്നത് 118.5 സെന്റ് ഭൂമിയെന്നാണ്. പക്ഷെ ഈ സർവ്വെ നമ്പർ

പ്രകാരം 135.135 സെന്റുണ്ടെന്ന് പറയുന്നു. അതിവിടെ സെക്രട്ടറി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതെവിടെപ്പോയി. ഞാൻ ഈ ഗവൺമെന്റിനോട് ചോദിക്കുന്ന ഒരേയൊരു കാര്യമേയുള്ളൂ, 1831/01, 1831/02-, എന്ന സർവ്വെ നമ്പറിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന വിവരം ഗവൺമെന്റിന് മേശപ്പുറത്ത് വയ്ക്കാമോ? 1831/01, 1831/02 എന്ന ഈ രണ്ട് സർവ്വെ നമ്പറുകളിലും ഉൾപ്പെട്ട ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെ ഞാൻ വെല്ലുവിളിക്കുകയാണ്, താങ്കൾക്കത് മേശപ്പുറത്ത് വയ്ക്കാമോ? അത് സെയിൽ നടത്തിയിട്ടുണ്ടോ; വെല്ലുവിളിയായിട്ടല്ല, ഞാൻ മന്ത്രിയോട് വളരെ വിനീതമായി ചോദിക്കുകയാണ്, ഞാൻ വെല്ലുവിളി പിൻവലിച്ചു, അങ്ങയോട് ചോദിക്കുന്നു, 1831/01, 1831/02 എന്നീ സർവ്വെ നമ്പറുകളിലുള്ള ഭൂമിയുടെ കൈവശാവകാശം ആർക്കാണ്; ആ ഭൂമിയിലൂടെയാണ് ഈ പറഞ്ഞിരിക്കുന്ന ഡ്രെയിനേജ് പോയിരിക്കുന്നത്. ആ ഡ്രെയിനേജിന്റെ ഭൂമി അന്നൊരു ബണ്ടായിരുന്ന ഭൂമിയാണ്. ആ ഭൂമി സർക്കാരിന്റെ ഭൂമിയാണ്. ആ ഭൂമിയിപ്പോൾ ഉള്ളത് കെട്ടിടത്തിന്റെ മദ്ധ്യഭാഗത്താണ്. അതുകൊണ്ടാണ് ഈ ഭൂമി വിട്ടുതരാമെന്ന് അവർ പറയുന്നത്. പക്ഷെ, 1831/01, 1831/02 എന്നീ സർവ്വെ നമ്പറുകളിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് കണ്ടെത്തുന്നതിനായി നിങ്ങളുടെ

മുമ്പിൽ എത്ര റിപ്പോർട്ടുകൾ തന്നു; ഈ ഗവൺമെന്റ് വന്നതിനു ശേഷം ഇന്റലിജൻസ് റിപ്പോർട്ടും ആന്റി കറപ്ഷൻ ബ്യൂറോ റിപ്പോർട്ടുമുണ്ടായില്ലേ? നിങ്ങളെന്തുകൊണ്ട് അത് മാർക്കുചെയ്യാൻ തുനിഞ്ഞില്ല; അത് ചെയ്യാതെ കോർപ്പറേഷൻ സെക്രട്ടറിയെ കുറ്റം പറയുകയാണോ? കോർപ്പറേഷൻ സെക്രട്ടറിയുടെ മുമ്പിൽ വന്നുനിൽക്കുന്ന...

<u>മി. ചെയർമാൻ</u>: താങ്കൾ സ്വാതന്ത്ര്യ സമരം മുതൽ പറഞ്ഞ് പാറ്റൂർ വരെയെത്തി. 25 മിനിട്ട് ആയി. ഇനി അവസാനിപ്പിക്കാം. പ്ലീസ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, സെയിൽ ഡീഡടക്കമുള്ള കാര്യങ്ങളിൽ കൃത്യമായുള്ള ഓണർഷിപ്പ് പറയുമ്പോഴും 1831/01, 1831/02 എന്നീ സർവ്വെ നമ്പറുകൾ ഞാൻ വീണ്ടും ആവർത്തിക്കുകയാണ്, ഗവൺമെന്റ് ഇതിന്റെ ഓണർഷിപ്പ് സംബന്ധിച്ച വിവരം മേശപ്പുറത്ത് വയ്ക്കണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. അങ്ങനെ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറല്ലെങ്കിൽ ആ ഭൂമിയുടെ കൈമാറ്റത്തിൽ ഉന്നതന്മാരായിട്ടുള്ള ആളുകളും മന്ത്രിമാരും ചീഫ് സെക്രട്ടറിയടക്കമുള്ള ഉന്നതോദ്യോഗസ്ഥരുടെ അറിവോടുകൂടിയാണ് സർക്കാരിൽ നിക്ഷിപ്തമായിരുന്ന 1831/01-ഉം 1831/02-ഉം സർവ്വെ നമ്പർ ഭൂമി തമസ്കരിച്ച് അവർക്ക് അനുകൂലമായി കോടികണക്കിന് രൂപ വിലവരുന്ന 16 സെന്റ് ഭൂമി

കൊടുത്തതെന്ന് കരുതേണ്ടിവരും. അതിലെ അഴിമതി അന്വേഷിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? ഭൂമി കൈയേറ്റത്തെക്കുറിച്ച് പറയുമ്പോൾ ഇങ്ങനെ എത്രയോ സ്ഥലത്ത് ഭൂമി..

മി. ചെയർമാൻ: യെസ്... യെസ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാനിതൊന്ന് പറയട്ടെ.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അങ്ങിവിടെ വളരെ ആവേശപൂർവ്വം ബഹുമാന്യനായ പി. എസ്. ശ്രീനിവാസനും സഖാവ് ബേബി ജോണും, കെ. റ്റി. ജേക്കബുമൊക്കെ ഇവിടെ ഭൂനിയമം നടപ്പാക്കി, പട്ടയം കൊടുത്തുവെന്ന് പറഞ്ഞു. അച്യുതമേനോന്റെ ഗവൺമെന്റാണ് അതു കൊടുത്തത്. ആ ഗവൺമെന്റിനെ പിന്താങ്ങി നിർത്തിയത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും ആർ.എസ്.പി. ഉൾപ്പെടയുള്ളവരല്ലേ; അതെന്താണ് അങ്ങ് മറച്ചു വയ്ക്കുന്നത്, അത് അങ്ങേയ്ക്ക് പറഞ്ഞുകൂടേ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇതാരും മറച്ചുവച്ചില്ലല്ലോ; ഇത് ചരിത്രമല്ലേ, എനിക്കായിട്ട് മറച്ചുവയ്ക്കാൻ പറ്റുന്ന ഒരു കാര്യമാണോ ഇത്, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ? ഇതിപ്പോൾ ചരിത്രമല്ലേ, ചരിത്രത്തെയാരും അങ്ങോട്ടുമിങ്ങോട്ടും മറച്ചുവച്ചിട്ട് കാര്യമില്ല. നമുക്കെല്ലാപേർക്കും

അറിയാവുന്നതാണ്. ഞാനൊരു കാര്യം പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ; ഞാനത് ഒറിജിനേറ്റ് ചെയ്ത കാര്യമാണ് പറഞ്ഞത്, എങ്ങനെ അത് ഒറിജിനേറ്റ് ചെയ്തു? അതിനുശേഷം 13 വർഷക്കാലത്തെ രാഷ്ട്രീയ മാറ്റങ്ങളുമുണ്ടായി. ആ രാഷ്ട്രീയ മാറ്റങ്ങൾ...

മി. ചെയർമാൻ: ഇതെല്ലാം താങ്കളിവിടെ വിശദമായി നേരത്തെ പറഞ്ഞു.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അതൊന്നും ഇവിടെ പ്രശ്നമല്ല. ഞാൻ പറഞ്ഞത് നിങ്ങളിപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന നിയമ ഭേദഗതി ഭൂമി കൈയേറ്റക്കാർക്ക് വേണ്ടിയാണെന്നാണ്. നിങ്ങൾ ഈ രാജ്യത്തിന്റെ മിച്ചഭൂമി ഇല്ലാതാക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അസെറ്റ് എന്നുപറയുന്നത് ഭൂമിയാണ്. കൃഷി നിങ്ങൾ നശിപ്പിക്കുകയാണ്. നിങ്ങൾക്ക് ഒരാസൂത്രണവുമില്ല. ഭൂപരിഷ്കരണ നിയമത്തെ ക്രിയാത്മകമായി പുനഃസൃഷ്ടിക്കാനും മുന്നോട്ടു കൊണ്ടുപോകാനും കഴിയുന്ന ഭേദഗതിക്കുപകരം അതിനെ തകർത്തുകളയുന്ന ഭേദഗതിയാണ് നിങ്ങൾ കൊണ്ടുവന്നിരിക്കുന്നത്.

മി. ചെയർമാൻ: യെസ്.. യെസ്

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ചുരുക്കുകയാണ്. അങ്ങയുടെ നിർബന്ധത്തിനുവഴങ്ങി ഞാൻ ഒരുകാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്.

മി. ചെയർമാൻ: ഒരുകാര്യമെന്ന് പറഞ്ഞിട്ട് കുറെ കാര്യങ്ങളായി.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ അഴിമതിക്കെതിരെയുള്ള പോരാട്ടം കോൺഗ്രസ്സ് മുന്നണിക്കകത്ത് നടക്കാത്തതുകൊണ്ടാണ് ശ്രീ. പി. സി. ജോർജ് പാർട്ടിയുണ്ടാക്കിയത്. ഇന്നലെയൊരു വലിയ പ്രത്യേകത കൂടിയുണ്ടായി. ശ്രീ. പി. സി. ജോർജിന്റെ പാർട്ടിക്ക് മാണി സാറിന്റെ അംഗീകാരം കിട്ടി. അത് നിയമസഭയിലെ പ്രഖ്യാപനമാണ്. കോൺഗ്രസ്സുകാരായ നിങ്ങൾ ശ്രദ്ധിച്ചുകൊള്ളണം, മുന്നണിക്കകത്തുനിന്നുകൊണ്ട് ഈ മുന്നണിയുടെ അഴിമതിയെ ഞങ്ങൾ ചോദ്യം ചെയ്യുമെന്ന പ്രഖ്യാപനമാണ്. ശ്രീ. വി. എം. സുധീരൻ, അതിനുമുമ്പൊരു പ്രഖ്യാപനം നടത്തി, എന്താണെന്നറിയാമോ; ചില ഘടകകക്ഷിയിലെ മന്ത്രിമാർ ട്രാൻസ്ഫറുകൾ നടത്തുന്ന കാര്യത്തിൽ അഴിമതി നടത്തിക്കൊണ്ടിരിക്കുകയാണ്, അത് അവസാനിപ്പിച്ചില്ലെങ്കിൽ ഞാൻ പേരു പറയും എന്ന് ശ്രീ. വി. എം. സുധീരൻ പറഞ്ഞു. ശ്രീ. ഉമ്മൻ ചാണ്ടി അതുകഴിഞ്ഞയുടൻതന്നെ അഴിമതിക്കെതിരായി ഒരു പാർട്ടിയുണ്ടാക്കി, ആ പാർട്ടി കുട്ടപ്പൻ ചെട്ടിയാർ സെക്രട്ടറിയുടെ പാർട്ടിയാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിലൊരു പാർട്ടിയുണ്ടാക്കിയിട്ട് പറഞ്ഞു, അഴിമതിക്കെതിരാണ് എന്റെ പോരാട്ടം, ആ അഴിമതിക്കെതിരെ അകത്തും പുറത്തും പോരാട്ടം. മന്ത്രിസഭയിലെ

അഴിമതിപോലും ഞാൻ പുറത്തുകൊണ്ടുവരും എന്ന് ശ്രീ. പി. സി. ജോർജ് പറഞ്ഞപ്പോൾ നമ്മൾ വിചാരിച്ചതെന്താണ്; മാണി സാറിന്റെ പാർട്ടി പിളരാൻ പോകുകയാണെന്നാണ്, പിളരാൻ പോകുകയല്ല, മാണി സാറിന്റെ രഹസ്യമായ അജണ്ടയോടുകൂടിയാണ് ശ്രീ. പി. സി. ജോർജ് ഈ പാർട്ടിയുണ്ടാക്കിയിരിക്കുന്നത്. കോൺഗ്രസ്സിനകത്തുള്ള അഴിമതിയെ ചോദ്യം ചെയ്യാൻ അവർ പാർട്ടിയുണ്ടാക്കിയിരിക്കുകയാണ്, സൂക്ഷിക്കണം. ഞാൻ പറയുന്നത് അവിടെനിൽക്കുന്ന ശ്രീ. ഷിബു ബേബി ജോൺ അടക്കം പല ആളുകളും രാഷ്ട്രീയമായി അസംതൃപ്തരാണ്. ആർ.എസ്.പി. അങ്ങോട്ടുപോയിയെന്നൊക്കെ പറയുന്നത് ശരിയായിരിക്കാം, അവർ ഒന്നിച്ചിങ്ങോട്ട് പോരട്ടെ, പക്ഷെ രാഷ്ട്രീയമായി ജനതാദൾ ആണെങ്കിലും ആർ.എസ്.പി.യാണെങ്കിലും ഞങ്ങളുടെ കൂടെനിന്ന ആളുകൾ.. ആ ആളുകൾക്ക് ഏത് രാഷ്ട്രീയ നിലപാടിന്റെ അടിസ്ഥാനത്തിലാണ് അവിടെ നിൽക്കാൻ കഴിയുന്നത്? തെറ്റുകൾ അപ്പുറത്തുമിപ്പുറത്തുമുണ്ടായിരിക്കാം, ചരിത്രത്തിൽ പലപ്പോഴും അങ്ങോട്ടുമിങ്ങോട്ടും മാറ്റങ്ങളുണ്ടായേക്കാം, പക്ഷെ ശരിയായ ഒരു രാഷ്ട്രീയ ദിശാബോധം, ദിശാമുഖം തുറക്കുകയാണിവിടെ. ഇവിടെ കോൺഗ്രസ്സ് ബി.ജെ.പി.യോട് കോംപ്രമൈസ് ചെയ്യുന്നു, ഇന്നലെ മുസ്ലീം ലീഗ് പോലും ഭംഗ്യന്തരേണ കോംപ്രമൈസ്

ചെയ്യുകയാണ്. വർഗ്ഗീയവാദികളോട് പോരാടുന്ന സമയത്ത് തോക്ക് ഉലയ്ക്കുകയാണ്.

മി. ചെയർമാൻ: യെസ് മിസ്റ്റർ വി. എസ്. സുനിൽ കുമാർ, അങ്ങ് ഈ സബ്ജക്ടിനെക്കുറിച്ച് ധാരാളം പറഞ്ഞുകഴിഞ്ഞു. പ്ലീസ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സായിപ്പിനെ കാണുമ്പോൾ തോക്കുലയ്ക്കുന്നതുപോലെ നരേന്ദ്ര മോദിയെ കാണുമ്പോൾ തോക്കുലയ്ക്കാൻ പാടില്ല. ഈ പോരാട്ടത്തിന്റെ മുമ്പിൽ അപ്പുറത്തുനിൽക്കുന്ന പലയാളുകളും....

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പുതിയ ധ്രുവീകരണത്തിന്റെ ആവശ്യകതയൊക്കെയാണ് സൂചിപ്പിച്ചത്. തെലുങ്കാനയിൽ തുടങ്ങിയ കൂട്ടുകെട്ട് തുടർന്നുപോകുകയാണെങ്കിൽ നമുക്കെല്ലാപേർക്കുംകൂടി യോജിച്ചിരിക്കാനുള്ള ഒരു സാഹചര്യം ഉണ്ടാകുമെന്നാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, തെലുങ്കാനയിലെ കൂട്ടുകെട്ടിനെപ്പറ്റി പറയുമ്പോൾ നിങ്ങളുടെ പാർട്ടിയിപ്പോൾ കൊല്ലത്ത് ചേരാൻ പോകുകയല്ലേ? നിങ്ങളിവിടത്തെ കൂട്ടുകെട്ട് തെറ്റാണെന്ന് പറഞ്ഞു, അതും പരിശോധിക്കട്ടെ. ഞാൻ പറയുന്നത് ഗൗരവതരമായ രാഷ്ട്രീയ കാര്യമാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇൻഡ്യൻ രാഷ്ട്രീയത്തിൽ

സംഭവിച്ചുകൊണ്ടിരിക്കുന്ന ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും ഓരോ പാർട്ടിയും ചിന്തിക്കുകയും ഇൻഡ്യയുടെ പൊതു താൽപ്പര്യങ്ങൾക്കനുസരിച്ച് ഒരു പുതിയ ധ്രുവീകരണത്തിന്റെ സാദ്ധ്യത സൃഷ്ടിക്കാനുള്ള രാഷ്ട്രീയ സമീപനം സ്വീകരിക്കുമോ എന്നുള്ള കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാറിനുള്ള അഭിപ്രായമെന്താണ്?

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞ കാര്യം തന്നെയാണ് എനിക്കും പറയാനുള്ളത്. കാരണം, നമ്മൾ പഴയതുപോലെ പല കാര്യങ്ങളിലും വിയോജിപ്പ് എന്നു പറയേണ്ട കാലഘട്ടം മാറിയിരിക്കുന്നു. യോജിക്കേണ്ട ഘട്ടങ്ങളിൽ യോജിക്കണം. നമ്മുടെ രാജ്യം അതീവ ഗുരുതരമായ പ്രശ്നത്തിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം എസ്.സി.ഇ.ആർ.ടി.യുടെ ചെയർമാനായ ഒരു വിദ്വാൻ പറഞ്ഞത് ഞാൻ ജാതിവ്യവസ്ഥയെ അംഗീകരിക്കുന്നുവെന്നാണ്. അത് നല്ലകാര്യമാണ്. ചാതുർവർണ്യം നല്ലതാണെന്നുപറയുന്ന ഒരാളെ ഇന്ത്യൻ വിദ്യാഭ്യാസത്തെ നിയന്ത്രിക്കുന്ന താക്കോൽ സ്ഥാനത്ത് പ്രതിഷ്ഠിച്ചിരിക്കുന്നു. ആരെങ്കിലും മിണ്ടിയോ; പാർലമെന്റിൽ ആരെങ്കിലും മിണ്ടിയോ; ആരും ഒരക്ഷരം മിണ്ടിയില്ല. കേരളംപോലെയുള്ള ഒരു സംസ്ഥാനത്ത് ജാതി വ്യവസ്ഥയ്ക്കെതിരെ പോരാടിയ

പാരമ്പര്യം നമുക്കെല്ലാപേർക്കുമുണ്ട്. പക്ഷെ ജാതി വ്യവസ്ഥയെ തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കുകയാണ്. അതുകൊണ്ട് രാഷ്ട്രീയമായി അപ്പുറത്തുനിൽക്കുന്ന പല ആളുകളും അവരുടെ ലാവണത്തിലേയ്ക്ക് തിരിച്ചുവരേണ്ട ഘട്ടമായിരിക്കുന്നു എന്ന സ്ഥിതി ഇന്ന് കേരളത്തിലുണ്ട്. ഇന്ന് നിയമസഭ സമാപിക്കുകയാണ്, ഇന്ന് കർക്കിടകമാസം ഒന്നാം തീയതിയാണ്. നേരത്തെപറഞ്ഞതുപോലെ രാമായണ മാസമാണ്. രാഷ്ട്രീയമായ മാറ്റത്തിന് നമ്മളെല്ലാപേരും തയ്യാറാകണമെന്നുപറഞ്ഞുകൊണ്ട് പ്രതിലോമകരമായിട്ടുള്ള ഭേദഗതിയെ ഞാൻ ശക്തമായി വിയോജിക്കുകയാണ്.

ശ്രീ. സി.കെ. നാണു: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണ്. കേരളം രൂപംകൊള്ളുന്നതിനു മുമ്പ് മലബാർ മദിരാശിയുടെ ഭാഗമായിരുന്ന അവസരത്തിൽ മലബാർ ഭാഗത്തെ കോൺഗ്രസുകാരും കമ്മ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരുമെല്ലാം സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി നടത്തിയ പ്രധാനപ്പെട്ട പോരാട്ടം സാധാരണക്കാരന് ഭൂമിക്കുവേണ്ടിയുള്ള അവകാശം നേടിയെടുക്കാനായിരുന്നു. അതിന്റെ ഭാഗമായിട്ടാണ് മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്നിട്ടും മലബാർ കുടിയാൻ നിയമം അന്നത്തെ പ്രക്ഷോഭകാരികൾക്ക്

നേടിയെടുക്കാൻ സാധിച്ചത്. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായിത്തന്നെ രാഷ്ട്രീയമായി പല അഭിപ്രായവ്യത്യാസങ്ങളുണ്ടായാലും പാവപ്പെട്ടവർക്ക് ഭൂമിക്കുള്ള അവകാശത്തിനുവേണ്ടിയുള്ള പോരാട്ടവും കുടിയാൻമാർക്ക് അവരുടെ വീട്ടിൽ താമസിക്കാനുള്ള അവകാശത്തിനുവേണ്ടി സ്വാതന്ത്ര്യ സമരത്തിനുമുമ്പുതന്നെ നടത്തിയ പോരാട്ടവും, അത് മദിരാശിയിലെ മറ്റ് ഭാഗത്തുള്ളവരെക്കാളും മദിരാശി സ്റ്റേറ്റിന്റെ ഭാഗമായിരുന്ന മലബാറിലെ മലയാളികളാണ് നടത്തിയത്. അതിന്റെ മുമ്പന്തിയിൽ എ.കെ.ജി, കെ. കുഞ്ഞിരാമക്കുറുപ്പ്, പി.ആർ കുറുപ്പ് കോൺഗ്രസിന്റെ സി.കെ. ഗോവിന്ദൻ നായർ തുടങ്ങിയ പ്രധാനപ്പെട്ട ആളുകൾ അണിനിരന്ന് നടത്തിയ പോരാട്ടത്തിന്റെ ഫലമായി പലതും നേടിയെടുക്കാൻ സാധിച്ചു. കൃഷിഭൂമി കൃഷിക്കാരന് എന്നുള്ള പ്രമേയം സ്വാതന്ത്ര്യ സമരകാലത്ത് കോൺഗ്രസ് പാസ്സാക്കി. എങ്കിലും ഇന്ത്യയിലെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും കോൺഗ്രസ് തീരുമാനിച്ച ഭൂപരിഷ്കരണ നിയമങ്ങൾ നടപ്പിലാക്കാൻ സാധിച്ചില്ലയെന്ന് നെഹ്റുവിന്പോലും വേവലാതിയുണ്ടായിരുന്നു, വിഷമമുണ്ടായിരുന്നു. സ്വാതന്ത്ര്യ സമരകാലത്ത് നടന്ന തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ കോൺഗ്രസിനുപോലും കാര്യങ്ങൾ നടത്താൻ സാധിക്കാത്ത ഒരു ഘട്ടമുണ്ടായി. അവസാനം വൻകിടക്കാരുടെ താൽപര്യത്തിന്റെ അടിസ്ഥാനത്തിൽ നിസ്വാർത്ഥരായ

കോൺഗ്രസ് നേതാക്കളുടെ കയ്യിൽനിന്ന് കോൺഗ്രസിനെ കോൺഗ്രസ് ഐെയ്ക്ക് തട്ടിപ്പറിക്കാൻ സാധിച്ചത് ഇന്ത്യയെ ദോഷകരമാക്കിയ ഒരു ചരിത്രമാണ്. കേരളത്തിൽ ഭൂപരിഷ്കരണ നിയമങ്ങൾ കൊണ്ടുവന്നു, അത് ഏത് ഗവൺമെന്റിന്റെ കാലത്ത് എന്നുള്ളതല്ല പ്രധാനം. ഭൂപരിഷ്കരണ നിയമം നടപ്പാക്കിയപ്പോൾ 15 ഏക്കർ വരെയുള്ള ഭൂമി കൃഷിക്കാരനു കൊടുത്തു. അതിനുശേഷം അവരുടെ കൈവശംനിന്നും അനേകം ഏക്കർ ഭൂമി ഭൂമിയില്ലാത്ത അളുകൾക്ക് കൊടുത്ത പാരമ്പര്യമുള്ള അവസ്ഥയാണ് ഒരു ഭാഗത്ത്. അതേയവസരത്തിൽ എസ്റ്റേറ്റുകളുടെ സംരക്ഷണത്തിന്, ഇപ്പോൾ റബ്ബറിനാണെങ്കിലും കാപ്പിക്കാണെങ്കിലും കുറേ ഭൂമി ഒഴിച്ചിട്ടു. ആ ഭൂമി ഒഴിച്ചിട്ടത് അനേകം തൊഴിലാളികൾ ജോലിയെടുക്കുന്നതിനാണ്. അവിടെ റീ-പ്ലാന്റേഷൻ നടത്താനോ മറ്റ് എന്തെങ്കിലും ആവശ്യമോ വരുന്ന ആവസരത്തിൽ ആ സ്ഥലം ഉപയോഗിക്കണ്ടേ, ആ സ്ഥലം എസ്റ്റേറ്റിന്റെ ഉപയോഗത്തിന് മാത്രമാണ് അനുവദിച്ചത്. പിന്നീട് നമ്മൾ കണ്ടതെന്താണ്? ഏതൊരു നല്ല ഉദ്ദേശ്യത്തോടുകൂടി എസ്റ്റേറ്റിനുവേണ്ടി ഭൂമി അനുവദിച്ചോ ആ ഭൂമി ഈ എസ്റ്റേറ്റ് ഉടമസ്ഥന്മാർ ദുരുപയോഗപ്പെടുത്തുകയാണ് ചെയ്തത്. ഇവിടെ ശ്രീ. വി. എസ്. സുനിൽകുമാർ പറഞ്ഞതുപോലെ കേരളം മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി കൂടുതൽ ആളുകൾക്ക് ഭൂമിയുള്ളൊരു പ്രദേശമാണ്. എന്നാലും

പ്രധാനമായൊരു പ്രശ്നം നമ്മുടെ നാട്ടിലെ ആദിവാസികൾ, പട്ടികജാതി/പട്ടികവർഗ്ഗങ്ങൾ എന്നിവരുടെ കാര്യമാണ്. കേരളത്തിൽ ഇന്ന് പ്രസംഗിച്ചുകൊണ്ടിരിക്കുന്ന നമ്മളോടെല്ലാം ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. വയനാട്ടിലും അട്ടപ്പാടിയിലുമുള്ള ഭൂമി നിയമപ്രകാരം പട്ടിക വർഗ്ഗക്കാരുടെ ഭൂമിയാണ്. പക്ഷെ അവരുടെ കൈവശം ഭൂമിയില്ല. അവർക്കനുകൂലമായി പലപ്പോഴും നിയമങ്ങളുണ്ടാക്കി. ആ നിയമങ്ങൾ നടപ്പിലാക്കേണ്ട അവസരത്തിൽ ചിലർ എതിർത്തു. ആ നിയമങ്ങൾ അവർക്ക് അനുകൂലമാക്കാനായില്ല. പലഘട്ടങ്ങളിൽ അവർക്ക് അനുകൂലമായ നിയമങ്ങളുണ്ടാക്കിയെങ്കിലും നമുക്ക് അത് പ്രാവർത്തികമാക്കാനായില്ല. അതിന്റെ ഫലമായി വർഷങ്ങളോരോന്നു കഴിയുന്തോറും കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും അപമാനമാകുന്ന രീതിയിൽ വെല്ലുവിളിയാകുമാറ് കേരളത്തിലെ പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുംപെട്ട പാവപ്പെട്ട ആളുകൾ നമ്മുടെ മുമ്പിൽ നിൽക്കുന്നു. പട്ടികജാതിയിൽപ്പെട്ട വലിയൊരു വിഭാഗം ആളുകൾ എംപ്ലോയ്മെന്റ് എക്സ്ചേയ്ഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടും അവർക്ക് തൊഴിൽ ലഭിക്കുന്നില്ല. അവർ മലം ചുമന്ന് അവരുടെ കുടുംബം പോറ്റിയിരുന്നത്, സാമൂഹികമായ പുരോഗതിയുടെ ഭാഗമായി നിയമപ്രകാരം അത് ഒഴിവാക്കി. അതുവഴി അവർക്ക് കുടുംബം പോറ്റാനുണ്ടായിരുന്ന വരുമാനം

ഇല്ലാതായി. അപ്പോൾ അവർക്ക് തൊഴിൽ കൊടുക്കുകയെന്നത് നമ്മുടെ ബാദ്ധ്യതയായിരുന്നു. അവർക്ക് തൊഴിൽ കൊടുത്തില്ല. ഇന്നും പല ഭാഗത്തും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്നിടത്ത് പോയാൽ നമുക്കറിയാൻ കഴിയും അവിടെ എസ്.എസ്.എൽ.സി.വരെ പാസ്സായവരുണ്ട്. അവർക്ക് ജോലി കൊടുക്കേണ്ടതാണ്. എന്നാൽ അവർക്ക് ജോലി ലഭിക്കുന്നില്ല. സാമൂഹ്യമായി പിന്നോക്കാവസ്ഥയിൽ അവർ ഇന്നും നിൽക്കുന്നു. ഒരിക്കൽ രാജസ്ഥാനിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഡൽഹിയിൽ ഒരു പ്രകടനം നടത്തി. ആ പ്രകടനത്തിൽ അവർ പറഞ്ഞത്, ഞങ്ങളുടെ ഉപജീവനമാർഗ്ഗമായിരുന്ന മലം ചുമക്കുന്നത് നിങ്ങൾ ഒഴിവാക്കി. അതിനാൽ ഞങ്ങളുടെ വരുമാനം ഇല്ലാതായി. അതുകൊണ്ട് ഞങ്ങളിന്ന് പട്ടിണിയിലായി. ഞങ്ങൾക്ക് മലം ചുമക്കാനുള്ള അനുവാദം തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് മൂന്നുനാല് വർഷങ്ങൾക്കുമുമ്പ് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഡൽഹിയിൽ പ്രകടനം നടത്തിയത്. നമ്മൾ വലിയവലിയ ആളുകൾക്ക് സൗകര്യങ്ങൾ ഉണ്ടാക്കാൻവേണ്ടി കൃഷിനിലങ്ങൾ നികത്തുന്നു. ലക്ഷക്കണക്കിന് രൂപയ്ക്ക് അവർ ഭൂമി വിൽക്കുന്നു. കോടീശ്വരന്മാരും ലാൻഡ് മാഫിയമാരും കേരളത്തെ കയ്യടക്കുന്നു. ഇതെല്ലാംകണ്ടുകൊണ്ട് നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇവിടെ നിൽക്കുന്നു. പക്ഷെ ഈ പാവങ്ങളെ നമ്മൾ

ശ്രദ്ധിക്കുന്നില്ല. ഇതാണ് പ്രശ്നം. ഏത് ഭൂപരിഷ്കരണ നിയമത്തെ സംബന്ധിച്ചും ഇന്ന് നമ്മുടെ നാട്ടിൽ ഭൂമികൊടുക്കുന്നതിനെ സംബന്ധിച്ചും പറയുമ്പോൾ എന്തുകൊണ്ട് നമ്മുടെ സർക്കാരിന്റെ സകല ഏജൻസികളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് പട്ടികജാതി വിഭാഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നില്ല. കേരളത്തിൽ നമ്മൾ എന്ത് തത്വശാസ്ത്രം പറഞ്ഞാലും ഇന്നലവരെചെയ്ത എന്ത് മഹത്വത്തെക്കുറിച്ച് പറഞ്ഞാലും അട്ടപ്പാടിയിലേയും വയനാട്ടിലേയും കോളനിയിൽ ഞങ്ങൾ ചെന്നപ്പോൾ എന്തോ ഒന്ന് എക്സിബിഷന വച്ചിരിക്കുന്നതുപോലെയാണ് ആ പാവങ്ങളുടെ ജീവിതം അവിടെ കണ്ടത്. അത് പരിഹരിക്കണം. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ചെറുപ്പക്കാരനായ താങ്കൾക്ക് ഇത് ഒരു വെല്ലുവിളിയായി ഏറ്റെടുക്കാൻ സാധിക്കുമോ എന്നാണ്. താങ്കൾക്ക് മുഖ്യമായി അട്ടപ്പാടിയിലെ പാവപ്പെട്ട പട്ടികവർഗ്ഗത്തിൽപ്പെട്ട കോളനികളിൽ താമസിക്കുന്ന ആളുകൾക്ക് ഭൂമി കൊടുക്കാൻ സാധിക്കുമോ; അവരുടെ കുട്ടികളെ ആരോഗ്യപരമായി പരിരക്ഷിക്കാൻ സാധിക്കുമോ? ആ രൂപത്തിൽ നമ്മുടെ നാട്ടിലെ പഴയകാലത്തുള്ള രാഷ്ട്രീയ നേതാക്കൾക്കോരോരുത്തർക്കും ചരിത്രമുണ്ട്. എ. കെ. ഗോപാലന്റെ കാര്യമെടുത്താൽ അദ്ദേഹത്തിന് ഒരു രാഷ്ട്രീയ ചരിത്രമുണ്ട്. ഒരു കാലഘട്ടത്തിൽ

അതുപോലുള്ള ആളുകളെല്ലാം നമ്മുടെ സംസ്ഥാനത്തെ വലുതാക്കാൻവേണ്ടി നടത്തിയ പോരാട്ടങ്ങളുണ്ട്. സി.കെ.ഗോവിന്ദൻനായരുടെ മകൻ ഒരു ലേഖനമെഴുതി. ആ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് ഞങ്ങളുടെ അച്ഛൻ നെഹ്റു നേതാവായ കോൺഗ്രസിന്റെ വർക്കിംഗ് കമ്മിറ്റി അംഗമാണ്, ഞങ്ങളുടെ കുടുംബത്തിനുവേണ്ടി അഞ്ച് നയാപൈസയുണ്ടാക്കിയില്ല. ഉള്ളതുമുഴുവൻ വിറ്റുതുലച്ചു. അങ്ങനെയുള്ള ആളുകളുണ്ടായിരുന്നു കഴിഞ്ഞ കാലത്ത്. ആ പാരമ്പര്യമാണ് നമുക്കെല്ലാപേർക്കും അവകാശപ്പെടാനുള്ളത്. പക്ഷെ ഇന്ന് നമ്മൾ ചെയ്യേണ്ട ചുമതലകൾ നിർവ്വഹിക്കുന്നില്ല. 14 വയസ്സുള്ള പെൺകുട്ടി പ്രസവിക്കുന്നു, പ്രസവിച്ച ആ പെൺകുട്ടിക്കും അവിടെയുള്ള മുഴുവൻ ആളുകൾക്കും പോഷകാഹാരമടങ്ങിയ ഭക്ഷണത്തിന്റെ കുറവുണ്ടാകുന്നു. ഇതെല്ലാം ഈ കേരളത്തിലുണ്ട്. ഇത് ആര് പരിഹരിക്കും. റവന്യൂ വകുപ്പിനാണ് ഇത് പരിഹരിക്കാൻ കഴിയുന്നത് എന്നാണ് എനിക്ക് തോന്നുന്നത്. ഈ പാവങ്ങൾക്ക് ഭൂമികൊടുത്തുകൊണ്ട് ആ രൂപത്തിലൊരു പോരാട്ടം നടത്താൻ നമുക്ക് സാധിക്കുമോ? ഇതൊരു സാധാരണ നിയമമല്ല. ഞാനൊരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ബി.ജെ.പി.യുടെ നേതൃത്വത്തിലുള്ള ഗവണ്മെന്റ് ഇതിനുമുമ്പുമുണ്ടായിട്ടുണ്ട്. വാജ്പേയിയുടെ നേതൃത്വത്തിലുള്ള ബി.ജെ.പി. ഗവൺമെന്റ് ഇതിന് മുൻപും ഉണ്ടായി.

മൊറാർജിദേശായിയുടെ ഗവൺമെന്റ് വന്നത്.....ജയപ്രകാശ് നാരായണൻ ആർ.എസ്.എസ്. കേന്ദ്രങ്ങളിൽ പോയി ആർ.എസ്.എസ്. കാർക്ക് അതുവരെ ഉണ്ടായിരുന്ന നിലപാടുകൾ മാറ്റി ഇന്ത്യൻ ജനാധിപത്യം സംരക്ഷിക്കുന്നതിനുള്ള പോരാട്ടത്തിന് തയ്യാറാകുമോയെന്ന് ചോദിച്ചു. അങ്ങനെ തയ്യാറാണെങ്കിൽ ഇതുവരെ പുലർത്തിയ നിലപാടുകൾ മാറ്റണമെന്നു പറഞ്ഞതിനുശേഷമാണ് മഹാത്മാഗാന്ധിജിയുടെ തത്വങ്ങൾ സ്വീകരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ജനതാ പാർട്ടി രൂപീകരിച്ചത്. മൊറാർജി ദേശായി ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന അവസരത്തിൽ ഇന്ത്യയിലെ ഒരു മുസ്ലീം പള്ളിയും തകർക്കണമെന്ന് പറഞ്ഞിട്ടില്ല. മൊറാർജി ദേശായിയുടെ ഭരണകാലത്ത് ജനതാ പാർട്ടിയുടെ നാനാജിദേശ്മുഖ് അടക്കം ഇന്ത്യയിലെ ബി.ജെ.പി. യുടെയും ആർ.എസ്.എസ്. ന്റെയും പ്രമുഖരായ നേതാക്കൾ ഉണ്ടായിരുന്നു. ആ കാലത്ത് ഒരു വർഗ്ഗീയ സംഘട്ടനവും ഇന്ത്യയിലുണ്ടായില്ല. ഒരു ന്യൂനപക്ഷത്തിന്റെ ആരാധനാലയവും പൊളിക്കണമെന്ന് പറഞ്ഞില്ല. ജയപ്രകാശ് നാരായണന്റെയും മൊറാർജി ദേശായിയുടെയും നേതൃത്വത്തിൽ അവരെയെല്ലാം ഗാന്ധിയൻ ആദർശത്തിന്റെകൂടെ നിർത്താൻ സാധിച്ചു. പക്ഷെ, കോൺഗ്രസ് (ഐ)-ക്ക് അറിയാവുന്ന എല്ലാ തകർപ്പൻ പണികളും എടുത്തതിനുശേഷം ഞങ്ങൾ ദുർബലമായി. ഞങ്ങൾ ദുർബലമായപ്പോൾ തങ്ങൾക്ക്

ഗാന്ധിയൻ ആദർശങ്ങൾ പറ്റില്ലെന്ന് ഭാരതീയ ജനസംഘത്തിന്റെ പഴയ ആളുകൾ പറഞ്ഞു. പഴയ ഭീംദയാൽ ഉപാദ്ധ്യായ സമീപനം സ്വീകരിച്ചശേഷമാണ് ബാബറി മസ്ജിദിനെതിരായി ഇന്നവർ പറയുന്ന തത്വങ്ങൾ പറഞ്ഞത്. വാജ്പേയിയുടെ നേതൃത്വത്തിൽ ഗവൺമെന്റ് വന്നപ്പോൾ ഇന്നുള്ളതുപോലുള്ള ഭയപ്പാടുണ്ടായിരുന്നു, ഇവിടെ ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞതുപോലെ, ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ മാത്രം പ്രസംഗിച്ച ഒരു കാലമുണ്ടായിരുന്നു. പാർലമെന്റ് തെരഞ്ഞെടുപ്പ് വന്നപ്പോൾ വമ്പിച്ച ഭൂരിപക്ഷത്തോടെ വാജ്പേയിയുടെ ഗവൺമെന്റ് വിജയിക്കുമെന്ന് പറഞ്ഞിരുന്നു. പക്ഷെ, വിജയിച്ചില്ല. രാഷ്ട്രീയമല്ലാതെ കണ്ട് നമ്മുടെ നാട്ടിലെ ജനങ്ങൾ വോട്ട് ചെയ്ത് വീണ്ടും അവരെ അധികാരത്തിലെത്തിച്ചു, അതംഗീകരിക്കുന്നു. പക്ഷെ രാഷ്ട്രീയ ഭയപ്പാടിന്റെ അടിസ്ഥാനത്തിൽ അവരെ സമീപിക്കരുത്. വസ്തുതകൾ മനസ്സിലാക്കി അവർ ചെയ്യുന്ന ജനദ്രോഹപരമായ നടപടികൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തി ആ രൂപത്തിൽ നേരിടാൻ സാധിക്കണം. ഇത് ന്യൂനപക്ഷത്തിന്റെ മാത്രം പ്രശ്നമല്ല. ഇന്ത്യൻ ജനാധിപത്യത്തിന്റെ പ്രശ്നമാണ്. ഇന്ത്യാരാജ്യത്തിലെ ബഹുഭൂരിപക്ഷം വരുന്ന ഹിന്ദുസമുദായത്തിലെ ജനാധിപത്യവാദികളുടെ പ്രശ്നമാണ്. ബാബറി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ ബാബറി മസ്ജിദ് സംരക്ഷിക്കണമെന്ന്

ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യാ രാജ്യത്ത് പ്രകടനം നടത്തി. അതിന് നേതൃത്വം കൊടുത്തത് ന്യൂനപക്ഷത്തിന്റെ നേതാക്കളല്ല. ബാബറി മസ്ജിദ് തകർക്കുന്നതിന് മുൻപ് ലഖ്നൗവിൽ നിന്ന് ഫൈസാബാദിലേയ്ക്ക് ജാഥ നടത്തിയത് വി. പി. സിംഗ്, ഹർകിഷൻ സിംഗ് സുർജിത്ത്, ഭരദ്വാജ് എന്നീ മൂന്ന് നേതാക്കളുടെ നേതൃത്വത്തിലാണ്. അവരെ അറസ്റ്റ് ചെയ്ത് തിരിച്ചുകൊണ്ടുവന്നു. ഈ സംഭവം നടന്നതിനുശേഷം ഇന്ത്യയിലൊരിടത്തും വർഗ്ഗീയ സംഘട്ടനം നടക്കാത്തതിന് കാരണം വി. പി. സിംഗിന്റെ നേതൃത്വത്തിൽ ദേശീയ നേതാക്കൾ ഞങ്ങൾ ന്യൂനപക്ഷത്തിന്റെ കൂടെയാണെന്ന് ഇന്ത്യയ്ക്ക് ബോധ്യപ്പെടുത്തിയതിന്റെ ഫലമായാണ്. അതുകൊണ്ട് നമ്മൾ ഇത്തരം പ്രശ്നങ്ങളെ സംബന്ധിച്ച് അങ്ങനെ മാത്രമെ കാണേണ്ടതുള്ളൂവെന്ന് എനിക്കു തോന്നുന്നു. ഞാൻ ദീർഘിപ്പിക്കുന്നില്ല, എനിക്ക് പറയാനുള്ളത് നമ്മൾ വസ്തുനിഷ്ഠമായി കാര്യങ്ങൾ കാണണം. ഇവിടത്തെ പ്രശ്നം ഭൂമിയില്ലാത്ത പാവങ്ങളാണ്, അവർക്ക് ഭൂമി വേണം. അതിൽ പ്രധാനമായും ഈ ന്യൂനപക്ഷങ്ങൾ, നമ്മൾ ഈ പറയുന്ന ന്യൂനപക്ഷങ്ങളല്ല, നമ്മുടെ നാട്ടിന്റെ പലഭാഗത്തും ചെന്നാൽ സ്വന്തമായി കിടക്കാൻ ഒരുതുണ്ട് ഭൂമിയില്ലാത്ത അനേകം ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട മുസ്ലീങ്ങൾ നമ്മുടെ നാട്ടിന്റെ പലഭാഗത്തുമുണ്ട്. ഭാഗ്യത്തിന് വീടുകൾ ഉണ്ടാക്കാൻ സാധിച്ച കുറച്ച് ആളുകളെ കാണാമെങ്കിലും

വീടില്ലാത്ത മുസ്ലീം ന്യൂനപക്ഷങ്ങൾ ധാരാളമുണ്ട്. അവരെ സഹായിക്കണം. പരപ്പനങ്ങാടിയിൽ വാഹനാപകടമുണ്ടായി കുറേ മുസ്ലീങ്ങൾ മരിച്ചപ്പോൾ ഞാൻ പോയിരുന്നു. അപ്പോൾ അവിടെ ഒരു കുടുംബത്തിൽ അപകടത്തിൽ ഒരു കാല് മുറിച്ചുമാറ്റപ്പെട്ട ഒരു യുവാവിനെ കണ്ടു. അയാൾക്ക് നാല് സഹോദരിമാരുണ്ട്. കുടുംബം പോറ്റേണ്ടത് അയാളാണ്. ആരും സഹായിച്ചില്ല. ഒരു മുസ്ലീം പള്ളി രണ്ട് ലക്ഷം രൂപ കൊടുത്തു. അങ്ങനെയാണ് എറണാകുളത്ത് പോയി ചികിത്സിച്ചത്. അങ്ങനെയുള്ള പാവങ്ങളുണ്ട്. അവരെ കാണണം. അതിന് മതവും ജാതിയുമൊന്നും വേണ്ട. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ, അവർക്ക് ഭൂമി കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിക്കുമോ? ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. ഇവിടെ ഇതൊക്കെ ചർച്ച ചെയ്യുന്ന അവസരത്തിൽ പഴയ കാലങ്ങളിലേയ്ക്ക് നമ്മൾ ഓരോരുത്തരും പോയാൽ ബുദ്ധിമുട്ടാകും. അതുകൊണ്ട് പഴയ കാലത്തെക്കുറിച്ചൊന്നും പറയുന്നില്ല, ഇന്ന് നമ്മുടെ മുമ്പിലുള്ള ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ നേതൃത്വം കൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു

മി. ചെയർമാൻ: ശ്രീ. സണ്ണി ജോസഫ്, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി

റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട സി. കെ. നാണു ഒരു കാര്യം സമ്മതിച്ചു ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്വാതന്ത്ര്യ സമരത്തിന്റെ കാലഘട്ടത്തിൽ രാജ്യം മുഴുവൻ 'കൃഷി ഭൂമി കർഷകന്' എന്ന മുദ്രാവാക്യം മുഴക്കിയെന്ന യാഥാർത്ഥ്യം എല്ലാവരെയും അനുസ്മരിപ്പിച്ചതിന് പ്രത്യേകം നന്ദി പറയുന്നു. അതുപോലെ 1957-ൽ ഒരു നിയമം അവതരിപ്പിക്കപ്പെട്ടുവെങ്കിലും നീണ്ട 13 വർഷത്തെ കാത്തിരിപ്പ് വേണ്ടി വന്നു ആ നിയമം പ്രാവർത്തികമാക്കാനെന്ന് ശ്രീ. വി. എസ്. സുനിൽ കുമാർ ഇവിടെ സൂചിപ്പിച്ചു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ആ നിയമം പ്രാവർത്തികമായില്ല. ആ നിയമം ബഹുമാനപ്പെട്ട സുപ്രീം കോടതി തള്ളി. അതിന് ശേഷം 1963 ൽ ആർ. ശങ്കർ മുഖ്യമന്ത്രിയും പി. ടി. ചാക്കോ ആഭ്യന്തരവും റവന്യൂവും

വകുപ്പുമന്ത്രിയുമായിരുന്ന കാലത്ത് പാസ്സാക്കിയ നിയമമാണ് Land Reforms Act 1963 എന്ന് പറയുന്നത്. ഈ നിയത്തിന്റെ പേര് തന്നെ അതാണ്.

ശ്രീ. സണ്ണി ജോസഫ്: അത് ഞാൻ അംഗീകരിക്കുന്നു. അതാണ് ശരി. 13 വർഷക്കാലത്തെ ഡെവലപ്പ്മെന്റ്സ്, പിന്നീട് കോൺഗ്രസ് ഗവൺമെന്റ് അധികാരത്തിൽ വന്നു, ആർ. ശങ്കർ മുഖ്യമന്ത്രിയായി. പി. ടി. ചാക്കോ എന്ന കോൺഗ്രസ് നേതാവാണ് ഭൂപരിഷ്കരണ നിയമം ഇവിടെ അവതരിപ്പിച്ച് നടപ്പിലാക്കിയത് കോൺഗ്രസ് പിന്തുണച്ച ഗവൺമെന്റാണ്. 13 വർഷക്കാലം കാത്തിരിക്കേണ്ടി വന്നു.

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. ആര്യാടൻ മുഹമ്മദ് വളരെ വിദഗ്ദ്ധമായി അത് ട്വിസ്റ്റ് ചെയ്ത് കളഞ്ഞു. കേരളത്തിൽ ഭൂപരിഷ്കരണ നിയമം എന്ന സിദ്ധാന്തവും അതിന്റെ നിയമവും നടപടിയും ബില്ലും കൊണ്ടുവന്ന് അതിന്റെ പരിധി നിശ്ചയിച്ചതുകൊണ്ട് സുപ്രീം കോടതി ഇത് ഫണ്ടമെന്റൽ റൈറ്റിൽപ്പെടുന്നതാണ് പരിധി നിശ്ചയിക്കാൻ പാടില്ലെന്ന് പറഞ്ഞ് തള്ളി. ഒർജിനേറ്റ് ചെയ്തത് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഗവൺമെന്റാണ് ബിൽ ഒർജിനേറ്റ് ചെയ്തത്.

ശ്രീ. സണ്ണി ജോസഫ്: സർ, സ്വാതന്ത്ര്യ സമരത്തിന്റെ കാലഘട്ടത്തിൽ

ത്തന്നെ അഖിലേന്ത്യാ കോൺഗ്രസ് പാസ്സാക്കിയിട്ടുള്ള 'കൃഷിഭൂമി കൃഷിക്കാരന് എന്ന പ്രമേയമാണ് ഇവിടെ ശ്രീ. സി. കെ. നാണു...

മി. ചെയർമാൻ: ദയവായി ഒരംഗം സംസാരിക്കുമ്പോൾ അദ്ദേഹം വഴങ്ങിയില്ലെങ്കിൽ ശല്യം ചെയ്യാതിരിക്കുക.. പ്ലീസ്.. ശ്രീ. സണ്ണി ജോസഫ് പറയുന്നതിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ അടുത്ത് ശ്രീ. ഇ. പി. ജയരാജൻ സംസാരിക്കുമ്പോൾ അദ്ദേഹത്തിന് തിരിച്ചുപറയാമല്ലോ. പ്ലീസ്.. ശ്രീ. എ. കെ. ബാലൻ പ്ലീസ് അങ്ങ് ഇരിക്കണം.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ ശ്രീ. വി. എസ്. സുനിൽകുമാറിന്റെ വാക്കുകളിൽ നിങ്ങൾക്കെതിരെ...

മി. ചെയർമാൻ: ശ്രീ. എ. കെ. ബാലൻ, ദയവായി അങ്ങ് സീറ്റിലിരിക്കുക. പ്ലീസ്..

ശ്രീ. സി. പി. മുഹമ്മദ്: സർ, ഈ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയത് സി. അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്താണ്. അന്ന് പതിനായിരക്കണക്കിന് പേർക്ക് പട്ടയം കൊടുത്തത് അന്നത്തെ റവന്യൂ മന്ത്രി കെ. ടി. ജേക്കബിന്റെ നേതൃത്വത്തിലാണ്. ഇവർ 1957-ൽ നിയമമുണ്ടാക്കിയിട്ടുണ്ടാവും, പക്ഷേ ആ നിയമമല്ല 1963-ലെ നിയമം.

ശ്രീ. സണ്ണി ജോസഫ്: സർ, ശരിയാണ് ഇതാണ് കറക്ട് പൊസിഷൻ. ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞതുപോലെ 1963-ലെ നിയമത്തിന്റെ പേര് തന്നെ....... (ബഹളം).....

മി. ചെയർമാൻ: ഏതായാലും ഈ വിഷയത്തിൽ രണ്ടുകൂട്ടരും രണ്ട് രീതീയിൽ തന്നെയാണ് നിൽക്കുന്നത്. ഇത് സംസാരിച്ച് തീരില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, ഇതിനകത്ത് ഫാക്ട്സുണ്ട് .......(ബഹളം)..... ശ്രീ. വി. എസ്. സുനിൽ കുമാർ തന്നെ സമ്മതിച്ചു, 1957-ൽ അവതരിപ്പിച്ച നിയമം യാഥാർത്ഥ്യമാകാൻ 13 വർഷം കാത്തിരിക്കേണ്ടി വന്നു. അത് കോൺഗ്രസ് പിന്തുണച്ച സി. അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്താണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ഞാൻ ചോദിക്കുന്നത് ഒറ്റ ചോദ്യമാണ്. ഞങ്ങളുടെ കൂടെയിരിക്കുമ്പോൾ നിങ്ങൾ ഈ നിയമം നടപ്പാക്കിയെന്ന് പറയുന്നു. ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തും നിങ്ങൾ ഭരിക്കുന്ന കാലത്ത് ഏതെങ്കിലുമൊരു സംസ്ഥാനത്ത് കോൺഗ്രസ് ഇതുപോലൊരു ഭൂപരിഷ്കരണ നിയമം നടപ്പാക്കാൻ നിയമം കൊണ്ടുവന്നിട്ടുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഓരോ സംസ്ഥാനത്തെയും രാഷ്ട്രീയ സാഹചര്യങ്ങൾ, ആ സംസ്ഥാനത്തെ ഭൂപ്രകൃതിയും ......(ബഹളം).....

ആ സംസ്ഥാനത്തിന്റെ വിസ്തൃതി, ജനസംഖ്യ ഇതിന്റെ അടിസ്ഥാനത്തിലാണ് ഭൂപരിഷ്കരണ നിയമങ്ങളും പരിധിയും നിശ്ചയിക്കുന്നത്. ശ്രീ. വി. എസ്. സുനിൽ കുമാർ ഒരു കാര്യം കൂടി പറഞ്ഞു, നടപ്പിലാക്കിയ റവന്യൂ മന്ത്രിമാരുടെ പേര് .... (ബഹളം)....

മി. ചെയർമാൻ: പ്ലീസ്, പ്ലീസ്......, ഇവിടെ ചെയറിന്റെ പെർമിഷൻ കൂടാതെ ആര് എന്തുപറഞ്ഞാലും സഭാരേഖകളിൽ വരുന്നതല്ല.

ശ്രീ. സണ്ണി ജോസഫ്: സർ, വിവിധ സംസ്ഥാനങ്ങളിൽ വിവിധ സാഹചര്യങ്ങളിൽ ഈ നിയമം നടപ്പിലാക്കിയിട്ടുണ്ട്. ശ്രീ. വി. എസ്. സുനിൽ കുമാർ ഈ നിയമം നടപ്പിലാക്കിയ റവന്യൂ മന്ത്രിമാരുടെ പേര് പറഞ്ഞപ്പോൾ സി.പി.ഐ.(എം)-ന്റെ ഭാഗത്തുനിന്നുള്ള ആരുടെ പേരും അദ്ദേഹത്തിന് പറയേണ്ടി വന്നില്ല. കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റും കോൺഗ്രസ് പിന്തുണച്ച ഗവൺമെന്റുകളുമാണ് ഈ നിയമം നടപ്പിലാക്കിയതെന്നത് യാഥാർത്ഥ്യമാണ്. 1970-ന് ഒരു പ്രത്യേകതയുണ്ട്. 1970-ൽ കെ. കരുണാകരൻ ഉൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കന്മാർ പിന്തുണച്ച സി. അച്യുതമേനോന്റെ സർക്കാരിനെതിരെയാണ് 1972-ൽ മാർക്സിസ്റ്റ് പാർട്ടി കേരളത്തിലാദ്യമായി മിച്ചഭൂമി സമരം നടത്തിയത്. നിഷേധിക്കാൻ സാധിക്കുമോ? അന്ന് സി.

അച്യുതമേനോനെതിരെ ആ മിച്ചഭൂമി സമരത്തിൽ വിളിച്ച മുദ്രാവാക്യമെന്താണ് ? 'വഞ്ചകമുഖ്യാ ചേലാട്ടച്യുതമേനോനേ ചേലില്ലാപ്പണി ചെയ്യല്ലേ, ചേലില്ലാപ്പണി ചെയ്തെന്നാൽ ചേലാട്ടേയ്ക്ക് മടങ്ങില്ല' എന്ന് മുദ്രാവാക്യം വിളിച്ചവർ അപ്പുറത്ത് നിൽക്കുമ്പോൾ...., അവരിവിടെ മിച്ചഭൂമി സമരം നടത്തിയപ്പോൾ കേരളത്തിലെ ഭൂരാജാക്കന്മാരെ കുറിച്ച്.........

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, 1970-ന്റെ പ്രാധാന്യം ഞങ്ങൾ അംഗീകരിക്കുന്നു. 1980-ന് വേറൊരു പ്രാധാന്യമുണ്ട്. ശ്രീ. സണ്ണി ജോസഫിന്റെ നേതാവായ ശ്രീ. എ. കെ. ആന്റണി ഇടതുപക്ഷത്തോടൊപ്പം വന്ന ഒരു പ്രത്യേകത 1980-നുണ്ട്. ഓരോരോ കാലഘട്ടത്തിന് ഓരോരോ പ്രത്യേകതകളുണ്ടാവും.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, 1980-ൽ ഇ. കെ. നായനാർ മുഖ്യമന്ത്രി യായിരുന്നു. 1967-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്നു....

<u>മി. ചെയർമാൻ</u>: ഇവിടെ എല്ലാവരും അതാത് സാഹചര്യമനുസരിച്ച് കൂട്ട് കൂടിയിട്ടുണ്ട്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, 1987 ൽ വീണ്ടും സി.പി.ഐ. മുഖ്യമന്ത്രി വന്നു. 1996-ൽ സി.പി.ഐ. (എം) മുഖ്യമന്ത്രി വന്നു. കേരളത്തിൽ 1957-നും 2014-നുമിടയിൽ 5 പ്രാവശ്യം മാർക്സിസ്റ്റ് പാർട്ടിയുടെ മുഖ്യമന്ത്രിമാർ വന്നിട്ടുണ്ട്.

ഇക്കാലത്ത് ഈ മിച്ചഭൂമി പൂർണ്ണമായും പിടിച്ചെടുത്ത് ഭൂമിയില്ലാത്തവർക്ക് വിതരണം ചെയ്യാൻ എന്തുനടപടിയാണ് നിങ്ങൾ സ്വീകരിച്ചത് ? 1972-ൽ നിങ്ങൾ മിച്ചഭൂമി സമരം നടത്തി. അന്ന് വിളിച്ച മുദ്രാവാക്യം എന്താണ്? മാടപ്പറമ്പന്റെ മിച്ചഭൂമി, മങ്കൊമ്പിസ്വാമിയുടെ മാത്യുമുരിക്കന്റെ കൊട്ടുകാപ്പള്ളിയുടെ കോവിലകത്തിന്റെ ....., അന്ന് നിങ്ങളും ഫാദർ വടക്കൻ ഉൾപ്പെടെയുള്ളവർ വിളിച്ച മുദ്രാവാക്യം കെ.എസ്.യു. പ്രവർത്തകനായിരുന്ന ഞാൻ ഓർമ്മിക്കുകയാണ്. അഞ്ചുപ്രാവശ്യം കേരളത്തിന്റെ മുഖ്യമന്ത്രി സ്ഥാനം വഹിച്ച മാർക്സിസ്റ്റ് പാർട്ടി 2012-ൽ മിച്ചഭൂമിക്കായി സമരം ചെയ്തു. 1972-ലെ മിച്ചഭൂമി സമരത്തിൽ വിളിച്ച അതേ മുദ്രാവാക്യം 2012-ൽ പ്രതിപക്ഷത്തിരുന്നപ്പോഴും നിങ്ങൾക്ക് വിളിക്കേണ്ടി വന്നു. രണ്ടുവർഷം മുമ്പ് ഈ സർക്കാരിന്റെ കാലത്ത് ചീറ്റിപ്പോയ, ആളില്ലാത്ത, ക്ലച്ച് പിടിക്കാത്ത, വിജയിക്കാത്ത മിച്ചഭൂമി സമരം നിങ്ങൾക്ക് വീണ്ടും ചെയ്യേണ്ടി വന്നു. ഈ ഭൂമി പിടിച്ചെടുത്ത് വിതരണം ചെയ്യുന്നതിൽ യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നോ കോൺഗ്രസിന്റെ ഭാഗത്തുനിന്നോ ജനാധിപത്യ കക്ഷികളുടെ ഭാഗത്ത് നിന്നോ അമാന്തമുണ്ടായിയെങ്കിൽ, where were you people? എവിടെയായിരുന്നു നിങ്ങൾ? കഴിഞ്ഞ അഞ്ചുവർഷക്കാലം എൽ.ഡി.എഫ്. അല്ലെങ്കിൽ മാർക്സിസ്റ്റ് പാർട്ടി അഞ്ചുതവണ കേരളത്തിൽ ഭരണം കൈയ്യാളിയിട്ട് ഈ മിച്ചഭൂമി പിടിച്ചെടുക്കാൻ

നിങ്ങൾക്ക് സാധിച്ചില്ല. 2012-ൽ വീണ്ടും സമരം ചെയ്യേണ്ടി വന്നു.

ഭേദഗതിയിലേയ്ക്ക് തന്നെ വരാം. ഇവിടെ ഈ ഭേദഗതി എന്താണ്? സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് "ഭൂരഹിതരില്ലാത്ത കേരളം". ആ പദ്ധതിക്കാവശ്യമായ ഭൂമി ലഭിക്കണം. അതിനാവശ്യമായ ഭൂമി ലഭിക്കുന്നതിനുവേണ്ടി തന്നെയാണ് 2006-ൽ യു.ഡി.എഫ്. ഗവൺമെന്റ് 7(E) സംബന്ധിച്ചുള്ള ഒരു ഭേദഗതി കൊണ്ടുവന്നത്. ഭൂപരിഷ്കരണനിയമം പരിശോധിക്കുമ്പോൾ ഒരുപാട് സ്ഥലങ്ങളിൽ വിവിധ വകുപ്പുകളിൽ കൈവശകൃഷിക്കാരന് ഭൂമി അനുവദിക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ ഉണ്ടായിട്ടുണ്ട്. സെക്ഷൻ 4 മുതൽ സെക്ഷൻ 17 വരെ പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും deemed tenants - കൈവശകൃഷിക്കാരനെ ഭൂമിയുടെ ഉടമസ്ഥന്മാരായി കണ്ടുകൊണ്ടുതന്നെയാണ് അടിസ്ഥാനപരമായി ഈ നിയമത്തിൽ വകുപ്പുകൾ എഴുതിചേർത്തിട്ടുള്ളതെങ്കിൽ ആ കൃഷിക്കാരൻ തന്നെയായിരിക്കണം ഭൂമിയുടെ ഉടമസ്ഥൻ. ബഹു. ഹൈക്കോടതി പോലും അക്കാര്യം വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട് - the dynamic idea behind the scheme of agrarian reform is that the actual tenure of the land could how permanent right of occupancy and ownership in the land. യഥാർത്ഥ കൃഷിക്കാരന് ഭൂമിയുടെ പേരിൽ

ഉടമസ്ഥാവകാശം വേണം, കൈവശം വേണം അതാണ് ഈ നിയമത്തിന്റെ കാതൽ എന്ന് അംഗീകരിക്കുന്നു. ഇവിടെ വിഷയമെന്താണ് ? പലപ്പോഴും ഭൂമി വിലയ്ക്ക് വാങ്ങിയ ആളുകൾ....., എനിക്കും ശ്രീ. കോടിയേരി ബാലകൃഷ്ണനും നന്നായിട്ടറിയാം. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നിയോജകമണ്ഡലത്തോടു ചേർന്ന് തലശ്ശേരിക്കടുത്ത് വടക്കേക്കളത്ത് 700-ഓളം കൃഷിക്കാർ 30 വർഷമായി സമരത്തിലാണ്. ഇവിടെ ശ്രീ. ഇ. പി. ജയരാജൻ ഈ ഭേദഗതിയെ എതിർത്തുകൊണ്ടു സംസാരിക്കുമ്പോൾ വടക്കേക്കളത്തെ 700-ഓളം വരുന്ന കർഷകരുടെ സമരസമിതിയുടെ ചെയർമാൻ, മാർകിസ്റ്റ് പാർട്ടിയുടെ ഏരിയ കമ്മിറ്റി അംഗവും കർഷക സംഘത്തിന്റെ ജില്ലാ എക്സിക്യൂട്ടീവ് അംഗവുമായ ശ്രീ. എ. വി. ബാലനാണ്. അവിടെ 700-ഓളം ആളുകൾ ഭൂമി ഇത്തരത്തിൽ വിലകൊടുത്ത് വാങ്ങിയ ആളുകളാണ്. അവരാരും ഭൂസ്വാമിമാരല്ല, അവരാരും മാടപ്പറമ്പനല്ല, അവരാരും മങ്കൊമ്പിസ്വാമിയല്ല, അവരാരും മുരിക്കനല്ല. ഭൂമി വിലയ്ക്കു വാങ്ങി, ദേഹണ്ഡം ചെയ്ത്, വീട് വച്ച് താമസിക്കുന്ന സാധാരണ കൃഷിക്കാരാണ്. അങ്ങനെ താമസിക്കുന്നയാളുകൾക്ക് അവരുടെ ഭൂമിയിന്മേലുള്ള നിയമപരമായ അവകാശം അംഗീകരിച്ചുകിട്ടണം. അതിനുവേണ്ടിയുള്ള സമരങ്ങൾ..., ആ സമരങ്ങൾ കണ്ണൂർ കളക്ടറേറ്റിൽ നടന്നപ്പോൾ ഞാനും മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാരും ആ

സമരത്തിന് പിന്തുണ പ്രഖ്യാപിച്ച് സംസാരിച്ചിട്ടുണ്ട്. തലശ്ശേരി ആർ.ഡി.ഒ. ഓഫീസിൽ അതിനുവേണ്ടിയുള്ള സമരങ്ങൾ പലതവണ നടന്നപ്പോൾ കണ്ണൂർ ജില്ലയിലെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതാക്കന്മാരും കക്ഷിഭേദമന്യേ അവിടെ സംസാരിച്ചിട്ടുണ്ട്. കേരള നിയമസഭ ഈ നിയമം ചർച്ച ചെയ്ത് പാസ്സാക്കാൻ പോകുന്നുവെന്ന വിവരമറിഞ്ഞുകൊണ്ട് ശ്രീ. കെ. പി. മോഹനന്റെ നിയോജകമണ്ഡലത്തിലെ വടക്കേക്കളത്ത് ഇന്ന് ഇപ്പോൾ ആഹ്ലാദപ്രകടനം നടക്കുകയാണ്. അവിടെ മാത്രമല്ല എന്റെ നിയോജകമണ്ഡലത്തിൽ കൊട്ടിയൂരിലും നൂറിലേറെ സാധാരണ കർഷകരാണുള്ളത്. 4 ഏക്കറായി പരിമിതപ്പെടുത്താൻ യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറായതിന്റെ സാഹചര്യമെന്താണ്? ആദ്യത്തെ നിയമഭേദഗതിയിൽ 4 ഹെക്ടറായിരുന്നു. 10 ഏക്കർ വരെ അനുവദിച്ചതിനെ 4 ഏക്കറായി പരിമിതപ്പെടുത്താൻ തയ്യാറായി. അതിനുവേണ്ടി മുഖ്യമന്ത്രി തന്നെ മുൻകൈയെടുത്ത് സമരസമിതിയുമായി ചർച്ച ചെയ്തു. ആ ചർച്ചയെ തുടർന്ന് 4 ഏക്കർ മതിയെന്ന് കർഷക സംഘടനകൾ സമ്മതിച്ചിരുന്നു. കാരണം ഇന്നലെയും ഞാൻ വിളിച്ച് അന്വേഷിച്ചപ്പോൾ അവിടെയുള്ള 700 കർഷകരിൽ 4 ഏക്കറിൽ കൂടുതലുള്ള രണ്ടോ മൂന്നോ പേർ മാത്രമേയുള്ളൂവെന്നാണ്. അതുകൊണ്ട് യഥാർത്ഥ കൃഷിക്കാരന് ഭൂമി ലഭിക്കുന്നതിനുവേണ്ടി, ഉടമസ്ഥാവകാശം അംഗീകരിച്ച

കിട്ടുന്നതിനുവേണ്ടിയാണ് deemed tenants എന്ന നിലയിലുള്ള ഈ ഭേദഗതി നടപ്പിലാക്കിയിട്ടുള്ളത്. അത് കേരളത്തിലെ കൃഷിക്കാർ സ്വാഗതം ചെയ്യുമെന്നതിന്റെ പേരിൽ ഞാനും അതിനെ അംഗീകരിക്കുന്നു. ഈ ഭേദഗതി അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ശ്രീ. ഇ. പി. ജയരാജൻ അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയത പ്രകാരമുള്ള 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(B) നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരള സംസ്ഥാനം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായിട്ടുള്ളതാണ്. അതിലെ പ്രധാനഘടകമെന്ന് പറയുന്നത് കേരളത്തിലെ ഭൂപരിഷ്കരണമാണ്. നമ്മുടെ ഭൂമി ആരെങ്കിലും ഉണ്ടാക്കിയിട്ടുള്ളതല്ല, ഈ ഭൂമി ഇവിടെയുള്ളതാണ്. ഈ ഭൂമി, പ്രത്യേകമായ സാമൂഹിക പശ്ചാത്തലത്തിൽ നിലനിന്നിരുന്ന സാഹചര്യങ്ങളിൽ പലരുടേയും ആധിപത്യം ചെലുത്തിയിട്ടുള്ള

താണ്. കേരളത്തിന്റെ സ്ഥിതി പരിശോധിച്ചാൽ, മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിങ്ങനെ നാട്ടുരാജ്യങ്ങളായിരുന്നു. പിന്നെ തിരു-കൊച്ചി സംസ്ഥാനം, മലബാർ സംസ്ഥാനം. മലബാർ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. കേരളത്തിൽ തന്നെ വ്യത്യസ്തമായ ഭൂപ്രശ്നങ്ങളായിരുന്നു. മലബാറിന്റെ കാർഷിക പ്രശ്നമല്ല തിരുവിതാംകൂറിന്റേത്. മലബാർ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായതുകൊണ്ട് ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിന്റെ കീഴിലായിരുന്നു. ബ്രിട്ടീഷ് ഭരണകാലഘട്ടത്തിൽ ജന്മി നാടുവാഴിത്വ വ്യവസ്ഥയായിരുന്നു നിലനിന്നിരുന്നത്. ഭൂപരിഷ്കരണ രംഗത്ത് കുറേക്കൂടി മാറിയ സാഹചര്യമാണ് തിരുവിതാംകൂറിൽ ഉണ്ടായിരുന്നത്. ഐക്യകേരളം രൂപീകരിച്ചതിനുശേഷമാണ് കേരളത്തിൽ ഒരു ഭൂപരിഷ്കരണ നിയമം രൂപപ്പെട്ടുവരുന്നത്. അത് കമ്മ്യൂണിസ്റ്റ് മന്ത്രിസഭയും സഖാവ് ഇ.എം.എസ്സും., കെ. ആർ. ഗൗരിയമ്മയും എം.എൻ. ഗോവിന്ദൻനായരും, സഖാവ് സി. എച്ച്. മുഹമ്മദ്കോയയും ഉൾപ്പെടെയുള്ളവരാണ് അതിലെ പ്രധാനികൾ. കോൺഗ്രസ് ഭൂപരിഷ്കരണത്തെ എതിർക്കാതിരിക്കുന്നത് നല്ല കാര്യമാണ്. പക്ഷേ, ഇന്ത്യയുടെ ചരിത്രത്തിൽ കോൺഗ്രസ് ഭൂപരിഷ്കരണത്തിന് ഒരിക്കലും അനുകൂലമായിരുന്നില്ല. കോൺഗ്രസ് ഭരിച്ചിരുന്ന ഒരു സംസ്ഥാനത്തും ഭൂപരിഷ്കരണം നടപ്പിലാക്കിയതുമില്ല. കേരളത്തിൽ 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ്

രൂപീകരിക്കുന്നതിനുമുമ്പ്, 1956-ൽ ഭൂപരിഷ്കരണ നിയമത്തിനുവേണ്ടി പ്രമേയം പാസ്സാക്കിയിരുന്നു. 1957-ലെ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി അംഗീകരിച്ച നയത്തിന്റെ ഭാഗമായി കാർഷിക രംഗത്ത് പരിഷ്കരണം വരുത്തുന്നതിനുവേണ്ടി ഭൂമിയിൽ നിലനിന്നിരുന്ന ജന്മി നാടുവാഴിത്വ മേധാവിത്വത്തിന്റെ വേരറുക്കാൻ ഒരു ഭൂപരിഷ്കരണ നിയമത്തിന് രൂപം കൊടുത്തു. കഴിഞ്ഞ 57 വർഷക്കാലം കേരളത്തിൽ കാർഷിക രംഗത്ത് ഒരുപാട് പരിഷ്കരണങ്ങളും മാറ്റങ്ങളും വന്നിട്ടുണ്ട്. പലരും മാറിമാറി ഭരിച്ചിട്ടുമുണ്ട്. ശ്രീ. സണ്ണി ജോസഫ്, അന്നത്തെ ഗവൺമെന്റ് 1959-ൽ പാസ്സാക്കിയ നിയമത്തിൽ ഭേദഗതി വരുത്താൻ ആരുവിചാരിച്ചാലും സാധിക്കില്ല. അവർ എല്ലാവരും ഒരുമിച്ച് നിന്നു. പിന്നീട് മാറിമാറി വരുന്ന ഗവൺമെന്റുകൾ ആ നിയമത്തിന് മുകളിൽ നിന്നുകൊണ്ട് കാര്യങ്ങൾ നിർണ്ണയിച്ചുപോകുന്ന സമീപനമാണ് സ്വീകരിച്ചത്. അതുകൊണ്ട് കേരളത്തിൽ കാർഷിക രംഗത്ത് ഒരുപാട് മാറ്റങ്ങളുണ്ടായി. ഭൂപരിഷ്കരണ രംഗത്ത് കേരളത്തിൽ വന്ന മാറ്റമാണ് ഇന്നത്തെ കേരളത്തിന്റെ വളർച്ചയ്ക്ക് അടിസ്ഥാനം. അതിന്റെ ഫലമായി കേരളം വിദ്യാഭ്യാസപരമായി വളർന്നുവന്നു. കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം കൃഷിക്കാരന് ലഭിച്ചപ്പോൾ കൃഷിക്കാരന് സ്വന്തം കാലിൽ നിൽക്കാൻ സാധിച്ചു. ഒരുനേരത്തെ ആഹാരത്തിന്

ഗതിയില്ലാത്ത പാവപ്പെട്ട കൃഷിക്കാരുടെ മക്കൾക്ക് എങ്ങനെ വിദ്യാഭ്യാസം നേടാൻ സാധിക്കുമായിരുന്നു? ഭൂമി മുഴുവൻ വൻകിടക്കാരുടെ കൈവശമായിരുന്നു. അക്കാലത്ത് വിദ്യാഭ്യാസമൊന്നും പാവപ്പെട്ട ജനങ്ങൾക്കും കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെയും മക്കൾക്കൊന്നും ലഭിക്കുമായിരുന്നില്ല. എന്നാൽ ഭൂപരിഷ്കരണത്തിന്റെ ഫലമായി ഭൂമികിട്ടിയതോടുകൂടി അവർ ഭൂമിയുടെ അവകാശികളായി മാറുകയും കൃഷിഭൂമിയിൽ പണിയെടുത്ത് അവർ മക്കളെ പഠിപ്പിക്കുകയും ചെയ്തു. ഐ.എ.എസ്, ഐ.പി.എസ്, ഡോക്ടർ, എഞ്ചിനീയർ തുടങ്ങിയ മേഖലകളിൽ കൃഷിക്കാരന്റെ മക്കൾ ആരെങ്കിലും ഉണ്ടായിരുന്നോ? ഭൂപരിഷ്കരണത്തോടുകൂടി കേരളത്തിൽ വന്ന വളർച്ചയുടെ ഭാഗമായി സാധാരണക്കാരുടെ മക്കളും പഠിക്കാനും വളരാനും വികസിക്കാനും തുടങ്ങി. പഠിച്ചുവന്ന പലരും ജോലിതേടി വിദേശ രാജ്യങ്ങളിലേയ്ക്ക് പോയി. പ്രത്യേകിച്ച് അറബ് രാജ്യങ്ങളിൽ പോയി പണിയെടുത്തു. ഈ വിദ്യാസമ്പന്നരായ മലയാളികൾ കഠിനാദ്ധ്വാനം ചെയ്ത് അറബ് രാജ്യങ്ങളെയും മരുഭൂമികളെയും മാറ്റിത്തീർക്കുന്നതിൽ ഒരു വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അതിന്റെ ഫലം നമുക്കുണ്ടായി. അവരുടെ വരുമാനം പ്രധാനമായും കെട്ടിടനിർമ്മാണ രംഗത്തും മോട്ടോർ രംഗത്തുമെല്ലാമാണ് ഇൻവെസ്റ്റ് ചെയ്തത്. അതിന്റെ ഫലമായി

കേരളം ഒരുപാട് വളർച്ചയും വികാസവുമുണ്ടായി. പിന്നീട് മാറിമാറി വന്ന ഗവൺമെന്റുകൾ ആ ഭൂമി അന്നുള്ള സാഹചര്യങ്ങൾവച്ചുകൊണ്ടും നിലവിലുള്ള സാഹചര്യങ്ങളെ വിലയിരുത്തിക്കൊണ്ടും ഒരുപാട് പരിഷ്കരണങ്ങൾ വരുത്തി. അങ്ങനെ കേരളത്തിൽ വലിയ തോതിൽ ഭൂപരിഷ്കരണം നടത്തിയതിന്റെ ഫലമായി കുറേയധികം ആളുകൾക്ക് ഭൂമി കിട്ടിയിട്ടുണ്ട്. ഭൂപരിഷ്കരണ രംഗത്ത് എല്ലാവർക്കും ഭൂമി കൊടുക്കുക, കൃഷിക്കാർക്ക് ഭൂമിയിൽ ഉടമസ്ഥാവകാശം കൊടുക്കുക, കാർഷികോത്പാദനം വർദ്ധിപ്പിക്കുക, കേരളത്തിന്റെ സാധ്യതകളെ മുഴവൻ ഉപയോഗപ്പെടുത്താൻ കാർഷിക രംഗത്ത് ഫലപ്രദമായി നടപടികൾ സ്വീകരിക്കുക........ കേരളത്തിൽ 44 നദികളുണ്ട്, ആ നദിയിലെ ജലം ഉപയോഗിച്ചുകൊണ്ട് കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി ഭൂമിയിൽ ഉത്പാദനം വർദ്ധിപ്പിക്കണം. കേരളത്തിൽ കഴിഞ്ഞ അമ്പത് വർഷക്കാലത്തിനിടയിൽ ജനസംഖ്യയിൽ ഒരുപാട് വർദ്ധനവുണ്ടായി. 1956-57 കാലയളവിൽ ഒരു കോടിയിൽ താഴെ ആയിരുന്ന ജനസംഖ്യയെങ്കിൽ ഇപ്പോൾ മൂന്നര കോടിയായി വർദ്ധിച്ചു. ജനസംഖ്യ ആനുപാതികമായി വർദ്ധിച്ചു. പത്തും ഇരുപതും സെന്റ് ഭൂമി വീതം കുടികിടപ്പുകാർക്കായി വിതരണം ചെയ്തു. ഭൂമിയുടെ അളവുകളിലും മാറ്റങ്ങൾ വന്നു. 1959-ൽ ഗവൺമെന്റ് ഭൂപരിഷ്കരണ നിയമം പാസ്സാക്കി പ്രസിഡന്റിന്റെ

അനുമതിക്ക് അയച്ചുവെങ്കിലും ഇന്ത്യാ യൂണിയൻ പ്രസിഡന്റ് അനുമതിക്ക് കാലതാമസം വരുത്തി. കോടതിയിൽ അതിനെ ചോദ്യം ചെയ്തു. ആ ഭൂപരിഷ്കരണ നിയമത്തിൽ കൈവശം വയ്ക്കാവുന്ന ഭൂമിക്ക് പരിധി നിശ്ചയിക്കുകയും ബാക്കി വരുന്ന ഭൂമി മുഴുവൻ ഗവൺമെന്റിൽ നിക്ഷിപ്തമാവുമെന്ന വ്യവസ്ഥവച്ചതിനെ ചോദ്യം ചെയ്തുകൊണ്ട് സുപ്രീംകോടതിയിൽപ്പോയി. ബഹുമാനപ്പെട്ട സുപ്രീംകോടതി പൗരന്റെ അവകാശത്തിന് നേരെയുള്ള നടപടിയാണെന്ന നിലയിൽ അതിന് നിയമപരമായി തടസ്സം ഉന്നയിച്ചു. അതിനെ ഭേദഗതി വരുത്തികൊണ്ടാണ് 1963-ൽ കേരള ഭൂപരിഷ്കരണ നിയമം പാസ്സാക്കുകയും ആ നിയമത്തിന് അംഗീകാരം ലഭിക്കുകയും ചെയ്തത്. ആ നിയമത്തിൽ 10 ഏക്കർ വരെ അതായത് നാല് ഹെക്ടർ വരെ.......... ഇവിടെ ആയിരക്കണക്കിന് ഏക്കർ മിച്ചഭൂമിയുണ്ട് അതിൽ വനഭൂമിയും തോട്ടഭൂമിയുമുണ്ട്. കാലാവസ്ഥയെയും ഭൂപ്രകൃതിയെയും സംരക്ഷിക്കാൻ തോട്ടങ്ങൾ സംരക്ഷിക്കണമെന്ന കാഴ്ചപ്പാടുണ്ടായിരുന്നു. ഈ ഭൂപരിഷ്കരണ നിയമത്തെ കോൺഗ്രസ്സുകാർ ചോദ്യം ചെയ്തു. തോട്ടം മുതലാളിമാർക്ക് വേണ്ടിയാണ് തോട്ടത്തെ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കിയതെന്ന് ആക്ഷേപം ഞങ്ങൾക്കെതിരെ ഉന്നയിച്ചിരുന്നു. യഥാർത്ഥത്തിൽ കേരളത്തിന്റെ കാലാവസ്ഥ, നമ്മുടെ പരിസ്ഥിതി, നമ്മുടെ മലകളും കുന്നുകളും കാടുകളും മേടുകളും നിലനിർത്തി കേരളത്തെ

ധന്യമാക്കുന്നതിന് തോട്ടം നിലനിർത്തേണ്ടത് ആവശ്യമാണ്. അതാണ് അതിന്റെ ശാസ്ത്രീയമായ കാഴ്ചപ്പാട്. രണ്ടാമത്, അവിടെ പണിയെടുക്കുന്ന ആയിരക്കണക്കിന് തൊഴിലാളികളുണ്ട്, അതൊരു തൊഴിൽ സ്ഥാപനമാണ്. അതുകൊണ്ട് തോട്ടം നിലനിർത്തിക്കൊണ്ട് തോട്ടത്തിന് സംരക്ഷണം കൊടുത്തു. തോട്ടം നിലനിർത്തി ഭൂമിയുടെ പ്രകൃതിദത്തമായ സംരക്ഷണം ഉറപ്പുവരുത്താനുള്ള ദീർഘവീക്ഷണത്തോടു കൂടിയുള്ള നടപടികളും അന്ന് കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് സ്വീകരിച്ചിരുന്നു. അത് പിന്നീട് ഇടതുപക്ഷങ്ങളും സ്വീകരിച്ചതായി കാണാം. അതിന്റെ ഭാഗമായി ഭൂപരിഷ്കരണ നിയമം പാസ്സാക്കിയപ്പോൾ ആയിരക്കണക്കിന് ഏക്കർ മിച്ചഭൂമി കേരളത്തിലുണ്ടായിരുന്നു. ആ മിച്ചഭൂമിയെല്ലാം 1963 ഓടുകൂടി ഗവൺമെന്റിൽ നിക്ഷിപ്തമായി. ആ നിക്ഷിപ്തമായ ഭൂമി മുഴുവൻ അന്ന് ഏറ്റെടുത്തിരുന്നുവെങ്കിൽ..... അതിന്റെ വിശദമായ  കണക്കുകളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഏതാണ്ട് 7,20,000 ഏക്കർ ഭൂമി ഈ നിയമം പാസ്സാക്കുമ്പോൾ കേരളത്തിലുണ്ടായിരുന്നു. ആ ഭൂമി മുഴുവൻ ഏറ്റെടുത്ത് കേരളത്തിലെ മുഴുവൻ ഭൂരഹിതർക്കും ഒരേക്കറോ രണ്ടേക്കറോ ഭൂമി കൊടുത്തിരുന്നുവെങ്കിൽ കാർഷിക രംഗത്ത് സമർത്ഥമായി ഇടപെടാൻ സാധിക്കുമായിരുന്നു. പക്ഷെ ആ ഭൂമി ഏറ്റെടുത്തില്ല. ആ ഭൂമികൾ ഏറ്റെടുക്കുന്നതിൽ അമാന്തം കാണിച്ചു. ഈ ഭൂമി കൈവശമുള്ള വൻകിട ജന്മിമാർ, ഭൂഉടമകളായി

അധികാരം സ്ഥാപിച്ചിരിക്കുന്നവർ, ഈ ഭൂമി മുഴുവൻ തിരിമറി നടത്തി അത് പലർക്കുമായി കുറേശ്ശെ വിറ്റു പണമുണ്ടാക്കി പുത്തൻ മുതലാളിമാരായി മാറി. അതിന്റെ ഫലമായി പുതിയ ഒരു സാമ്പത്തിക രംഗം വളർന്നുവന്നു. ഇത് ജനങ്ങൾക്ക് അവകാശപ്പെട്ട ഭൂമിയാണ്, രേഖയിൽ ഒരുപക്ഷെ അവരുടെ ഭൂമിയാണെന്ന് എഴുതിയിട്ടുണ്ടാകും. ഈ ഭൂമി ജന്മിമാർ അദ്ധ്വാനിച്ചുണ്ടാക്കിയ ഭൂമിയൊന്നുമല്ല. ഈ മിച്ചഭൂമി കേരളത്തിലെ ജനങ്ങൾക്ക് അവകാശപ്പെട്ടതാണ്. പക്ഷെ, ആ ഭൂമി ഏറ്റെടുത്ത് സംരക്ഷിച്ചുകൊണ്ട് ഭൂരഹിതർക്ക് കൊടുക്കാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിൽ അമാന്തം കാണിച്ചു. ഇങ്ങനെ അനധികൃതമായി മിച്ചഭൂമി കൈവശം വച്ച് തിരിമറി നടത്തിയിട്ടുള്ളവർക്ക് മുഴുവൻ സംരക്ഷണം കൊടുക്കാൻ 2005-ൽ നിങ്ങളൊരു നിയമം കൊണ്ടുവന്നു. ആ നിയമം കൊണ്ടുവന്നത് മിച്ചഭൂമി തിരിമറിക്കാരെ സംരക്ഷിക്കാനാണ്. പത്ത് ഏക്കർ വരെയുള്ള ഭൂമി കൈമാറ്റത്തിന് നിയമപരമായ സാധൂകരണം നൽകി. ആ സാധൂകരണം നൽകിയതോടുകൂടി ഏതാണ്ട് എല്ലാ മിച്ചഭൂമികളും ഇല്ലാതായിത്തീർന്നു. ശ്രീ. സണ്ണി ജോസഫ് വടക്കേക്കളം ഭൂമിയുടെ കാര്യം ഇവിടെ പറഞ്ഞു. വടക്കേക്കളം നിയമമല്ല ഇത്. ഇത് കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമമാണ്. വടക്കേക്കളം ഭൂമിയാണെങ്കിൽ നിങ്ങൾ പറയുന്നതിനേക്കാൾ മുമ്പേ

ഞാൻ അംഗീകരിക്കും. ആ ഭൂമിയിൽ കൈവശ കൃഷിക്കാർക്കുവേണ്ടി ശക്തമായ സമരം നടത്തിയിട്ടുള്ളവനാണ് ഞാൻ. ഇപ്പോഴും ആ സമരത്തിന് മുമ്പിലുള്ളവരാണ് ഞങ്ങൾ. ആ വടക്കേക്കളം ഭൂമി തന്നെ എടുക്കുക. ശ്രീ. സണ്ണി ജോസഫ് ഇവിടെ പറഞ്ഞ വടക്കേക്കളം ഭൂമി എന്താണ്? പോത്തൻ ജോസഫിന്റേതായിരുന്ന ആ ഭൂമി. അദ്ദേഹം ആ മല മുഴുവനും അദ്ദേഹത്തിന്റേതായി കണക്കാക്കി. എന്നിട്ടദ്ദേഹം ഭൂമിയിൽ പണിയെടുക്കാൻ ആഗ്രഹിക്കുന്ന പാവപ്പെട്ട കൃഷിക്കാരിൽനിന്ന് പണം വാങ്ങി ഈ മിച്ചഭൂമി അവർക്ക് തീറുകൊടുത്തു. അങ്ങനെ കൈവശംവച്ചവരാണ് 700 പേർ. പോത്തൻ ജോസഫിൽനിന്നും ആ പണം തിരിച്ചുപിടിക്കാൻ നിങ്ങൾ തയ്യാറാണോ? ഞാൻ പറഞ്ഞുവരുന്നതിന്റെ വസ്തുത അതാണ്. 700 കൈവശകൃഷിക്കാർ പണംകൊടുത്തുവാങ്ങിയ ഭൂമി അനധികൃതമായി വില്പന നടത്തി. അവർ നിയമനടപടി സ്വീകരിക്കുമോ. വടക്കേക്കളം കൈവശകൃഷിക്കാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം കൊടുക്കണം. വടക്കേക്കളത്തിലുള്ളവർക്കുമാത്രമല്ല കേരളത്തിലെ മുഴുവൻ കൈവശകൃഷിക്കാർക്കും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പട്ടയം കൊടുക്കണം. നിങ്ങൾ പട്ടയം കൊടുക്കുന്നില്ല. കൊടുത്ത പട്ടയങ്ങൾ പലതും വിലയില്ലാത്തതായി തീർന്നിരിക്കുകയാണ്. അതുകൊണ്ട് മുഴുവൻ കൈവശകൃഷിക്കാർക്കും പട്ടയം

കൊടുക്കുക. മിച്ചഭൂമി അനധികൃതമായി കൈവശപ്പെടുത്തി വില്പന നടത്തിയതിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം. നിങ്ങളിപ്പോൾ കൊണ്ടുവന്നിരിക്കുന്നതിനെ വിശ്വാസ്യതയിലെടുക്കാൻ നിർവ്വാഹമില്ല. 2005-ൽ നിങ്ങൾ 10 ഏക്കർ വരെ ഭൂമി തിരുമറി നടത്തിയിട്ടുള്ളവർക്ക് സംരക്ഷണം കൊടുക്കാൻ നിയമം കൊണ്ടുവന്നപ്പോൾ ഞങ്ങൾ എതിർത്തു. ഞങ്ങൾ അന്ന് പ്രതിപക്ഷത്താണ്. നിങ്ങൾ ഈ ഭൂമിയുടെ തിരുമറി നടത്താൻ കൂട്ടുനിൽക്കരുതെന്ന് ഞങ്ങൾ പറഞ്ഞു. 10 ഏക്കർവരെയുള്ള അനധികൃത കൈമാറ്റത്തിനുമുഴുവൻ നിങ്ങൾ നിയമപരമായ പരിരക്ഷ കൊടുക്കുകയാണ്. ഞങ്ങളുടെ അഭിപ്രായങ്ങളെ ഭൂരിപക്ഷവും ഉപയോഗിച്ചുകൊണ്ട് നിങ്ങൾ തള്ളിക്കളഞ്ഞു. നിങ്ങൾ അന്ന് നാല് ഏക്കർ അക്കിയോ, അന്ന് എന്ത് അടിസ്ഥാനത്തിലാണ് 10 ഏക്കർ എന്ന് പറഞ്ഞത്. 10 ഏക്കർ വരെ കൈവശപ്പെട്ടുത്തിയവരെ മുഴുവൻ നിങ്ങൾക്ക് സംരക്ഷിക്കണം. അവർക്ക് മുഴുവൻ അനധികൃതമായ ഭൂമി കൊടുക്കണം. ഗവൺമെന്റ് മിച്ചഭൂമി അനധികൃതമായി കയ്യേറ്റക്കാർ ബലംപ്രയോഗിച്ച് വിൽപ്പന നടത്തി പണമുണ്ടാക്കിയവരെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചു. ആ നിയമമാണ് 2006-ൽ ഇന്ത്യാ യൂണിയൻ പ്രസിഡന്റിന്റെ അനുമതിയോടുകൂടി നിയമമായി വന്നത്. ആ

നിയമത്തിനാണ് നിങ്ങളിപ്പോൾ ഒരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. പത്ത് ഏക്കർ എന്നുള്ളത് നാല് ഏക്കർ ആക്കുന്നത് നല്ലതുതന്നെ. പക്ഷേ എന്താണ് ഈ നാല് ഏക്കറിന്റെ ബെയ്സ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നല്ല പദ്ധതിയാണ്. പക്ഷേ നിങ്ങളുടെ ഈ പദ്ധതി ഉട്ടോപ്പിയനാണ്. ഇത് പ്രായോഗികമായി നടപ്പിലാകുന്ന പദ്ധതിയല്ല. നിങ്ങൾ ഇപ്പോൾ കേരളത്തിലുള്ള മുഴുവൻ മിച്ചഭൂമിയും ഭൂമിയില്ലാത്ത ആളുകളെയും കണക്കാക്കി. ഭൂമിയുടെ അളവിനെ ഭൂമിയില്ലാത്തവരുടെ എണ്ണംകൊണ്ട് ഹരിച്ചു. അപ്പോൾ മൂന്ന് സെന്റാകും. നിങ്ങൾ മൂന്ന് സെന്റ് ഹരിച്ച് വിഹിതം കൊടുത്തു. ഈ മൂന്ന് സെന്റ് ഭൂമി കൊണ്ട് എന്ത് കാര്യമാണ്? നിങ്ങളിവിടെ മൂന്ന് സെന്റ് ഭൂമി കൊടുത്തല്ലോ. പാലക്കാടുള്ള ആളുകൾക്ക് കാസർഗോഡാണ് ഭൂമി കൊടുത്തിരിക്കുന്നത്. എറണാകുളത്തുള്ളവർക്ക് കണ്ണൂരിലെ ആരും പോകാത്ത മലക്ക് മുകളിലാണ് ഭൂമി കൊടുത്തിരിക്കുന്നത്. ആ ഭൂമിയിലേയ്ക്കൊന്നും ആരും പോകാൻ തയ്യാറാകുന്നില്ല. നിങ്ങൾ ഒരാത്മ പരിശോധന നടത്തു. നിങ്ങൾ ഈ കൊടുത്ത മൂന്ന് സെന്റ് ഭൂമി ആരെങ്കിലും കൈവശപ്പെടുത്തിയിട്ടുണ്ടോ? അവിടെ എന്തെങ്കിലും നടക്കുന്നുണ്ടോ? ആ ഭൂമി കാർഷിക രംഗത്ത് ഉപയോഗപ്പെടുത്തണമെങ്കിൽ നിങ്ങൾക്ക് ശരിയായ കാഴ്ചപ്പാടുണ്ടാകണം. ഈ മൂന്ന്

സെന്റ് ഭൂമി കൊടുക്കുന്നത് ഒരു തരത്തിലും ഗുണകരമായിട്ടുള്ള ഒരു പ്രക്രിയയല്ല. ഇത് വെറുമൊരു പ്രചരണത്തിന് ഭൂരഹിതരില്ലാത്ത കേരളം, സീറോ ലാന്റ്ലെസ് പ്രോഗ്രാം എന്നിങ്ങനെ വലിയ ശബ്ദങ്ങളുന്നയിച്ചിട്ട് എന്താണ് കാര്യം. ഇത് പ്രയോഗത്തിലേക്ക് നോക്കുമ്പോൾ, ആ മൂന്ന് സെന്റ് ഭൂമി വാങ്ങി ഉപയോഗപ്പെടുത്താൻ കേരളത്തിലെ ഒരു കൃഷിക്കാരനും സാധിക്കുകയില്ല. അതുകൊണ്ട് ഗവൺമെന്റ് ചെയ്യേണ്ടത് ഇവിടെ ആയിരക്കണക്കിന് ഏക്കർ തോട്ടം ഭൂമികൾ അനധികൃതമായി കൈവശം വച്ചിട്ടുള്ള വലിയ പ്ലാന്റേഷനുകളുണ്ട്. അവ മിച്ച ഭൂമിയാണ്. ആ മിച്ചഭൂമി നിങ്ങൾക്ക് ഏറ്റെടുക്കാനുള്ള ത്രാണിയുണ്ടോ. തോട്ടം മേഖലയിൽ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി നിങ്ങൾ ഏറ്റെടുക്കുക. ആ ഭൂമി, ഭൂരഹിതരായ കൃഷിക്കാർക്ക് അദ്ധ്വാനിക്കാൻ ചുരുങ്ങിയത് ഒരേക്കർ എങ്കിലും കൊടുക്കുക. എങ്കിൽ മാത്രമെ അവർക്കവിടെ കൃഷി ഉൽപ്പാദിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഇന്നുള്ള എല്ലാ കൈവശകൃഷിക്കാർക്കും ഒരു പരിധി നിശ്ചയിച്ചുകൊണ്ട് ഭൂരഹിതരായിട്ടുള്ള മുഴുവൻ കൃഷിക്കാർക്കും ഭൂമി കൊടുക്കാൻ കഴിയത്തക്ക നിലയിലുള്ള നിലപാട് സ്വീകരിക്കുക. നിങ്ങളിപ്പോൾ നാല് ഏക്കറെന്ന് പറഞ്ഞിരിക്കുന്നതിൽ ദുരുദ്ദേശമുണ്ട്. പലതിനേയും ന്യായീകരിക്കാനാണത്. വടക്കേക്കളം എസ്റ്റേറ്റിൽ കൈവശമുള്ള കൃഷിക്കാർക്ക്

മുഴവനും പട്ടയം കൊടുക്കു. മുഴവൻ കൈവശാവകാശവും കൊടുക്കു. വടക്കേക്കളം മിച്ചഭൂമി കൃഷിക്കാർക്ക് കൊടുക്കാൻ വേണ്ടി ശ്രീ. കെ.പി. മോഹനനും ഞങ്ങളുമൊക്കെ ഒന്നിച്ച് സഹകരിച്ച് പ്രവർത്തിച്ചിട്ടുള്ളതാണ്. ഇവിടെ ശ്രീ. സണ്ണി ജോസഫ് പറഞ്ഞകാര്യം ശരിയാണ്. അവർക്കെല്ലാം ഭൂമി കൊടുക്കണം. ഇത് അവർക്ക് മാത്രമല്ല, കേരളത്തിലെ മുഴവൻ ഭൂമികൈവശ കൃഷിക്കാർക്കും പട്ടയം കൊടുക്കണം. കേരളത്തിലെ മിച്ചഭൂമി നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കണം. നിങ്ങളെടുക്കുന്ന നിലപാടുകളൊന്നും അതിന് സഹായകരമല്ല. വേറെ എന്തോ ഉദ്ദേശ്യവും ലക്ഷ്യവും വച്ചുകൊണ്ടാണ് നിങ്ങൾ പ്രവർത്തിക്കുന്നത്. പത്ത് ഏക്കർ എന്ന് കണക്കാക്കി മിച്ചഭൂമി കൈവശപ്പെടുത്തിയവർക്കുമുഴവൻ നിയമപരമായി സംരക്ഷണം കൊടുത്തത് നിങ്ങളാണ്. ആ പത്ത് ഏക്കർ ഭൂമി കൊടുത്ത്, ഉള്ള ഭൂമി മുഴവൻ ഏതാണ്ട് ക്രയവിക്രയം നടത്തി. അനധികൃതമായി കൈവശം വച്ചു. ഒരാൾ മാത്രമല്ല, പ്രത്യേകം കുടുംബങ്ങളാക്കി ഓരോ ആളും പത്ത് ഏക്കർ വീതം ഭൂമി കൈവശം വയ്ക്കുന്നു. മിച്ചഭൂമി മുഴവൻ പോയി. ഇപ്പോൾ നിങ്ങൾ നാല് ഏക്കർ എന്നുപറയുന്നത് എത്ര ഭൂമി നിങ്ങൾ ഏറ്റെടുക്കും. നിങ്ങൾക്ക് എത്ര ഭൂമിയുണ്ട്. എവിടെയാണ് നിങ്ങളുടെ മിച്ചഭൂമി. തോട്ടം ഭൂമി നിങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ. വ്യക്തതയില്ലാതെ നിങ്ങൾ ഒരു നിയമം അവതരിപ്പിക്കുകയാണ്. അതുകൊണ്ട്

നിങ്ങളുടെ ആത്മാർത്ഥതയെ സംശയിക്കേണ്ടതാണ്. നിങ്ങളുടെ ആത്മാർത്ഥതക്കാണ് ഞങ്ങൾ സംശയമുന്നയിക്കുന്നത്. 2005-ൽ നിയമം സൃഷ്ടിക്കുന്ന അവസരത്തിൽ ഞങ്ങളെതിർത്തു. നിങ്ങളത് തള്ളിക്കളഞ്ഞു. അതേ നിയമം തന്നെ ഈ സഭയിൽ പാസ്സാക്കി. തോട്ടം ഭൂമിയിൽ അഞ്ച് ശതമാനം ഭൂമി മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാം. നിങ്ങളിപ്പോൾ അതിൽ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയും ദുരുദ്ദേശപരമാണ്. മറ്റാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താമെന്നുള്ള നിങ്ങളുടെ ഭേദഗതിയിൽ നിങ്ങളിപ്പോൾ ചെറിയ മാറ്റം വരുത്തിയിട്ടുള്ളത് 'നിർണ്ണയിക്കപ്പെടാവുന്നതാണ്' - മറ്റാവശ്യങ്ങൾക്കുവേണ്ടി നിർണ്ണയിക്കപ്പെടുന്ന ഭൂമിയെന്നാണ്. ഉപയോഗപ്പെടുത്താമെന്ന ഭൂമിക്കുപകരം നിർണ്ണയിക്കപ്പെടാം എന്നൊരു പദമാണ് നിങ്ങൾ ഉപയോഗിച്ചിട്ടുള്ളത്. എന്തിനാണ് ഇങ്ങനെ അഞ്ച് ശതമാനം തോട്ടം ഭൂമി റിസോർട്ടിനുവേണ്ടി മാറ്റിവയ്ക്കുന്നത്. ധാരാളം മിച്ചഭൂമികളുണ്ട്. ആ മിച്ചഭൂമികൾ മുഴുവൻ തിരിമറി നടത്തി. തോട്ടം ഭൂമികൾ മുഴുവൻ ക്രമേണ ക്രമേണ അഞ്ച് ശതമാനം ഭൂമി, വിക്രയം നടത്താനുള്ള ആധികാരങ്ങൾ സ്ഥാപിച്ചുകൊടുക്കുകയാണ് നിങ്ങൾ ചെയ്യുന്നത്. ഇത് തെറ്റാണ്. തോട്ടം ഇല്ലാതായി എന്ന് എഴുതി വച്ചിട്ടുണ്ട്. ഇപ്പോൾ ഒരു തോട്ടം ഒരാളുടെ കൈവശമുണ്ട്. അഞ്ച് ശതമാനം ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ച്,

റിസോർട്ടുണ്ടാക്കി. ആ തോട്ടം ഭൂമി അദ്ദേഹം കൈമാറുന്നു. ആ ഭൂമിയിൽ അഞ്ച് ശതമാനം വീണ്ടും കൊടുക്കുക. വീണ്ടും അത് കൈമാറുമ്പോൾ വീണ്ടും അഞ്ച് ശതമാനം കൊടുക്കുക. ചുരുക്കത്തിൽ പ്ലാന്റേഷനുണ്ടാകില്ല, തോട്ടമുണ്ടാകില്ല. കേരളത്തിന്റെ ഹരിതവർണ്ണവും കിഴക്കൻ മലയോരവുമായ (പശ്ചിമഘട്ടം) പ്രദേശത്ത് നിറഞ്ഞുനിൽക്കുന്ന കാടുകളും വനങ്ങളും നദികളും മുഴവൻ അന്യാധീനപ്പെടുത്താൻ വൻകിട റിസോർട്ടുകാർക്കും കച്ചവടക്കാർക്കും ഉപയോഗപ്പെടുത്താനുള്ള വഴിയാണ് നിങ്ങൾ സൃഷ്ടിച്ചുകൊടുക്കുന്നത്. ആ വഴി നിങ്ങൾ അടയ്ക്കു. എനിക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, അങ്ങ് റവന്യൂ രംഗത്ത് ധാരാളം കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ നിങ്ങൾ യു.ഡി.എഫിന്റെ ചങ്ങലക്കകത്താണ്. അതുകൊണ്ട് അതിന് ആർജ്ജവം കാണിക്കണം. നിങ്ങൾ കാണിക്കേണ്ട ആർജ്ജവം, ഈ അഞ്ച് ശതമാനം തോട്ടം ഭൂമികൾ മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാമെന്ന നടപടി തള്ളിക്കളയണം. അതുകൊണ്ടാണ് നിങ്ങളുടെ ഭേദഗതിയെ ശക്തമായി എതിർക്കുന്നത്. കേരളത്തിന്റെ കാർഷിക രംഗത്ത്, ഭൂപരിഷ്കരണ രംഗത്ത് നമ്മുടെ മുൻഗാമികൾ ഈ നിയമസഭയിലും മറ്റും നടത്തിയ സമരങ്ങളുടെ ഫലമായി അവർ വരുത്തിയിട്ടുള്ള ഭൂപരിഷ്കരണ നിയമത്തെ നിങ്ങൾ തകർക്കരുത്. ആ ഭൂപരിഷ്കരണ

നിയമത്തെ തകർക്കാതെ കേരളത്തിന്റെ വളർച്ചക്കും അഭിവൃദ്ധിക്കും കാർഷിക പുരോഗതിക്കും ഭക്ഷ്യസുരക്ഷയ്ക്കും സ്വയം പര്യാപ്തതക്കും വഴിവയ്ക്കുന്ന ഈ കാർഷിക രംഗത്തെ ശക്തിപ്പെടുത്താനുതകുന്ന നിലപാട് സ്വീകരിക്കണം. നിങ്ങൾ അതല്ല നിർവ്വഹിക്കുന്നതെന്നുള്ളതുകൊണ്ട് ഞാൻ എന്റെ ഭേദഗതി ശക്തമായി ഉന്നയിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) സർ, ഈ ഭേദഗതി ബില്ലിനെ എതിർത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ. ബാബു.എം. പാലിശ്ശേരി, എ. പ്രദീപ്കുമാർ, വി. എസ്. സുനിൽ കുമാർ, സി.കെ. നാണു തുടങ്ങിയവർ സംസാരിക്കുകയുണ്ടായി. ഭൂപരിഷ്കരണനിയമം ഇവിടെ കൊണ്ടുവരാനുണ്ടായ കാരണങ്ങളെപ്പറ്റി എല്ലാവരുടെയും ചർച്ചയിൽ ഉയർന്നുവരികയും ചെയ്തു. ബഹുമാന്യനായ ശ്രീ. ഇ.പി. ജയരാജൻ ഏറ്റവും അവസാനം സംസാരിച്ചപ്പോൾ എന്തിനുവേണ്ടിയാണ് ഈ 4 ഏക്കർ ഭൂമി കൊടുക്കാൻ പോകുന്ന എന്നതിനെക്കുറിച്ച് കുറെ ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. ഈ നിയമം 2005-ൽ പാസ്സാക്കിയെടുത്തെങ്കിലും 2006-ലാണ് അനുമതി കിട്ടിയത്. അതിനുശേഷം അങ്ങയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ചില തീരുമാനങ്ങൾ അന്നും എടുത്തിരുന്നു. ഇന്ന് അതിനൊരു പുനർഃചിന്തനമുണ്ടായി 10

ഏക്കർ വരെ കൊടുക്കണമോ വേണ്ടയോയെന്ന്; എന്നാൽ അത് 4 ഏക്കർ ആയി നിജപ്പെടുത്തുവാൻ ഞങ്ങൾ തീരുമാനമെടുത്തു. ബഹുമാന്യനായ ശ്രീ. വ.എസ് സുനിൽകുമാറും ആ ഒരു സംശയം പ്രകടിപ്പിച്ചതാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരിക്കുന്ന സമയത്ത് ഈ ആക്ടിലുള്ള അംഗീകാരം കിട്ടിയതിനുശേഷം ഇതിനൊരു പുനർഃചിന്തനം കണ്ടെത്തുന്നതിനുവേണ്ടി നിങ്ങൾ എടുത്ത ഒരു തീരുമാനമുണ്ട്. ബഹുമാനപ്പെട്ട അപ്പുറത്തിരിക്കുന്ന മുൻമന്ത്രിമാർക്കൊക്കെ അറിയാവുന്ന കാര്യമാണ്. അതായത് ലാൻഡ് റിഫോംസ് കമ്മീഷൻ തയ്യാറാക്കിയ കേരള ഭൂപരിഷ്കരണ കരട് ഭേദഗതി ബിൽ നിലവിലുള്ളത് 4 ഹെക്ടർ വരെയുള്ള വിസ്തൃതി 2 ഹെക്ടറായി നിജപ്പെടുത്തണമെന്നാണ്. നിജപ്പെടുത്തിയും കമ്മീഷൻ നിർദ്ദേശച്ചത് ഒരേക്കർ എന്നതിനുപകരം ആർജ്ജിച്ച കാലയളവ് ഭൂപരിഷ്കരണ നിയമം നടപ്പിൽ വന്ന തീയതിക്കും 01.01.1997-നുമിടയിൽ എന്നുള്ള ഭേദഗതിയോടെ അംഗീകരിക്കാമെന്നാണ്. 02.09.2010-ൽ അത് അംഗീകരിച്ചു. നിങ്ങളുടെ ഗവൺമെന്റ് തന്നെ എടുത്ത ഒരു തീരുമാനമാണ്. 2 ഹെക്ടർ വരെയുള്ള ഭൂമി ഈ ഭേദഗതി നിയമത്തിൽ വന്നിട്ടുള്ളതനുസരിച്ച് കൊടുക്കാനുള്ള തീരുമാനമെടുത്തു. 2 ഹെക്ടർ എന്നുപറയുമ്പോൾ 4 ഏക്കർ ഏതാണ്ട് 5 ഏക്കറോളം ഭൂമി വരും. അന്ന്

നിങ്ങളെടുത്ത തീരുമാനമാണ്. ഞാൻ തർക്കത്തിനുവേണ്ടി പറയുന്ന കാര്യങ്ങളല്ല. ഞങ്ങൾ ഒരു ഭേദഗതി കൊണ്ടുവന്നതോടുകൂടി അത് 4 ഏക്കർ ആയി നിജപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു നിർദ്ദേശം ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. ഭൂപരിഷ്കരണ നിയമത്തിൽ 4 ഏക്കർ വരെയുള്ള ഭൂമി നൽകണമെന്നുള്ള ഒരു ഭേദഗതി ഇവിടെ അവതരിപ്പിക്കുമ്പോൾ അതിന്റെ പ്രധാനപ്പെട്ട കാരണങ്ങളെക്കുറിച്ച് അപ്പുറത്തുമിപ്പുറത്തുമുള്ളവരും ശ്രീ. സണ്ണി ജോസഫും ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട ശ്രീ. ഇ.പി. ജയരാജനും ഏറ്റവും അവസാനം പറഞ്ഞുനിർത്തിയപ്പോൾ വടക്കേകളം എസ്റ്റേറ്റിലെ മുഴുവൻ ആളുകൾക്കും ഭൂമി കൊടുക്കുന്നതിനെക്കുറിച്ചുള്ള ഒരു നിർദ്ദേശംതന്നെയാണ് ഇവിടെ വച്ചിട്ടുള്ളത്. ഇത് വർഷങ്ങൾ കൊണ്ടുള്ള ഒരു പ്രശ്നമാണ്. നമുക്കറിയാം മിച്ചഭൂമിയായി ഏറ്റെടുത്തിട്ടുള്ള പല ആളുകളും ഭൂമി കൈവശം വയ്ക്കുകയും അത് കൈയ്യേറ്റം നടത്തുകയും വർഷങ്ങൾ കൊണ്ട് അവിടെ താമസിക്കുകയും ചെയ്യുന്ന നിരവധി ആളുകളുണ്ട്

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, അങ്ങ് പറഞ്ഞ വടക്കേകളം എസ്റ്റേറ്റിൽ എത്ര ഭൂമി ഇപ്പോൾ ഉണ്ട്? കൊടുക്കാനുദ്ദേശിക്കുന്ന 4 ഏക്കർ ഭൂമിയിൽ കൈവശം വച്ച് വരുന്ന എത്ര കൈവശകൃഷിക്കാരുണ്ട്? ഈ 4 ഏക്കർ ഭൂമി അവർക്ക് കൊടുത്തുകഴിഞ്ഞാൽ എത്ര ഏക്കർ ഭൂമി ലാൻഡ് ബാങ്കിലേക്ക്

കിട്ടുമെന്നതുസംബന്ധിച്ച് എന്തെങ്കിലും കണക്ക് ഗവൺമെന്റിന്റെ കൈവശമുണ്ടോ? ശ്രീ. സണ്ണി ജോസഫ് പറഞ്ഞത് കേട്ടപ്പോൾ 3 ആളുകളുടെ കൈയ്യിൽ മാത്രമേ 4 ഏക്കറിലധികം ഭൂമിയുള്ളൂവെന്നാണ്. നേരത്തെ അതിൽക്കൂടുതലുണ്ടെന്നാണ് നമ്മൾ മനസ്സിലാക്കിയത്. ഇപ്പോൾ ഇത്രയാളുകളെ ഉള്ളോ; എന്താണ് ഗവൺമെന്റിന് ഇത് സംബന്ധിച്ചുള്ള വിവരം?

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ അത് പറഞ്ഞുവരുന്നതേയുള്ളൂ. കൃത്യമായിട്ടുള്ള കണക്കുകൾ പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമേ സഭയിൽ പറയാൻ കഴിയുകയുള്ളൂ. അങ്ങേയ്ക്ക് കൃത്യമായിട്ട് അറിയാവുന്ന ഒരു കാര്യമാണ്. 1994-വരെ വടക്കേകളം എസ്റ്റേറ്റ് കൈവശക്കാരിൽനിന്നും നികുതി സ്വീകരിച്ചുകൊണ്ടിരുന്നതാണ്. വടക്കേകളം എസ്റ്റേറ്റിലെ റീസർവ്വെ നമ്പർ 275/1-ൽപ്പെട്ട 1234.51 ഏക്കർ സ്ഥലമാണ് മിച്ചഭൂമിയായി ഏറ്റെടുക്കാൻ തലശ്ശേരി താലൂക്ക് ലാൻഡ് ബോർഡ് 21.10.1994-ൽ വിധിച്ചിരുന്നത്. അതിൽ നിന്ന് 117.26 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്തു. ഏറ്റെടുക്കാൻ ഇനി 1117.25 ഏക്കർ ഭൂമി കൂടി അവശേഷിക്കുന്നുണ്ട്. ഏറ്റെടുത്ത ആകെ 117.26 ഏക്കർ ഭൂമിയിൽ 79.79 ഏക്കർ ഭൂമി ഇതുവരെ പതിച്ചു നൽകിയിട്ടുണ്ട്. പതിച്ചു നൽകാൻ ബാക്കിയുള്ളത് 37.47 ഏക്കർ മിച്ചഭൂമിയിൽ 32.32 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന സമയത്തുതന്നെ

അന്യകൈവശത്തിലായിരുന്നു. മിച്ചഭൂമി ഏറ്റെടുക്കുവാൻ ഉത്തരവായ സമയത്ത് മേൽ ഭൂമിയിൽ ഏകദേശം 662 കൈവശക്കാർ ഉണ്ടായിരുന്നു. ആയതിൽ 01.01.1977-ന് മുമ്പായി ഭൂമി കൈവശം വച്ചുവന്ന 221 പേരുടെ കൈവശഭൂമി ഏറ്റെടുക്കുന്നതിൽ നിന്നും റ്റി.എൽ.ബി. ഉത്തരവിൽതന്നെ ഒഴിവാക്കിയിരുന്നു. ബാക്കി 441 കൈവശക്കാരാണ് നിലവിലുള്ളത്. സമാനരീതിയിലുള്ള ധാരാളം കേസുകൾ അവിടെ മാത്രമല്ല, മിച്ചഭൂമി ഏറ്റെടുത്തിട്ടുള്ള പലയിടങ്ങളിലും ഇതുപോലെയുള്ള വിഷയങ്ങൾ നിലനിൽക്കുകയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയം മിച്ചഭൂമി കൈവശം വച്ചിരിക്കുന്ന ആളുകൾക്ക് ഇന്ന് അവരുടെ കരം സ്വീകരിയ്ക്കാൻ കഴിയാതെ പോകുന്നുവെന്നുള്ളതാണ് അവരുടെ പരാതി. ബഹുമാനപ്പെട്ട ശ്രീ. സണ്ണി ജോസഫ് ഇവിടെ സംസാരിച്ചപ്പോൾ അവിടെ നടന്ന സമരത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അതിൽ എല്ലാവരും ഉണ്ടായിരുന്നു. അതിനകത്ത് കക്ഷിഭേദമില്ലാതെ എല്ലാ രാഷ്ട്രീയപാർട്ടിയുടെ നേതാക്കന്മാരും പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട ശ്രീ. ഇ.പി. ജയരാജൻ ഇവിടെ പറഞ്ഞു അദ്ദേഹം ഉൾപ്പെടയുള്ള ആളുകൾ ആ സമരത്തിന് നേതൃത്വം കൊടുത്തിട്ടുണ്ടെന്ന്. ഒരു ന്യായമായ ആവശ്യം ഒരു ഗവൺമെന്റിന്റെ മുമ്പിൽ വയ്ക്കുന്നു. തീർച്ചയായും ജനങ്ങളോട് ഉത്തരവാദിത്വമുള്ള ഒരു ഗവൺമെന്റ് എന്ന നിലയിൽ അവരുടെ

പ്രശ്നങ്ങൾ കേട്ടുകൊണ്ട് അത് പരിഹരിക്കപ്പെടുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കുകയെന്നുള്ളത് ജനാധിപത്യവ്യവസ്ഥയിലെ അംഗീകരിക്കപ്പെടുന്ന ഒരു കാര്യമാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, നാല് ഏക്കർ ഭൂമിയായി മിച്ചഭൂമി തിരിമറി നടത്തിയതിന് നിയമപ്രാബല്യം നൽകിക്കഴിഞ്ഞാൽ നിലവിലുള്ള നിയമവുമായി ബന്ധപ്പെട്ട് നിരവധി വ്യവഹാരങ്ങളും കേസ്സുകളും പ്രശ്നങ്ങളും ഉയർന്നുവരാനുള്ള സാധ്യതകൾ അങ്ങ് കാണുന്നുണ്ടോ? 10 ഏക്കറിൽ നിന്ന് 4 ഏക്കറായി ചുരുങ്ങുമ്പോൾ അത് നിരവധി നിയമപ്രശ്നങ്ങൾക്കിടയാക്കും. ഇപ്പോൾ ഈ നിയമം 2005-നുശേഷമുള്ള നടപടികളിലേക്കുവരുമ്പോൾ വ്യവഹാരങ്ങളുടെ തർക്കങ്ങളായിത്തീരും.

ശ്രീ. അടൂർ പ്രകാശ് : സർ, അങ്ങ് സൂചിപ്പിച്ചത് ഈ ഭേദഗതി വന്നാലുണ്ടാകുന്ന അപകടസ്ഥിതിയെക്കുറിച്ചാണ്. കോടതികളിൽ അധികം ചോദ്യം ചെയ്യപ്പെടാനുള്ള അവസരമുണ്ടാകാത്ത തരത്തിൽ ആവശ്യമായ റൂൾ ഫ്രെയിം ചെയ്തുകൊണ്ട് ഭേദഗതി കൊണ്ടുവരാൻ സാധിക്കുന്നതാണ്. അതിനുള്ള പ്രൊവിഷൻ

കൊടുത്തുകൊണ്ടാണ് മുമ്പോട്ടുപോകുന്നത്. നികുതി സ്വീകരിക്കാതെ പലയിടങ്ങളിലും പരാതികളുണ്ട്. ഇവിടെ നടന്ന സമരത്തിൽ അവരുടെ ന്യായമായ ആവശ്യങ്ങൾ പരിഹരിക്കപ്പെടുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വിളിച്ചുചേർത്ത യോഗത്തിൽ സർവ്വകക്ഷിയിലുംപെട്ട ആളുകളുണ്ട്. ആ യോഗത്തിലാണ് 4 ഹെക്ടർ വരെ ഭൂമി കൊടുക്കുന്ന തീരുമാനമെടുത്ത സ്ഥാനത്ത് അത് നാല് ഏക്കറായി പരിമിതപ്പെടുത്തിയത്. നിങ്ങൾ സമ്മതിക്കുകയാണെങ്കിൽ ആവശ്യമായ നിയമഭേദഗതികൾ കൊണ്ടുവന്ന് അതിനുള്ള അംഗീകാരം തരാമെന്ന് ഏറ്റതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമ ഭേദഗതി കൊണ്ടുവന്നത്. മാത്രമല്ല ഇന്ന് മിച്ചഭൂമി ഏറ്റെടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഉപജ്ഞാതാവ് ശ്രീ. കെ. പി. രാജേന്ദ്രനായിരുന്നുവെന്ന ശ്രീ. വി.എസ്. സുനിൽ കുമാർ ഇന്നിവിടെ സംസാരിച്ചപ്പോൾ സൂചിപ്പിക്കുകയുണ്ടായി. ഞാനും ബഹുമാനപ്പെട്ട അങ്ങും ഈ സഭയിൽ ഉണ്ടായിരുന്നു. അദ്ദേഹം പറഞ്ഞത് ഞാൻ നിഷേധിക്കുന്നില്ല. നമ്മുടെ

മനസ്സിൽ ചില ആശയങ്ങളും ആഗ്രഹങ്ങളും ചിലപ്പോൾ സ്വപ്നവും കണ്ടുകാണും. ആ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞില്ലെന്നുള്ളതാണ് സത്യം. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ചുമതലയേറ്റെടുത്തതിനുശേഷം നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞ ഒരു കാര്യമാണ് - കേരളത്തെ ഭൂരഹിതരില്ലാത്ത ഒരു കേരളമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും നടപടികളുമായി മുന്നോട്ടുപോകുമെന്നുള്ളത്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞകാര്യം അങ്ങ് ഓർക്കുന്നുണ്ടാവുമെന്ന് കരുതുന്നു. അതിന്റെടയിസ്ഥാനത്തിലാണ് ആ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ട് ഞങ്ങൾ മുമ്പോട്ടുപോകുന്നത്. മിച്ചഭൂമി കൂടുതൽ കൈവശം വച്ചിട്ടുള്ള ആളുകൾകളിൽനിന്ന് ബാക്കിയുള്ള ഭൂമി ഞങ്ങൾ ഏറ്റെടുക്കും. അത് ഏറ്റെടുത്ത് പാവപ്പെട്ട ആളുകളുടെ കൈകളിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായാണ് ഇതിനെ കാണുവാനുള്ളത്. ഈ ആക്ട് പ്രകാരം, പരമാവധി വിസ്തീർണ്ണത്തിൽ കവിഞ്ഞ് ഭൂമി കൈവശമുണ്ടായിരുന്ന

ഏതെങ്കിലും ആളിൽനിന്ന്, ഒരാളോ അവരുടെ അവകാശബന്ധമുള്ള മുൻഗാമിയോ പ്രതിഫലം നൽകി വാങ്ങുകവഴിയോ മറ്റുവിധത്തിലോ 1963-ലെ ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്ന തീയതിക്കും 2005-ലെ ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്ന തീയതിക്കുമിടയിൽ ആർജ്ജിച്ചതും 4 ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ളതുമായ ഏതെങ്കിലും ഭൂമി 2005-ലെ കേരള ഭൂപരിഷ്കരണ ആക്ട് നിലവിൽ വന്ന തീയതിയിൽ കൈവശം വച്ചിരിക്കുന്ന ഏതൊരാളും ഒരു കുടിയാനായി കരുതപ്പെടുന്നതാണ്. അതായത് 4 ഹെക്ടർവരെ കൈവശം വച്ചിരുന്ന ചെറുകിട കർഷകരെ ഡീംഡ് ടെനന്റ് ആയി കണക്കാക്കുന്നതിനു വ്യവസ്ഥ ചെയ്തുകൊണ്ടുള്ളതായിരുന്നു 2005-ൽ കൊണ്ടുവന്ന നിയമം. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ ഭൂരഹിതകേരളം കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമെന്നുള്ള നിലയിൽ നമുക്ക് ഭൂമി കണ്ടെത്തുവാനുള്ള ബുദ്ധിമുട്ടുകളുള്ളതുകൊണ്ടാണ് അത് കുറച്ച് 4 ഏക്കർ (ഒരു ഹെക്ടർ 61 ആർ 87 ചതുരശ്ര മീറ്റർ) വരെയായി പരിമിതപ്പെടുത്തുന്നതിനുള്ള തീരുമാനമെടുക്കുകയും

അതിനാവശ്യമായ ഭേദഗതികൾ കൊണ്ടുവന്ന് ഈ ബിൽ പാസ്സായിക്കഴിഞ്ഞാൽ വിവിധ റ്റി.എൽ.ബി.കളിലും ഹൈക്കോടതികളിലും കെട്ടിക്കിടക്കുന്ന പല കേസുകൾക്കും തീർപ്പ് കല്പിക്കുവാൻ കഴിയും. അങ്ങനെ തീർപ്പ് കല്പിക്കുമ്പോൾ ആ ഭൂമി ഏറ്റെടുത്ത് പാവങ്ങളുടെ കൈകളിലേക്ക് എത്തിക്കാനുള്ള അവസരമുണ്ടാകുകയാണ്. അതിനാണ് ഈ ഭേദഗതി. മറ്റ് പലകാര്യങ്ങളെക്കുറിച്ചും പട്ടയം കൊടുത്തകാര്യങ്ങളെക്കുറിച്ചുമൊക്കെ ഇവിടെ ചോദിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ 5 വർഷക്കാലത്തെ കാലാവധിക്കുള്ളിൽ ഏദേശം ഒരുലക്ഷത്തിനു മുകളിൽ പട്ടയംകൊടുത്തെന്ന് ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞു. എനിക്ക് കിട്ടിയിട്ടുള്ള കണക്കനുസരിച്ച് 85971 പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 3 വർഷംകൊണ്ട് 108991 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. ഒരു തർക്കത്തിനുവേണ്ടിയല്ല. പട്ടയം കൊടുക്കുകയെന്നു പറയുമ്പോൾ പല തരത്തിലും പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുണ്ട്. ആ നടപടികൾ സ്വീകരിക്കുന്നതനുസരിച്ചാണ് പട്ടയങ്ങൾ

കൊടുക്കുന്നത്. പട്ടയമേളകൾ നടത്താറുണ്ട്. ഏത് ഗവൺമെന്റാണെങ്കിലും ആ മേളകൾ നടത്തിക്കൊണ്ടുതന്നെ പട്ടയം വിതരണം ചെയ്യുക എന്ന ഉത്തരവാദിത്തങ്ങൾ നിറവേറ്റാറുണ്ട്. ഇത്രയും കാര്യങ്ങൾ 3 വർഷംകൊണ്ട് ഞങ്ങൾക്ക് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും നിയരവധിയാളുകൾക്ക് പട്ടയം കൊടുക്കേണ്ടതായിട്ടുണ്ട്. ഈ ഭേദഗതി നിയമം കൊണ്ടുവരുമ്പോൾ പിന്നീട് നമുക്ക് കൈവശംകിട്ടുന്ന ഭൂമി വിതരണം ചെയ്ത് പട്ടയം കൊടുക്കുന്നതിനുമുമ്പ് ബാക്കിയുള്ള ആളുകൾക്ക് പട്ടയംകൊടുക്കണം. ആ നടപടികളിലേക്ക് മുമ്പോട്ടുപോകുവാൻ ഗവൺമെന്റ് പ്രത്യേക ശ്രദ്ധ കൊണ്ടുവരുന്നതാണെന്ന് ഈ അവസരത്തിൽ ഞാൻ സഭയെ അറിയിക്കുകയാണ്. മറ്റൊരുകാര്യം, 2012-ലെ ആറാം ആക്ട് പ്രകാരം കൂട്ടിച്ചേർത്ത 81-ാം വകുപ്പ് നാലാം ഉപവകുപ്പ് പ്രകാരം തോട്ടവിളകൾ കൃഷിചെയ്യുന്ന പ്ലാന്റേഷനുകളിൽ 5 ശതമാനംവരെയുള്ള ഭൂമി പുഷ്പകൃഷിക്കോ ഔഷധ സസ്യകൃഷിക്കോ മറ്റു കൃഷിക്കോ ഹോട്ടലുകൾ, റിസോർട്ടുകൾ പോലെയുള്ള ടൂറിസം പ്രോജക്ടുകൾക്കോ വിനിയോഗിക്കുന്നതിന് അനുമതി നൽകി നിയമം

ഭേദഗതി ചെയ്തിരുന്നു. ഇപ്പോൾ കൊണ്ടുവരുന്ന ഭേദഗതിയനുസരിച്ച് പ്രസ്തുത ഭൂമി ക്ഷീരോൽപാദക ഫാമുകൾ നടത്താനും ഉപയോഗിക്കുന്നതിനുംകൂടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. പ്ലാന്റേഷനുകളെ സംബന്ധിച്ച് സഭയിൽ പല വട്ടം ചർച്ചകൾ വന്നിട്ടുള്ളതാണ്. നമ്മുടെ സംസ്ഥാനത്തെ പല പ്ലാന്റേഷനുകളും നഷ്ടത്തിൽ പോകുന്നു, തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നില്ലെന്ന് പറഞ്ഞ് പലപ്പോഴും ചർച്ചകൾ ചെയ്തിട്ടുള്ളതാണ്. അതിന്റെയടിസ്ഥാനത്തിൽ നിലവിലുള്ള തോട്ടങ്ങളുടെ അഞ്ച് ശതമാനം മറ്റ് ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുവാൻ കഴിയുന്ന തരത്തിൽ ഒരു തീരുമാനം കൈകൊള്ളുകയും ചെയ്തു. 5 ശതമാനത്തിന്റെ 10 ശതമാനം എടുത്തുകൊണ്ട് ഫാം ടൂറിസം പദ്ധതി കൂടി നടപ്പാക്കി അതിൽ നിന്നുണ്ടാകുന്ന വരുമാനം അവിടെയുള്ള തൊഴിലാളികളടക്കമുള്ള ആളുകൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്ന തരത്തിൽ വിനിയോഗിക്കപ്പെടുന്നതിന് വേണ്ടിയാണ് ഇങ്ങനെയൊരു തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് മാത്രമല്ല, മറ്റിതര സംസ്ഥാനങ്ങളിലും ഇതേ ആശയം തന്നെ നടപ്പാക്കിയിട്ടുണ്ട്. പശ്ചിമ ബംഗാളിൽ 2004-ൽതന്നെ ഇത് നടപ്പാക്കിയിട്ടുണ്ട്. ഇന്നും അത് വളരെ വിജയപ്രദമായി അവിടെ നടപ്പാക്കുന്നുണ്ട്.

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: സർ, ഇതിനകത്ത് പറയുന്ന ഈ 5 ശതമാനം കൺവെർഷനുമായി ബന്ധപ്പെട്ടിട്ട് ഈ നിയമസഭ തന്നെ ഇതിനുമുൻപും ചർച്ച ചെയ്തതാണ്. എന്നാൽ നിയമത്തിൽ പറഞ്ഞിട്ടുള്ള രൂപത്തിലല്ല ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഈ 5 ശതമാനം ഭൂമി കൺവെർട്ട് ചെയ്ത് ഇത്തരം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാം എന്നുപറഞ്ഞ നിയമത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് പല മാനേജ്മെന്റുകളും എസ്റ്റേറ്റ് തുണ്ടു തുണ്ടുകളായി മുറിക്കുകയും മറ്റ് പുറം പാർട്ടികൾക്ക് വിൽക്കുകയും ചെയ്യുകയാണ്. ഇത് അതത് മാനേജ്മെൻറുകൾക്ക് മിനിസ്റ്റർ ഇപ്പോൾ പറഞ്ഞപോലെ, തൊഴിലാളികളുടെ വെൽഫെയറുമായി ബന്ധപ്പെട്ട് ഇക്കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കാമെന്ന് പറഞ്ഞ ആ നിയമത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഇത് പുറത്തു വിൽക്കുകയും പുറത്ത് വിൽക്കുന്നുവെന്ന് മാത്രമല്ല എസ്റ്റേറ്റ് കട്ട് ചെയ്ത് കട്ട് ചെയ്ത് പോകുകയാണ്. പീരുമേട് താലൂക്കിലെ ഒരു എസ്റ്റേറ്റ് പൂർണ്ണമായി ഇല്ലായ്മപെട്ട് കഴിഞ്ഞു. ചുരക്കുളം കോഫി എസ്റ്റേറ്റ് എന്ന സംവിധാനം ഇപ്പോൾ അവിടെയില്ല. പകരം അവിടെ പൂർണ്ണമായും ഒരു റിസോർട്ട് സംവിധാമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഈ നിയമത്തിന്റെ മറവ് ഉപയോഗിച്ചുകൊണ്ട് എസ്റ്റേറ്റുകൾ ഇല്ലായ്മ ചെയ്യുകയാണ്.

തൊഴിലാളികളുടെ വെൽഫെയറുമായി ബന്ധപ്പെട്ടാണെന്ന് പറയുമ്പോൾ സ്വാഭാവികമായും ട്രേഡ് യൂണിയനുകളുടെ ഒരു സപ്പോർട്ട് കൂടി ഉണ്ടാകും. എന്നാൽ ഇതിന്റെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് നിയമം ദുരുപയോഗം ചെയ്യുകയും സ്വാർത്ഥ താൽപര്യങ്ങൾക്കുവേണ്ടി ഇക്കാര്യങ്ങൾ വിനിയോഗിക്കുകയും ചെയ്യുന്ന നടപടിയെ ഏത് തരത്തിലാണ് സർക്കാർ ഇടപെട്ട് നിയന്ത്രിക്കുന്നതിനുവേണ്ടി എന്തെങ്കിലും ആലോചന ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും ഉണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ചോദിച്ചത്. ഈ ഭേദഗതി ഇന്ന് ഇവിടെ പാസാക്കും. തോട്ടങ്ങളുടെ 5 ശതമാനം മറ്റ് ആവശ്യങ്ങൾക്ക്, അതിൽ ആ 5 ശതമാനത്തിന്റെ 10 ശതമാനം ഹോട്ടലുകളോ റിസോർട്ടുകളോ പണിയുന്നതിനുള്ള അനുമതിയും കൊടുക്കാം. ആ 10 ശതാമാനം എന്ന് പറയുമ്പോഴും 10 ശതമാനത്തിന് ഒരു പരിമിതി വച്ചിട്ടുണ്ട്. 10 ഏക്കറിൽ കൂടുതൽ കൂടുവാൻ പാടില്ല. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ആളുകൾ ഇത് ദുരുപയോഗം ചെയ്യാൻ പാടില്ല. നമുക്ക് ഇന്നിപ്പോഴുള്ള ഒരു തോട്ടത്തിന് അങ്ങനെ അനുമതി കൊടുത്തുകഴിഞ്ഞാൽ പിന്നീട് അത് കൈമാറ്റം നടത്തിയാൽ വീണ്ടും കൈമാറ്റം നടത്തി വരുന്ന ആളിന് അതിനുള്ള അവകാശം ഉണ്ടായിരിക്കുകയില്ല എന്ന് റൂളിൽ പ്രത്യേകം കൊണ്ടുവരാൻ വേണ്ടിയുള്ള നടപടികൾ

സ്വീകരിക്കുന്നതാണ്.

ശ്രീ. സി. ദിവാകരൻ: തോട്ടങ്ങൾ സംരക്ഷിക്കപ്പെടാൻ വേണ്ടി സീലീംഗ് ആ മേഖലയിൽ വേണ്ടെന്ന് കേരളത്തിൽ ഭൂപരിഷ്ക്കരണ നിയമം നടപ്പാക്കുന്ന അന്നുമുതൽ നമ്മൾ സ്വീകരിച്ചതാണ്. അങ്ങനെയാണ് തോട്ടങ്ങൾ സംരക്ഷിക്കപ്പെട്ടത്. ഇപ്പോൾ ആ തോട്ടങ്ങൾ രൂപം മാറുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി, അങ്ങയുടെ കാലത്ത് ഇപ്പോൾ 10 ഏക്കർ ഉള്ള തോട്ടകാരന് 5 ശതമാനം കൊടുക്കാമെന്ന് പറഞ്ഞാൽ തീർന്നില്ലേ. അതാണ് ഞങ്ങൾ അതിനെ ശക്തമായി എതിർക്കുന്നത്. നിങ്ങൾ അത് വിത്ഡ്രോ ചെയ്യണമെന്നാണ് അഭ്യർത്ഥന.

ശ്രീ. അടൂർ പ്രകാശ്: സർ, ഇത് വൻകിട തോട്ടങ്ങളെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. മാത്രമല്ല നിരവധി തവണ ഇതുസംബന്ധിച്ച് ചർച്ചകൾ പലതും നടന്നു. ആ ചർച്ചകൾ നടന്ന അവസരങ്ങളിൽ ഒക്കെ തന്നെ പ്രത്യേകിച്ച് ഇടുക്കി ജില്ലയിൽ, ബഹുമാന്യയായ ബിജിമോൾ ഇവിടെയുണ്ട്, ജയചന്ദ്രൻ ഉണ്ട്, രാജേന്ദ്രൻ ഉണ്ട്. ഇവർ ഒക്കെയുണ്ട്. അവിടെ തൊഴിലാളികൾ പട്ടിണി കിടക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ എടുത്ത ചില തീരുമാനങ്ങളുണ്ട്. ആ തീരുമാനങ്ങളെല്ലാം ഇവർ

എല്ലാപേരും കൂടി ഒന്നിച്ചെടുത്ത തീരുമാനങ്ങളാണ്. ആ തീരുമാനങ്ങളിൽ നിന്നും ഉരുതിരിഞ്ഞുവന്ന അഭിപ്രായങ്ങളാണ് ഇന്ന് ഇത്തരത്തിലൊരു നടപടിയിലേക്ക് പോകാൻ വേണ്ടി ഞങ്ങളെ പ്രേരിപ്പിച്ചത്. ഇതിനകത്ത് ദുരുപയോഗം ചെയ്യാൻ പാടില്ലായെന്ന് പറഞ്ഞ കാര്യത്തിൽ എനിക്ക് രണ്ട് തർക്കമില്ല. അക്കാര്യത്തിൽ ഞാനും അടിയുറച്ച നിൽക്കുന്നു. ഇത് വിവിധ ഘട്ടങ്ങളിലായി മാറി മാറി കൈമാറ്റം നടത്തി, ബഹുമാന്യനായ എ. കെ. ബാലനും കഴിഞ്ഞ ദിവസം ഇത് അവതരിപ്പിച്ചപ്പോഴും ഇതേ സംശയം തന്നെ ചോദിച്ചതാണ്. എന്തായാലും ഇത് ദുരുപയോഗം ചെയ്യാനോ ചൂഷണത്തിന് വിധേയമാകാനോ പാടില്ല. ഈ നിയമത്തിൽകൊണ്ടുവരുന്ന ഭേദഗതി അനുസരിച്ച് റൂൾ ഫ്രെയിം ചെയ്യാനുണ്ട്. അതിനകത്ത് നമുക്ക് പഴുതുകൾ അടച്ചുകൊണ്ട് മുന്നോട്ടുകൊണ്ടുപോകാനുള്ള അവസരം ഒരുക്കിയെടുക്കാൻ കഴിയും എന്നു തന്നെയാണ് എനിക്ക് ഇതേക്കുറിച്ച് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ഇടുക്കി ജില്ലയിൽ വിവിധ പ്രശ്നങ്ങളുണ്ടെന്ന് അങ്ങേയ്ക്കറിയാം. ഈ ഭേദഗതി പാസാകുന്നതോടുകൂടി വാഗമൺ, മൂന്നാർ പോലുള്ള സ്ഥലങ്ങളിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് ബഹുനില കെട്ടിടങ്ങൾ വരികയാണെങ്കിൽ ഒരുപാട് പ്രയാസങ്ങൾ ഉണ്ടാകും. ബഹുനില കെട്ടിടങ്ങൾ

വരാതിരിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടോ; എന്തെങ്കിലും നിയമം ഇതുസംബന്ധിച്ച് ഏർപ്പെടുത്തുന്നുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, 7-03-2013-ന് തന്നെ ഒരു മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ആ മാർഗ്ഗനിർദ്ദേശത്തിൽ പറഞ്ഞിട്ടുള്ളത്;

1. അംഗീകൃത എസ്റ്റേറ്റുകളിലെ 5 ശതമാനം തോട്ടവിളകൾ ഇല്ലാത്ത സ്ഥലമാണ് പുതിയ നിയമ ഭേദഗതി പ്രകാരം ഈ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാവുന്നത്. ഇത് വിൽക്കാൻ പാടില്ല. തോട്ടത്തിന്റെ സാമ്പത്തിക വരുമാനം പരിസ്ഥിതി സൗഹൃദ രീതിയിൽ വർദ്ധിപ്പിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്.

2. പ്ലാന്റേഷൻ ഇതര പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടിയുള്ള എല്ലാ നിർദ്ദേശങ്ങളും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ മുഖേന സ്റ്റേറ്റ് ലാന്റ് ബോർഡിന് സമർപ്പിക്കേണ്ടതാണ്.

3. കാർഷികോൽപ്പന്ന വിളകളുടെയും അനുബന്ധ കൃഷികളുടെയും ഭൂമി ഉപയോഗം സമബന്ധിച്ച് കൃഷി വകുപ്പിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

4. ഈ 5 ശതമാനം സ്ഥലത്തിന്റെ 90 ശതമാനവും കൃഷിക്കും അനുബന്ധ സൗകര്യങ്ങൾക്കും ഉപയോഗപ്പെടുത്തണം. ഈ സ്ഥലത്ത് സംയോജിത കൃഷി,

ക്ഷീരോൽപാദനം, പച്ചക്കറികൾ, അലങ്കാരപുഷ്പങ്ങൾ, ഔഷധ കൃഷി, സുഗന്ധ സസ്യകൃഷി, കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പന്ന വൈവിധ്യവൽക്കരണം എന്നിവ നടപ്പാക്കണം. കഴിവതും ജൈവ കൃഷി സമ്പ്രദായം മാത്രം നടപ്പിലാക്കുക. 5 ശതമാനത്തിന്റെ 10 ശതമാനം മാത്രമേ ഫാം ടൂറിസത്തിന് വേണ്ടി വിനിയോഗിക്കാവൂ.

5. തൊഴിലാളികളുടെ താൽപ്പര്യം പൂർണ്ണമായും സംരക്ഷിച്ച് അവരെ ഒരു വിധത്തിലും ദോഷകരമായി ബാധിക്കാത്ത വിധത്തിലായിരിക്കണം പദ്ധതി നടപ്പിലാക്കേണ്ടത്. എസ്റ്റേറ്റുകളുടെ തുണ്ടുവൽക്കരണം ഒഴിവാക്കുന്നതിന് 5 ശതമാനം ഭൂമി ഇളവ് ഒരു പ്രാവശ്യം മാത്രമേ നൽകാവൂ.

6. പദ്ധതി നടപ്പാക്കുന്ന പ്രദേശത്ത് പ്രാദേശിക സാമൂഹത്തിന് ഇതിലൂടെ തൊഴിൽ ലഭിക്കുവാനുള്ള സാധ്യതകൾ ആരായേണ്ടതുണ്ട്. നിലവിലുള്ള തൊഴിലാളികൾക്കു പുറമെ ആവശ്യമായി വരുന്ന അൺസ്കിൽഡ് തൊഴിൽ ദിനങ്ങൾ അപേക്ഷകരുണ്ടെങ്കിൽ പ്രാദേശികമായി നൽകണം. സ്കിൽഡ് തൊഴിലവസരങ്ങളിൽ അപേക്ഷകരുണ്ടെങ്കിൽ പ്രാദേശികമായുള്ളവർക്ക് പരിഗണന നൽകണം.

7. 5 ശതമാനം ഭൂമിയുടെ 10 ശതമാനം പ്രദേശം മാത്രം 10 ഏക്കറിൽ

പരിമിതപ്പെടുത്തി ഫാം ടൂറിസത്തിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുവാൻ വ്യക്തമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഉപയോഗിക്കാം. ടൂറിസം പദ്ധതി ആവിഷ്ക്കരിക്കുന്നതിനുമുൻപായി പ്ലാൻ, സ്കെച്ച് മുതലായവ ജില്ലാ കളക്ടർമാർക്കും ലാന്റ് ബോർഡ് സെക്രട്ടറിക്കും നിർദ്ദിഷ്ട ഫോറത്തിൽ സമർപ്പിച്ച് അനുമതി വാങ്ങണം.

8. കെട്ടിടങ്ങളുടെ നിർമ്മാണം, പരിസ്ഥിതി സൗഹൃദ രീതിയിലും പരമ്പരാഗമ ശൈലിയിലുമാകണം. നിർമ്മാണ പ്രവർത്തനങ്ങൾക്ക് വൻകിട യന്ത്രങ്ങൾ ഉപയോഗിക്കരുത്. മണ്ണ് വൻതോതിൽ ഇളക്കിയും കുഴിച്ചുമുള്ള നിർമ്മാണം പാടില്ല. ഭൂമിയുടെ കിടപ്പിന് (ടെറൈൻ) മാറ്റം വരുത്തരുത്.

9. പ്രകൃതിയുമായി ഇണങ്ങുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണം. നിലവിലുള്ള ബംഗ്ലാവുകളും പൈതൃക കെട്ടിടങ്ങളും പരിഷ്കരിച്ച് ടൂറിസത്തിന് ഉപയോഗപ്പെടുത്തുകയും ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണത്തിന് നിരോധനം ഏർപ്പെടുത്തുകയും ചെയ്യണം. ഭൂമിയുടെ കിടപ്പിനനുസരിച്ച് ബെയ്സ്മെന്റ് ഫ്ലോർ ഉൾപ്പെടെ രണ്ട് ഫ്ലോർ വരെ ആകാം.

10. പ്രദേശത്തെ ആദിവാസി സമൂഹത്തിന്റെ ഉന്നമനം കൂടി പദ്ധതി കണക്കിലെടുക്കും. ഇവർക്ക് വേണ്ട വീട്, കുടിവെള്ളം, റോഡ്, തൊഴിൽ തുടങ്ങിയവ

ലഭ്യമാക്കാനുള്ള പരിപാടിക്ക് രൂപം നൽകണം.

11. ടൂറിസം പദ്ധതികൾക്ക് മാത്രമായി യോജിക്കുന്ന തരത്തിലുള്ള സ്ഥലത്ത് മാത്രം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതാണ്. ഇതിനായി ടൂറിസം വകുപ്പിന്റെ ക്ലിയറൻസ് വാങ്ങിയിരിക്കേണ്ടതാണ്.

12. അധികൃതരുടെ അംഗീകാരത്തോടുകൂടി മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ. നിർമ്മാണ പ്രവർത്തനങ്ങൾക്കായി തോട്ടവിളകളുള്ള ഭാഗം ഉപയോഗിക്കുകയാണെങ്കിൽ പ്രസ്തുത സ്ഥലത്തിന് പകരമായി അനുയോജ്യമായ സ്ഥലത്ത് വിള ഇറക്കേണ്ടതാണ്.

13. സ്ഥിരമായി നിരീക്ഷണത്തിലുള്ള പ്രകൃതി, ജൈവ-വൈവിധ്യ മേഖലയ്ക്കുണ്ടാകുന്ന കോട്ടങ്ങളും പ്രത്യാഘാതങ്ങളും മനസ്സിലാക്കി മാത്രം എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾക്ക് അനുവാദം കൊടുക്കേണ്ടതാണ്.

14. പ്രകൃതിക്ക് അനുയോജ്യമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് ടൂറിസ്റ്റുകൾക്ക് യോജിക്കുന്ന സൗകര്യത്തോടുകൂടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മാത്രം നടത്തേണ്ടതാണ്.

15. ഇതിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ 2 ശതമാനം ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് നൽകേണ്ടതാണ്.

16. ഇത്തരം സംരംഭങ്ങളിൽ സംയോജിത കൃഷിയും സമ്മിശ്രകൃഷിയും പ്രോൽസാഹിപ്പിക്കുക വഴി കാർഷിക ജൈവവൈവിധ്യം പരിപോഷിപ്പിക്കാൻ കഴിയുന്നതാണ്.

17. നാട് നീങ്ങുന്ന വിളയിനങ്ങൾ, വളർത്തുമൃഗങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും ഇത്തരം സംരംഭങ്ങളിൽ പ്രാധാന്യം നൽകാം. കൃഷി ഉൽപ്പന്നങ്ങൾക്കും മൃഗസംരക്ഷണത്തിനും കൂടി പ്രസ്തുത 5 ശതമാനത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

18. ഒരു എസ്റ്റേറ്റിൽ നിന്നുള്ള ഏത് വിധത്തിലുള്ള വരുമാനവും ഒരു ഹെഡിൽ തന്നെ നിക്ഷേപിക്കേണ്ടതാണ്.

19. പരിസ്ഥിതി വനംവകുപ്പിന്റെ അനുമതി ആവശ്യമായ സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് പ്രസ്തുത വകുപ്പുകളുടെ അനുമതി വാങ്ങേണ്ടതാണ്.

20. വനം വകുപ്പ് പാട്ടത്തിന് നൽകിയതും വന നിയമത്തിന്റെ പരിധിയിൽ വരുന്നതുമായ ഭൂമി അവ സ്വകാര്യ ഭൂമിയാണെങ്കിൽ കൂടി തരം മാറ്റി മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂർ അനുമതി തേടിയിരിക്കേണ്ടതാണ്.

ഇത്രയും അടങ്ങുന്ന മാർഗ്ഗനിർദ്ദേശങ്ങൾ തന്നെ ഇക്കാര്യത്തിൽ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ആശങ്കയുടെയും കാര്യമില്ല.

ശ്രീ. സി. ദിവാകരൻ: ഇവിടെ മന്ത്രി വായിച്ചതെല്ലാം അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളാണ്. ഇത് ഇനി സ്റ്റാറ്റ്യൂട്ടാകണം, റൂൾസ് വേണം. ഒരുപാട് നടപടിക്രമങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി നമുക്ക് തന്ന ബില്ലിൽ തന്നെ ഇത് പരിപൂർണ്ണമായി പരാജയപ്പെട്ടുവെന്ന് എഴുതിവച്ചിരിക്കുകയാണ്. "അങ്ങനെയുള്ള കൈവശഭൂമിയുടെ വ്യാപ്തിയും 5%-ത്തിൽ കവിയാത്ത ഭാഗം ഉദ്യാനകൃഷിക്കോ വാനിലയുടേയോ ഔഷധസസ്യങ്ങളുടേയോ മറ്റ് കാർഷികവിളകളുടേയോ കൃഷിക്കോ അല്ലെങ്കിൽ ഹോട്ടലുകളോ റിസോർട്ടുകളോ മറ്റ് വിനോദസഞ്ചാരപദ്ധതികളോ സ്ഥാപിക്കുന്നതിനും അതുമായി അനുബന്ധമുള്ളതോ ബന്ധപ്പെട്ടതോ ആയ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാവുന്നതുമാണ്, അതാണ് നിലവിലുള്ളത്. പ്രസ്തുത ഇളവ് പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം, വന സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട രൂക്ഷമായ പ്രശ്നങ്ങൾക്ക് ഇടയാക്കി കഴിഞ്ഞിരിക്കുന്നു. തോട്ടങ്ങളെ തോട്ടങ്ങളായി

ബന്ധപ്പെട്ടതല്ലാത്ത പ്രവർത്തനങ്ങൾക്കായി വൻതോതിൽ പരിവർത്തനപ്പെടുത്തുന്നതിന് കാരണമാവുകയും ചെയ്തിരിക്കുന്നു.'' ഇതാണ് ഞങ്ങൾക്ക് തന്നിരിക്കുന്ന ഗവൺമെന്റിന്റെ, മന്ത്രിയുടെ നോട്ട്. ഇപ്പോൾ തന്നെ ഇത് പൊളിഞ്ഞിരിക്കുകയാണ്. വീണ്ടും അങ്ങ് എന്തിനാണ് ഇതിന് നിർബന്ധിക്കുന്നത്.

<u>ശ്രീ. അടൂർ പ്രകാശ്:</u> അങ്ങേയ്ക്ക് അങ്ങനെ ചിലപ്പോൾ തോന്നിപ്പോകും പക്ഷേ ഇക്കാര്യത്തിൽ ..........(ബഹളം)...........

<u>മി. സ്പീക്കർ</u>: ..................പ്ലീസ്........

<u>ശ്രീ. എ.കെ. ബാലൻ</u>: നല്ല കാര്യങ്ങൾ സേഫ് ഗാർഡ് ചെയ്യാൻ പര്യാപ്തമായ എന്തു ഭേദഗതിയാണ് അങ്ങ് കൊണ്ടുവന്നിട്ടുള്ളത്? ഇതൊക്കെ സംരക്ഷിക്കപ്പെടണമെന്ന് നിങ്ങൾ പറയുകയാണ്. അതിനുവേണ്ടിയുള്ള എന്ത് ഭേദഗതിയാണ് ഇതിലുള്ളത്?

<u>മി. സ്പീക്കർ</u> : അത് ഇനി പ്രവർത്തിച്ചുകാണിക്കും.

<u>ശ്രീ. അടൂർ പ്രകാശ്:</u> ഈ ഭേദഗതി ഇവിടെ കൊണ്ടുവരികയും ഇതിന്റെ

പഴുതുകൾ അടച്ചുകൊണ്ടുള്ള റൂൾ ഉണ്ടാക്കി, ഇക്കാര്യങ്ങൾ ശക്തമായി പ്രാവർത്തികമാക്കുന്നതിനുവേണ്ടിയാണ് ഈ നിയമഭേദഗതി ഇവിടെ കൊണ്ടുവരാൻ തീരുമാനിച്ചത്. ശ്രീ. സി. ദിവാകരൻ, ഈ ഭേദഗതി ഇപ്പോൾ തന്നെ പരാജയപ്പെട്ടിരിക്കുന്നുവെന്ന തരത്തിലുള്ള ചോദ്യം ഇവിടെ ചോദിച്ചു. ഇത് പരാജയപ്പെടാതിരിക്കുന്നതിനുവേണ്ടിയുള്ള ചട്ടങ്ങൾ നിർമ്മിക്കുവാൻ, ഇന്ന് ഇവിടെ ഊരിത്തിരിഞ്ഞുവന്ന പല അഭിപ്രായങ്ങളുമുണ്ട്, പല സംശയങ്ങളും ഉന്നയിച്ചു. ആ സംശയങ്ങളുടെ അടിസ്ഥാനത്തിൽ അതൊക്കെ ദൂരീകരിക്കുന്നതിനുവേണ്ടിയുള്ള ചട്ടങ്ങൾ നിർമ്മിച്ച് ഈ നിയമം കുറ്റമറ്റ നിയമമാക്കി മാറ്റിയെടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം വളരെ സുപ്രധാനമായ നിയമനിർമ്മാണമാണ് സഭ ഇന്ന് പാസാക്കുന്നത്. കേരളത്തിലെ ചെറുകിട കർഷകരുടെ വളരെ നാളത്തെ കാത്തിരിപ്പിന് വിരാമമിടുകയാണ് ഈ നിയമനിർമ്മാണത്തിലൂടെ. കാർഷികമേഖലയിൽ ................

<u>ശ്രീ. ഇ. പി. ജയരാജൻ</u>: അങ്ങ് ഇവിടെ ഉന്നയിച്ചിരിക്കുന്ന 10 ഏക്കർ ഭൂമി

എന്നുള്ളത് 4 ഏക്കർ ഭൂമിയെന്നാക്കുന്നത് സ്വാഭാവിമായി മനസിലാക്കാം. പക്ഷേ രണ്ടാമതായി നിങ്ങൾ ഉന്നയിച്ചിരിക്കുന്ന ഭേദഗതിയുടെ ആവശ്യമെന്താണ്.? ഇപ്പോൾ എന്തുപ്രശ്നമാണ് കേരളത്തിൽ നിലനിൽക്കുന്നത്?നിങ്ങൾ ഇവിടെ വിശദീകരിച്ച കാര്യം ശരി. പക്ഷേ അങ്ങനെയുള്ള ഒരു ഭേദഗതിയുടെ ആവശ്യമെന്താണിപ്പോൾ ഉള്ളത്. ഈ പറയുന്ന കാര്യങ്ങളെല്ലാം നടപ്പിലാക്കാൻ കഴിഞ്ഞ സഭ പാസാക്കിയിട്ടുള്ള നിയമമനുസരിച്ചുതന്നെ ചെയ്യാൻ കഴിയും. പിന്നെ എന്തിനുവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവരുന്നത്. അതുകൊണ്ടാണ് ഞങ്ങൾ അങ്ങയുടെ നിലപാടിൽ സംശയം പ്രകടിപ്പിക്കുന്നത്. ഇതിൽ മെറ്റന്തെങ്കിലും ദുരുദ്ദേശമുണ്ടോ എന്ന് സംശയിക്കുന്നത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: ബഹുമാനപ്പെട്ട അംഗം ചിന്തിക്കുന്നതുപ്പോലെ യാതൊരു ദുരുദ്ദേശവും ഇക്കാര്യത്തിലില്ല. കേരളത്തിലെ കർഷകരോടുള്ള ബാദ്ധ്യതകളും ഉത്തരവാദിത്തവും നിറവേറ്റുന്നതിന്റെ ഭാഗമെന്ന നിലയിൽ, ഒരു ഭേദഗതി കൊണ്ടുവരുന്നുവന്നുമാത്രമേയുള്ളൂ. കാർഷികമേഖലയിൽ വലിയ

മാറ്റങ്ങളുണ്ടാകുന്നതാണ് ഈ നിയമം. കർഷകരെ സംബന്ധിച്ചിടത്തോളം ആഹ്ലാദകരമായ ഒരു ദിവസമാണിന്ന്. ഈ ബിൽ പാസാക്കുന്നതോടെ ആയിരക്കണക്കിന് ചെറുകിട കർഷകർ ഡീമ്ഡ് ടെനന്റ് ആവുകയും ആയിരക്കണക്കിന് ഏക്കർ മിച്ചഭൂമി സർക്കാരിൽ നിക്ഷിപ്തമാവുകയും ചെയ്യുമെന്നതന്നെയാണ് എന്റെ വിശ്വാസം. ഇങ്ങനെ സർക്കാരിൽ നിക്ഷിപ്തമാവുന്ന ഭൂമി ഭൂരഹിതരില്ലാത്ത കേരളം കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമായി അതിനുവേണ്ടി വിനിയോഗിക്കപ്പെടുവാനും കേരളത്തിന്റെ വികസനപ്രവർത്തന രംഗത്ത് അതൊരുവ പുതിയ അദ്ധ്യായം കുറിക്കാനുമുള്ള അവസരം ഒരുക്കിയെടുക്കാൻ കഴിയുമെന്നുതെന്ന ഞാൻ വിശ്വസിക്കുന്നു. ഈ ഭേദഗതി അംഗീകരിച്ചുതരണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ്, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ...................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**<u>വകുപ്പ് തിരിച്ചുള്ള പരിഗണന</u>**

**<u>രണ്ടാം വകുപ്പ്</u>**

<u>Smt. K. S. Saleekha</u> : Sir, I move the following amendment.

113 In section 7E of the principal Act, proposed to be amended by clause 2, for the figures and words " 1 hectare 61 ares and 87 square metres" substitute the words, "half hectare ".

<u>Sri. M. Hamsa</u>: Sir, I move the following amendment.

114 In section 7E of the principal Act proposed to be amended by clause 2 for the figures and words " 1 hectare 61 ares and 87 square metres" the figure and word "1 hectare"shall be substituted.

<u>Shri. V. Sasi</u>: Sir, I move the following amendment.

115 In section 7E of the principal Act proposed to be amended by clause 2 for the figures and words " 1

hectare 61 ares and 87 square metres” substitute the figure and word “4 acres”.

മി. സ്പീക്കർ: ശ്രീ. കെ രാജുവിന്റെ 107-ാം നമ്പർ ഭേദഗതിയും ശ്രീമതി കെ. എസ് സലീഖയുടെ 108-ാം നമ്പർ ഭേദഗതിയും ക്ലോസ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമാനുസൃതമല്ല. ശ്രീ. എ. കെ ബാലന്റെ 110-ാം നമ്പർ ഭേദഗതിയും ശ്രീ. ഇ.പി. ജയരാജിന്റെ 109-ാം നമ്പർ ഭേദഗതിക്ക് തുല്യവും, ശ്രീ. കെ. വി. വിജയദാസിന്റെ 112-ാം ഭേദഗതി ശ്രീ. ബാബു എം. പാലിശ്ശേരിയുടെ 111-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതുകൊണ്ട് മൂവ് ചെയ്യാൻ സാദ്ധ്യമല്ല. അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

(അംഗങ്ങളാരും സംസാരിക്കുന്നില്ല.)

മി. സ്പീക്കർ: ഭേദഗതികൾ സ്വീകാര്യമാണോ?

കയറും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ദേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ:

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 114-ാം അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ശശി അവതരിപ്പിച്ച 115-ാം അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.................

രണ്ടാം വകുപ്പ് ബില്ലിൻെറ ഭാഗമാക്കണമെന്ന പ്രശ്നത്തെ സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

Shri. V. Sivankutty: Sir, I Move the following amendments.

119. In section 81(4)of the principal Act proposed to be substituted by clause 3, the words “ may, subject to such restrictions and conditions as may be prescribed, use” shall be deleted.

126. In section 81(4)of the principal Act proposed to be amended by clasue3, the word “ horticorps” shall be inserted after the words “ agricultral crops” .

Shri. A.K. Balan: Sir, I Move the following amendment.

120. In section 81(4) of the principal Act proposed to be amended by clause 3, for the words "may, subject to such restrictions and conditions as may be prescribed, use" substitute the words, "may, subject to such restrictions and conditions as may be prescribed, after obtaining environmental clearance, use".

മി. സ്പീക്കർ: 118 ക്രമസ്യതമല്ല. അവതരിപ്പിക്കാൻ കഴിയില്ല. സംസാരിക്കാം.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇതിനകത്ത് ഒറ്റക്കാര്യമാണ് പറയാനുള്ളത്. എന്റെ apprehension പറയുന്നതിന് തടസ്സമില്ലല്ലോ. അതിൽ നിലവിലുള്ള നിയമത്തിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയതിന്റെ ഭാഗമായി കേരളത്തിലുണ്ടായ പ്രത്യാഘാതം ബഹുമാനപ്പെട്ട മന്ത്രി അക്കമിട്ട് പറയുകയാണ്. അതിൽ നേരത്തേ ഇവിടെ ശ്രീ. സി. ദിവാകരൻ സൂചിപ്പിച്ചതുപോലെ പരിസ്ഥിതി സംരക്ഷംണം, മലിനീകരണ നിയന്ത്രണം, വനസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ടുള്ള രൂക്ഷമായ പ്രശ്നങ്ങൾക്ക് ഇടയാക്കി. തോട്ടങ്ങളെ തോട്ടങ്ങളുമായി ബന്ധപ്പെട്ടതല്ലാത്ത പ്രവർത്തനങ്ങൾക്കായി വൻതോതിൽ പരിവർത്തനപ്പെടുത്തി. ആയതിനാൽ മേൽപ്പറഞ്ഞ വ്യാപ്തിയുള്ള ഭൂമി ഉപയോഗിക്കുന്നതിന്മേൽ നിയന്ത്രണങ്ങൾ ആവശ്യമാണ്. ഈ നിയമം പാസ്സാക്കിയതുകൊണ്ട് ഇത്രത്തോളം രൂക്ഷമായ പ്രശ്നങ്ങളുണ്ടായി എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ സാഹചര്യത്തിൽ അതുമായി ബന്ധപ്പെട്ടുകൊണ്ടാണോ ഇവിടെ ഭേദഗതി വന്നിട്ടുള്ളത്. ഇവിടെ ഭേദഗതി വന്നിട്ടുള്ളത് നിലവിലുള്ള കാര്യങ്ങൾക്കപ്പുറം ക്ഷീര സഹകരണ സംഘങ്ങൾക്ക് ഓഫീസുകൂടി പണിയാം. ക്ഷീര സഹകരണ സംഘങ്ങൾക്ക് ഓഫീസ് പണിതാൽ ഈ പ്രശ്നങ്ങളൊക്കെ ഇല്ലാതാകുമോ; ഞാൻ ഈ പറഞ്ഞ പ്രശ്നങ്ങളൊക്കെ ഉണ്ടാകുമോ; ബഹുമാനപ്പെട്ട മന്ത്രി ഉയർത്തിക്കൊണ്ടുവന്ന apprehensions ഇല്ലാതാകുമോ; ബഹുമാനപ്പെട്ട മന്ത്രിയുടെ മനസ്സിനകത്ത് എന്ത്

apprehension ആണോ ഉള്ളത് അത് ദൂരീകരിക്കുന്നതിനാണോ ഈ നിയമം. ഇവിടെ ആകെ നിയമം കൊണ്ടുവരുന്നത് താങ്കളാണ്. കാർഷിക വിളകൾക്കോ ക്ഷീരോൽപാദന ഫാമുകൾ നടത്തുന്നതിനോ എന്ന വാക്ക് കൂട്ടിച്ചേർക്കലാണ്. ആ വാക്ക് മാത്രമേ കൂട്ടി ചേർക്കുന്നുള്ളൂ. ഈ apprehension നിങ്ങൾക്കെങ്ങനെ ഒഴിവാക്കാൻ സാധിക്കും; അതുകൊണ്ടാണ് ഞാൻ 81-ാം വകുപ്പ് അങ്ങനെ തന്നെ ഡിലീറ്റ് ചെയ്യണമെന്ന് പറഞ്ഞത്. കാരണം ഇത് പ്ലാന്റേഷൻ ഇല്ലാതാക്കലാണ്. നേരത്തേ ശ്രീ. ഇ. പി. ജയരാജൻ ഇവിടെ പറഞ്ഞു. കേരളത്തിലെ പ്ലാന്റേഷന്റെ അന്തകനാണ് ഈ നിയമം. നേരത്തേ സൂചിപ്പിച്ചതുപോലെ ഞാൻ ചോദിക്കുകയാണ് 500 ഏക്കർ സ്ഥലമുള്ള ഒരാൾക്ക് 25 ഏക്കർ കൺവെർഷൻ നടത്താം. എന്തും ചെയ്യാം. അതിന് നിങ്ങൾ ഉറപ്പുകൊടുക്കുകയാണ് 25 ഏക്കറിൽ 10 ശതമാനം, രണ്ടര ഏക്കറിൽ റിസോർട്ട് പണിയാം, ഹോട്ടൽ പണിയാം. 500 ഏക്കറുള്ള സ്ഥലത്ത് രണ്ടര ഏക്കർ റിസോർട്ട് വന്നുകഴിഞ്ഞാൽ റിസോർട്ടുമായി ബന്ധപ്പെട്ടുകൊണ്ട് എന്തെല്ലാം കാര്യങ്ങൾ അവിടെ വരും. 5 ശതമാനത്തിൽ മാത്രം നിൽക്കുമോ; ഇതാണ് ഒന്നാമത്തേത്. ഈ 5 ശതമാനം നിങ്ങൾ കൊടുക്കുന്നു, ശേഷിക്കുന്ന ഭൂമി വിൽക്കാൻ പാടില്ല എന്ന് നിയമമുണ്ടോ; ശേഷിക്കുന്ന ഭൂമിയിൽ 5 ശതമാനം ഈ രൂപത്തിൽ കൺവെർഷൻ നടത്താൻ പറ്റില്ലായെന്ന് നിയമമുണ്ടോ; ആഗ്രഹപ്രകടനം മന്ത്രി നടത്തി. പക്ഷേ നിയമപരമായി ഇതൊക്കെ ചെയ്യാം.

ചുരുക്കത്തിൽ കേരളത്തിലെ മിച്ചഭൂമി എങ്ങനെയാണോ ഇല്ലാതാക്കിയത് അതുപോലെ തന്നെ കേരളത്തിലെ പ്ലാന്റേഷനെയും ഇല്ലാതാക്കുന്നുവെന്നുള്ളതാണ് ഇതിന്റെ അപകടം.

മി. സ്പീക്കർ : യെസ്.യെസ്....

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ തീർത്തു. അനാവശ്യമായി എന്തെങ്കിലും പറയുന്നുണ്ടെങ്കിൽ ഞാൻ ഇവിടെ ഇരിക്കും.

മി. സ്പീക്കർ: ആവശ്യത്തിന്റെയും അനാവശ്യത്തിന്റെയുമല്ല. സമയത്തിന്റെ പ്രശ്നമാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഇത് ഹൗസിനെ കൺവിൻസ് ചെയ്യിപ്പിക്കുക എന്നുള്ളത് എന്റെ ഒരു ഉത്തരവാദിത്തമാണ്. കൺവിൻസിംഗ് ആയെങ്കിൽ ഞാൻ നിറുത്തുന്നു. അത്രയുമേ എനിക്ക് ആവശ്യമുള്ളൂ. 81-ാം വകുപ്പ് ഡിലീറ്റ് ചെയ്യുക.

മി. സ്പീക്കർ : ഹൗസിന്റെ മുന്നിലുള്ള സമയം കൂടി നോക്കണം.

ശ്രീ. സുരേഷ് കുറുപ്പ്: 81-ാം വകുപ്പിന്റെ ഭേദഗതി ഉപയോഗിച്ച് ചെയ്യേണ്ടകാര്യങ്ങളെല്ലാം ഓരോരുത്തർ ചെയ്തുകഴിഞ്ഞു. അതാണ് ശ്രീ. ഇ.സ്. ബിജിമോൾ ഇവിടെ പറഞ്ഞത്. ഒരു എസ്റ്റേറ്റ് തന്നെ തുണ്ടുതുണ്ടായി വിറ്റു. ഈ നിയമത്തിന്റെ 5 ശതമാനം എന്നുള്ളത് ഉപയോഗിച്ച് അതിലും എത്രയോ

ഇരട്ടിയാണ് മറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ പോകുന്നതും ഉപയോഗിച്ചുകഴിഞ്ഞതും. അതുകൊണ്ട് ഈ നിയമം കേരളത്തിലെ പ്ലാന്റേഷൻ മേഖലയെയും പരിസ്ഥിതിയെയും തകർക്കുന്നതാണ്. ഭൂമാഫിയക്കാർക്ക് നിർബാധം ഈ മേഖലകളിലേക്ക് കടന്നുവരാൻ ഇടകൊടുക്കുന്ന ഒന്നാണ്. അതുകൊണ്ട് ഈ 81-ാം വകുപ്പാണ് ഡിലീറ്റ് ചെയ്യേണ്ടത്. ഈ ഭേദഗതി അപ്പാടെ മാറ്റുകയാണ് ഗവൺമെന്റ് ചെയ്യേണ്ടത്.

Shri. K. V. Vijayadas: Sir, I Move the following amendment.

121. In section 81(4) of the principal Act proposed to be amended by clause 3, for the words "may, subject to such restrictions and conditions as may be prescribed, use" the words "for agricultural purpose or for conducting dairy farms or for conducting pisciculture".

Shri. E. K. Vijayan: Sir, I Move the following amendment.

122. In section 81(4) of the principal Act proposed to be amended by clause 3, the words "agriculture crops or for conducting dairy farms" shall be deleted.

Shri. A. Pradeepkumar : Sir, I Move the following amendment.

128. In section 81(4) of the principal Act proposed to be amended by clause 3, delete the words "or for conducting dairy farms".

129. In section 81(4) of the principal Act proposed to be amended by clause 3, for the words "agricultural crops or for conducting dairy farms" substitute the words "agricultural crops and not for establishing hotels or resorts or other tourism projects other than homestay or plantation tourism".

Smt. K. S. Saleekha: Sir, I Move the following amendment.

130. In section 81(4) of the principal Act proposed to be amended by clause 3, shall be recasts as follows:

"(4) notwithstanding anything contained in this Act or in any other law for the timebeing in force or in any contract or other documents or in any judgement, decree or order of any court or Tribunal or Taluk Land Board or Land Board or other authority, a person holding plantation and lands ancillary thereto or interspersed within such plantation may use not exeeding five

percent of the extent of such holding only for agricultural crops for purposes ancillary or connected therewith.

Shri. Babu M. Palissery: Sir, I Move the following amendment.

131. In section 81(4) of the principal Act proposed to be amedned by clause 3, the words coming after "such plantations" substitute the words, "may not use any land of such holdings for any other purposes".

Shri. E. P. Jayarajan: Sir, I Move the following amendment.

132. In section 81(4) proposed to be amended in the principal Act by clause 3, the words "or for establishing hotels or resorts or other tourism projects" shall be deleted.

മി. സ്പീക്കർ : 119, 120, 121, 122, 126, 128, 129, 130, 131, 132 ഇതിൽ ഏതെങ്കിലും ഭേദഗതി അങ്ങ് സ്വീകരിക്കുന്നുണ്ടോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഇതിൽ ഒരു ഭേദഗതിയും അംഗീകരിക്കാൻ കഴിയുന്നതല്ല.

<u>ശ്രീ. എ.കെ. ബാലൻ :</u> സർ, എന്റെ 120-ാം നമ്പർ ഭേദഗതിയ്ക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

**<u>അനുകൂലിക്കുന്നവർ</u>**

1. ശ്രീ. കെ. അജിത്
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. എ.എം. ആരിഫ്
4. ശ്രീ. ബാബു എം. പാലിശ്ശേരി
5. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
6. ശ്രീ. എ.കെ. ബാലൻ
7. ശ്രീമതി ഇ.എസ്. ബിജിമോൾ
8. ശ്രീ. എം. ചന്ദ്രൻ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. വി. ചെന്താമരാക്ഷൻ

11. ശ്രീ. കെ. ദാസൻ

12. ശ്രീ. ബി.ഡി. ദേവസ്സി

13. ശ്രീ. സി. ദിവാകരൻ

14. ശ്രീമതി ഗീതാ ഗോപി

15. ശ്രീ. ചിറ്റയം ഗോപകുമാർ

16. ശ്രീ. എം. ഹംസ

17. ഡോ. കെ.ടി. ജലീൽ

18. ശ്രീമതി ജമീലാ പ്രകാശം

19. ശ്രീ. ജി.എസ്. ജയലാൽ

20. ശ്രീ. കെ.കെ. ജയചന്ദ്രൻ

21. ശ്രീ. ഇ.പി. ജയരാജൻ

22. ശ്രീ. ജോസ് തെറ്റയിൽ

23. ശ്രീ. എളമരം കരീം

24. ശ്രീ. സി. കൃഷ്ണൻ

25. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

26. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

27. ശ്രീ. കെ കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

28. ശ്രീമതി കെ. കെ. ലതിക

29. ശ്രീ. മാത്യു റ്റി. തോമസ്

30. ശ്രീ. സി.കെ. നാണു

31. ശ്രീ. കെ.കെ. നാരായണൻ

32. ശ്രീ. എ. പ്രദീപ്കുമാർ

33. ശ്രീ. പുരുഷൻ കടലുണ്ടി

34. ശ്രീ. കെ. രാധാകൃഷ്ണൻ

35. ശ്രീ. ആർ. രാജേഷ്

36. ശ്രീ. റ്റി.വി. രാജേഷ്

37. പ്രൊഫ. സി. രവീന്ദ്രനാഥ്

38. ശ്രീ. കെ. രാജു

39. ശ്രീ. എസ്. രാജേന്ദ്രൻ

40. ശ്രീ. രാജു എബ്രഹാം

41. ശ്രീ. എസ്. ശർമ്മ

42. ശ്രീ. സാജു പോൾ

43. ശ്രീമതി കെ.എസ്. സലീഖ

44. ശ്രീ. വി. ശശി

45. ശ്രീ. ബി. സത്യൻ

46. ശ്രീ. വി. ശിവൻകുട്ടി

47. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

48. ശ്രീ. വി.എസ്. സുനിൽകുമാർ

49. ശ്രീ. കെ. സുരേഷ് കുറുപ്പ്

50. ഡോ. ടി.എം. തോമസ് ഐസക്

51. ശ്രീ. ഇ.കെ. വിജയൻ

52. ശ്രീ. കെ.വി. വിജയദാസ്

**പ്രതികൂലിക്കുന്നവർ**

1. ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി

2. ശ്രീ. പി.കെ. അബ്ദുറബ്ബ്

3. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

4. ശ്രീ. കെ. അച്ചുതൻ

5. ശ്രീ. എ. എ. അസീസ്

6. ശ്രീ. മഞ്ഞളാംകുഴി അലി

7. ശ്രീ. എ.പി. അനിൽകുമാർ

8. ശ്രീ. അനൂപ് ജേക്കബ്

9. ശ്രീ. അൻവർ സാദത്ത്

10. ശ്രീ. കെ. ബാബു

11. ശ്രീ. ഐ.സി. ബാലകൃഷ്ണൻ

12. ശ്രീ. സി.എൻ. ബാലകൃഷ്ണൻ

13. ശ്രീ. വി.ടി. ബൽറാം

14. ശ്രീ. പി.കെ. ബഷീർ

15. ശ്രീ. ബെന്നി ബെഹനാൻ

16. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

17. ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്

18. ശ്രീ. എ.റ്റി. ജോർജ്

19. ശ്രീ. പി.സി. ജോർജ്

20. ശ്രീ. കെ. ബി. ഗണേഷ് കുമാർ

21. ശ്രീ. ഹൈബി ഈഡൻ

22. കുമാരി പി.കെ. ജയലക്ഷ്മി

23. ഡോ. എൻ. ജയരാജ്

24. ശ്രീ. കെ.സി. ജോസഫ്

25. ശ്രീ. ജോസഫ് വാഴക്കൻ

26. ശ്രീ. വർക്കല കഹാർ

27. ശ്രീ. കെ.എൻ.എ. ഖാദർ

28. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി

29. ശ്രീ. കോവൂർ കുഞ്ഞുമോൻ

30. ശ്രീ. ലൂഡി ലൂയിസ്

31. ശ്രീ. പി.എ. മാധവൻ

32. ശ്രീ. കെ. എം. മാണി

33. ശ്രീ. കെ.പി. മോഹനൻ

34. ശ്രീ. സി. മോയിൻകുട്ടി

35. ശ്രീ. മോൻസ് ജോസഫ്

36. ശ്രീ. ആര്യാടൻ മുഹമ്മദ്

37. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

38. ശ്രീ. സി.പി. മുഹമ്മദ്

39. ഡോ. എം.കെ. മുനീർ

40. ശ്രീ. കെ. മുരളീധരൻ

41. ശ്രീ. എൻ.എ. നെല്ലിക്കുന്ന്

42. ശ്രീ. ഉമ്മൻചാണ്ടി

43. ശ്രീ. അടൂർ പ്രകാശ്

44. ശ്രീ. റ്റി.എൻ. പ്രതാപൻ

45. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

46. ശ്രീ. രമേഷ് ചെന്നിത്തല

47. ശ്രീ. പാലോട് രവി

48. ശ്രീ. റോഷി അഗസ്റ്റിൻ

49. ശ്രീ. വി.പി. സജീന്ദ്രൻ

50. ശ്രീ. എൻ. ശക്തൻ

51. ശ്രീ. വി.ഡി. സതീശൻ

52. ശ്രീ. ഷാഫി പറമ്പിൽ

53. ശ്രീ. കെ.എം. ഷാജി

54. ശ്രീ. എൻ. ഷംസുദ്ദീൻ

55. ശ്രീ.  ആർ. സെൽവരാജ്

56. ശ്രീ. ഷിബു ബേബി ജോൺ

57. ശ്രീ. കെ. ശിവദാസൻ നായർ

58. ശ്രീ. വി.എസ്. ശിവകുമാർ

59. ശ്രീ. സണ്ണി ജോസഫ്

60. ശ്രീ. തോമസ് ഉണ്ണിയാടൻ

61. ശ്രീ. പി. ഉബൈദുള്ള

62. ശ്രീ. എം. ഉമ്മർ

63. ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

64. ശ്രീ. എം.എ. വാഹീദ്

65. ശ്രീ. എം.പി. വിൻസെന്റ്

66. ശ്രീ. പി.സി. വിഷ്ണുനാഥ്

അനുകൂലിക്കുന്നവർ -52

പ്രതികൂലിക്കുന്നവർ - 66

മി. സ്പീക്കർ : ശ്രീ .എ.കെ. ബാലൻ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി 52 നെതിരെ 66 വോട്ടുകളോടെ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 119, 126 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ.കെ. വിജയൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച 128, 129 എന്നീ നമ്പർ ഭേദഗതികൾ സഭ

നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബാബു. എം. പാലിശ്ശേരി അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ.പി. ജയരാജൻ അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ......

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

മി. സ്പീക്കർ: 106 -ാം നമ്പർ ഭേദഗതി ശ്രീമതി. കെ.എസ്. സലീഖയ്ക്ക് അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

<u>Smt. K. S. Saleekha</u>: Sir, I Move the following amendment.

106. In clause 1(2) for the words and figures " 19th day of June, 2012" substitute the words and figures " 17th day of July, 2014."

(ബഹുമാനപ്പെട്ട അംഗം സംസാരിച്ചില്ല.)

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): സർ, ഇത് അംഗീകരിക്കാൻ കഴിയുന്നതല്ല.

ഒന്നാം വകുപ്പും പീഠികയും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ......

ഒന്നാം വകുപ്പും പീഠികയും ബില്ലിന്റെ പേരിന്റെ ഭാഗമായിരിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> സർ, 2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. മോഹനൻ):</u> സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

## ബില്ലിലെ അപാകതകൾ സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കാൻ കഴിയുന്ന ഒരു ബില്ലായിരുന്നു. ഇതിൽ രണ്ടാം വകുപ്പിന് പുറമേ മൂന്നാം വകുപ്പുകൂടി കൂട്ടിച്ചേർത്തതുകൊണ്ട് ഈ ബില്ലിനെ ഐകകണ്ഠ്യേന അംഗീകരിക്കാൻ ഞങ്ങൾക്ക് പ്രയാസമുണ്ട്. രണ്ടാം വകുപ്പ് ഇതിനകത്ത് ചേർത്തത്, നമ്മുടെ സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമപ്രകാരം മിച്ചഭൂമിയാണെന്ന് അറിയാതെയാണ് പലരും ഭൂമി വാങ്ങിയതെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോഴാണ്. അത്തരക്കാരെ സഹായിക്കുന്നതിനുവേണ്ടിയാണ് ഒരു നിയമം ഇവിടെ ഉണ്ടാക്കിയത്. അത് പ്രകാരം പ്രധാനമായി വന്നത്, ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞ വടക്കേക്കുളം എസ്റ്റേറ്റ് സംബന്ധിച്ചുള്ള പ്രശ്നംതന്നെയാണ്. അന്ന് കണക്കാക്കിയിട്ടുള്ള അത്രയും ഭൂമി ഇപ്പോൾ സർക്കാരിന് ഏറ്റെടുക്കാൻ കഴിയില്ലായെന്നുള്ളതാണ് മനസ്സിലാകുന്നത്. യഥാർത്ഥത്തിൽ ആ നിയമം ഉണ്ടായ കാലത്തുതന്നെ അത് ഇംപ്ലിമെന്റ് ചെയ്യാൻ കഴിഞ്ഞിരുന്നെങ്കിൽ ഇന്ന് കണക്കാക്കിയതിനേക്കാൾ കൂടുതൽ ഭൂമി മിച്ചഭൂമിയായി കിട്ടുമായിരുന്നു. അന്ന് നമുക്ക് റൂൾസ് ഉണ്ടാക്കാൻ കഴിഞ്ഞില്ല. പല കാരണങ്ങളാലും അത്

നീണ്ടുപോയി. ഇതിന്റെ അടിസ്ഥാനത്തിൽ അവിടെയുള്ള കൃഷിക്കാരുടെ കരം എടുക്കാത്ത സ്ഥിതിവിശേഷം വന്നു. ഈ പ്രശ്നം നമുക്ക് പരിഹരിക്കണം. അത് പരിഹരിക്കുന്നതിനുവേണ്ടി ഇതിനകം നിർദ്ദേശിച്ചിട്ടുള്ള ഭേദഗതിയോട് യോജിപ്പാണ്. പത്ത് ഏക്കർ എന്നത് കുറച്ചുകൊണ്ടുവരുന്നത് നല്ല നിർദ്ദേശമാണ്. അതുപ്രകാരം കുറച്ച് ഭൂമി നമുക്ക് കിട്ടിയേക്കാം. ഇപ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്, നടപ്പാക്കാൻ പോയ സന്ദർഭത്തിൽ നൂറ് ഏക്കർ ഏറ്റെടുത്തപ്പോൾ കുറെ ഭൂമി വേറൊരാൾ കൈവശം വച്ചിരിക്കുകയാണെന്ന് മന്ത്രി തന്നെ പറഞ്ഞു. നമ്മൾ അർഹതപ്പെട്ടവർക്ക് കൊടുക്കുകയും കൈവശക്കാർക്ക് നിയമപ്രകാരം കൊടുക്കുകയെന്ന് പറഞ്ഞ് ചെല്ലുമ്പോൾ നമുക്ക് ലഭിക്കേണ്ട മിച്ചഭൂമിതന്നെ വേറൊരാളുടെ കൈവശത്തേയ്ക്ക് വന്നിരിക്കുകയാണ്. അവരും ഭൂരഹിതരാണെന്നുള്ള നിലയിൽ അവരുടെ പ്രശ്നവും പരിഹരിക്കുകയെന്ന ബാദ്ധ്യതയും സർക്കാരിന് വരുകയാണ്. നമുക്ക് കുറച്ച് ഭൂമി മാത്രമേ കിട്ടാനിടയുള്ളൂ എന്നാണ് ഇപ്പോൾ വന്നിരിക്കുന്ന പ്രശ്നം. ഇത് നടപ്പിലാക്കിയാലും നിങ്ങൾ ഉദ്ദേശിക്കുന്നതുപോലെ സീറോ ലാന്റ്ലെസ് പദ്ധതിക്കകത്ത് കൂടുതൽ ഭൂമി ലഭിക്കാൻ ഇടയില്ല. കുറച്ച് ഭൂമിയെങ്കിലും കിട്ടുമെങ്കിൽ അത് നല്ല കാര്യമാണ്. അതുകൊണ്ട് അടിയന്തരമായി ഇതിന് റൂൾസ് തയ്യാറാക്കാണം. ആരാണ് ഈ ഭൂമി അളന്ന് തിട്ടപ്പെടുത്തുക;

കൈവശകൃഷിക്കാരുടെ ഭൂമി നാല് ഏക്കറാണ്. ആരാണ് അത് നിജപ്പെടുത്തിക്കൊടുക്കുക; ലാന്റ് ബോർഡ് ഇപ്പോൾ നിലവിലുണ്ടോ; ലാന്റ് ബോർഡിന് ഈ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമോ; ആര് ഈ പ്രക്രിയ നിശ്ചയിക്കും; ഇത് സംബന്ധിച്ചൊരു അനിശ്ചിതത്വമുണ്ട്. അതുകൊണ്ട് ഇത് സംബന്ധിച്ച് കാര്യങ്ങൾ വേഗം നടത്തണമെങ്കിൽ റൂൾസ് വന്നാൽ മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നാണ് തോന്നുന്നത്. റൂൾസിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട ചെയർ കഴിഞ്ഞ ദിവസം റൂൾ ചെയ്തിട്ടുണ്ട്, ആറ് മാസത്തിലൊരിക്കൽ വരണമെന്ന് നമ്മുടെ ചട്ടത്തിനകത്തുണ്ട്. പക്ഷെ അത് വരുന്നില്ല.

മി. സ്പീക്കർ: യെസ്..... യെസ്..... ഇനി അത് ഇൻസിസ്റ്റ് ചെയ്യാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അത് വേണം. അതുപ്രകാരം വേഗതയിൽ കാര്യങ്ങൽ ചെയ്തില്ലെങ്കിൽ ഗവൺമെന്റ് പ്രതീക്ഷിക്കുന്ന ഭൂമി പോലും ഈ നിയമം പാസ്സാക്കപ്പെട്ടാലും ലഭിക്കാൻ ഇടയില്ലായെന്നതാണ് ഇത് സംബന്ധിച്ചുള്ള പ്രശ്നം. മൂന്നാമത്തെ വകുപ്പ് സംബന്ധിച്ച് കൊണ്ടുവന്നിട്ടുള്ള ഭേദഗതിയോട് ഞങ്ങൾക്ക് തീരെ യോജിപ്പില്ല. ഭൂപരിഷ്കരണ നിയമത്തിൽ അങ്ങനെയൊരു മാറ്റം വരുത്തുന്നതിനെ ഞങ്ങൾ ആദ്യം തന്നെ

എതിർത്തുവന്നിരുന്നതാണ്. കേരളത്തിൽ തോട്ടഭൂമി കൈവശം വയ്ക്കുന്നതിന് പരിധിയി നിശ്ചയിച്ചിട്ടില്ല. തോട്ടങ്ങൾക്ക് പരിധിയില്ലാത്തതിനാൽ എത്ര ഏക്കർ ഭൂമി വേണമെങ്കിലും തോട്ടമെന്ന പേരിൽ കൈവശം വയ്ക്കാം. അങ്ങനെയുള്ള തോട്ടഭൂമിയിൽ അഞ്ച് ശതമാനം ഭൂമി മറ്റ് ആവശ്യങ്ങൾക്ക് കൊടുക്കാൻ ഇവിടെ ഭേദഗതി ചെയ്യുന്നു. ആ ഭേദഗതിയുടെ പ്രത്യാഘാതമായി മന്ത്രി ഇവിടെ പറഞ്ഞിരിക്കുന്നത്, ഈ ഇളവ് കൊടുത്തതിന്റെ ഫലമായി പരിസ്ഥിതി സംരക്ഷണത്തിന് കോട്ടമുണ്ടായി, മലിനീകരണ നിയന്ത്രണ പ്രശ്നം തോട്ടംമേഖലയിൽ വന്നു, വനം സംരക്ഷിക്കാൻ കഴിയുന്നില്ല എന്നൊക്കെയാണ്. ഗുരുതരമായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അഞ്ച് ശതമാനം എക്സംപ്ഷൻ കൊടുത്തപ്പോൾ വനസംരക്ഷണത്തിനുപോലും ഭീഷണി ഉയർന്നിരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിരിക്കുന്നത്. അങ്ങനെ പറഞ്ഞ ഗവൺമെന്റ് ഇപ്പോൾ ചെയ്യുന്നത് ഇതിൽ കാർഷിക വിളകൾക്ക് എന്ന വാക്കിന് പകരം കാർഷിക വിളകൾക്കോ ക്ഷീരോത്പാദക ഫാമുകൾ നടത്തുന്നതിനോ എന്നൊരു വകുപ്പുകൂടി കൂട്ടിച്ചേർക്കുകയാണ്. കുറെ കന്നുകാലി ഫാമുകൾ, ക്ഷീരോത്പാദക ഫാമുകൾകൂടി ഈ മേഖലയിലേയ്ക്ക്, തോട്ടങ്ങളിലേയ്ക്ക് വരാൻ അനുവദിക്കുന്നതോടുകൂടി എന്താണ്

തോട്ടങ്ങളിൽ സംഭവിക്കാൻ പോകുന്നത്? മാത്രമല്ല, തോട്ടഭൂമി മുറിച്ച് വിൽക്കാൻ പാടില്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ക്ഷീരോത്പാദനം വർദ്ധിപ്പിക്കാൻ കന്നുകാലി വളർത്തൽ ഉണ്ടാകുന്നത് നല്ലതല്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞങ്ങളുടെ പോയിന്റ്, തോട്ടഭൂമി അതിന് കൊടുക്കാൻ പാടില്ലായെന്നുള്ളതാണ്. തോട്ടഭൂമിക്ക് പരിധിയില്ല. തോട്ടഭൂമി ആയതുകൊണ്ടാണ് പരിധിയില്ലാതെ വരുന്നത്. ആ തോട്ടഭൂമി മറ്റ് ആവശ്യങ്ങൾക്ക് കൊടുക്കാൻ കഴിയുന്നതോടുകൂടി ഏത് ഫാമായാലും.... ടൂറിസത്തിനായി, നൂറ് ഏക്കർ ഭൂമിയുണ്ടെങ്കിൽ അഞ്ച് ഏക്കർ ഭൂമി ഉപയോഗിച്ച് വലിയൊരു ഹോട്ടൽ നിർമ്മിക്കാം. അതാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. നിങ്ങളുടെ ഗവൺമെന്റിന്റെ നോട്ടാണ്. എന്റെ നോട്ടല്ല. പാരിസ്ഥിതിക പ്രശ്നമുണ്ടായിരിക്കുന്നുവെന്ന് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് പറയുന്നു. ഈ എക്സംപ്ഷൻ കൊടുത്തത് വനനശീകരണത്തിന് ഇടയാക്കുന്നു. അങ്ങനെ കൊടുത്ത സാഹചര്യത്തിൽ അവിടെ കുറെ കന്നുകാലി ഫാമുകൾകൂടി ഉണ്ടാക്കിയാൽ ഈ പ്രശ്നം പരിഹരിക്കാനാകുമോ; പരിസ്ഥിതി

സംരക്ഷിക്കപ്പെടുമോ; മറ്റൊരു പ്രശ്നം കൂടിയുണ്ട്. നൂറ് ഏക്കർ ഭൂമിയിൽ അഞ്ച് ഏക്കർ സ്ഥലത്ത് ഒരു ഹോട്ടൽ നിർമ്മിച്ചു. ഈ തോട്ടം ഉടമ അഞ്ച് ഏക്കർ ഭൂമിയിലെ ഹോട്ടൽ വിൽക്കുന്നുവെങ്കിൽ അത് തടയാൻ ഇവിടെ നിയമമുണ്ടോ; വളരെ പ്രധാനപ്പെട്ട പ്രശ്നമാണിത്. അഞ്ച് ശതമാനം തോട്ടഭൂമിയിൽ ഒരു റിസോർട്ട് നിർമ്മിച്ചു വിൽക്കാം. അപ്പോൾ തോട്ടഭൂമി തിരിമറി നടത്താനുള്ള അവസരം ഗവൺമെന്റ് ചെയ്തുകൊടുക്കുന്നു. ഈ അഞ്ച് ഏക്കർ വിറ്റുകഴിഞ്ഞാൽ അടുത്ത അഞ്ചേക്കറിൽ വീട് വയ്ക്കുകയും അത് വീണ്ടും വിൽക്കുകയും ചെയ്യാം. ഇത് നിയമമാകുമ്പോൾ ഉണ്ടാകുന്ന പ്രശ്നമാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ഇവിടെ തോട്ടഭൂമി വൻതോതിൽ തിരിമറി നടത്താനുള്ള അവസരം ഈ നിയമം പാസ്സാക്കിക്കൊടുക്കുന്നതോടുകൂടി ഉണ്ടാകുകയാണ്. നമുക്ക് കുറെ ഡയറക്ഷൻസ് കൊടുക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ആ ഡയറക്ഷൻസൊക്കെ വേണമെങ്കിൽ നിങ്ങൾക്ക് ചട്ടത്തിലെഴുതി വയ്ക്കാം, ഈ നിയമത്തിലില്ല. ഫലത്തിൽ ഈ തോട്ടഭൂമി തിരിമറി നടത്താനുള്ള വലിയ പഴുത്...........

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഈ നിയമം പുതുതായി വരുന്നതല്ല. ഈ ഭേദഗതി 2005-ൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ സഭ പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്ക്

അയച്ച സമയത്താണ് നിങ്ങൾ അധികാരത്തിൽ വരുന്നത്. അഞ്ച് കൊല്ലം നിങ്ങൾ അധികാരത്തിലുണ്ടായിരുന്നു. നിങ്ങൾ ഇതിന് അനുമതി വേണ്ടെന്ന് പറഞ്ഞ് കത്തയച്ചു. ഇതൊരു നിയമസഭ പാസ്സാക്കിയതാണ്, അതുകൊണ്ട് നിയമസഭ ഇത് പിൻവലിക്കണമെന്ന് ഡൽഹിയിൽ നിന്ന് ഇങ്ങോട്ട് കത്തയച്ചു. അഞ്ച് കൊല്ലം ഇരുന്നിട്ടും നിങ്ങൾ ഈ നിയമം പിൻവലിച്ചിട്ടില്ല. ഇങ്ങനെ ഒരാശയം കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നത്, എ.ഐ.റ്റി.യു.സി., സി.ഐ.റ്റി.യു. അടക്കമുള്ള തോട്ടം മേഖലയിലെ എല്ലാ യൂണിയനുകളും ഗവൺമെന്റിനോട് അഭ്യർത്ഥിച്ചതിന്റെ പേരിലാണെന്ന കാര്യവും മറക്കരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇത് 2005-ൽ പാസ്സാക്കിയ ആക്ട് തന്നെയാണ്.

മി. സ്പീക്കർ: യെസ്... അങ്ങ് പറയാനുള്ളത് പറഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മുഖ്യമന്ത്രി പറഞ്ഞാൽ അതിന് വിശദീകരണം കൊടുക്കണ്ടേ? 2005-ൽ ഈ ആക്ട് പാസ്സാക്കി. 2006-ൽ ഞങ്ങളുടെ ഗവൺമെന്റ് വന്നപ്പോൾ ആ മന്ത്രിസഭ ഇതിന് അംഗീകാരം കൊടുക്കരുതെന്ന്

തീരുമാനിച്ചു. മുഖ്യമന്ത്രി തന്നെ രാഷ്ട്രപതിയെ കണ്ട് ഇതിന് അംഗീകാരം കൊടുക്കരുതെന്ന് പറഞ്ഞു. അതിനുശേഷം നിയമ വകുപ്പിൽ നിന്ന് ഇങ്ങനെയൊരു കത്ത് വന്നുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. നിയസഭ പാസ്സാക്കിയ ബില്ലായതുകൊണ്ട് നിയമസഭ തന്നെ അത് വേണ്ടെന്നു വയ്ക്കണമെന്നുള്ള ലീഗൽ പ്രശ്നം കേന്ദ്ര ഗവൺമെന്റ് എടുത്തു. അതിനനുസരിച്ച് നിയമസഭയിൽ അവതരിപ്പിച്ച് അത് റദ്ദ് ചെയ്യുന്നതിനുള്ള തീരുമാനം ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് എടുക്കാൻ സാധിച്ചില്ല എന്നത് വസ്തുത തന്നെയാണ്. അതുകൊണ്ട് ആ നിയമം അവിടെ നിന്നു. പക്ഷേ നിങ്ങൾക്ക് അതിനോട് യോജിപ്പുള്ളതുകൊണ്ടല്ലേ വീണ്ടും കൊണ്ടുവന്നത്. ആ നിയമത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ നിങ്ങൾക്കുതന്നെ ചൂണ്ടിക്കാണിക്കേണ്ടി വന്നു. നിയമം ഇംപ്ലിമെന്റ് ചെയ്തപ്പോഴുള്ള പ്രശ്നമാണ് ഇപ്പോൾ ഈ ഭേദഗതിയായി വരാനിടയായത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം, കഴിഞ്ഞ ഗവൺമെന്റ് പാസ്സാക്കിയ നിയമം നിങ്ങൾ വേണ്ടെന്ന് വച്ചു. പക്ഷേ withdraw

ചെയ്യാൻ തയ്യാറായില്ല. ആ സാഹചര്യത്തിൽ ഞങ്ങൾ വീണ്ടും എടുക്കുന്ന സമയത്ത് വ്യക്തമായി ഇവിടത്തെ പരിസ്ഥിതി പ്രവർത്തകരും ഇതിനെതിരായി അഭിപ്രായം പറഞ്ഞവരുമൊക്കെയായി ബന്ധപ്പെട്ട് അവരെല്ലാം പറഞ്ഞ വ്യവസ്ഥകൾ ഉൾക്കൊണ്ടുകൊണ്ടാണ്. 5 ശതമാനമെന്ന് പറഞ്ഞതെന്താണ്? 5 ശതമാനമെന്നു പറഞ്ഞാൽ 100 ഏക്കറിന് 5 ഏക്കർ, 1000 ഏക്കറിന് 50 ഏക്കർ. ഇവിടെ 50 ഏക്കർ ടൂറിസം വരും. അത് വന്നപ്പോൾ 5 ശതമാനത്തിന്റെ 10 ശതമാനം മാത്രമേ ടൂറിസത്തിന് പറ്റുകയുള്ളൂ. ഇത് പിന്നീട് വലിയ കോൺക്രീറ്റ് കെട്ടിടങ്ങളാകും. ഉടനെ അതിന് മാറ്റം വരുത്തി. പ്രകൃതിയുടെയും പരിസ്ഥിതിയുടെയും സംരക്ഷണത്തിന് അനുയോജ്യമായ കൺസ്ട്രക്ഷൻ മാത്രമേ നടത്താൻ പാടുള്ളൂ എന്നുള്ള തരത്തിലാക്കി. എന്റെ ഓർമ്മ ശരിയാണെങ്കിൽ 11 കണ്ടീഷനുകൾ വച്ചു. ഇതിൽ ആശങ്ക പ്രകടിപ്പിച്ചവരുടെ ആശങ്ക മാറ്റുന്നതിനാണ് ആ കണ്ടീഷനുകൾ കൊണ്ടു വന്നത്. അതാണ് ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞങ്ങൾ പ്രകടിപ്പിച്ച ആശങ്കകളെല്ലാം

ശരിയായിരുന്നു എന്നാണ് ഗവൺമെന്റിനുവേണ്ടി ഇവിടെ അവതരിപ്പിച്ച നോട്ടിൽ പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റിന്റെ നോട്ടല്ലേ ഇത്? ഈ നോട്ടിൽ പറയുന്നത്, പാരിസ്ഥിതിക സംരക്ഷണം, മലിനീകരണ നിയന്ത്രണം, വനസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ടിട്ടുള്ള രൂക്ഷമായ പ്രശ്നങ്ങൾക്കിടയാക്കിയിരിക്കുന്നു. തോട്ടങ്ങളുമായി ബന്ധപ്പെട്ടതല്ലാത്ത പ്രവർത്തനങ്ങൾക്ക് വൻതോതിൽ പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. ഇതാണ് ഞങ്ങൾ പ്രകടിപ്പിച്ച പ്രശ്നം. ആ കാര്യങ്ങളാണ് ഇപ്പോൾ ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്നത്. അതിനെ പരിഹരിക്കാനാണ് ഇപ്പോൾ ഈ ഭേദഗതി.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഇതുവരെ ഈ ആനുകൂല്യം ആർക്കും കൊടുത്തിട്ടില്ല. പിന്നെ എങ്ങനെയാണ് ഇത് misuse ചെയ്യുന്നത്. എന്റെ ഓർമ്മ ശരിയാണെങ്കിൽ അന്ന് ഇത് അംഗീകരിക്കുമ്പോൾ 11 കണ്ടീഷനുകൾ വച്ചു. അതിന്റെ അടിസ്ഥാനത്തിലുള്ള നോട്ടാണ് ഇവിടെ വന്നിരിക്കുന്നത്. അല്ലാതെ ഒരാളും ഒരുസെന്റ് ഭൂമിപോലും ഇതനുസരിച്ച് പ്ലാന്റേഷൻ അല്ലാതെയുള്ള ആക്ടിവിറ്റിക്ക്

വിനിയോഗിച്ചിട്ടില്ല. പക്ഷേ വിനിയോഗിക്കണമെങ്കിൽ ഈ സമൂഹത്തിൽ ഉയർന്നുവന്ന 5 ശതമാനം തോട്ടം മറ്റു പർപ്പസിനുവേണ്ടി വിനിയോഗിക്കുമ്പോൾ ഉണ്ടാകുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കുന്നതിന് വ്യക്തമായ guidelines ഞങ്ങൾ കൊണ്ടുവന്നു. അതുവച്ചുകൊണ്ട് ഈ പ്രഖ്യാപനം നടത്തിയപ്പോൾ ഒരാളുപോലും അതിനെ എതിർത്തില്ല. കാരണം എതിർപ്പുപറഞ്ഞ എല്ലാ കാര്യങ്ങളും ഞങ്ങൾ safeguard ചെയ്തതുകൊണ്ടാണ് ഇത് വന്നിരിക്കുന്നത്. അല്ലാതെ ഇവിടെ ആരും misuse ചെയ്തിട്ടില്ല. ഒരാൾക്കും ഇതിന്റെ ബെനിഫിറ്റ് കൊടുത്തിട്ടില്ല, ഇത് നടപ്പിലാക്കിയിട്ടില്ല. അത് മനസ്സിലാക്കണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞങ്ങളല്ല misuse ചെയ്യപ്പെട്ടു എന്ന് പറഞ്ഞത്. നിങ്ങളുടെ ഗവൺമെന്റിന്റെ റവന്യൂ വകുപ്പുമന്ത്രി ഞങ്ങൾക്ക് തന്നിരിക്കുന്ന നോട്ടിൽ പറയുന്നത് ഇത് misuse ചെയ്യപ്പെട്ടു എന്നാണ്. ഉദ്ദേശകാര്യങ്ങളുടെ വിവരണം സംബന്ധിച്ച് പറഞ്ഞ കൂട്ടത്തിലാണ് ഇത് പറഞ്ഞിരിക്കുന്നത്. വൻതോതിൽ ഇത് പരിവർത്തനം ചെയ്യപ്പെട്ടു

കഴിഞ്ഞിരിക്കുന്നു. ആയതിനാൽ മേൽപറഞ്ഞ വ്യാപ്തിയിലുള്ള ഭൂമി ഉപയോഗിക്കുന്നതിനുമേൽ ചട്ടങ്ങൾവഴി നിയന്ത്രണങ്ങൾ കൊണ്ടു വരണം. ഇനി ചട്ടങ്ങൾ കൊണ്ടുവരാൻ പോകുകയാണ്. ഒരുപക്ഷേ അങ്ങിവിടെ പറഞ്ഞ കാര്യങ്ങളായിരിക്കും ഉദ്ദേശിച്ചിട്ടുള്ളത്.

<u>ശ്രീമതി. ഇ. എസ്. ബിജിമോൾ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഒരാൾക്കും അങ്ങനെയൊരു അനുവാദവും കൊടുത്തിട്ടില്ല എന്നാണ്. ഞാൻ റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും സഭയിൽ ഇതിനുമുൻപ് പറഞ്ഞിട്ടുള്ളതുമായ വിഷയമാണിത്. കുമിളി വില്ലേജിലുള്ള എം.എം.ജെ.-യുടെ ചുരക്കുളം കോഫി എസ്റ്റേറ്റ് പൂർണ്ണമായും കൺവെർട്ട് ചെയ്ത് അവിടെ റിസോർട്ട് നിർമ്മാണം പൂർത്തിയായിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷന്റെ ഓഫീസിൽനിന്ന് ഒരു ലേബർ ഓഫീസർ ഇൻസ്പെക്ഷൻ നടത്തിയ റിപ്പോർട്ട് ഗവൺമെന്റിന്റെ മുൻപിലുണ്ട്. ഇതിനാർക്കും അനുവാദം കൊടുത്തിട്ടില്ലെന്ന് അങ്ങ് പറയുന്നത് ശരിയല്ല. ഈ ബില്ലിന്റെ മറവിൽ

കൺവെർഷൻ നടന്നുകൊണ്ടിരിക്കുകയാണ്. പുറത്ത് ആർക്കും വിൽക്കരുതെന്നാണ് ബില്ലിൽ പറയുന്നത്. പക്ഷേ ഇത് പുറത്ത്് വിൽക്കുന്ന നടപടിയാണ് ഉണ്ടായിരിക്കുന്നത്. ഈ ബില്ലിന്റെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് എസ്റ്റേറ്റ് മാനേജ്മെന്റ് പുറത്തു വിൽക്കുകയാണ്. തോട്ടം തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയ്ക്ക് പകരമായി ഉണ്ടാക്കിയ എഗ്രിമെന്റിന്റെ വിഷയമല്ല ഞാൻ പറയുന്നത്. തോട്ടം തൊഴിലാളിക്ക് ഭൂമി കൊടുക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് ഒരു എഗ്രിമെന്റ് ഉണ്ടാക്കിയിരുന്നു. ആ എഗ്രിമെന്റുമായി ബന്ധപ്പെട്ട പ്രശ്നവുമല്ല ഞാൻ പറയുന്നത്. മറിച്ച്, ഒരു തോട്ടം തന്നെ ഇല്ലായ്മ ചെയ്തു. ഈ നിയമത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് പീരുമേട് താലൂക്കിലും ഇടുക്കി ജില്ലയിലും കേരളത്തിലാകെയും തോട്ടം ഭൂമി വ്യാപകമായി മുറിച്ചുവിൽക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നുണ്ട്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, പാസ്സാക്കിയിട്ടില്ലാത്ത ഒരു നിയമം, പ്രാബല്യത്തിൽ വന്നിട്ടില്ലാത്ത ഒരു നിയമം, അതിൽ എന്തെങ്കിലും നടന്നു എന്ന് ബഹുമാനപ്പെട്ട

മെമ്പർ പറഞ്ഞത് ഞാൻ നിഷേധിക്കുന്നില്ല. അത് നടന്നിട്ടുണ്ടെങ്കിൽ അവിടത്തെ യൂണിയൻകാരുംകൂടി അറിഞ്ഞുകൊണ്ട് അനധികൃതമായി നടത്തിയതാണ്.

ശ്രീ. സി. ദിവാകരൻ: സർ, യൂണിയൻകാരെക്കുറിച്ച് പറയേണ്ട. ബഹുമാനപ്പെട്ട ഒരു നിയമസഭാ മെമ്പർ അവരുടെ അനുഭവമാണ് പറഞ്ഞത്.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണന് അറിയാമല്ലോ, മൂന്നാം വായനയ്ക്ക് മുമ്പേ ഇംപ്ലിമെന്റിംഗ് സമയത്ത് ഉണ്ടാകാവുന്ന എല്ലാം ഡിസ്കസ് ചെയ്യാം. ചട്ടപ്രകാരം മാത്രമാണ് അങ്ങ് സംസാരിക്കുന്നത്. പക്ഷേ ഇംപ്ലിമെന്റിംഗ് സമയത്ത് എന്തു സംഭവിക്കുമെന്നുള്ളത് ഇത്രയും ദീർഘമായി പറഞ്ഞാൽ ഇതെങ്ങും ചെന്ന് നിൽക്കില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നിയമം നടപ്പായിട്ടില്ല എന്നു പറയുന്നത് ശരിയല്ല. നിയമം നേരത്തെ നടപ്പാക്കിക്കഴിഞ്ഞില്ലേ; 5 ശതമാനം ഭൂമി നേരത്തെ കൊടുത്തില്ലേ; ആ 5 ശതമാനം ഭൂമിയുടെ അടിസ്ഥാനത്തിൽ നടപടി എടുത്തതിനെക്കുറിച്ചാണ് ശ്രീമതി ഇ.എസ്.

ബിജിമോൾ ഇവിടെ അവതരിപ്പിച്ച എസ്റ്റേറ്റിന്റെ പ്രശ്നം. ക്വാറികൾ വന്നില്ലേ; പല സന്ദർഭത്തിലും ഇത് പ്രാവർത്തികമായിക്കഴിഞ്ഞു. ഞാൻ ചോദിച്ച ഒരു ചോദ്യം, ഇവിടെ 5 ശതമാനം ഭൂമി ടൂറിസം റിസോർട്ടിന് കൊടുത്താൽ, അത് റിസോർട്ടായിക്കഴിഞ്ഞാൽ അത് പിന്നെ വിൽക്കുന്നു. അപ്പോൾ തോട്ടത്തിന് കൊടുത്ത പരിഗണനയെന്നത് മാറ്റപ്പെടുകയാണ്. ഇങ്ങനെയുള്ള പ്രശ്നങ്ങൾപോലും ഇതിന്റെ ഭാഗമായി വരുന്നു എന്നുള്ളതാണ് ഗൗരവതരമായിട്ടുള്ളത്. ഇതിന് ചട്ടങ്ങളുണ്ടാക്കുമെന്നാണ് ഇപ്പോൾ ഇതികത്ത് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കുറെ നിബന്ധനകൾ പറഞ്ഞിട്ടുണ്ട്. അത് അടിയന്തരമായി കൊണ്ടുവരുമെന്നാണ് പറഞ്ഞിട്ടുള്ളത്. യഥാർത്ഥത്തിൽ ഇത് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഈയൊരു വകുപ്പ് ചേർക്കുന്നതിന് ഞങ്ങൾ എതിരാണ്. ഇത് പ്രാവർത്തികമാക്കപ്പെട്ടാൽ നമ്മുടെ തോട്ടങ്ങൾ മുഴുവൻ തന്നെ ഇല്ലാതാകുകയും റിസോർട്ട് മാഫിയകളുടെ കൈവശം ഇത് എത്തിച്ചേരുകയും ചെയ്യും. ഭൂപരിഷ്കരണ നിയമത്തിൽ നമ്മൾ തോട്ടങ്ങൾക്ക് എക്സംപ്ഷൻ കൊടുത്തതിന്റെ ഉദ്ദേശം തന്നെ

തകർക്കപ്പെട്ടും. അതുകൊണ്ട് വൈകിയ വേളയിലെങ്കിലും പറയുന്ന, ഇത് സംബന്ധിച്ചൊരു മാറ്റം വരുത്താൻ ഗവൺമെന്റ് തയ്യാറാകണം. ഇത് ഇംപ്ലിമേന്റേഷനിലേയ്ക്ക് പോകുമ്പോൾ ഗുരുതരമായ പ്രശ്നങ്ങൾക്ക് വിധേയമാകുമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഇത് ദീർഘകാലമായി അവിടത്തെ ട്രേഡ് യൂണിയന്റെ കൺസൽട്ടേറ്റീവ് കമ്മറ്റിയുടെ ആവശ്യമായിരുന്നു. ഏറ്റവും ഒടുവിൽ കഴിഞ്ഞ പി.എൽ.സി. സെറ്റിൽമെന്റ്, പ്രത്യേകിച്ച് തേയില തോട്ടങ്ങളിൽ സെറ്റിൽമെന്റ് വന്നപ്പോൾ അത് അസാധ്യമായി. തേയില തോട്ടം തൊഴിലാളികൾക്ക് 185 രൂപ മാത്രമേ നമുക്ക് കൂലി നിശ്ചയിക്കുവാൻ സാധിച്ചുള്ളൂ. അല്ലെങ്കിൽ ആ തോട്ടംതന്നെ ഇല്ലാതാകുന്ന ഒരു സാഹചര്യമായിരുന്നു. അതിൽ കൂടുതൽ കൂലി വർദ്ധിപ്പിക്കാൻ കഴിയാത്ത സാഹചര്യത്തിൽ എല്ലാപേരുമായും ദീർഘമായ ചർച്ച നടത്തി. അങ്ങനെ ഏകകണ്ഠമായി എല്ലാ ട്രേഡ് യൂണിയനുകളും കൂടി അവശ്യപ്പെട്ടതാണ് പി.എൽ.സി. സെറ്റിൽമെൻറിൻെറ ഭാഗമായി..... അതിനു മുൻപുതന്നെ ശ്രീ. സി.എ. കുര്യൻെറ നേതൃത്വത്തിൽ ആയിരുന്ന ഇതിനു വേണ്ടിയുള്ള ശക്തമായ ആവശ്യം മുന്നോട്ട്

വന്നത്. എല്ലാ യൂണിയനുകളും പ്ലാന്റേഷൻ സ്റ്റഡി കമ്മറ്റിയും ഒരുപോലെ തന്നെ ഇതാവശ്യപ്പെട്ടു.

ശ്രീ. സി. ദിവാകരൻ: സർ, സി.എ. കുര്യന്റെ കാര്യം പറയുന്നതെന്തിനാണ്?

ശ്രീ. ഷിബു ബേബി ജോൺ: സർ, അദ്ദേഹം നല്ലൊരു ട്രേഡ് യൂണിയൻ നേതാവ് ആയതുകൊണ്ടാണ് ഞാൻ പറഞ്ഞത്. എങ്കിൽ ഞാനത് പിൻവലിച്ചേയ്ക്കാം. ....... (ബഹളം)..........

ശ്രീ. സി. ദിവാകരൻ: സർ, ഞങ്ങളിവിടെ ഉന്നയിച്ചിരിക്കുന്ന ചർച്ച അതല്ല. നിങ്ങളുടെ ഗവൺമെന്റ് നടപ്പിലാക്കിയ പാളിച്ചകളെക്കുറിച്ച് ഇവിടെ പറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്.

ശ്രീ. ഷിബു ബേബി ജോൺ: സർ, ശ്രീ. സി. ദിവാകരന് ഇഷ്ടമുള്ളത് മാത്രം പറയാൻ എനിക്കു പറ്റില്ല, അങ്ങനെ പറയരുത്. ശ്രീ. സി.എ. കുര്യൻ നല്ലൊരു തൊഴിലാളി നേതാവെന്ന നിലയിൽ എല്ലാപേരും ബഹുമാനിക്കുന്ന ഒരു വ്യക്തിത്വമാണ്, അതുകൊണ്ടാണ് അദ്ദേഹത്തിൻെറ പേരു പറഞ്ഞത്, ഒന്നും മോശമാക്കി പറഞ്ഞതല്ല. അങ്ങനെയൊരു സെറ്റിൽമെന്റിൻെറ ഭാഗമായി, ഇനിയാണെങ്കിലും പ്രത്യേകിച്ച് തേയിലതോട്ടങ്ങളിൽ ഒരു വേജ് റിവിഷൻ അസാദ്ധ്യമാണെന്ന് കണ്ടുകൊണ്ട് എല്ലാപേരും യോജിച്ചുകൊണ്ടാണ്

ഇങ്ങനെയൊരു ആവശ്യം മുന്നോട്ടു വച്ചത്. ആ ആവശ്യംകൂടി പരിഗണിച്ചുകൊണ്ടാണ് ഗവൺമെന്റ് ഇങ്ങനെയൊരു തീരുമാനത്തിലെത്തിയത്. ..........(ബഹളം).........

മി. സ്പീക്കർ: ഒരു നിയമനിർമ്മാണത്തിന്റെ മൂന്നാം വായനയിൽ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇത് നടപ്പിലാക്കിയാലുണ്ടാകുന്ന ദൂരവ്യാപകമായ വിഷയങ്ങളെക്കുറിച്ച് പറഞ്ഞു. അത് മൂന്നാം വായനയുടെ നടപടിക്രമങ്ങളുടെ ഭാഗമാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പോയിന്റ് ഓഫ് ഓർഡർ. വസ്തുതകൾക്ക് വിരുദ്ധമായ കാര്യമാണ് തൊഴിൽ വകുപ്പുമന്ത്രി പറയുന്നത്. ......(ബഹളം).......

മി. സ്പീക്കർ: നോ...നോ... ഇതിന് പോയിന്റ് ഓഫ് ഓർഡർ ഒന്നുമില്ല. ഓരോരുത്തരും ഓരോ വിഷയങ്ങളിലേയ്ക്ക് പോയാൽ ഇത് പാസ്സാക്കേണ്ടേ?

2013-ലെ കേരള ഭൂ പരിഷ്കരണ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്.
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. കെ. അച്ചുതൻ
6. ശ്രീ. കെ. ശിവദാസൻ നായർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. എ. പി. അനിൽകുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. എ. എ. അസീസ്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ

15. ശ്രീ. വി. ടി. ബൽറാം

16. ശ്രീ. പി. കെ. ബഷീർ

17. ശ്രീ. ബെന്നി ബെഹനാൻ

18. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

19. ശ്രീ. എ. റ്റി. ജോർജ്

20. ശ്രീ. പി. സി. ജോർജ്

21. ശ്രീ. ഹൈബി ഈഡൻ

22. കുമാരി പി. കെ. ജയലക്ഷ്മി

23. ഡോ. എൻ. ജയരാജ്

24. ശ്രീ. കെ. സി. ജോസഫ്

25. ശ്രീ. കെ. ബി. ഗണേഷ് കുമാർ.

26. ശ്രീ. ജോസഫ് വാഴക്കൻ

27. ശ്രീ. വർക്കല കഹാർ

28. ശ്രീ. കെ. എൻ. എ. ഖാദർ

29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

30. ശ്രീ. കോവൂർ കുഞ്ഞുമോൻ

31. ശ്രീ. ലൂഡി ലൂയിസ്

32. ശ്രീ. പി. എ. മാധവൻ

33. ശ്രീ. കെ. എം. മാണി

34. ശ്രീ. സി. പി. മുഹമ്മദ്

35. ശ്രീ. കെ. പി. മോഹനൻ

36. ശ്രീ. സി. മോയിൻകുട്ടി

37. ശ്രീ. മോൻസ് ജോസഫ്

38. ശ്രീ. ആര്യാടൻ മുഹമ്മദ്

39. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

40. ഡോ. എം.കെ. മുനീർ

41. ശ്രീ. കെ. മുരളീധരൻ

42. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

43. ശ്രീ. ഉമ്മൻചാണ്ടി

44. ശ്രീ. അടൂർ പ്രകാശ്

45. ശ്രീ. റ്റി. എൻ. പ്രതാപൻ

46. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

47. ശ്രീ. രമേശ് ചെന്നിത്തല

48. ശ്രീ. പാലോട് രവി

49. ശ്രീ. റോഷി അഗസ്റ്റിൻ

50. ശ്രീ. വി. പി. സജീന്ദ്രൻ

51. ശ്രീ. എൻ. ശക്തൻ

52. ശ്രീ. വി. ഡി. സതീശൻ

53. ശ്രീ. ആർ. സെൽവരാജ്

54. ശ്രീ. ഷാഫി പറമ്പിൽ

55. ശ്രീ. കെ.എം. ഷാജി

56. ശ്രീ. എൻ. ഷംസുദ്ദീൻ

57. ശ്രീ. ഷിബു ബേബി ജോൺ

58. ശ്രീ. വി.എസ്. ശിവകുമാർ

59. ശ്രീ. സണ്ണി ജോസഫ്

60. ശ്രീ. തോമസ് ഉണ്ണിയാടൻ

61. ശ്രീ. പി. ഉബൈദുള്ള

62. ശ്രീ. എം. ഉമ്മർ

63. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

64. ശ്രീ. എം. എ. വാഹീദ്

65. ശ്രീ. എം. പി. വിൻസെന്റ്

66. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീമതിപി. അയിഷാപോറ്റി

2. ശ്രീ. കെ. അജിത്

3. ശ്രീ. എ. എം. ആരിഫ്

4. ശ്രീ. ബാബു എം. പാലിശ്ശേരി

5. ശ്രീ. കോടിയേരി ബാലകൃഷ്ണൻ

6. ശ്രീ. എ. കെ. ബാലൻ

7. ശ്രീമതി ഇ.എസ്. ബിജിമോൾ

8. ശ്രീ. എം. ചന്ദ്രൻ

9. ശ്രീ. ഇ. ചന്ദ്രശേഖരൻ

10. ശ്രീ. വി. ചെന്താമരാക്ഷൻ

11. ശ്രീ. കെ. ദാസൻ

12. ശ്രീ. ബി. ഡി. ദേവസ്സി

13. ശ്രീ. സി. ദിവാകരൻ

14. ശ്രീമതി ഗീതാ ഗോപി

15. ശ്രീ. ചിറ്റയം ഗോപകുമാർ

16. ശ്രീ. കെ. രാധാകൃഷ്ണൻ

17. ശ്രീ. എം. ഹംസ

18. ശ്രീമതി ജമീലാ പ്രകാശം

19. ശ്രീ. റ്റി. എം. തോമസ് ഐസക്

20. ഡോ. കെ. ടി. ജലീൽ

21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. കെ. കെ. ജയചന്ദ്രൻ

23. ശ്രീ. ഇ. പി. ജയരാജൻ

24. ശ്രീ. ജോസ് തെറ്റയിൽ

25. ശ്രീ. എളമരം കരീം

26. ശ്രീ. സി. കൃഷ്ണൻ

27. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

28. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

29. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

30. ശ്രീ. എസ്. രാജേന്ദ്രൻ

31. ശ്രീമതി കെ. കെ. ലതിക

32. ശ്രീ. മാത്യു റ്റി. തോമസ്

33. ശ്രീ. സി. കെ. നാണു

34. ശ്രീ. കെ. കെ. നാരായണൻ

35. ശ്രീ. എ. പ്രദീപ്കുമാർ

36. ശ്രീ. പുരുഷൻ കടലുണ്ടി

37. ശ്രീ. പി. റ്റി. എ. റഹീം

38. ശ്രീ. ആർ. രാജേഷ്

39. ശ്രീ. റ്റി. വി. രാജേഷ്

40. പ്രൊഫ. സി. രവീന്ദ്രനാഥ്

41. ശ്രീ. കെ. രാജു

42. ശ്രീ. രാജു എബ്രഹാം

43. ശ്രീ. സാജു പോൾ

44. ശ്രീമതി കെ. എസ്. സലീഖ

45. ശ്രീ. എസ്. ശർമ്മ

46. ശ്രീ. വി. ശശി

47. ശ്രീ. ബി. സത്യൻ

48. ശ്രീ. വി. ശിവൻകുട്ടി

49. ശ്രീ. പി. ശ്രീരാമകൃഷ്ണൻ

50. ശ്രീ. വി. എസ്. സുനിൽകുമാർ

51. ശ്രീ. കെ. സുരേഷ് കുറുപ്പ്

52. ശ്രീ. ഇ. കെ. വിജയ**ൻ**

53.. ശ്രീ. കെ.വി. വിജയദാസ്

മി. സ്പീക്കർ: അനുകൂലിക്കുന്നവർ .............66

പ്രതികൂലിക്കുന്നവർ ..............53

നിഷ്പക്ഷത പാലിക്കുന്നവർ.... ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ക്രമപ്രശ്നം

ബില്ലിന്റെ പരിഗണന മാറ്റിവയ്ക്കുന്നത് സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇപ്പോൾ തന്നെ മണി നാലരയായി നോമ്പ് തുറക്കേണ്ട പ്രശ്നമുണ്ട്, അങ്ങനെയാണെങ്കിൽ അവർക്ക് ഒരു സൗകര്യത്തിന് 6 മണിക്കും 7 മണിക്കും ഇടയ്ക്ക് സഭ നിർത്തിവയ്ക്കേണ്ടി വരും. അല്ലെങ്കിൽ 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബില്ലിന്റെ ചർച്ച മാറ്റിവയ്ക്കണം.

മി. സ്പീക്കർ: ചെയർ ഇത് പറയാൻ പോയതാണ്. 2014-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബില്ലിൽ ഡിസന്റ് അടക്കം 5 പേർ സംസാരിക്കാനുണ്ട്. 888 ഭേദഗതികളുണ്ട്, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ

പറഞ്ഞതുപോലെ നമ്മൾ ആലോചിക്കേണ്ട വിഷയമാണ്. തീർച്ചയായും ഒരു ജനവിഭാഗത്തിൻെറ നോമ്പ് കാലം, അതിൻെറ സമയത്തിൻെറ പ്രശ്നം, തീർച്ചയായും നമുക്ക് ആലോചിക്കാം. നേരത്തേ ചട്ടം 300 അവതരിപ്പിച്ച സമയത്ത് വന്ന ഡിമാന്റ് അനുസരിച്ച് ഒരു വിശദീകരണമുണ്ട്.

വിശദീകരണം

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധനവ്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ് ശിവകുമാർ): സർ, സർക്കാരിന് സ്വാശ്രയ മെഡിക്കൽ കോളേജുകൾ നൽകിയ ഫീസിൻെറ വിവരങ്ങളാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. ബി.പി.എൽ.-നും SEBC-ക്കും കഴിഞ്ഞ വർഷത്തേതുപോലെ 25,000 രൂപയാണ്, വർദ്ധിപ്പിച്ചിട്ടില്ല. എസ്.സി./എസ്.റ്റി.-ക്ക് സർക്കാരാണ് ഫീസ് നൽകുന്നത്, അതും വർദ്ധിപ്പിച്ചിട്ടില്ല, കഴിഞ്ഞ വർഷത്തേതുപോലെ തന്നെയാണ്. ഗവൺമെന്റ് മെരിറ്റിൽ 1,65,000 രൂപയായിരുന്നത് 1,75,000 രൂപയായി. എല്ലാവർഷവും ചെറിയ ഒരു വർദ്ധനവ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതാണ് ഫീസിന്റെ കണക്ക്. മാനേജ്മെന്റ് സീറ്റിൽ 7 ലക്ഷം രൂപയായിരുന്നത് 8 ലക്ഷം രൂപയും എൻ.ആർ.ഐ. സീറ്റിൽ 10.5 ലക്ഷം രൂപയായിരുന്നത് 11.5 ലക്ഷം രൂപയുമാണ്. ഓരോവർഷവും ഇതുപോലെ

ഗ്രാജ്യുവലായിട്ടുള്ള വർദ്ധനവ് വരുത്താറുണ്ട്. ഫീസ് 4 ലക്ഷംരൂപയാക്കണമെന്നായിരുന്നു മാനേജ്മെന്റുകൾ ആവശ്യപ്പെട്ടിരുന്നത്. ഒരു കാരണവശാലും അത് സാധ്യമല്ല എന്നു പറഞ്ഞുകൊണ്ട് അത് 1,75,000 രൂപയാക്കി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പ്രതിപക്ഷ ഉപനേതാവ് ചർച്ച മാറ്റി വയ്ക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു നിർദ്ദേശംവച്ചു. ഇതൊരു ഓർഡിനൻസാണ്, അത് പാസ്സാക്കണമെന്നുള്ള നിലയിലാണ് ഉദ്ദേശിച്ചിരുന്നത്. ഇപ്പോൾ ഇങ്ങനെയൊരു നിർദ്ദേശം ഈ സയമത്തിന്റെ ബുദ്ധിമുട്ടുള്ള സമയത്ത് ഞങ്ങൾക്കത് സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടില്ല. പക്ഷെ, നമുക്ക് വളരെ വേഗത്തിൽ ഒരു സെഷൻകൂടി കൂടേണ്ടിവരും. കാരണം, ഈ ഓർഡിനൻസ് മുഴുവനും പാസ്സാക്കാൻ പറ്റിയില്ല. ഓർഡിനൻസ് റീ ഇഷ്യൂ ചെയ്യുന്നതിനോട് ഗവൺമെന്റിന് വലിയ താൽപ്പര്യമില്ലെങ്കിലും വേറെ നിവൃത്തിയില്ല. അപ്പോൾ അതുകൊണ്ട് ഈയൊരു നിയമം ഒഴിച്ചാൽത്തന്നെ ഏഴ് ഓർഡിനൻസ് റീ പ്ലെയ്സ് ചെയ്യേണ്ട സാഹചര്യമാണുണ്ടായിരുന്നത്. അപ്പോൾ എട്ട് ഓർഡിൻസായി മാറും. അതുകൊണ്ട് ഏറ്റവും വേഗത്തിൽ ഒരു സെഷൻകൂടി കൂടേണ്ടിവരും. അതുകൂടി അറിയിച്ചുകൊണ്ട് ഈ നിർദ്ദേശം അംഗീകരിക്കുന്നതിൽ വിരോധമില്ല.

<u>മി. സ്പീക്കർ</u>: മുഖ്യമന്ത്രിയുടെ സഭയോടുള്ള ഒരു അഭ്യർത്ഥന ഈയൊരു സാഹചര്യത്തിൽ ഈ ബില്ലിന്റെ ചർച്ച മാറ്റിവയ്ക്കുന്നു.

<u>അവകാശ ലംഘനപ്രശ്നങ്ങൾ (അനുമതി നിഷേധിച്ചവ)</u>

<u>മി. സ്പീക്കർ</u>: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെതിരെ ശ്രീ. വി. എസ്. സുനിൽ കുമാർ എം.എൽ.എ. നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി, ശ്രീ. എസ്. ശർമ്മ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ, സംസ്ഥാന ഡി.ജി.പി.ക്കെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസ്, നിയമസഭാ സെക്രട്ടറിക്കെതിരെ ശ്രീ. എ. കെ. ബാലൻ നൽകിയ നോട്ടീസ്, ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കെതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. എ.കെ. ശശീന്ദ്രൻ എന്നിവർ നൽകിയ നോട്ടീസുകളും ബഹുമാനപ്പെട്ട മുൻ കേന്ദ്ര മാനവവിഭവശേഷി വകുപ്പുമന്ത്രി ശ്രീ. ശശി തരൂരിനെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസുകൾ, ബഹുമാനപ്പെട്ട വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസുകളും എല്ലാം അനുമതി നിഷേധിച്ചിരിക്കുന്നു.

<u>പരിഗണിക്കുന്നവ:</u>

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എസ്. ശർമ്മ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകളും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. ടി. എൻ. പ്രതാപൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസുകളും ചെയറിന്റെ പരിഗണനയിലാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സഭ മുമ്പാകെ വയ്ക്കാൻ മറ്റ് ബിസിനസ്സുകളൊന്നും ഇല്ലാത്തതുകൊണ്ട് ഈ സമ്മേളനം പിരിയണമെന്ന് അഭ്യർത്ഥിക്കുന്നു.

**അവലോകനം**

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനമാണ് ഇന്നിവിടെ അവസാനിക്കുന്നത്. ജൂൺ ഒൻപതിനാണ് സമ്മേളനം ആരംഭിച്ചത്. ഇന്നുവരെ 27 ദിവസമാണ് സഭ സമ്മേളിച്ചത്. ഇതിൽ 13 ദിവസം ധനാഭ്യർത്ഥന ചർച്ചയ്ക്കാണ് നീക്കിവച്ചത്. ആദ്യദിവസം (09-06-2014) മുല്ലപ്പെരിയാർ വിഷയത്തിൽ ചട്ടം 130 അനുസരിച്ചുള്ള ചർച്ച നടന്നു. മേയ് ഏഴിലെ മുല്ലപ്പെരിയാർ സംബന്ധിച്ചുണ്ടായ സുപ്രീംകോടതി വിധിയെ തുടർന്നുണ്ടായ സ്ഥിതിവിശേഷത്തെപ്പറ്റിയുള്ള സംസ്ഥാനത്തിന്റെ ഉത്ക്കണ്ഠ കേന്ദ്രത്തെ അറിയിക്കാനുള്ള പ്രമേയം ചർച്ചക്കുശേഷം

ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി. 4 ദിവസം അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി വിനിയോഗിച്ചു. ഈ ദിനങ്ങൾ മുൻകാലങ്ങൾക്ക് വ്യത്യസ്തമായി ഫലപ്രദമായി വിനിയോഗിക്കാൻ നമുക്ക് സാധിച്ചു. 16 അനൗദ്യോഗിക ബില്ലുകൾ അവതരണാനുമതി തേടി, മൂന്ന് അനൗദ്യോഗിക പ്രമേയങ്ങൾ സഭ പാസ്സാക്കുകയും ചെയ്തു അതിൽ രണ്ടെണ്ണം സഭ ഐകകണ്ഠ്യേന പാസ്സാക്കി. ഏഴ് ദിവസങ്ങൾ നിയമ നിർമ്മാണത്തിനായിട്ടുള്ളതായിരുന്നു. ധനകാര്യ ബില്ലുകളും ധനവിനിയോഗ ബില്ലുകളും ഉൾപ്പെടെ 9 ബില്ലുകൾ സഭ പാസ്സാക്കുകയും ഒരു ബില്ല് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തു.

ഈ സമ്മേളനത്തിന്റെ പ്രധാന വിഷയം, ബഡ്ജറ്റിന്റെ വകുപ്പുതിരിച്ചുള്ള ചർച്ചയായിരുന്നു. എല്ലാ വകുപ്പുകളെയും കുറിച്ച് ക്രിയാത്മകമായ ചർച്ചകൾ സഭയിൽ നടന്നു എന്നത് ഇത്തവണ അഭിമാനകരമായ കാര്യമാണ്. എല്ലാ അംഗങ്ങളും ചർച്ചയിൽ പങ്കെടുക്കുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തുകയും ചെയ്തുവെന്നത് സന്തോഷകരമാണ്. 46 ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കി. ഈ സമ്മേളനത്തിൽ 2014-15 ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളും പാസ്സാക്കി.

സഭയിൽ 25 അടിയന്തിര പ്രമേയാവതരണത്തിനുള്ള നോട്ടീസ് ലഭിച്ചെങ്കിലും പ്രമേയാവതരണത്തിനുള്ള അനുമതി നിഷേധിച്ചു. ഇതിൽ റെയിൽവേ ചാർജ്ജ്

വർദ്ധനവിനെക്കുറിച്ചുള്ള അടിയന്തരപ്രമേയം രണ്ട് മണിക്കൂർ സഭ ചർച്ച ചെയ്തു. ചർച്ചയിലുയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ചാർജ്ജ് വർദ്ധനവ് പിൻവലിക്കണമെന്നാവശ്യപ്പെടുന്ന ഒരു പ്രമേയം ഗവൺമെന്റ് ഭാഗത്ത് നിന്ന് അവതരിപ്പിക്കുകയും അത് ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

ചോദ്യോത്തരങ്ങൾ ഈ സമ്മേളത്തിൽ സജീവമായി. സഭാതലത്തിൽ കൂടുതൽ ചോദ്യങ്ങൾക്ക് ഉത്തരം പറയുകയും എല്ലാ അംഗങ്ങളും സജീവമായി ചോദ്യോത്തര വേളയിൽ പങ്കെടുക്കുകയും ചെയ്തു. ചോദ്യങ്ങൾക്കായി മൊത്തം 16582 നോട്ടീസാണ് ലഭിച്ചത്. 810 നക്ഷത്രചിഹ്നമിട്ടതും ബാക്കി നക്ഷത്രചിഹ്നമിടാത്തതും. സഭയിൽ 92 ചോദ്യങ്ങൾക്ക് വാക്കാൽ മറുപടി നൽകി. ഇതിന്മേൽ 767 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെടുകയും ഇവയ്ക്ക് വാക്കാൽ മറുപടി ലഭിക്കുകയും ചെയ്തു. 3 അടിയന്തര ചോദ്യങ്ങൾക്കും സഭയിൽ മറുപടി നൽകി.

ഈ സമ്മേളനത്തിൽ 54 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകൾക്ക് സഭയിൽ ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകി. 410 സബ്മിഷനുകൾ സഭയിൽ അവതരിപ്പിച്ചു. ഇവയ്ക്ക് മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

നിയമസഭയിലെ ജോലികൾ പൂർണ്ണമായും സ്വതന്ത്രസോഫ്റ്റ്‌വെയറിലേയ്ക്ക് മാറിയത് ഈ കാലയളവിലാണ്. അത് നടപ്പിൽ വരുത്തിയതിന് സഭയിലെ

ജീവനക്കാരെ സഭയ്ക്കുവേണ്ടി ഞാൻ അഭിനന്ദിക്കുന്നു. നിയമസഭാ പ്രസിൽ അച്ചടിക്കായി ഉപയോഗിക്കുന്നതും സ്വതന്ത്ര സോഫ്റ്റ്‌വെയറാണ്. തികച്ചും സങ്കീർണ്ണവും അധികശ്രദ്ധ വേണ്ടതുമായ നിയമസഭയിലെ ജോലികൾ സമയബന്ധിതമായി സ്വതന്ത്ര സോഫ്റ്റ്‌വെയറിലേയ്ക്ക് മാറിയത് നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരെയും സാങ്കേതിക വിദഗ്ദ്ധരെയും തീർച്ചയായും ഒന്നുകൂടി അഭിനന്ദിക്കാം.

നിയമസഭയുടെ പാർലമെന്ററി പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീജിയർ ആരംഭിച്ചതും ഈ കാലയളവിലാണ്.

ചട്ടം 130 അനുസരിച്ചുള്ള 2 ചർച്ചകളും ചട്ടം 58 അനുസരിച്ച് ഒരു ചർച്ചയും സഭയിൽ നടന്നു. ചട്ടം 300 അനുസരിച്ചുള്ള രണ്ട് പ്രസ്താവനകൾ മന്ത്രിമാർ നടത്തി.

വളരെ ചാരിതാർത്ഥ്യം നൽകുന്ന ഒരു സമ്മേളനമായിരുന്നു ഇത്. അതിൽ ഒരുകാര്യം പറയാൻ ചെയർ ആഗ്രഹിക്കുന്നു. ആർക്കും പ്രത്യേകിച്ചൊന്നും തോന്നരുത്. സഭയിലെ ചെറുപ്പക്കാരായ അനുജന്മാർ കുറച്ചുകൂടി സഭാ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കണമെന്ന് പൊതുവായി അവരോട് ചെയർ അഭ്യർത്ഥിക്കുന്നു. സഭാപ്രവർത്തനങ്ങളെ കുറേക്കൂടി ഗൗരവതരമായി കാണുകയും

കുറച്ചധികം സമയം സഭാപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുകയും വേണം. ഈ പറയുന്ന ചെയർ ഉൾപ്പെടെ ഇവിടെയുള്ള മിക്കവാറും ആളുകൾ ഇവരുടെയൊക്കെ അതേ പ്രായത്തിൽ ആദ്യം സഭയിൽ വന്നവരാണ്. അതുകൊണ്ടുമാത്രമല്ല, സഭയിൽ ശ്രദ്ധിക്കാതെ, പഠിക്കാതെ, ഹോം വർക്ക് നടത്താതെ ഒരിക്കലും നല്ല സഭാംഗമായോ പാർലമെന്റേറിയനായോ മാറാൻ ആർക്കും കഴിയില്ല. നാളെ അധികാരത്തിന്റെ മുഖ്യധാരയിലേയ്ക്ക് വരുന്നവർക്ക് ഇതെല്ലാം അത്യാവശ്യമാണെന്ന് സൂചിപ്പിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇത് പറഞ്ഞത്. ആരെയും പ്രത്യേകിച്ച് മനസ്സിൽ കണ്ടുകൊണ്ടല്ല. ക്രിയാത്മകമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ചർച്ചകളും ഇരുഭാഗത്തുമുള്ള അംഗങ്ങളിൽനിന്നും ഉണ്ടായി. ഇത്തരം ആരോഗ്യകരമായ ചർച്ചകൾക്കും സംവാദങ്ങൾക്കുമുള്ള വേദിയായി, നിയമസഭ മാറുമ്പോഴേ നിയമനിർമ്മാണം കാര്യക്ഷമമാവുകയുള്ളൂ. ജനകീയ പ്രശ്നങ്ങൾ, നാടിന്റെ വികസന കാര്യങ്ങൾ തുടങ്ങിയ വിഷയങ്ങൾ ഈ സമ്മേളനത്തിൽ വളരെ ഭംഗിയായി ചർച്ച ചെയ്യപ്പെട്ടു എന്നതിൽ നമുക്കഭിമാനിക്കാവുന്നതാണ്. ഈ സമ്മേളനത്തിലൂടെ നമുക്ക് ജനാധിപത്യ മൂല്യങ്ങൾ ഒരു പരിധിവരെ ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞുവെന്നത് സന്തോഷകരമായ ഒന്നാണ്. ഇതിൽ ചെയറിന് വളരെയേറെ സംതൃപ്തിയും സന്തോഷവുമുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട കക്ഷിനേതാക്കൾ, ബഹുമാനപ്പെട്ട എം.എൽ.എ.മാർ മാധ്യമ പ്രവർത്തകർ, ഉദ്യോഗസ്ഥർ തുടങ്ങി സമ്മേളനം ഭംഗിയായി നടത്താൻ സഹായിച്ച ഏവർക്കും ചെയർ നന്ദിപ്രകാശിപ്പിക്കുന്നു. എല്ലാവർക്കും റംസാൻ ആശംസകളും ഓണാശംസകളും നേരുന്നു.

സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.

(2014 ജൂലൈ മാസം 17-ാം തീയതി വൈകുന്നേരം 04.38-ന് ദേശീയഗാനാലാപനത്തോടെ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

*********